
KGRA മാഗസിൻ 2022





“

No matter how busy you may think you are,
You just find time for reading,
Or surrender yourself to self - chosen ignorence.

- Confucius

## സമർപ്പണം

അന്നാബെർത്തയുടെ മോതിരവിരലിന്...
ഇരുട്ടിൽ നിന്നും ജീവിത വെളിച്ചത്തിലേക്ക്
കാഴ്ചകളെയും ശാസ്ത്രത്തെയും
സമന്വയിപ്പിച്ച
റോൺട്ജന്...
പിന്നെ,
ഊറ്റം കൊള്ളാൻ നമുക്കുമാത്രമായുള്ള
അവകാശത്തിനും...






എഡിറ്റർ | സുരേഷ് കൊടിയൻ

മാഗസിൻ കമ്മറ്റി | ഗംഗാധരൻ ആയടത്തിൽ
രജനി. പി.എൻ
ബഷീർ. എ.എം
വർഗ്ഗീസ് ജോൺ
സലിം. വി.എസ്സ്
ബലഭദ്രൻ. ഒ.പി
അനൂപ്
അശോക് കുമാർ. ആർ
ഹരിദാസ്
ജയകൃഷ്ണൻ
ജോയ്മോൻ
രാജാ കൃഷ്ണൻ
രാജേഷ്. പി
രാജേഷ് മുരളി
ഷാനിജ

കവർ ഡിസൈനിംഗ് & ടൈപ്പ് സെറ്റിംഗ്
വിഷ്ണു ദാസ്, വിരൽ ഡിസൈൻസ്, പയ്യന്നൂർ

ലേഔട്ട് & ഡിസൈനിംഗ്
വിഷ്ണു ദാസ്, വിരൽ ഡിസൈൻസ്
& സുരേഷ് കൊടിയൻ

ഡി.ടി.പി. : അഞ്ജിത, വിരൽ ഡിസൈൻസ്

വരകൾ : രാജേഷ്. പി

പബ്ലിഷേർസ് : KGRA സംസ്ഥാന കമ്മിറ്റി

പ്രിന്റിംഗ് : ന്യൂ സ്റ്റാർ പ്രിന്റേഴ്സ്
എറണാകുളം


# മോപ്പാളി

വെറുതെ...
വെറും വെറുതെ
കുറച്ചുപേർ കുറച്ചക്ഷരങ്ങൾ
പെറുക്കിത്തന്നു...
കൂടിയിരുന്നു...
അടുക്കിവച്ചപ്പോൾ വാക്കുകളായി...
വരികളായി...
അച്ചടിക്ക് തീരുമാനമായി...
തലക്കുറിയുണ്ടാക്കി...
പേരിട്ടു...
'മോപ്പാള'...
ഞങ്ങൾ ഒരുമിച്ചു കണ്ട ആകാശവും
ഒരുമിച്ചു നനഞ്ഞ മഴയുമാണ്...
കൃത്രിമമായ നിറക്കൂട്ടുകൾ ഒന്നും
മുഖമെഴുത്തിന് ഉപയോഗിക്കാറില്ലത്രെ...
മോപ്പാള ചാർത്തി... തത്വം പറഞ്ഞ്...
മേലേരിയിൽ ചൂടുകായുമ്പോഴും അവൻ
വിളിച്ചു പറയാറുണ്ടത്രേ...
കുളിരണ്... വല്ലാതെ കുളിരണ്...

സുരേഷ് കൊടിയൻ
എഡിറ്റർ



# CONTENT


**അഭിമുഖം**

എന്തിനാണ് ഇവരെ മഴയത്തു നിർത്തിയിരിക്കുന്നത്
ഡോ. അംബികാസുതൻ മാങ്ങാട്

**ലേഖനം**

പുരുഷത്വം ഒരു വ്യാജ നിർമ്മിതി!
ഡോ. ഖദീജ മുംതാസ്
കത്തി ജ്വലിച്ചും കനലായ് എരിഞ്ഞും ചില ഓർമ്മകൾ...
ഡോ. സി.കെ. വാസു

**കഥ**

കൂനൻ കുഞ്ഞാമ്മദിന്റെ ഒസ്യത്ത്
കാർല
വൈറൽ
പെൻഷൻ
പെണ്ണെങ്ങിനെയുണ്ട്?
പാദസരം
ഓർമ്മകളുടെ ചാറ്റൽ മഴ
മഴയൊഴിയാതെ...
കിനാവിന്റെ വരമ്പത്ത്
ഒരു ചൈൽഡ് സ്പെഷ്യലിസ്റ്റിന്റെ ഓർമ്മക്കുറിപ്പുകൾ
റിട്ടയർമെന്റ്
ട്രെയിൻ യാത്രയിലെ നായകന്മാർ
വീണപൂവ്
പ്രോട്ടോൺ ടു ഇലക്ട്രോൺ

**കവിതകൾ**

ചിലന്തിപ്പുസ്തകം - പി.കെ. ഗോപി
നോവായി... മഴ...
വീട്
ഹൃദയത്തുടിപ്പുകൾ
പാമ്പ്
ഭാണ്ഡം
ദിവാസ്വപ്നം
പരാജിത
Journey

# CONTENT


## യാത്രാ വിവരണം

ഹിമവാന്റെ മടിത്തട്ടിൽ...
അനശ്വരതയുടെ അമൃത്
മത്തായിപ്പൊത്ത്
ചിൽക്ക തടാകത്തിലെ ഐരാവതി ഡോൾഫിനുകൾ

## നാട്ടുപെരുമ

ഞാനറിഞ്ഞ ബോംബെ
തിരൂർ ചരിതം
ദൈവങ്ങളുടെ നാട്ടിലെ വിശേഷങ്ങൾ

## ഓർമ്മക്കുറിപ്പുകൾ

ഓർമ്മപ്പെയ്ത്ത്...
മധുര മിഠായി...
എന്റെ കോഴിക്കോട്...
കടൽ കടന്ന ഉപജീവനം
Aussies
ചിലർ ചില സർവ്വകലാശാലകളാണ്

## കാർട്ടൂൺ

റേഡിയോ ഗ്രാഫർ പിള്ളച്ചേട്ടൻ
ഒരു വര = ഒരു കഥാപാത്രം

## Moments - Photo Pages

## സംഘടനാ ചരിത്രം

2022-1981=41 KGRA നാൾവഴികൾ
The Leaders

## ജഡ്ജസ്... പ്ലീസ്നോട്ട്... അരങ്ങോർമ്മകൾ

## വിരൽ - കരവിരുത്


അർത്ഥ ഗർഭമായ നോട്ടം ചുറ്റും
നോക്കിയ ശേഷം
വായിലെ ഉമിനീര് തുപ്പിക്കളഞ്ഞ്
കഴുത മുരടനക്കി..
നിശബ്ദത അന്നേരം ഒന്നുകൂടെ
കനത്തതായി...
തിളക്കമുറ്റ കണ്ണുകളോടെ ചുറ്റും
നോക്കികൊണ്ട് ഗംഭീരമായ
സ്വരത്തിൽ കഴുത പറഞ്ഞു.
'എല്ലാവരും കേൾക്കണം എനിക്ക്
പറയുവാനുണ്ട്
പ്രധാനപ്പെട്ട ചിലകാര്യങ്ങൾ...'
'സ്ത്രീയും പുരുഷനും മാത്രമല്ല
സർവ ചരാചരങ്ങളും
ശ്രദ്ധാലുക്കളായി...'
'എൻമകജെ' എന്ന പാരിസ്ഥിതിക
നോവൽ
അവസാനിക്കുന്നത് ഇങ്ങനെയാണ്...
അല്ല... ചോദ്യങ്ങൾ ചോദിച്ചു
തുടങ്ങുന്ന ഇടമാണ്...
ഭരണകൂടങ്ങൾക്കൊന്നും
ഉത്തരമില്ലാത്ത ചോദ്യങ്ങ
ളാണ് ചോദിച്ചുകൊണ്ടേയിരി
ക്കുന്നത്...
സ്വന്തം കഥാപാത്രങ്ങൾ മരണപ്പെ
ടുന്നത് പോയി
കാണേണ്ടി വരുന്ന നിർഭാഗ്യവാ
നായ ഒരെഴുത്തു
കാരന്റെ പോരാട്ടം ഇന്നും
തുടരുന്നുണ്ട്...
നമ്മുടെയൊക്കെ നിശബ്ദതയെ
ഭേദിച്ച് കൊണ്ട്
ആ ചോദ്യങ്ങൾ നിരന്തരം
ഇവിടെ മുഴങ്ങുന്നുണ്ട്..

എന്തിനാണ് ഇവരെ മഴയത്തു
നിർത്തിയിരിക്കുന്നത്?

അഭിമുഖം
ഡോ. അംബികാസുതൻ മാങ്ങാട്
& ഷാനിജ



# എന്തിനാണ് ഇവരെ മഴയത്തു നിർത്തിയിരിക്കുന്നത്






**സാർ, തങ്ങളുടെതല്ലാത്ത കുറ്റത്തിന് തലമുറകളോളം ദുരിതം അനുഭവിക്കേണ്ടി വന്ന എൻഡോസൾഫാൻ ദുരിതബാധിതർ ഇപ്പോഴും സർക്കാരിന്റെ ഔദാര്യത്തിനായി കാത്തിരിക്കേണ്ട അവസ്ഥയാണ്. കടുത്ത മനുഷ്യാവകാശ ലംഘനമാണ് ഇവർ ഇന്ന് അനുഭവിക്കേണ്ടി വരുന്നത്. നഷ്ടപരിഹാരം നൽകണം എന്നുള്ള വിധി പോലും പൂർണ്ണമായും നടപ്പാക്കിയിട്ടില്ല. ഈ അവസരത്തിൽ എൻഡോസൾഫാൻ വിരുദ്ധസമരങ്ങളുടെ ഇപ്പോഴത്തെ രീതി എങ്ങനെയാണ്? അത് എത്രത്തോളം വിജയപ്രദം ആകാം?**

കാസർകോട്ടെ നിസ്വരായ ജനത ഒരു തെറ്റുകുറ്റവും ചെയ്തിട്ടില്ല. കാസർകോട്ടെ ഏതാണ്ട് 12 ഏക്കറോളം സ്ഥലത്ത് കാൽ നൂറ്റാണ്ടുകാലം എൻഡോസൾഫാൻ എന്ന കാളകൂടവിഷം കോരി ഒഴിച്ചത് ഭരണകൂടമാണ്. ഭരണകൂടം നടത്തിയ വ്യോമാക്രമണമാണ്. ഭരണകൂട ഭീകരതയാണ് അരങ്ങേറിയത്. മാറിമാറി വരുന്ന ഭരണകൂടങ്ങൾ പൊതുമേഖലാസ്ഥാപനമായ പി.സി.കെ.യിലൂടെ തളിച്ചത് കൊടുംവിഷം ആയിരുന്നു. അതിന്റെ ദുരന്തമാണ് ജീവ പ്രകൃതിയും മനുഷ്യ കുലവും വലുതായിട്ട് അനുഭവിച്ചത്. അങ്ങനെ ഭരണകൂടം തന്നെ നടത്തിയ കൂട്ടക്കൊലയിൽ കൊല്ലപ്പെട്ടവർക്കും പരിക്കേറ്റപ്പെട്ടവർക്കുമുള്ള നഷ്ടപരിഹാരം കൊടുക്കാൻ വേണ്ടിയിട്ടുള്ള ധാരാളം സമരങ്ങൾ നടന്നു. അതിന്റെയൊക്കെ ഭാഗമായിട്ട് തന്നെയാണ് 2010 ഡിസംബറിൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ 8 ആഴ്ചക്കുള്ളിൽ 5 ലക്ഷം രൂപ വീതം നഷ്ടപരിഹാരം കൊടുക്കണം എന്ന് പറഞ്ഞത്. അതിപ്പോഴും സംഭവിച്ചിട്ടില്ല. ലിസ്റ്റിലുള്ള വളരെ കുറച്ചു പേർക്ക് മാത്രമേ നഷ്ടപരിഹാരം കിട്ടിയിട്ടുള്ളൂ. 2017 സുപ്രീം കോടതിയും ഇത് പറഞ്ഞു, മൂന്നു മാസത്തിനുള്ളിൽ കൊടുക്കണമെന്ന്. വർഷങ്ങളെത്ര കഴിഞ്ഞു. ഇപ്പോഴും ഏഴായിരത്തോളം വരുന്ന ലിസ്റ്റിൽ ഉള്ളവർക്ക് ഏതാണ്ട് പകുതിയിലധികം പേർക്കും നഷ്ടപരിഹാരം കിട്ടിയിട്ടില്ല. അപ്പോൾ ഇതാണ് ഒരു ദുരന്തം. ഇങ്ങനെയുള്ള ആളുകൾക്ക് ചികിത്സ നൽകണമെന്ന് മനുഷ്യാവകാശ കമ്മീഷൻ പറഞ്ഞതാണ്. പക്ഷേ ഉചിതമായ ചികിത്സ കിട്ടുന്നില്ല എന്നുള്ള കാര്യം എല്ലാവർക്കും അറിയാവുന്നതാണ്. കാസർകോട് ചികിത്സ പരിമിതിയെ കുറിച്ചൊക്കെ ധാരാളം ഞാനും എഴുതിയിട്ടുണ്ട്, പലരും അത് പറഞ്ഞിട്ടുണ്ട്. 2013 തറക്കല്ലിട്ട മെഡിക്കൽ കോളേജ് ഇപ്പോൾ തുടങ്ങി എന്നേയുള്ളൂ. പക്ഷേ അത് വേണ്ട വിധത്തിൽ പ്രവർത്തിച്ചു തുടങ്ങിയിട്ടില്ല. AIIMSനു വേണ്ടി നാലഞ്ചു കൊല്ലമായി അവിടെ ജനകീയ സമരം നടക്കുന്നുണ്ട്. പക്ഷേ അത് കാസർഗോഡിന് കൊടുക്കുന്നില്ല. അത് ആവശ്യപ്പെടാത്ത ഒരു സ്ഥലത്ത് കോഴിക്കോട് ആണ് കൊടുക്കുന്നത്. കോഴിക്കോട് മൂന്നു മെഡിക്കൽ കോളേജുകളും പത്തിലധികം സ്പെഷ്യാലിറ്റി ഹോസ്പിറ്റലുകളും ഉണ്ട്. കാസർകോട് ഇതൊന്നുമില്ല. മാത്രമല്ല, ഭരണകൂട ആക്രമണത്തിന്റെ ഭാഗമായിട്ട് വിചിത്രമായ, സങ്കീർണമായ രോഗങ്ങൾ ബാധിച്ചിട്ട് അനുദിവസം മരിച്ചുകൊണ്ടിരിക്കുന്ന ധാരാളം കുഞ്ഞുങ്ങൾ ഉണ്ട്. അവിടെയല്ലേ ഇത് അനുവദിക്കേണ്ടത്. കാസർഗോഡിന്റെ നിലവിളിക്ക് ഒരു പരിഹാരം ശാശ്വതമായിട്ട് ഉണ്ടാകുന്നില്ല. എത്രയെത്ര സമരങ്ങളാണ് കാസർകോട്ടും തിരുവനന്തപുരത്തുമായി നടന്നത്. എത്രയോ സമരങ്ങളിൽ ഞാനും പങ്കെടുത്തിട്ടുണ്ട്.



സമരങ്ങൾ തുടർന്നുകൊണ്ടിരിക്കുന്നു. ഒരുപാട് ആവശ്യങ്ങളുണ്ട്. ഇതു മാത്രമല്ല, പെൻഷൻ ഇടക്കിടക്ക് മുടങ്ങി പോകുന്നുണ്ട്, പുനരധിവാസ പദ്ധതികൾ താളം തെറ്റിയിരിക്കുന്നു. ചികിത്സാ പരിമിതിയുടെ പ്രശ്നങ്ങളുണ്ട്. കെട്ടി വെച്ച വീടുകൾ നാലഞ്ചുകൊല്ലം ആയിട്ട് കാടുപിടിച്ച് കിടക്കുന്നുണ്ട്, സായി ട്രസ്റ്റ് വക വീടുകൾ. അത്തരം പല കാര്യങ്ങളുണ്ട്. യഥാർത്ഥമായ നഷ്ടപരിഹാരം ഇനിയും കൊടുത്തിട്ടില്ല. ഇതൊരു ചെറിയ നഷ്ടപരിഹാരമാണ് കൊടുക്കാൻ പറഞ്ഞത് അതുപോലും ശരിക്കും കൊടുക്കുന്നില്ല. അതാണ് ഇപ്പോഴത്തെ ഇവിടത്തെ ഒരു വിഷയം. അത് മാറി മാറി വരുന്ന ഭരണകൂടങ്ങൾ നടത്തിയത് കൊണ്ടും മാറിമാറി വരുന്ന ഉദ്യോഗസ്ഥർ നടത്തിയതു കൊണ്ടും ഇതിനൊരു ശാശ്വത പരിഹാരം ഉണ്ടാകും എന്ന് പ്രതീക്ഷ പലപ്പോഴും ഞങ്ങൾക്ക് ഇല്ലാതായി പോകുന്നുണ്ട്. ഈ പാവങ്ങളായ ഇരകളുടെ കൂടെ നിന്ന് സംസാരിക്കാൻ ആളുകൾ വളരെ കുറവാണ്. കാരണം ഇവർ ഒരു വോട്ട് ബാങ്ക് അല്ല ഇവർ ഒരു വളരെ പാവപ്പെട്ട മനുഷ്യരാണ്. അതുകൊണ്ട് ഇരകളുടെ സമരമാണ്, ഈ സമിതിയിൽ ഒക്കെ ഉള്ളത് ഇരകളാക്കപ്പെട്ട മനുഷ്യർ തന്നെയാണ്.

**• യുപിയിലും കാശ്മീരിലും അഫ്ഗാനിസ്ഥാനിലും വരെ നടക്കുന്ന പ്രശ്നങ്ങൾക്ക് വേണ്ടി രാഷ്ട്രീയപാർട്ടികളും മനുഷ്യാവകാശപ്രവർത്തകരും സമരമുറകളുമായി ചാടിവീഴുന്ന അവസ്ഥയാണ് ഇന്നുള്ളത്. എന്നിട്ടും ഇത്തരത്തിലുള്ള ഒരു ജനകീയ മുന്നേറ്റം കേരളീയ ജനതയിൽ നിന്നും എൻഡോസൾഫാൻ ദുരിതബാധിതർക്ക് വേണ്ടി ഉണ്ടാകാത്തത് എന്തുകൊണ്ടാണ്? ഇതു കേവലം കാസർകോഡിലെ ഏതാനും ചില പരിസ്ഥിതി പ്രവർത്തകരുടെയും എൻഡോസൾഫാൻ ഇരകളുടെയും മാത്രം പ്രശ്നമായി മാറി ഒതുങ്ങി പോകുന്നത് എന്താണ്?**

✔ പല കാലയളവിൽ പൊതു ജനങ്ങൾ ധാരാളമായി പങ്കെടുത്തിട്ടുണ്ട്. സാംസ്കാരിക നായകന്മാരും പരിസ്ഥിതി പ്രവർത്തകരും. വന്ദനാശിവ, മേധാപട്കർ, സുഗതകുമാരി തുടങ്ങിയിട്ടുള്ള ഒരുപാട് പേർ സമരങ്ങളിൽ പങ്കാളികളായിട്ടുണ്ട്. മാധ്യമങ്ങൾ വലിയ അളവിൽ ഈ സമരത്തെ ഏറ്റെടുത്തിട്ടുണ്ട്. ഇപ്പോൾ അത്ര ശ്രദ്ധിക്കപ്പെടുന്നില്ലെങ്കിലും ഒരുകാലത്ത് ഈ സമരത്തെ മാധ്യമങ്ങൾ വലിയ അളവിൽ ഏറ്റെടുത്തിട്ടുണ്ട്. പക്ഷേ പൊതുജനം എന്നു പറയുമ്പോൾ പോലും ധാരാളമാളുകൾ, ജില്ലയിൽ തന്നെയുള്ള വളരെയധികം ആളുകൾ മാറി നിൽക്കുന്ന ഒരു അവസ്ഥ കണ്ടുവരുന്നുണ്ട്. അതിനു കാരണം പ്രത്യേകിച്ചും ഈ മലയോര ഗ്രാമപ്രദേശങ്ങളിലാണ് ഈ ദുരിതം വലിയ അളവിൽ സംഭവിച്ചിരിക്കുന്നത്. അപ്പോൾ ഇതിനെക്കുറിച്ച് മനസ്സിലാക്കാത്ത ആളുകൾ ഇത് ഒരു വ്യാജ കഥയാണെന്ന് വിശ്വസിച്ചിരിക്കുന്നു. ഈ ഗ്രാമങ്ങളിലൂടെ സഞ്ചരിച്ച ആളുകൾക്ക് മനസ്സിലാകും. അല്ലാത്തവർ ഇതൊരു കെട്ടുകഥയാണെന്ന് വിശ്വസിച്ചിരിക്കുന്നു. ഈ ലോബിയുടെ ആളുകൾക്കു കുറച്ചുപേരെയെങ്കിലും വിശ്വസിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. മാത്രമല്ല ഇത് എന്റെ വീട്ടിൽ അല്ലല്ലോ, എന്റെ വീട്ടിൽ ഒരു കുഞ്ഞിന് പ്രയാസം ഉണ്ടാകുമ്പോൾ അല്ലേ ആളുകൾ ഓടുന്നത്. മറ്റൊരാളുടെ വീട്ടിൽ





ആണെങ്കിൽ അതൊരു വിഷയമല്ലല്ലോ. പൊതുവെ നമ്മുടെ സമൂഹത്തിന്റെ മനോഗതി അതാണ്. അതുകൊണ്ട് കൂടിയാണ് ഈ ഒരു സമരത്തിന് മുഴുവൻ ജനങ്ങളുടെയും പിന്തുണ കിട്ടാത്തത് പോയത് എന്ന് എനിക്ക് തോന്നുന്നു.

**എൻഡോസൾഫാൻ നിരോധിച്ചതിന് ശേഷം അത് നിർവീര്യമാക്കുന്ന നടപടികൾ എത്രമാത്രം സുതാര്യമായാണ് നടത്തിയത്. പൂർണ്ണമായും സുരക്ഷിതമായ രീതിയിൽ തന്നെയാണോ എൻഡോസൾഫാൻ നിർവീര്യമാക്കൽ നടന്നിരിക്കുന്നത്?**

✓ എൻഡോസൾഫാൻ നിർവീര്യമാക്കുന്ന പദ്ധതികളൊക്കെ അവതാളത്തിലായിരിക്കുകയാണ്. അതിനു വേണ്ടി വീണ്ടും കുറെ സമരങ്ങൾ നടത്തിയിട്ടുണ്ട്. ഏതാണ്ട് ഒരു അഞ്ചെട്ടുകൊല്ലം മുമ്പ് പെരിയയിലും ചീമേനിയിലും രാജപുരത്തും ഈ മൂന്ന് സ്ഥലത്തും ബാക്കിവന്ന 1500 ഓളം ലീറ്റർ എൻഡോസൾഫാൻ ജപ്പാനിൽ നിന്നും വരുത്തിച്ച് പുതിയ ബാരലിലേക്ക് മാറ്റാൻ അഞ്ച് ലക്ഷം രൂപയാണ് ചെലവഴിച്ചത്. അത് നിർവീര്യമാക്കാം എന്ന് ഉറപ്പു തന്നിരുന്നു. പക്ഷേ ഇതുവരെയും പൂർണ്ണമായി നിർവീര്യം ആക്കിയിട്ടില്ല. പക്ഷേ ഏതാനും മാസങ്ങൾക്കുമുമ്പ് ഇത് വളരെ രഹസ്യമായി നിർവീര്യമാക്കാനുള്ള ശ്രമം നടന്നു. ഏതാണ്ട് കുഴിച്ചുമൂടുന്നത് പോലെയാണ്. ഇതിനെതിരെ പെരിയ പ്ലാന്റേഷൻ കോർപ്പറേഷന്റെ ഗോഡൗണിലേക്ക് ഒരു വലിയ മാർച്ച് നടന്നിരുന്നു. ആ മാർച്ചിൽ ഞങ്ങളൊക്കെ പങ്കെടുത്തതാണ്. അങ്ങനെ അത് നിർത്തിവെച്ചിരിക്കുകയാണ്. വിശേഷിച്ച് എൻഡോസൾഫാൻ പോലും നിർവീര്യം ആക്കാതെയെങ്കിൽ നിർമ്മിച്ച കമ്പനിയിലേക്കു കൊണ്ടു പോകട്ടെ. അല്ലെങ്കിൽ സെക്രട്ടറിയേറ്റിലേക്ക് കൊണ്ടു പോകട്ടെ. അല്ലാതെ കാസർകോട് എന്തിനാണ് ദുരിത മഴപെയ്ത്ത്. കാസർകോട് വീണ്ടും ഇത് കുഴിച്ചുമൂടുന്നത്, അല്ലെങ്കിൽ ഇട്ടു കത്തിക്കുന്നത്, അത് അല്ലല്ലോ വേണ്ടത്.

**ബഹുമാന്യനായ മുൻ മുഖ്യമന്ത്രി ശ്രീ. വി എസ്. അച്യുതാനന്ദൻ എൻഡോസൾഫാൻ ദുരിത ബാധിതർക്ക് വേണ്ടി വളരെ അനുഭാവപൂർണമായ നടപടികളാണ് കൈക്കൊണ്ടിരുന്നത്. എന്നാൽ പിന്നീട് വന്ന സർക്കാരുകൾ തുലോം നിരാശപ്പെടുത്തിയോ? നമ്മുടെ സമരത്തിന്റെ തീക്ഷ്ണത കുറവാണോ കാരണം?**

✓ വിഎസ്സിന് ഈ വിഷയത്തോട് വളരെ ആത്മാർത്ഥമായ ഒരു താല്പര്യം ഉണ്ടായിരുന്നു. അദ്ദേഹം 2001 ലാണ് പരിസ്ഥിതിപ്രവർത്തകരുടെ ക്ഷണം സ്വീകരിച്ച് ഇവിടെ വന്ന് ദുരിതബാധിതരെ കാണുകയും ഈയൊരു വിഷയത്തിൽ ആദ്യം ഇടപെടുകയും ചെയ്യുന്നത്. പിന്നീട് 2004 ലോടുകൂടി സമരങ്ങളൊക്കെ വരുന്ന സമയത്ത് ശ്രീ. വി.എസ്. അച്യുതാനന്ദൻ കാസർകോട് സംഘടിപ്പിച്ച കിറ്റ് എൻഡോസൾഫാൻ എന്ന ഒരു വലിയ മാർച്ചിൽ, ആയിരങ്ങൾ പങ്കെടുത്ത അത്ര വലിയ ഒരു മാർച്ച് ഇതിനുമുമ്പ് കാസർകോട് നടന്നിട്ടില്ല, അത് ഉദ്ഘാടനം ചെയ്യാൻ വേണ്ടിയിട്ട് വിഎസ് വന്നു. പിന്നീട് 2006 മുഖ്യമന്ത്രിയായപ്പോൾ അദ്ദേഹം വരികയും ദുരിത ബാധിതർക്ക് ആദ്യമായി സഹായ പദ്ധതികൾ പ്രഖ്യാപിക്കുകയും അത് നടപ്പിലാക്കുകയും ചെയ്തു. അതു വലിയൊരു പ്രതീക്ഷയായിരുന്നു അതുവരെ നമുക്ക് അങ്ങനെ ഒരു മാറ്റം ഉണ്ടായിട്ടില്ല. അതിനുശേഷം വന്ന മുഖ്യമന്ത്രിമാരുമായിട്ട് തിരുവനന്തപുരത്ത് ചെന്നിട്ട് പലപ്പോഴും സമരത്തിന്റെ ഭാഗമായിട്ട് സംസാരിക്കുവാൻ എനിക്ക് അവസരമുണ്ടായിട്ടുണ്ട്. പക്ഷെ അതിൽ



നിന്നെല്ലാം വ്യത്യസ്തമായി വി.എസും ആയിട്ട് സംസാരിക്കുമ്പോൾ ഉള്ള വലിയ ഒരു ഊർജ്ജം ഉണ്ട്. അദ്ദേഹത്തിന്റെ ഭാഗത്തുനിന്നുള്ള വലിയ ഒരു ആത്മാർത്ഥത പലപ്പോഴും ബോധ്യമായിട്ടുണ്ട്. അതുപോലെ എന്റെ എൻമകജെ നോവലിന്റെ ഒന്നാമത്തെ റോയൽറ്റി എൻമകജെ ഗ്രാമത്തിൽ വെച്ച് വിതരണം ചെയ്തത് വി.എസ്. ആണ്. ദുരിതബാധിതരായ 7 കുട്ടികൾക്ക് ആണ് അന്ന് അത് വിതരണം ചെയ്തത്. പിന്നീട് എൻമകജെയുടെ പത്താമത്തെ സ്പെഷ്യൽ എഡിഷൻ ഇറങ്ങിയപ്പോൾ തിരുവനന്തപുരത്ത് എൻഡോസൾഫാൻ വിരുദ്ധ സമര പന്തലിൽ വച്ച് സുഗതകുമാരിക്ക് നൽകിക്കൊണ്ട് വി.എസ്. അത് പ്രകാശനം ചെയ്യുകയും ഒരു നല്ല പ്രഭാഷണം നടത്തുകയും ചെയ്തിട്ടുണ്ട്. ഇതൊക്കെ നമുക്ക് മനസ്സിലാക്കിത്തരുന്നത് അദ്ദേഹത്തിന് ഈ വിഷയത്തോട് എന്തുമാത്രം ആത്മാർത്ഥതയുണ്ട് എന്നതാണ്. പക്ഷേ മറ്റു ഭരണകൂടങ്ങളൊക്കെ സമരം ചെയ്യുമ്പോൾ കുറെ ഉറപ്പുകൾ തരും. പക്ഷേ ഉറപ്പുകൾ ചിലതുമാത്രം പാലിക്കപ്പെടും. ഭൂരിപക്ഷം ഉറപ്പുകളും പാലിക്കപ്പെടാതെ തന്നെ പോകുന്നു. പിന്നെ വീണ്ടും അതേ ഉറപ്പു കിട്ടിയ കാര്യങ്ങൾക്കു വേണ്ടി സമരം ചെയ്യേണ്ട അവസ്ഥ വരുന്നു. ഇങ്ങനെ നിരന്തരം സമരം ചെയ്യാൻ വിധിക്കപ്പെട്ട നിസ്വരായ ഒരു ജനതയാണ് കാസർകോട്ടെ എൻഡോസൾഫാൻ ദുരിതബാധിതർ എന്നത് ഒരു യാഥാർത്ഥ്യമാണ്.

● ***ഇത്രയും ആരോഗ്യ പ്രശ്നങ്ങൾ നേരിടുന്ന കാസർഗോഡ് ജില്ലയുടെ ആരോഗ്യപരിപാലനരംഗം വളരെ ശോചനീയമാണ്. കാസർകോടിന് AIIMS എന്ന ആവശ്യവുമായി താങ്കൾ ഉൾപ്പെടെയുള്ള പ്രവർത്തകർ മുൻപന്തിയിൽ തന്നെയുണ്ട്. ഗുരുതരമായ ജനിതക വൈകല്യങ്ങളും നാഡീവ്യവസ്ഥയിലെ തകരാറുകളും മൂലം പ്രശ്നം അനുഭവിക്കുന്ന ഈ ജനതയ്ക്കിടയിൽ അല്ലേ ഗവേഷണങ്ങളും പഠനങ്ങളും കാര്യമായി നടക്കേണ്ടത്. എന്താണ് ഇക്കാര്യത്തിലെ തടസ്സങ്ങൾ? ദേശീയ ശ്രദ്ധയിൽ ഈ വിഷയം വേണ്ടവിധം അവതരിപ്പിക്കുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ടോ?***

✔ തീർച്ചയായും കാസർകോട് ജില്ലയ്ക്ക് തന്നെയാണ് AIIMS കിട്ടേണ്ടത്. കേന്ദ്രസർക്കാർ അനുവദിക്കാൻ പോകുന്ന AIIMS കാസർഗോഡ് ജില്ലയ്ക്ക് അല്ലാതെ വേറെ എവിടെയാണ് കൊടുക്കേണ്ടത്. കാസർഗോഡ് ജില്ലയുടെ ഒരു ദുരിതാവസ്ഥ ആലോചിച്ചുനോക്കൂ. എന്ത് ചികിത്സാസൗകര്യങ്ങൾ ആണുള്ളത്? 2013 ഇൽ തറക്കല്ലിട്ട മെഡിക്കൽ കോളേജ് ഇപ്പോഴാണ് പേരിനു ഒന്ന് തുടങ്ങിയിട്ടുള്ളത്. പക്ഷേ അനുബന്ധ സൗകര്യങ്ങൾ ഒന്നും ആയിട്ടില്ല. അതിനു വേണ്ടി എത്രമാത്രം സമരം നടന്നു? 2013ൽ ആലപ്പുഴയിലും പാലക്കാടും പത്തനംതിട്ടയിലും തറക്കല്ലിട്ട മറ്റ് മെഡിക്കൽ കോളേജുകളൊക്കെ എത്രയോ വർഷം മുൻപ് പ്രവർത്തിക്കാൻ തുടങ്ങി. ഇവിടെ ഒരു സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ പോലും ഇല്ല. ഒരു ന്യൂറോളജിസ്റ്റിനെപോലും ഈ കഴിഞ്ഞ മാസം വരെ നിയമിക്കാൻ മാറിമാറിവന്ന ഭരണകൂടത്തിനു സാധിച്ചിരുന്നില്ല. ഇതൊക്കെ കാണുമ്പോൾ ഞങ്ങൾക്ക് പലപ്പോഴും തോന്നും, ഇവിടെയുള്ള ദുരിതബാധിതരായ കുഞ്ഞുങ്ങളൊക്കെ എത്രയും വേഗം മരിച്ചു തീരട്ടെ, ചത്തു തീരട്ടെ എന്ന് ആരൊക്കെയോ ആഗ്രഹിക്കുന്നുണ്ടെന്ന്. അത്ര മാത്രം ചികിത്സ പരി

മിതികൾ കാസർഗോഡ് ജില്ലയെ സംബന്ധിച്ചിടത്തോളം ഉണ്ട്. മാത്രമല്ല, ഈ രോഗങ്ങൾ ഒക്കെ വളരെ സങ്കീർണമാണ്, വിചിത്രമായ രോഗങ്ങളാണ്, അത്യാധുനിക ചികിത്സയും ഗവേഷണവും വേണ്ട രോഗങ്ങളാണ്. പുതിയ പുതിയ മരുന്നുകൾ കണ്ടെത്തേണ്ടതുണ്ട്, ചികിത്സാരീതികൾ കണ്ടെത്തേണ്ടതുണ്ട്. അതിനൊക്കെ ഏറ്റവും ഉചിതമായിട്ടുള്ളത് AIIMS ആണ്. AIIMS ചികിത്സ മാത്രമല്ല അവിടെ ഗവേഷണവും പഠനപദ്ധതിയുമൊക്കെയുണ്ട്. മാത്രമല്ല, സാമ്പത്തികമായി വലിയ ബാധ്യത ഈ ദുരിതബാധിതർക്ക് ഉണ്ടാവില്ല. അതുകൊണ്ട് AIIMS കേരളത്തിൽ അനുവദിക്കുന്നുണ്ടെങ്കിൽ അത് കാസർഗോഡ് ആണ് അനുവദിക്കേണ്ടത്. കാസർഗോഡ് നാലഞ്ചു കൊല്ലമായി വലിയ സമരങ്ങൾ നടക്കുന്നുണ്ട്, AIIMS വേണം എന്ന് പറഞ്ഞിട്ട്. പക്ഷേ AIIMS കൊടുക്കുന്നത് കോഴിക്കോടിന് ആണത്രെ. കോഴിക്കോട് ഒരു സമരവും നടക്കുന്നില്ല. കോഴിക്കോട് ജനങ്ങൾ ഇതുവരെ ആവശ്യപ്പെട്ടിട്ടില്ല. കോഴിക്കോട് ആണെങ്കിൽ പത്തിലധികം സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലുകൾ ഉണ്ട്. ഇതൊന്നും കാസർകോട് ഇല്ല. കാസർകോട് ആണെങ്കിൽ ഇഷ്ടം പോലെ റവന്യൂഭൂമി ഉണ്ട്. പി.സി.കെ.യുടെ കശുമാവിൻ തോട്ടം തന്നെ 12,000 ഏക്കർ സ്ഥലമുണ്ട്. എവിടെ വേണമെങ്കിലും സ്ഥലം കിട്ടും. പിന്നെന്താ കാസർഗോടിനെ ഒഴിവാക്കുന്നത്. എന്തിനാണ് കോഴിക്കോടിനു നൽകുന്നത്? എന്താണ് ഇതിന്റെ പിന്നിലുള്ള അജണ്ട? കാസർഗോടിനോടുള്ള വെറുപ്പിന്റെ കാരണമെന്താണ്? ഇതൊക്കെ ഭരണകൂടം വ്യക്തമാക്കേണ്ടതുണ്ട്.

***പശ്ചിമഘട്ടം തകർന്നു കൊണ്ടിരിക്കുന്നു അപ്രതീക്ഷിതമായ കാലാവസ്ഥാവ്യതിയാനങ്ങളാൽ കേരളം നശിച്ചുകൊണ്ടിരിക്കുകയാണ്. മാധവ് ഗാഡ്ഗിൽ റിപ്പോർട്ട് പാടെ അവഗണിച്ചതിന്റെ പരിണിതഫലം നമ്മളെ ദിനംപ്രതി നാശത്തിലേക്ക് തള്ളിവിട്ടു കൊണ്ടിരിക്കുകയാണ്. പരിസ്ഥിതി പ്രവർത്തകൻ എന്ന നിലയിൽ ഈ വിഷയത്തിൽ താങ്കൾക്ക് എന്താണ് പറയുവാനുള്ളത്?***

കേരളം അത്യന്തം അപകടകരമായ ഒരു സ്ഥിതിവിശേഷത്തിൽ ആണ്. കേരളം മാത്രമല്ല,ലോകം മുഴുവൻ ആഗോളതാപനത്തിന്റെ ഫലമായുള്ള കാലാവസ്ഥാ വ്യതിയാനത്തിന്റെ ദുരന്തഫലങ്ങൾ ഓരോന്നായി അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. കേരളത്തിലത് കുറെ കൂടി ശക്തമായിരിക്കും. ഉരുൾപൊട്ടലും കടൽ പൊങ്ങലും കാട്ടുതീയും വരൾച്ചയും വെള്ളപ്പൊക്കവും ഇങ്ങനെ മാറിമാറി വരുന്ന പരിസ്ഥിതി ദുരന്തങ്ങളും ചുഴലിക്കാറ്റുകളുമൊക്കെ ഇനിയുള്ള കാലത്ത് കൂടിക്കൂടി വരും എന്നാണ് റിപ്പോർട്ട്. അതിന്റെ ദുരന്തഫലങ്ങൾ നമ്മൾ അനുഭവിച്ചു തുടങ്ങുകയാണല്ലോ. അപ്പോ പത്തുമുപ്പത്തഞ്ചു കൊല്ലമായിട്ട് പരിസ്ഥിതി വിഷയങ്ങൾ എഴുതുന്ന ഒരാളെന്ന നിലയിലും, പരിസ്ഥിതിയിൽ വരുന്ന മാറ്റങ്ങൾ വളരെ സൂക്ഷ്മമായി ശ്രദ്ധിക്കാൻ ശ്രമിക്കുന്ന



ഒരാൾ എന്ന നിലയിലും ഇത് പലപ്പോഴും ധാരാളം കഥകളിലൂടെ ചൂണ്ടിക്കാണിക്കാൻ, ലേഖനങ്ങളിലൂടെ ചൂണ്ടിക്കാണിക്കാൻ ഞാൻ ശ്രമിച്ചിട്ടുണ്ട്. 2013ൽ കടലാമകളെ കുറിച്ച് എഴുതിയ കഥ ഇന്ന് സത്യമായി വന്നിരിക്കുന്നു. 2015 ഇൽ പ്രാണവായു എന്ന ഒരു കഥ എഴുതിയത് ഇന്ന് സത്യമായി വന്നിരിക്കുന്നു. അക്കേഷ്യ പാടില്ല എന്നും അത് നടാൻ തുടങ്ങിയ കാലത്ത് എഴുതിയ കഥ, 36 കൊല്ലം മുമ്പ് എഴുതിയ കഥ ഇന്ന് യാഥാർഥ്യമായിരിക്കുന്നു. അക്കേഷ്യ പാടില്ല എന്ന് കഥയിൽ പറഞ്ഞതുപോലെ ഇന്ന് അക്കേഷ്യ മുറിച്ചുമാറ്റാൻ തുടങ്ങിയിരിക്കുന്നു. പക്ഷേ നമുക്ക് 36 കൊല്ലം വേണ്ടി വന്നു. അക്കേഷ്യ കേരളത്തിൽ വ്യാപിച്ചതിനു ശേഷം, ദുരന്തം സംഭവിച്ചതിനുശേഷമാണ് നാം അതിനു പ്രതിവിധി തേടുന്നത്. കേരളത്തിലെ കാടുകളിലും നാടുകളിലും അക്കേഷ്യ നിറഞ്ഞില്ലേ. ഇതുവരെ നമുക്ക് അത് ബോധ്യം ഉണ്ടായില്ല. ഇപ്പോഴാണ് നമുക്ക് ബോധം വന്നത്. പരിസ്ഥിതിയെ സംബന്ധിച്ചിടത്തോളം രാഷ്ട്രീയ പാർട്ടികൾക്കുള്ള വിവേകം വളരെ വളരെ കുറവാണ്. ഒരു സ്ഥലത്ത് വെള്ളമില്ലെങ്കിൽ അവിടെ ലോറിയിൽ വെള്ളമെത്തിക്കാം എന്നാണ് അവർ പറയുന്നത്. ഏതെങ്കിലുമൊരു രാഷ്ട്രീയ നേതാവ് തണ്ണീർത്തടങ്ങൾ സംരക്ഷിക്കാം, കുന്നുകൾ സംരക്ഷിക്കാം എന്ന് പറയുമോ? ഇപ്പോൾ ഒരു പരിസ്ഥിതി പ്രശ്നം വരുമ്പോൾ താൽക്കാലിക പരിഹാരം ആണ് തേടുന്നത്. ശാശ്വതമായ പരിഹാരം തേടുന്നില്ല അനധികൃത ക്വാറികൾ പെരുകുകയും പശ്ചിമഘട്ടം തകരുകയും ഒക്കെ ചെയ്യുന്ന സമയത്ത് ഇതിനൊരു പരിഹാരം ഉണ്ടാകുന്നില്ല.

- ***കാസർകോട് നിന്നും തിരുവനന്തപുരം വരെ നാലുമണിക്കൂർ കൊണ്ട് യാത്ര ചെയ്യാനുള്ള സിൽവർ ലൈനിനെ കുറിച്ചുള്ള ചർച്ചകളാണ് ഇന്ന് നാടെങ്ങും. വേണ്ടത്ര പരിസ്ഥിതി ആഘാത പഠനങ്ങൾ ഇക്കാര്യത്തിൽ നടന്നിട്ടുണ്ടോ? എന്താണ് K Rail ന്റെ ഭാവി?***

✔ K Rail നെ കുറിച്ച് ഞാൻ പല ലേഖനങ്ങളിലും പ്രഭാഷണങ്ങളിലും ചർച്ചകളിലും ഒക്കെ കൃത്യമായി പറഞ്ഞിട്ടുണ്ട്. ബദൽ മാർഗങ്ങൾ ധാരാളം ഉണ്ടായിരിക്കെ, K Rail എന്നുപറയുന്ന ഒരു പദ്ധതി തന്നെ അങ്ങേയറ്റം പരിസ്ഥിതി വിരുദ്ധമാണ്. അത് നമ്മെ വലിയ സാമ്പത്തിക കടക്കെണിയിൽ ആക്കും. സമ്പന്നർക്ക് വേണ്ടി ഉള്ളതാണ്. പാവങ്ങൾക്ക് വേണ്ടി ഉള്ളതല്ല. കേരളത്തിന്റെ മുൻഗണനയിൽ പെടുത്തേണ്ട ഒന്നല്ല, കൊറോണയിൽ വലയുന്ന ഒരു സമയത്ത് ആലോചിക്കാനെ പാടില്ല. രണ്ടു പ്രളയങ്ങൾ അനുഭവിച്ച ഒരു നാട്ടിൽ അത് ചിന്തിക്കാൻ പോലും



പാടില്ല. അതെക്കുറിച്ച് ഒക്കെ ഞാൻ വിശദമായി എഴുതിയിട്ടുണ്ട്. അത്തരം ഒരു പദ്ധതി ഒരിക്കലും കേരളം പോലുള്ള ഒരു സ്ഥലത്ത് ആലോചിക്കാൻ പാടില്ല. പരിസ്ഥിതി വിവേകം ഇല്ലാത്തതുകൊണ്ടാണ് ഇത്തരം ചിന്തകൾ വരുന്നത്. അതേ സംബന്ധിച്ച് ഒരുപാട് കാര്യങ്ങൾ ഞാൻ എഴുതിയിട്ടുണ്ട്.

**• താങ്കളുടെ ഒട്ടുമിക്ക പുസ്തകങ്ങളും പാരിസ്ഥിതിക പ്രശ്നങ്ങളിലേക്ക് വിരൽചൂണ്ടുന്നവയാണ്. ഒരു പരിസ്ഥിതി പ്രവർത്തകൻ എന്ന നിലയിലേക്ക് ഇറങ്ങിച്ചെല്ലാൻ താങ്കൾക്കുണ്ടായ പ്രചോദനം എന്താണ്?**

✓ പ്രചോദനം എന്താണെന്ന് കൃത്യമായിട്ട് പറയാൻ പറ്റില്ല. കുട്ടിക്കാലം മുതലേ പ്രകൃതിയിലേക്ക് ഉറ്റു നോക്കുന്ന ഒരാൾ എന്ന നിലയിൽ, പ്രകൃതിയിലെ മാറ്റങ്ങൾ ഒക്കെ ശ്രദ്ധിക്കുന്ന ഒരാൾ എന്ന നിലയിൽ, അത്തരം പുസ്തകങ്ങൾ ഒക്കെ ധാരാളം വായിക്കാൻ ശ്രമിക്കുന്ന ഒരാൾ എന്ന നിലയിൽ വൈക്കം മുഹമ്മദ് ബഷീറിന്റെയും പി. കുഞ്ഞിരാമൻ നായരുടെയും ഒക്കെ കൃതികളുടെ പിന്നാലെ നടക്കാൻ ശ്രമിച്ച ഒരാളെന്ന നിലയിലൊക്കെ ആയിരിക്കാം പരിസ്ഥിതിയെക്കുറിച്ച് പിന്നെയും പിന്നെയും എഴുതുന്നത്. മുമ്പൊക്കെ എന്നെ പലരും തമാശയാക്കാറുണ്ടായിരുന്നു, എന്തിനാ എപ്പോഴും ഇങ്ങനെ പരിസ്ഥിതി എഴുതുന്നത് എന്ന്. പക്ഷെ ഇത്തരം തമാശ കൊണ്ടൊന്നും ഞാൻ പിന്മാറിയിട്ടില്ല. എഴുത്ത് കൂടിയതേയുള്ളൂ. കാരണം എന്നെ അസ്വസ്ഥപ്പെടുത്തുന്ന കാര്യങ്ങളാണ് ഞാൻ എഴുതുന്നത്. എന്നെ ഏറ്റവും അസ്വാസ്ഥ്യപ്പെടുത്തുന്നത് ഈ വിഷയങ്ങളാണ്. പരിസ്ഥിതി വിഷയങ്ങൾ ആണ്. മാത്രമല്ല, നമ്മുടെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നങ്ങളെക്കുറിച്ചല്ലേ എഴുത്തുകാരൻ എഴുതേണ്ടത്. എഴുത്തുകാരന് വലിയ പ്രതിബദ്ധത ഉണ്ടല്ലോ സമൂഹത്തോട്. വലിയ കടപ്പാടുണ്ട്. നമുക്ക് ഒരുപാട് പ്രശ്നങ്ങൾ ഉണ്ട്, ദാരിദ്ര്യം ഉൾപ്പെടെയുള്ള ഒരുപാട് വിഷയങ്ങൾ ഉണ്ട്. അതുകൊണ്ട് ഞാൻ പറയും കേരളത്തിലെ ഒന്നാമത്തെ പ്രശ്നം പരിസ്ഥിതിയാണ്. കുടിക്കാൻ വെള്ളമില്ലെങ്കിൽ, ശ്വസിക്കാൻ ഓക്സിജൻ ഇല്ലെങ്കിൽ, ബാക്കിയൊക്കെ രണ്ടാമത്തെ വിഷയമല്ലേ. അതുകൊണ്ടാണ് ഞാൻ പരിസ്ഥിതി എന്നുള്ള വിഷയം ആവർത്തിച്ചാവർത്തിച്ച് പറയുകയും എഴുതുകയും ഒക്കെ ചെയ്യുന്നത്.

**• പരിസ്ഥിതി മുഖ്യ വിഷയമാകുന്നതോടൊപ്പം തന്നെ കാസർകോട് പരമ്പരാഗത കലകളും മിത്തുകളും വളരെ മനോഹരമായാണ് താങ്കളുടെ കഥകളിലും നോവലുകളിലും ചിത്രീകരിച്ചിരിക്കുന്നത്. ഒന്നു മറ്റേതിനോട് വളരെ അനായാസമായി താദാത്മ്യം പ്രാപിക്കുന്നുണ്ട്. ഇതെങ്ങനെയാണ് സാധ്യമാകുന്നത്?**

✓ ഉത്തര കേരളത്തിന്റെ മിത്തുകൾ, പ്രത്യേകിച്ചും തെയ്യം എന്റെ കഥകളിൽ മാത്രമല്ല, നോവലുകളിലും ആവർത്തിച്ചു വരുന്നുണ്ട്. അത് സ്വാഭാവികമാണ്. കാരണം നമ്മുടെ ചുറ്റുപാടുകളിൽ നിന്ന് വേർപെട്ടു കൊണ്ട് നമുക്ക് ഒരു അസ്തിത്വമില്ല. ഉത്തരകേരളത്തിൽ ഒരു മനുഷ്യന്റെ ചുറ്റുപാട് എന്ന് പറയുന്നത് തെയ്യത്തിന്റെ വരവോളിയും തെയ്യത്തിന്റെ ചെണ്ടയും തെയ്യത്തിന്റെ കോലവും മറ്റുമാണ്. അതിൽ നിന്നും മാറി നിൽക്കാൻ ഒരാൾക്ക് പറ്റുമെന്ന് എനിക്ക് തോന്നുന്നില്ല. അതുകൊണ്ട് കുട്ടിക്കാലം മുതലേ ഞാൻ തെയ്യങ്ങളുടെ പിന്നാലെയുണ്ട്. ഒരുപാട് തെയ്യങ്ങളെ കുറിച്ച് കഥകൾ എഴുതിയിട്ടുണ്ട് മലയാളത്തിൽ തെയ്യം കഥകൾ ഏറ്റവും എഴുതിയിട്ടുള്ളത് ഞാനാണ്. എന്റെ 3 നോവലുകളിലും തെയ്യം വരു



ന്നുണ്ട്. അതിൽ ആദ്യത്തെ നോവലിന്റെ പേര് തന്നെ 'മരക്കാപ്പിലെ തെയ്യങ്ങൾ' എന്നാണ് മൂന്നാമത്തെ നോവലിന്റെ പേര് 'മാക്കം എന്ന പെൺ തെയ്യം' എന്നാണ്. ഇടയ്ക്കു വരുന്ന നോവൽ 'എൻമകജെ' ആണ്. 'എൻമകജെ' യിൽ ജഡാധാരി തെയ്യം ഉണ്ട്. അപ്പോൾ തെയ്യം എന്റെ കൃതികളിൽ വരുന്നത് അതേ വിധത്തിലല്ല. ഏറ്റവും പുതിയ കാലത്തിന്റെ സങ്കീർണ്ണതകളെയും സമസ്യകളെയും ആഖ്യാനിക്കാനുള്ള ഒരു രാഷ്ട്രീയ പ്രയോഗം എന്ന നിലയ്ക്കാണ് എനിക്ക് തെയ്യം. അല്ലാതെ തെയ്യത്തിന്റെ മിത്തുകളെ ഞാൻ വെറുതെ പറഞ്ഞു പോവുകയല്ല ചെയ്യുന്നത്. മുച്ചിലോട്ടമ്മ ആയാലും ഏറ്റവും അവസാനകാലത്ത് വന്നിട്ടുള്ള കാരക്കുളിയൻ ആയാലുമൊക്കെ. ഏറ്റവും പുതിയ മനുഷ്യന്റെ, മലയാളിയുടെ ജീവിതാവസ്ഥകളെ മാപനം ചെയ്യാനുള്ള മാനദണ്ഡങ്ങൾ എന്നുള്ള നിലയിലാണ് ഞാൻ ഈ കഥകൾ, നോവലുകൾ ഒക്കെ എഴുതിയിട്ടുള്ളത്. കാരണം അതിൽ മിത്തുകൾ എന്നുള്ളത് ചോര ഞരമ്പുകൾ ഉള്ള മിത്തുകളാണ്. പറഞ്ഞു പഴകി പോയ കഥകളല്ല. ഞാനതിനെ ചോര ഞരമ്പുകൾ ഉള്ള കഥകൾ ആയിട്ട് വീണ്ടെടുക്കുകയാണ് ചെയ്യുന്നത്.

- **പുസ്തക വായന ഇപ്പോൾ e Book ലേക്കും ഫോൺ ആപ്പ് വഴി കഥകൾ കേൾക്കുന്ന രൂപത്തിലേക്കുമൊക്കെ മാറിയിരിക്കുന്നു. പുസ്തകം കയ്യിൽ എടുത്ത് വായിക്കുന്നതിന്റെ അനുഭൂതി ഇത്തരത്തിലുള്ള രീതികൾ വഴി സാധ്യമാകുമോ? അങ്ങയുടെ അഭിപ്രായം എന്താണ്?**

✔ സൈബർ ലോകത്ത് വായനയുടെ മാനം വളരെ കൂടിയിട്ടുണ്ട്. പ്രത്യേകിച്ചും രണ്ടു രണ്ടര കൊല്ലം ആയിട്ട് കോവിഡ് പശ്ചാത്തലത്തിൽ e വായനയുടെ സാധ്യത വളരെ വളരെ കൂടി. അതൊക്കെ വളരെ പോസിറ്റീവ് ആയ, വളരെ സ്വാഗതാർഹമായ ഒരു കാര്യമായി ഞാൻ കരുതുന്നു. കാരണം നമുക്ക് എവിടെയും ഇരുന്നിട്ട് ഒരു പുസ്തകം വായിക്കാനും എവിടെയിരുന്നു ഒരു കഥ കേൾക്കാനും വായിക്കാനും ഒക്കെ പറ്റുന്ന ഒരു അവസ്ഥ ഉണ്ട്.

കൊറോണ കാലത്ത് എല്ലാവരും ഒറ്റപ്പെട്ട് ഏകാന്തതയിൽ പെട്ടുപോയ സന്ദർഭത്തിൽ നമ്മുടെ കയ്യിലുള്ള മൊബൈലിലും ലാപ്പിലും ഒക്കെ നമുക്ക് സാഹിത്യം മുഴുവൻ വായിക്കാനും അനുഭവിക്കാനും ഉള്ള സാധ്യതകൾ ഉണ്ടായി. ഞങ്ങളെപ്പോലെയുള്ള പഴയ തലമുറയിൽപ്പെട്ട ആളുകൾക്ക് പുസ്തകം കയ്യിൽ എടുക്കുമ്പോൾ തന്നെയാണ് ഏറ്റവും കൂടുതൽ ഉന്മേഷവും ആവേശവും കിട്ടുന്നത്. സൈബർ വായന അല്ലെങ്കിൽ ഈ വായന അത്രത്തോളം സന്തോഷം തരുന്നില്ല. അത് ഞങ്ങൾ അങ്ങനെ അനുഭവിച്ചു വളർന്നത് കൊണ്ടാണ്. പക്ഷേ പുതിയ തലമുറയോട് അങ്ങനെ പറയാൻ പറ്റില്ല. പുതിയ തലമുറയുടെ അനുഭവം അങ്ങനെയാണ് എന്ന് പറയാൻ പറ്റില്ല. കാരണം പുതിയ തലമുറ ഈയൊരു സൈബർ ലോകത്ത് വളരുന്നവരാണ്. അവർക്ക് ഒരുപക്ഷേ പുസ്തകത്തെക്കാളും e വായന കൂടുതൽ ഇഷ്ടം തോന്നുന്ന ഒന്നായിരിക്കാം. അതുകൊണ്ട് അതൊക്കെ ആപേക്ഷികമാണ് എന്ന് മാത്രമേ പറയാൻ പറ്റുകയുള്ളൂ.

ooo



# പുരുഷത്വം ഒരു വ്യാജ നിർമ്മിതി!

ഡോ. ഖദീജ മുംതാസ്

"മുടി തട്ടത്തിനും പുറത്തേക്ക് നീങ്ങി
കിടപ്പുണ്ടോ എന്നൊക്കെ
നോക്കിയിരിക്കുന്ന പോലീസുകാരനല്ല
എന്റെ പടച്ചോൻ..
ആത്മാവിന്റെ നന്മയെ കാണുന്നവനാണ്..
എന്റെ മനസാക്ഷിയായി എന്നിൽ തന്നെ
നിറയുന്നവനാണ്..
ഞാൻ ജീവിതത്തിന്റെ നിരന്തരമായ,
നിശബ്ദമായ പോരാട്ടത്തിലാണ്
എന്നെപ്പോഴും തോന്നാറുണ്ട്..
ശരിയെന്നു തോന്നുന്നതിനു
വേണ്ടിയുള്ള പോരാട്ടം, തെറ്റല്ലെന്ന്
തോന്നുന്നതിനുള്ള സ്വാതന്ത്ര്യം..
അതെന്റെ അവകാശമാണ്"..

ഡോ. ഖദീജ മുംതാസ്



ഈ നിലപാടുകൾ തന്നെയാണ്,
ശരിപക്ഷത്തുള്ള ഉറപ്പു നില്പു തന്നെ
യാണ് സ്ത്രീ അനുഭവങ്ങളെയും,
സ്ത്രീ സ്വാതന്ത്ര്യങ്ങളെയും നിരന്തര
മായി എഴുതി വയ്ക്കാനുള്ള കാരണവും.



> **ആധുനിക സ്ത്രീയുടെ ജോലിക്കുള്ള തുല്യാവകാശം നിഷേധിക്കുന്നത് അവൾ ഗർഭിണിയായതിനാൽ എന്നാകുന്നതിന് മുതലാളിത്തത്തിന് ന്യായമുണ്ട്. ഗർഭകാല വ്യാധികൾ, ലീവ്, പിന്നെ അനിവാര്യമായ പ്രസവാവധി ഇവയെല്ലാം അറിഞ്ഞു കൊണ്ട് കൈയേൽക്കുന്നതെന്തിന്?**

ഏകദേശം ഒന്നര നൂറ്റാണ്ടു മുമ്പായിരുന്നു മഹാരാഷ്ട്രയിലെ താരാ ബായ് ഷിൻഡെ 'സ്ത്രീ പുരുഷ തുലന' എന്ന ഫെമിനിസ്റ്റ് ഗ്രന്ഥമെഴുതുന്നത്. വേദേതിഹാസ നിർമ്മിത, ജാതിനിബദ്ധ പുരുഷാധികാര വ്യവസ്ഥക്കെതിരെ മൂർച്ചയുള്ള ഭാഷയിൽ അവർ ചോദ്യങ്ങളുയർത്തി. ഇത്രകാലത്തിനു ശേഷവും അതേ വേദഗ്രന്ഥങ്ങളെ ചൂണ്ടിയും അല്ലാതെയും ഈ ആൺ നിർമ്മിത ലോകം ഗൂഢസ്മിതത്തോടെ പറഞ്ഞു കൊണ്ടിരിക്കുന്നു, പുരുഷനും സ്ത്രീയും സമന്മാരായിരിക്കുക വയ്യ. ജീവശാസ്ത്രപരമായിത്തന്നെ അങ്ങനെയല്ല. സ്ത്രീജനിതകം, ഹോർമോണുകൾ, മാതൃത്വം ഇതൊന്നുമില്ലാതെ സ്ത്രീ ഇല്ലല്ലോ! അല്ലെങ്കിൽ ഇവ കൊണ്ടൊക്കെയല്ലേ സ്ത്രീ സ്ത്രീയായിരിക്കുന്നത്? എല്ലാമിരിക്കട്ടെ, ശാരീരിക ബന്ധത്തിൽ പുരുഷനുള്ള മേൽക്കൈ നിഷേധിക്കാനാവുമോ? പുരുഷന് സ്ത്രീയെ അല്ലാതെ, സ്ത്രീക്ക് പുരുഷനെ ലൈംഗികമായി കീഴ്പ്പെടുത്താനാവുമോ? അങ്ങനെ കീഴ്പ്പെടുത്തിയിരുന്ന സ്ത്രീകൾ ഉണ്ടായിരുന്നു എന്നു സാമൂഹ്യ ശാസ്ത്രജ്ഞർ ചൂണ്ടിക്കാണിച്ചാൽ നമ്മുടെ ജൈവശാസ്ത്രബോധം അതിനെ ചിരിച്ചു തള്ളും. ഈ വിഷയത്തിലേക്ക് ഏതായാലും പിന്നീട് വരാം.

ആധുനിക സ്ത്രീയുടെ ജോലിക്കുള്ള തുല്യാവകാശം നിഷേധിക്കുന്നത് അവൾ ഗർഭിണിയായതിനാൽ എന്നാകുന്നതിന് മുതലാളിത്തത്തിന് ന്യായമുണ്ട്. ഗർഭകാല വ്യാധികൾ, ലീവ്, പിന്നെ അനിവാര്യമായ പ്രസവാവധി ഇവയെല്ലാം അറിഞ്ഞു കൊണ്ട് കൈയേൽക്കുന്നതെന്തിന്? മാതൃത്വം നിങ്ങളുടെ സ്വകാര്യാവശ്യമല്ലേ. ഞങ്ങൾ അതിന്റെ പേരിൽ നഷ്ടം സഹിക്കുന്നതെന്തിന്? ജോലിക്കാരികളുടെ യൗവ്വന ഊർജം പൂർണമായി ഊറ്റിയെടുക്കാനായല്ലേ, അണ്ഡശീതീകരണം (Ovum /Egg Freezing) പോലെയുള്ള മഹാ മനസ്കതകൾ ചിലപ്പോൾ വെച്ചുനീട്ടപ്പെടുന്നതും!

അതെ, ഇവയൊക്കെ സ്ത്രീയായതിനാൽ ലോകത്തിനു (കോർപ്പറേറ്റു ലോകത്തിന്) നിങ്ങൾക്കു വേണ്ടി ചെയ്യേണ്ടിവരുന്ന കോംപ്രമൈസുകൾ. പുരുഷനാണെങ്കിൽ ഇത് വല്ലതും വേണോ? സ്ത്രീയും പുരുഷനും തുല്യരല്ല തന്നെ. വെറുതേ ഫെമിനിസം പറഞ്ഞിട്ടു കാര്യമുണ്ടോ? മാതൃത്വത്തെ നിങ്ങൾ ഉദാത്തവൽക്കരിക്കുന്നോ? അതിനു വേണ്ടി കോംപ്രമൈസുകൾ ചെയ്യേണ്ടത് സമൂഹത്തിന്റെ ഉത്തരവാദിത്തമെന്നോ? അതു തന്നെയല്ലേ പാരമ്പര്യം, വേദേതിഹാസങ്ങൾ, ഖുർആൻ, ബൈബിൾ ഒക്കെ പറയുന്നതും?

മാതൃത്വം മഹനീയം, സ്ത്രീ അതുകൊണ്ടു തന്നെ ആരാധ്യ, ബഹുമാന്യ, ഒപ്പം, അബല, സംരക്ഷണമർഹിക്കുന്നവൾ ! ചപല, ചഞ്ചല, അസൂയക്കാരി, അപവാദക്കാരി എന്നൊക്കെ പറയുന്നതും ഇന്നിന്റെ പുരുഷൻ മാത്രമല്ല, ശ്രുതികളും സ്മൃതികളുമൊക്കെയുണ്ടത്രെ. നിങ്ങൾ അവളുടെ മേൽനോട്ടക്കാരൻ എന്ന് മതഗ്രന്ഥങ്ങൾ. വഴിപിഴച്ചു പോകുമേ, നോട്ടം തെറ്റിയാൽ!

'മാതൃകം' ശാസ്ത്ര ഗ്രന്ഥം മാത്രമല്ല, മാതൃത്വത്തെ ലൈംഗിക കോശതലത്തിൽ തന്നെയുള്ള മേൽക്കൈ ചൂണ്ടിക്കാട്ടി ഉയർത്തി വെക്കുന്ന പുസ്തകമെന്നു കണ്ടാകാം, ഗ്രന്ഥകർത്രിയായ അധ്യാപികയോട് ഒരു പറ്റം ചോദ്യങ്ങളുമായി ഏറ്റുമുട്ടുന്നു, മെഡിക്കൽ കോളേജ് മാഗസിൻ കമ്മറ്റിയിലെ പെൺ ചുണക്കുട്ടികൾ. 2017ലായിരുന്നു അതെങ്കിലും ആദ്യ രണ്ടു മൂന്നു ചോദ്യോത്തരങ്ങൾ ഇവിടെയും പ്രസക്തമാകുമെന്നതിനാൽ വളരെ ചെറിയ മാറ്റങ്ങളോടെ താഴെ കൊടുക്കുകയാണ്.

ചോദ്യം: ***മാതൃത്വത്തെ ജൈവികമായ ഒരു പ്രക്രിയക്കപ്പുറം ദിവ്യമായ അനുഭവവും സ്ത്രീ ജന്മത്തിന്റെ സമ്പൂർണതയുമൊക്കെയായി കാണേണ്ടതുണ്ടോ?***

ഉത്തരം: വലിയൊരു ആത്മീയാനുഭവമാക്കി മാറ്റാവുന്ന ഒന്ന് മാതൃത്വത്തിലുണ്ട്. കൂടിയും കുറഞ്ഞും മിക്കവാറും എല്ലാ സ്ത്രീകളും അതനുഭവിക്കുന്നുമുണ്ട്. തനിക്കുമുമ്പ് അതനുഭവിച്ചവരുമായി ഒരു ആത്മൈക്യം കൂടി അപ്പോഴുണ്ടാകുന്നുണ്ട്. ഒപ്പം പ്രകൃതിയോട്, സഹജീവജാലങ്ങളോട്, ദൈവത്തോട്! പിന്നെ പുരുഷനോട്, സമൂഹത്തോട്. സ്ത്രീ ഒരു ജൈവ ചങ്ങലയുടെ ഭാഗമാവുന്നുണ്ട് മാതാവാകുന്നതിലൂടെ.

ഇത് സത്യമായിരിക്കുമ്പോഴും, ആചാര ബന്ധിത കുടുംബ വ്യവസ്ഥ നിലനിൽക്കുന്ന ഒരു സമൂഹത്തിൽ ഈ ആത്മീയാനുഭവത്തെ നിറം കെടുത്തും വിധം കുറച്ചു കൂടി താഴ്ന്ന തലത്തിലുള്ള അനുഭവമായിട്ടാണ് സ്ത്രീകൾ മാതൃത്വത്തെ ഉൾക്കൊള്ളേണ്ടിവരുന്നത്. വിവാഹിതയായാൽ എത്രയും വേഗം ഗർഭിണിയായി കഴിവു തെളിയിക്കണമെന്നു വാശിപിടിക്കുന്ന കുടുംബ വ്യവസ്ഥയിൽ വൈകാരിക പിരിമുറുക്കമുണ്ടാക്കുന്ന അഭിമാനപ്രശ്നമായി അത് മാറുകയാണ്. അവളുടെ മാത്രമല്ല, അവൾ വളർന്ന കുടുംബത്തിന്റെ ഭർത്താവിന്റെ, ഭർതൃവീട്ടുകാരുടെ ഒക്കെ അഭിമാനത്തിന്റെ പ്രശ്നമാകുന്നു അത്. അതിൽ പരാജയപ്പെടുമ്പോൾ ജീവിതത്തിൽ തന്നെ പരാജയപ്പെട്ടവളായി അവൾ സ്വയം എണ്ണാൻ തുടങ്ങുന്നു. പ്രസവിക്കാനാവുന്ന സ്ത്രീയാവട്ടെ, ആ അനുഭവത്തെ അൽപ്പം അഹങ്കാരം കലർന്ന ആഹ്ലാദമായി അനുഭവിക്കുന്നു. താനും തന്റെ ശരീരവും അംഗീകരിക്കപ്പെടുന്നു! അങ്ങനെ അവൾ വിജയപക്ഷത്താവുന്നു.

വളരെ ചെറുപ്രായത്തിൽ ഗർഭിണിയാകേണ്ടി വന്നവളും പിരിമുറുക്കമുള്ള ഔദ്യോഗിക ജീവിതത്തിനിടയിൽ മാതൃത്വമേറ്റെടുക്കേണ്ടി വരുന്നവളും വളരെ യാന്ത്രികമായി ഈ അമ്മയാകൽ അനുഭവത്തിലൂടെ കടന്നുപോയെന്നും വരാം. അങ്ങനെയാവുമ്പോൾ പിറന്ന കുഞ്ഞിന്റെ അമ്മയാവുന്നത് മാനസികമായും ആത്മീയമായും മറ്റൊരു സ്ത്രീ ആയെന്നും വരാം.

എല്ലാ സ്ത്രീകളും മാതൃത്വത്തിലൂടെ അംഗീകരിക്കപ്പെടുക എന്നതു സംഭാവ്യമല്ല എന്നുമോർക്കണം. മാതൃത്വത്താൽ അവഹേളിക്കപ്പെടുന്നവരും തിരസ്കരിക്കപ്പെടുന്നവരുമുണ്ട്. അവരിൽ അവിവാഹിത അമ്മമാർ മാത്രവുമല്ല. പല രീതിയിൽ വ്യക്തിത്വധ്വംസനം കുടുംബത്തിനകത്തും അനുഭവിക്കേണ്ടി വരുന്നവളാണല്ലോ സ്ത്രീ. അവളിൽ തന്റെ കുഞ്ഞ് ഒരു സാന്ത്വനമാവുകയാണ്. മറ്റു വിധത്തിൽ ആവിഷ്കാര സാധ്യതകൾ അടയ്ക്കപ്പെട്ട അവൾ, തിരസ്കൃതയായവൾ, അങ്ങനെ സ്വന്തം കുഞ്ഞിലേക്കു ചുരുങ്ങുന്നു. അവനവനിലേയ്ക്ക് ചുരുങ്ങുന്നതിന്റെ കുറച്ചു കൂടി വിശാലവും മേന്മയേറിയതുമായ ചുരുങ്ങൽ! ഇവിടെ കുഞ്ഞ് അവളുടെ സ്വത്വത്തിന്റെ പ്രതിഫലനം തന്നെയാകുന്നു. അവളെഴുതിയ കവിത പോലെ, സർഗാവി

ഷ്കാരങ്ങൾ പോലെ...

മാതൃത്വത്തെ അക്ഷരാർത്ഥത്തിൽ സാക്ഷാത്കരിക്കാതെ തന്നെ തന്റെ കഴിവുകളും ആവിഷ്കാരങ്ങളും സർഗാത്മകതയും കൊണ്ടു ജീവിതം സംപൂർണമാക്കാനാവുന്നവരുമുണ്ട്. അവരിൽ ജീവശാസ്ത്രപരമായ കാരണങ്ങളാൽ ഗർഭിണിയാകാൻ സാധിക്കാതെ പോയവരും സ്വയം അങ്ങനെയായിരിക്കാൻ തീരുമാനമെടുത്തവരും കാണും. ട്രാൻസ് വിമൺ ആയവരും ഉണ്ടാകും. ദത്തെടുത്ത ഒരു കുഞ്ഞിലേയ്ക്ക് തന്നിലെ അമ്മ ഭാവത്തെ പകരാൻ കഴിയുന്നവരും സമൂഹത്തിലേക്ക് തന്നെ ആ ഭാവത്തെ പടർത്താൻ കഴിയുന്നവരുമുണ്ടാകും ഇവരിൽ.

അമ്മയാവാനുള്ള ആന്തരിക പ്രേരണയാൽ മാത്രം, സ്വയമനുഭവപ്പെട്ട ആത്മീയ അപൂർണതയാൽ മാത്രം ഗർഭിണിയാവാൻ തീരുമാനിക്കുന്ന, തികച്ചും സ്വതന്ത്രയായ ഒരുവളെപ്പറ്റി കൂടി ചിന്തിക്കാം. അവളായിരിക്കാം മാതൃത്വത്തെ അതിന്റെ എല്ലാ ആത്മീയ ഭാവത്തോടെയും സ്വായത്തമാക്കുന്നവൾ. ഗർഭിണിയായിരിക്കുമ്പോൾ കുഞ്ഞിന്റെ ഓരോ തുടിപ്പും മന്ത്രണങ്ങളും വളർച്ചയും ആരോഗ്യവും അനാരോഗ്യവസ്ഥകളും അവൾ കൃത്യമായി അറിയുന്നു. അവൾ അതിനോട് സംവദിക്കുന്നു. പ്രസവവും അവൾക്കേറ്റവും വലിയ ആത്മീയാനുഭവമാകുന്നു. വാസ്തവത്തിൽ, 'കളിമണ്ണ്' എന്ന മലയാള ചലച്ചിത്രത്തിലൂടെ, ആയിടെ സ്വശരീരം കൊണ്ട് അമ്മയാകൽ അനുഭവത്തിലൂടെ കടന്നുപോയി അതിന്റെ പുനരാവർത്തനം പോലെ അഭിനയിക്കാൻ തയ്യാറായവളിലൂടെ, ആവിഷ്കരിക്കപ്പെടും എന്നു ഞാൻ വ്യാമോഹിച്ചത് ഈ അനുഭവചിത്രീകരണമായിരുന്നു. പക്ഷേ, ആ വലിയ സാധ്യതയെ അവർ നഷ്ടപ്പെടുത്തിക്കളഞ്ഞു.

ചോദ്യം : പുരുഷന് അന്യമായ ആർദ്രതയും ദയാവായ്പും സ്ത്രീയിൽ ഉണ്ടെന്നു തോന്നുന്നുണ്ടോ?

ഉത്തരം: സ്ത്രീത്വമെന്നാൽ ആർദ്രതയും ദയാവായ്പുമാണ്. പക്ഷേ അത് സ്ത്രീയിൽ മാത്രമുള്ള ഗുണമല്ല. സ്ത്രീത്വവും പുരുഷത്വവും പല രീതിയിൽ സങ്കലനം ചെയ്യപ്പെട്ട വ്യക്തിത്വങ്ങളുമായാണ് ആണായാലും പെണ്ണായാലും ഒരാൾ പിറന്നുവീഴുന്നത്. ജീനുകളുടെ തീരുമാനമാകാം അത്. പുരുഷത്വമെന്നാൽ ധൈര്യം, ഉത്പതിഷ്ണുത്വം, അധികാരത്വര എന്നീ സമൂഹ കൽപ്പിത അർത്ഥത്തിൽത്തന്നെയാണ് ഇവിടെ പരിഗണിക്കുന്നത്. സമൂഹം അതിന്റെ മുൻ ധാരണകളും നിയമങ്ങളും അബോധത്തിൽ അടിച്ചേൽപ്പിച്ച് സ്ത്രീയിൽ സ്ത്രീത്വം മാത്രവും പുരുഷനിൽ പുരുഷത്വവും എന്ന് തീരുമാനിക്കുകയാണ്. അല്ലെങ്കിൽ അത്തരത്തിൽ വ്യക്തികളെ അപനിർമ്മിക്കുകയാണ്. പിറന്നു വീണ, വളർന്നുകൊണ്ടിരിക്കുന്ന കുഞ്ഞിനോട് അച്ഛനും സ്നേഹവും വാത്സല്യവുമില്ലേ? അമ്മമാരേക്കാൾ കുഞ്ഞുങ്ങളെ സ്നേഹിക്കുന്ന അച്ഛന്മാരുമുണ്ട്. ഒട്ടും ആർദ്രതയില്ലാത്ത അമ്മമാരും. എങ്കിലും സാമാന്യനന്മയുള്ള ഒരു സ്ത്രീയിൽ മാതൃത്വത്തിന്റെ പീഡാനുഭവങ്ങളിലൂടെ കടന്നുപോകുമ്പോൾ ആർജിതമാവുന്ന ഒരു ആത്മധൈര്യമുണ്ട്. അത് അവളെ ജീവിതത്തിന്റെ പല പ്രതിസന്ധിഘട്ടങ്ങളിലും ധീരയായിരിക്കാനും മറ്റുള്ളവർക്കു വേണ്ടി ത്യാഗങ്ങൾ ഏറ്റെടുക്കാനും പ്രാപ്തയാക്കുന്നുണ്ട്. ചിലർ അത് സ്വന്തം കുഞ്ഞുങ്ങളുടെയോ ജീവിതസഖാവിന്റെയോ കാര്യത്തിൽ മാത്രമായി ഒതുക്കുമ്പോൾ മറ്റു ചിലർ കുറേക്കൂടി വിശാലമായി ചുറ്റുമുള്ളവർക്കു വേണ്ടി, അന്യ ജീവികൾക്കുംവേണ്ടി കൂടി ആകുലയാവാൻ പ്രാപ്തി നേടുന്നു. അദൃശ്യമായ ഒരു ജൈവവലയുടെ സ്നേഹ സാന്നിധ്യം എല്ലാ സ്ത്രീകളും അബോധത്തിലെങ്കിലും ഏറെറടുക്കുന്നുണ്ട് എന്നു തന്നെ വിശ്വസിക്കാനാണെനിക്കിഷ്ടം.

**മറ്റു വിധത്തിൽ ആവിഷ്കാര സാധ്യതകൾ അടയ്ക്കപ്പെട്ട അവൾ, തിരസ്കൃതയായവൾ, അങ്ങനെ സ്വന്തം കുഞ്ഞിലേക്കു ചുരുങ്ങുന്നു. അവനവനിലേയ്ക്ക് ചുരുങ്ങുന്നതിന്റെ കുറച്ചു കൂടി വിശാലവും മേന്മയേറിയതുമായ ചുരുങ്ങൽ!**

*ചോദ്യം: പ്രകൃതി സ്ത്രീയ്ക്ക് മാത്രമേ പ്രജനന ശേഷി നൽകിയിട്ടുള്ളൂ. മാതൃത്വം എങ്ങനെയാണ് അവളെ അവനിൽ നിന്ന് വ്യത്യസ്തയാക്കുന്നത്?*

ഉത്തരം: ശാരീരികമായി മാതൃത്വം അനുഭവിക്കാനാവുന്നത് സ്ത്രീക്ക് മാത്രമല്ലേ? പുരുഷനും ഗർഭം ധരിക്കാത്തവർക്കും മാതാവിന്റേതിനോട് സമാനമായ സ്നേഹവും വാത്സല്യവും കൊടുക്കാനാകാമെങ്കിലും അത് മനസ്സിന്റെയോ ആത്മാവിന്റെയോ തലത്തിൽ മാത്രമാണ് സാധിതമാവുക. ഒരു ആത്മീയാനുഭവത്തെ സ്വന്തം ശരീരത്തിലൂടെ കൂടി അനുഭവിക്കാനാവുന്നത് പ്രസവിച്ച അമ്മയ്ക്ക് മാത്രമാണ്. ശരീരം ഇവിടെ വളരെ പ്രധാനമാകുന്നത് കാണുക. യേശുവിന്റെ കുരിശാരോഹണം പോലെ ഒന്നാണത്. ഭക്തർക്ക് കുരിശാരോഹണം മനസ്സിലല്ലേ അനുഭവിക്കാനാവൂ. യേശു അത് ശരീരത്തിലൂടെയും ആത്മാവിലൂടെയും അറിഞ്ഞവനാണ്. മാതൃത്വം ഒരു ആത്മീയാനുഭവമാകുമ്പോൾ സ്ത്രീക്ക് അവളുടെ ശരീരവും മഹത്തരമാവുന്നു. ഇത് പുരുഷനറിയാം. ഈ വ്യത്യാസം അവനെ അപൂർണനാക്കുന്നു. അസ്ഥിരനും അസൂയാലുവും ചിലപ്പോഴൊക്കെ സ്ത്രീയുടെ ആരാധകനും.

ഇനിയുള്ള ചോദ്യോത്തരങ്ങൾ ഇവിടെ ഏറെ പ്രസക്തമല്ലാത്തതിനാൽ വിശദമാക്കുന്നില്ല. കമ്പോളവൽക്കരിക്കപ്പെട്ട വൈദ്യശാസ്ത്ര രംഗം സ്ത്രീയെയും അവളുടെ പ്രജനന പ്രക്രിയയെയും എങ്ങനെ കച്ചവടവൽക്കരിച്ചിരിക്കുന്നു എന്നതിനെ വിശദമാക്കുന്നവയാണ് അവ. സ്ത്രീക്ക്, മാതൃത്വത്തിന് താങ്ങാവാനുള്ളതാണ് ശാസ്ത്രം, പകരം ചൂഷണവിധേയമാക്കുകയാണ് ഇന്ന് സംഭവിക്കുന്നത് എന്നതാണ് യാഥാർത്ഥ്യം. തിരുത്തപ്പെടേണ്ട ആൺലോക വ്യവസ്ഥ!

ഈ ആൺലോക വ്യവസ്ഥിതിയിൽ പുരുഷനും പീഡിതനാണ്. അവനതറിയുന്നില്ല എന്നു മാത്രം. പുരുഷൻ പലപ്പോഴും ഒറ്റക്കാണ്. ശരിയാണ്, അവന് എളുപ്പം ഒറ്റക്കു നിൽക്കാം. ജന്മം തന്ന സ്ത്രീയിൽ നിന്ന്, തന്റെ കുഞ്ഞിനെ ഗർഭം ധരിച്ചവളിൽ നിന്ന്, സമൂഹത്തിൽ നിന്ന്, വിശ്വസിക്കുന്ന ദൈവത്തിൽ നിന്ന് ഡിറ്റാച്ച്ഡ്' ആയി നിൽക്കാൻ അവനാകുന്നു. പുതിയ കമ്പോളാഘോഷകാലം ഒററയ്ക്കു നിൽക്കുന്ന കൂടുതൽ പേരെ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നുമുണ്ട്. ആൾക്കൂട്ടത്തിനിടയിലാകുമ്പോഴും അവൻ ഒറ്റയ്ക്കു തന്നെയാണ്. അവനത് ഏറെറടുക്കുന്നതാണ് ഏറെ ആഘോഷപരതയോടെ. പുരുഷൻ മതത്തെ സൃഷ്ടിക്കുന്നു. സർവശക്തനായ, ശിക്ഷകനായ ദൈവത്തെ സൃഷ്ടിക്കുന്നു. കൃത്രിമമായ സാമൂഹ്യ നിയമങ്ങളും ബന്ധങ്ങളുമുണ്ടാക്കുന്നു.

ചിലപ്പോളവന് ജിഹാദിയോ, കലാപകാരിയോ, വെറും സ്വർഗ മോഹിയോ ഒക്കെ ആവാനാകുന്നു. പെണ്ണാവട്ടെ, അബ്രഹാമിന്റെ ഹാജിറയെപ്പോലെ, സൂഫി വനിത റാബിയയെപ്പോലെ, മീരയെപ്പോലെ, അക്കമഹാദേവിയെപ്പോലെ ദൈവത്തെ അറിയുന്നു. സുഹൃത്തായി, പ്രണയിയായി, വേദനയിൽ അറിഞ്ഞു കൈ പിടിക്കുന്നവനായി.

പുരുഷൻ മതഗ്രന്ഥങ്ങൾ വഴി സ്ത്രീക്ക് കുച്ചുവിലങ്ങിട്ട് തന്റെ അധീനതയിലാക്കുന്നു. അവളിലടിച്ചേൽപ്പിച്ച ചാരിത്ര്യ ബോധത്തിലൂടെ തന്റെ പിതൃത്വത്തെ ഉറപ്പിക്കുന്നു. പുരുഷൻ തന്റെ ലിംഗം (Phallus) ഒരു അധികാരായുധമാക്കുന്നു. വേണ്ടിവന്നാൽ നിസ്സഹായയായ അവളെ ബലാൽസംഗം ചെയ്ത് തന്നിലെ കാമത്തെയും അധികാരത്തെയും ഉറപ്പിക്കാനവനാകുന്നു.

വാസ്തവത്തിൽ അത്ര ശക്തമാണോ ഈ Phallus? പ്രണയ വേളകളിൽ, തലച്ചോറിലുണരുന്ന കാമമോഹച്ചൂടിൽ പാരസിമ്പതറ്റിക് (Parasympathetic) നെറ്റ്‌വർക്ക് ഉത്തേജിതമാവുകയും തത്ഫലമായി രക്തയോട്ടം വർദ്ധിച്ച് വിജ്റുംഭിച്ചുണരുകയും അങ്ങനെ സ്ത്രീ പുരുഷ സംഗമത്തിനുള്ള ഉപകരണമായി താത്കാലികമായി മാറുകയും ചെയ്യുന്ന ഒരു പാവം അവയവമാണത്. അമിതോത്കണ്ഠ, ഭയം, വൈകാരിക അരക്ഷിതാവസ്ഥ എന്നിവയുണ്ടാകുമ്പോൾ ഉത്തേജിതമാവുന്ന സിമ്പതറ്റിക് (Sympathatic) നെറ്റ്വർക്ക് ഉണരാതിരിക്കേണ്ടതുമുണ്ട് ആ അവ

സരത്തിൽ. അതുണർന്നാൽ സംഗതി പാളും. Phallus അധീരനായി താഴും. പിന്നെയുമുണ്ട് ഒട്ടേറെ ഘടകങ്ങൾ. ജീവിത ശൈലീ രോഗങ്ങളുടെ മരുന്നുകൾ, പ്രമേഹം പോലുള്ള അസുഖങ്ങളുണ്ടാക്കുന്ന ഓക്സിഡേറ്റീവ് സ്ട്രെസ് (Oxidative stress) തുടങ്ങിയവയും ഈ ഉദ്ധാരണത്തെ തടസ്സപ്പെടുത്താം. ഇത്രയും അസ്ഥിരവും ദുർബലവുമായ ഈ ലിംഗം ഉപയോഗിച്ച് എങ്ങനെയാണ് ഒരു പുരുഷൻ ഒട്ടും പരിചയമില്ലാത്ത സ്ത്രീകളെപ്പോലും പരിചിതമല്ലാത്ത അവസ്ഥകളിൽപ്പോലും ബലാൽ സംഗം സാധ്യമാക്കുന്നത് എന്നതൊരത്ഭുതമല്ലേ? അവിടെയാണ് പുരുഷ നിർമ്മിത ലോകം സൃഷ്ടിച്ചെടുക്കുന്ന അമിത ആത്മവിശ്വാസവും സ്ത്രീ ശരീരം തന്റെ ആഘോഷത്തിനും ആഹ്ളാദങ്ങൾക്കും വേണ്ടി സൃഷ്ടിക്കപ്പെട്ടതാണെന്ന ഉറച്ച ബോധ്യവും, ഇനി എന്തെങ്കിലും പ്രതികൂല ചിന്തകളോ ഭയമോ ഉണ്ടാവുകയാണെങ്കിൽ അവയെയൊക്കെ അതിജയിക്കാനുതകുന്ന മദ്യം, മയക്കുമരുന്നുകൾ മുതലായവയുടെ ലഭ്യതയും പ്രവർത്തിക്കുന്നത്. വ്യവസ്ഥ പുരുഷനു നൽകുന്ന ആനുകൂല്യം മാത്രമാണ് അവന്റെ 'പൗരുഷം' പോലും എന്നർത്ഥം.

പുരുഷനെ അപേക്ഷിച്ച് സ്ത്രീയുടെ ശാരീരിക ദൗർബല്യവും അവന്റെ മേൽക്കയ്യിന് ഊർജമാവുന്നുണ്ട്. വാസ്തവത്തിൽ, കാലത്തിലൂടെ ആർജ്ജിതമായതു മാത്രമാണ് ശാരീരിക ശക്തിയിലുള്ള ഈ അസമത്വം. പ്രാചീന കാലത്ത്, പുരുഷനെപ്പോലെ ജീവിത പ്രാതികൂല്യങ്ങളോട് മല്ലിട്ടിരുന്ന സ്ത്രീ അവനെപ്പോലെ ശക്തയായിരുന്നുവല്ലോ. സ്വതന്ത്രയായ ആ ശക്തിമതി അസംതൃപ്തിയോടെ ഒരു തട്ടിട്ടു കൊടുത്താൽ ഭയന്നു താഴ്ന്നു പോകുമായിരുന്നിരിക്കണം അന്നത്തെ പുരുഷനും അവന്റെ പുരുഷത്വവും. ഇരുവരുടെയും ആഗ്രഹപൂർവം മാത്രം നടന്നവയായിരിക്കണം അക്കാലത്തെ സ്ത്രീ പുരുഷ സംയോഗങ്ങൾ. അല്ലയോ, ഫാലസ്, പ്രണയിക്കാനായാണ് അധികാരിയാവാനല്ല നീ നിയോഗിക്കപ്പെട്ടിരിക്കുന്നത്. അത് മറക്കാതിരിക്കുക!

ഷാർലറ്റ് പെർക്കിൻസ് ഗിൽമാൻ (Charlotte Perkins Gilman) 1915ൽ തന്റെ പ്രസിദ്ധമായ അവളുടെ ലോകം' (Her Land) എന്ന നോവലിലൂടെ പുരുഷന്റെ ഈ നിർമ്മിതവ്യക്തിത്വത്തെ, അവന്റെ നിർമ്മിത ലോകത്തിന്റെ അപഹാസ്യതയെ പൊളിച്ചടുക്കുന്നുണ്ട്. സ്ത്രീകൾ മാത്രമുള്ള അവളുടെ ലോക'ത്ത് ചെന്നുപെട്ട മൂന്നു പുരുഷന്മാർ! യുദ്ധമില്ലാത്ത, രക്തച്ചൊരിച്ചിലുണ്ടാക്കുന്ന മതങ്ങളില്ലാത്ത, അസൂയയും അനാവശ്യമാത്സര്യങ്ങളുമില്ലാത്ത എന്നാൽ, പരിഷ്കൃതിയിൽ ഒട്ടും പിന്നിലല്ലാത്ത അവളുടെ അത്ഭുതലോകം. നിർമ്മാണ പ്രവൃത്തികളടക്കം ജോലികളെല്ലാം സ്ത്രീകൾ തന്നെ ചെയ്യുന്ന അവിടുത്തെ പ്രജകൾ ശാരീരിക സൗന്ദര്യത്തിലും കായിക ശക്തിയിലും പുരുഷന്മാരേക്കാൾ ഒട്ടും പിന്നിലല്ലാത്തവർ. നഗരവൽക്കരണത്തോടൊപ്പം വനസംരക്ഷണവും ഇണക്കിക്കൊണ്ടു പോകുന്നവർ. അമ്മമാരാകാൻ തീവ്രമായി ആഗ്രഹിക്കുന്നവർക്ക് മാത്രം പ്രകൃതി കനിഞ്ഞരുളുന്ന മാതൃത്വം. മാതൃത്വത്തിന്റെ ശാരീരിക ആത്മീയ അനുഭവങ്ങളിലൂടെ കടന്നുപോയവൾ അംഗീകരിക്കപ്പെടുമ്പോഴും കുഞ്ഞുങ്ങൾ സ്വകാര്യ സ്വത്താവാകാത്ത അവസ്ഥ. എല്ലാ സ്ത്രീകളും പ്രസവിച്ചില്ലെങ്കിലും എല്ലാവരും മാതൃത്വമനുഭവിക്കുന്ന അവസ്ഥ. പ്രസവിച്ചാൽ മാത്രം പോരല്ലോ. ആ കുഞ്ഞുങ്ങളുടെ സർവ്വതോമുഖമായ വളർച്ചക്കു വേണ്ടവ ഒരുക്കുന്ന യജ്ഞത്തിലാണ് ബാക്കിയുള്ളവർ. അധ്യാപികമാർ, ഭക്ഷണമൊരുക്കുന്നവർ, ലൈബ്രേറിയൻമാർ, വസ്ത്ര നിർമ്മാണക്കാർ, നാടിനെ പുതുക്കിപ്പണിഞ്ഞുകൊണ്ടിരിക്കുന്നവർ, വനപാലകർ, എഴുത്തുകാർ അങ്ങനെയങ്ങനെ അറിഞ്ഞുകൊണ്ടും സ്വയം സമർപ്പിച്ചു കൊണ്ടുമുള്ള സ്ത്രീകളുടെ കൂട്ടുത്തരവാദിത്തം. മാതൃത്വം അവിടെ സ്വകാര്യാവശ്യമല്ല! കുഞ്ഞുങ്ങൾ അക്ഷരാർത്ഥത്തിൽ സമൂഹത്തിന്റേത്.

ദാമ്പത്യ ബന്ധത്തിൽ, ലൈംഗികതയിൽ പ്രണയം മാത്രമാണ് പ്രധാനമെന്ന് തിരിച്ചറിയുന്നുണ്ട്, അവളുടെ ലോകത്തു

നിന്ന് ഇണകളെ കണ്ടെത്തി പരീക്ഷണമെന്ന നിലയിൽ ജീവിതമാരംഭിക്കുന്ന മൂവരിൽ രണ്ടു പേർ. ഈ പ്രണയമുണ്ടാകുന്നതോ, പരസ്പരാംഗീകാരത്തിൽ നിന്ന്, സ്വാഭാവികമായി ഉദയം ചെയ്യുന്ന പരസ്പര ബഹുമാനത്തിൽ നിന്ന്. പുരുഷനിൽ നിന്ന് സാമ്പത്തിക സുരക്ഷിതത്വമോ, ശാരീരിക സുരക്ഷയോ, സമ്മാനമായി കിട്ടുന്ന ആടയാഭരണങ്ങളോ ആവശ്യമില്ലാത്തവളുടെ ഹൃദയം കവരണമെങ്കിൽ അവളോളമെങ്കിലും ഉയർന്നവനാകണം. ആ ലോകത്തെ പ്രജകൾ മുൻപറഞ്ഞവകളിൽ സ്വയം പര്യാപ്തരാണല്ലോ!

ആൺലോകത്തിന്റെ ആശയഭാരങ്ങളെ തലയിൽ നിന്നിറക്കി വെക്കാനാവാതെ ദുരഭിമാനവും ആക്രമണപരതയും കാണിച്ച മൂന്നാമനെ സ്വന്തം ഇണ തന്നെ ശാരീരികമായി കീഴ്പ്പെടുത്തി പെൺലോകത്തിന്റെ കോടതിക്കു മുമ്പിലെത്തിക്കുന്നു. അവൻ സ്ത്രൈണ കോടതിയാൽ ശിക്ഷിക്കപ്പെടുന്നു. നീ തിരികെപ്പോവുക. ഇവിടെ നിനക്കു സ്ഥാനമില്ല.

ദാമ്പത്യത്തിൽ ബലാൽസംഗം കുറ്റമല്ല എന്നു നമ്മുടെ കോടതികൾ. അതു വാദിച്ചുറപ്പിക്കാൻ വനിതാ എം.പിമാരുമുണ്ട് നമുക്ക്. ഷാർലററിന്റെ നായികയെപ്പോലെ കുറ്റവാളിഭർത്താവിനെ കോടതിയിലെത്തിക്കാൻ നമ്മുടെ ആൺലോകത്തെ പെണ്ണുങ്ങൾ ഈ നൂറ്റാണ്ടിലൊന്നും മുതിരുമെന്നു ഭയപ്പെടേണ്ട. എങ്കിലും വിവാഹമോചനത്തിനുള്ള മററനേകം പരാതികളുടെ കൂട്ടത്തിൽ ചേർത്തു പറയാനെങ്കിലും ഈ അധികാരപ്രയോഗത്തെ നിയമവിരുദ്ധമാക്കേണ്ടതല്ലേ?

ഷാർലറ്റിന്റെ നോവലിന് വൈദേശിക ഭാഷാ വായനപ്രിയനായ മലയാളി ഇതുവരെ, പ്രസിദ്ധീകരിച്ച് ഒരു നൂറ്റാണ്ടിലധികം കഴിഞ്ഞിട്ടും, മനസ്സുകൊടുത്തിട്ടില്ല. എന്തിന്, ലോകം തന്നെ, അമേരിക്ക തന്നെ അവരോടെങ്ങനെയാണ് ഇടപെട്ടത് എന്നതിന്റെ പ്രതിഫലനം കൂടി ആയിരിക്കണമല്ലോ ആ പ്രതിഭാധനയുടെ പിൽക്കാലത്തുണ്ടായ ആത്മഹത്യ!

ഒന്നുകൂടി പറയട്ടെ, പുരുഷ സങ്കൽപ്പം, ഇന്നു നിലനിൽക്കുന്ന പുരുഷൻ, ഒരു നിർമ്മിതി മാത്രമാണ്. അവന്റെ കാമം, അവന്റെ മതം, അവന്റെ നിയമങ്ങൾ, ആഹ്ളാദാഘോഷ സങ്കൽപ്പങ്ങൾ, അവന്റെ ആത്മവിശ്വാസം, അഹങ്കാരം, സ്ത്രീയുടെ രക്ഷാധികാരിയെന്ന ഭാവം, എല്ലാം വ്യാജ നിർമ്മിതികൾ! ഒരു സൂചി കുത്തു കിട്ടിയാൽ പൊട്ടിപ്പോകുന്ന ബലൂണുകൾ പോലെ. വാസ്തവത്തിൽ പുരുഷൻ സഹതാപാർഹനാണ്. പാവം നിസ്വൻ!

എനിക്ക് വളർന്നു വരുന്ന ആൺകുട്ടികളോട് സഹതാപം തോന്നാറുണ്ട് ചിലപ്പോൾ. പൊട്ടിത്തരിക്കുന്ന കൗമാരപ്രായത്തിൽ അവരുടെ കണ്ണുകളിൽ അധികം വൈകാതെ ചുമലിലേററങ്ങി വരുന്ന വ്യാജ പരിവേഷങ്ങളുടെ ഭാരമുണ്ടല്ലോ!. ദരിദ്ര പശ്ചാത്തലത്തിൽ നിന്നാണെങ്കിൽ അതിന് അധിക സാമ്പത്തിക ഭാരങ്ങളുടെ ഭീതിയുണ്ട്. പ്രിയപ്പെട്ട പെൺകുട്ടികളേ, എന്തിനാണ് ആങ്ങളമാരെക്കൊണ്ട് ഇങ്ങനെ മാറാപ്പേറ്റിക്കുന്നത്? നിങ്ങൾക്കും ജീവിത ഭാരമേറ്റെടുക്കാനുള്ള മാനസിക, ശാരീരിക ക്ഷമതയുണ്ടല്ലോ! പുരുഷനാൽ തിരസ്കരിക്കപ്പെടുന്ന ഘട്ടങ്ങളിൽ മാത്രം ഉണർന്നെണീക്കാനുള്ളതല്ല ഈ പ്രവർത്തനവീര്യം. നിങ്ങളുടെ പങ്ക് ഭാരം നിങ്ങളും വാങ്ങി വെക്കൂ. ആരാണ് ജീവിതത്തിന് ഇത്രയധികം ഭാരമുണ്ടാക്കിയത് എന്നതും ആലോചനാ വിധേയമാക്കേണ്ടതുതന്നെ! സോഷ്യൽ മീഡിയ സൗഹൃദങ്ങളിൽ അഭിരമിച്ച് വ്യാജ വൈവാഹിക സ്വപ്നങ്ങൾ കണ്ട് നശിപ്പിച്ചു കളയല്ലേ നിങ്ങളുടെ ക്രിയാത്മക കാലം. ഭാവിയെ കരുതലോടെ ആത്മവിശ്വാസത്തോടെ നേരിടൂ.

**പെണ്ണ് ഹൃദയം കൊണ്ടറിയുന്ന സ്നേഹത്തിന്റെ നെറ്റ് വർക്കിൽ അംഗങ്ങളാവാൻ പുരുഷനെയും അനുവദിക്കൂ. (തീർച്ചയായും ട്രാൻസ്ജെന്റർ വ്യക്തികളെയും!) അവനും സ്വാഭാവിക ജീവിതവും പ്രണയവും അറിയട്ടെ! ഒന്നിച്ച്, സമഭാവനയോടെ സൃഷ്ടിച്ചെടുക്കാനാവും നമുക്കും 'അവളുടെ ലോക'ങ്ങൾ.**

**ഡോ. ഖദീജ മുംതാസ്**

ooo

# കത്തി ജ്വലിച്ചും കനലായ് എരിഞ്ഞും ചില ഓർമ്മകൾ...

ജീവിതത്തിന്റെ നല്ലകാലം മുഴുവൻ തിരക്കേറിയ എക്സറേ മുറികളിലും ഇടുങ്ങിയ ഡാർക്ക് റൂമിലും ചെലവഴിച്ച് രോഗികളുടെയും ബന്ധുക്കളുടെയും പരാതിയും പഴിയും ഏറ്റുവാങ്ങി, സർവീസിൽ കയറി അതേ പോസ്റ്റിൽ നിന്ന് പിരിയേണ്ടി വരുന്ന – ഇടയ്ക്കൊരു ഗ്രേഡ് കിട്ടിയാലായി – റേഡിയോഗ്രാഫർമാരുടെ പുതിയ തലമുറക്കാർ ഇന്ന് ശീതീകരിച്ച മുറികളിൽ ഇരുന്നു രോഗനിർണ്ണയത്തിന് വേഗതയും കൃത്യതയും കൂട്ടുന്ന അതിസങ്കീർണമായ ഉപകരണങ്ങളെ നിയന്ത്രിക്കുന്ന ടെക്നോളജിസ്റ്റുകളാണ്. അതി സങ്കീർണ്ണവും ദുർഗ്രാഹ്യവും എന്നുതന്നെ പറയാവുന്ന ശാസ്ത്ര തത്വങ്ങളിൽ അധിഷ്ഠിതമായ പുതിയ യന്ത്രങ്ങളുടെ നിയതമായ ഉപയോഗം ഇന്ന് ഇവരുടെ നിയന്ത്രണത്തിലും കൈപ്പിടിയിലുമാണ്.

ഡോ. സി.കെ. വാസു
പ്രൊഫസർ, റേഡിയോഡയഗ്നോസിസ്



വാർദ്ധക്യം ഓർമ്മകളുടെ വസന്ത കാലമാണെന്ന് പലരും പറഞ്ഞു കേട്ടിട്ടുണ്ട്. പൂത്തുലഞ്ഞതും പൊലിഞ്ഞതുമായ സ്വപ്നങ്ങൾ, പിന്നിട്ട നടവഴികൾ, വഴിയോര കാഴ്ചകൾ, കണ്ടതും കേട്ടതും അനുഭവിച്ചതുമായ പലപല സംഭവങ്ങൾ. ഇതൊക്കെ നാളെയുടെ വലിയ ഭാരമൊന്നുമില്ലാതെ അയവിറക്കാൻ അനുവദിച്ചു കിട്ടിയ ഒരു ചെറിയ കാലം കൂടി. ഓർമ്മകൾ ഉണ്ടായിരിക്കുന്നത് നല്ലത് തന്നെ, അവയുടെ നിഷ്പക്ഷ വിശകലനം ഒരു സ്വയം വിമർശനത്തിനും ഇനി മുന്നോട്ടുള്ള യാത്രക്കും വഴികാട്ടി ആകുമെങ്കിൽ. ഈ ലേഖനത്തിനെ ഒരു ഓർമ്മക്കുറിപ്പ് എന്ന് തന്നെ പറയാനാണ് ഞാൻ ആഗ്രഹിക്കുന്നത്. ഒരു ഓർമ്മക്കുറിപ്പ് ആകുമ്പോൾ അതിനു ചില അവിഭാജ്യ ഘടകങ്ങൾ ഉണ്ടല്ലോ? അല്പം ചരിത്രം (നിർമ്മിതവുമാവാം), സ്വല്പം ബഡായി. പിന്നെ ഞാനെന്ന അച്ചുതണ്ടും അതിൻെറ അനിവാര്യതയും. ഇതിലും അതെല്ലാം സമാസമം ചേർത്തിട്ടുണ്ട്. ആത്മപ്രശംസയുടെ അസ്കിത അല്പം കൂടിയിട്ടുണ്ടെങ്കിൽ അത് കാലം വാർദ്ധക്യത്തിലേക്ക് മാറ്റിവെച്ച സാന്ത്വനചൂർണ്ണമാണ് എന്ന് കരുതുക. ഒറ്റപ്പെടലിന്റെയും അവഗണനയുടേയും ലോകത്തിലേക്ക് ഒരു ചെറിയ കവചം.

ഇതെഴുതുമ്പോൾ എനിക്ക് ഓർമ്മ വരുന്നത് വർഷങ്ങൾക്കു മുൻപ് മാതൃഭൂമി വിഷുപ്പതിപ്പിൽ വന്ന ഒരു ചെറുകഥയാണ്. അമ്പലത്തിനടുത്ത് ആൽത്തറയിൽ ഇരുന്ന് പുതുതലമുറയോട് തന്റെ മുൻകാല വീരസ്യം പറയുന്ന ഒരു വൃദ്ധൻ, ഒരു സന്ദർഭത്തിൽ ഒരു മരം ചൂണ്ടിക്കാട്ടി പറയുന്നു. 'നിങ്ങളുടെ പ്രായത്തിൽ ഞാൻ ആ മരത്തിൽ പലതവണ കയറി ഇറങ്ങിയിട്ടുണ്ട്.' കേട്ടുകൊണ്ടിരുന്ന ഒരു കുട്ടി ഉടനെതന്നെ ഓടിപ്പോയി ആ മരത്തിൽ ഒരു അണ്ണാന്റെ ലാഘവത്തോടെ കയറി ഇറങ്ങി വൃദ്ധന്റെ അടുത്തെത്തി. അയാളുടെ മറുപടി ഇതായിരുന്നു.

'അതിനേ... അന്ന് ആ മരത്തിന് ഇന്നത്തെക്കാൾ വണ്ണവും ഉയരവുമുണ്ടായിരുന്നു.'

1984 ൽ പി.ജി. ബിരുദം ഇല്ലാത്ത ഒരു ട്യൂട്ടറായി തൃശൂർ മെഡിക്കൽ കോളേജിലെ റേഡിയോ ഡയഗ്നോസിസ് ഡിപ്പാർട്ട്മെന്റിൽ ചേർന്നതോടെയാണ് എന്റെ റേഡിയോളജി ജീവിതം തുടങ്ങുന്നത്. അതിനുശേഷം കേരളത്തിലും പുറത്തും, ഒരു ഇടവേള വിദേശത്തുമായി കാലമേറെ കടന്നു പോയി. കാലം സമ്മാനിച്ച മധുരവും തിക്തവുമായ ഒട്ടേറെ ഓർമ്മകൾ ഉണ്ടെങ്കിലും പ്രസക്തമായ ചിലത് ഇവിടെ കുറിക്കട്ടെ.

**ജില്ലാ ആശുപത്രിയുടെ മൂന്നാം വാർഡിന്റെ അരികിലുള്ള, കഷ്ടിച്ചു 100 അടി വിസ്തീർണ്ണമുള്ള ഒരുമുറി. അതിൽ ഒരു മേശ, 2 കസേരകൾ, ഒരു സ്റ്റീൽ റാക്ക് ,ഒരു അലമാര പിന്നെ ഒരു എക്സ്റെ വ്യൂയിംഗ് ലോബിയും.**
**ഇതാണ് ഡിപ്പാർട്ട്മെന്റ്.**

ഡിപ്പാർട്ട്മെന്റ് എന്ന് ഞാൻ പറഞ്ഞത് കുഴിയാനയിലും ഒരു ആന ഉണ്ടല്ലോ എന്ന ന്യായോക്തിയുടെ ബലത്തിൽ മാത്രമാണ്.

ജില്ലാ ആശുപത്രിയുടെ മൂന്നാം വാർഡിന്റെ അരികിലുള്ള, കഷ്ടിച്ചു 100 അടി വിസ്തീർണ്ണമുള്ള ഒരുമുറി. അതിൽ ഒരു മേശ, 2 കസേരകൾ, ഒരു സ്റ്റീൽ റാക്ക്, ഒരു അലമാര പിന്നെ ഒരു എക്സ്റെ വ്യൂയിംഗ് ലോബിയും. ഇതാണ് ഡിപ്പാർട്ട്മെന്റ്.

ഉപകരണങ്ങൾ...

വിക്ടോറിയ ആശുപത്രിയായിരിക്കുമ്പോൾ വാങ്ങിയിരിക്കാൻ ഇടയുള്ള, 1935 ൽ നിർമ്മിച്ച ഒരു GE എക്സ്റെ മെഷീൻ, കാലങ്ങളിലൂടെ ഏറ്റുവാങ്ങിയ നിരവധി പുനരുജ്ജീവന പ്രവർത്തികൾ കൊണ്ടു ടേബിളും കൺസോളിന്റെ പുറംതോടും മാത്രം സ്വന്തം എന്നു അവകാശപെടാനുള്ള അത്, അപ്പോഴും ഏങ്ങിയും വലിഞ്ഞും പ്രവർത്തിച്ചു കൊണ്ടിരുന്നു. ഒരു 500 mA ഡാർക്ക് റൂം ഫ്ളൂറോസ്ക്കോപ്പി മെഷീനും കൂടിയായാൽ ഉപകരണങ്ങളുടെ പട്ടിക പൂർത്തിയായി. റേഡിയോഗ്രാഫർ ആയി തൃശൂർ സ്വദേശി

തന്നെയായ ചാണ്ടി എന്ന ഒറ്റയാൻ. സഹായത്തിനായി ആശുപത്രികളിലെ പലപല ജോലികളിലൂടെ കടന്ന് വിരമിക്കലിനോട് അടുത്ത് X-ray ടെക്ക്നീഷൻ എന്ന പദവിയിൽ എത്തിയ രണ്ടു പേർ. അതിൽ ഒരാൾ സ്വല്പം കാഴ്ച പരിമിതിയുള്ള ഒരു വനിത. പരിമിതി മറികടക്കുവാൻ അവർക്ക് സ്വന്തമായ ഒരു സൂത്രം ഉണ്ടായിരുന്നു. ഫിലിം ഡെവലപ്പർ സൊല്യൂഷനിൽ ഇട്ടാൽ ഫിലിമിന്റെ വലിപ്പമനുസരിച്ച് ഒരു നിശ്ചിത സംഖ്യ വരെ എണ്ണുക, അതിനുശേഷം ഫിലിം എടുത്ത് ഫിക്സർ സൊല്യൂഷനിലേക്ക് മാറ്റുക. കിട്ടുന്ന ഫിലിമിന്റെ ഗുണനിലവാരം രോഗിയുടെ ഭാഗ്യനിർഭാഗ്യം അനുസരിച്ചിരിക്കും. സത്യം പറയട്ടെ, ഡിപ്പാർട്ട്മെന്റും പരിമിതിയും കണ്ടപ്പോൾ എനിക്ക് വലിയ അത്ഭുതം ഒന്നും തോന്നിയില്ല. തൃശൂർ മെഡിക്കൽ കോളേജ് എന്ന മായാ നിർമ്മിതി മുന്നിൽ നിൽക്കുമ്പോൾ.

ഗവർണ്ണർ ശ്രീമതി വെങ്കടാചലത്തിന്റെ ഭരണകാലം. തൃശൂർക്കാർ തലേ രാത്രി ഉറങ്ങാൻ പോവുന്നത് വരെ അത് സിവിൽ ആശുപത്രിയായിരുന്നു. നേരം പുലർന്നപ്പോൾ മെഡിക്കൽ കോളേജ്.! സാക്ഷാൽ വാഴക്കുന്നം പോലും സാഷ്ടാംഗം പ്രണമിച്ചു പോവുന്ന ഈ മഹേന്ദ്രജാലത്തിന് വേണ്ടി വന്നത് ഗവ. മെഡിക്കൽ കോളേജ് എന്ന ഒരു ബോർഡും പിന്നെ രായ്ക്കുരാമാനം മററു പല മെഡിക്കൽ കോളേജിൽ നിന്ന് സ്ഥലം മാറ്റിയ കുറച്ചു അദ്ധ്യാപകരും അവർക്ക് സഹായികളായി കുറെ താൽക്കാലിക ട്യൂട്ടർമാരും. ഗവർണ്ണറെ കുറ്റപ്പെടുത്തുന്നേയില്ല. മറ്റെല്ലാ മെഡിക്കൽ കോളേജ് സ്ഥാപനം പോലെ ഇതും ഒരു രാഷ്ട്രീയ തീരുമാനമായിരുന്നു. അല്ലാതെ ഇവിടത്തെ ചെറുതും വലുതുമായ ഡോക്ടർ സംഘടനകൾ ഒരു പുതിയ മെഡിക്കൽ കോളേജ് എന്ന ആവശ്യം ഉന്നയിച്ചതായി അറിയില്ല. ഞാൻ കയറിപ്പറ്റിയ ബസ്സ് ഇനി ഒരു സ്റ്റോപ്പിലും നിർത്തരുത്, ആളെ കയറ്റരുത് എന്ന മനോഭാവത്തിൽ നിന്നും ഡോക്ടർമാരും മുക്തരാവേണ്ടല്ലോ?

ഇവിടത്തെ ഭരണത്തിലും ഉണ്ടായിരുന്നു കാടാറുമാസം നാടാറുമാസം എന്ന വിക്രമാദിത്യൻ ശൈലി. ഒരു ദിവസം മെഡിക്കൽ കോളേജ്, അടുത്ത ദിവസം ജില്ലാ ആശുപത്രി. ഇതങ്ങനെ മാറി മാറി വരും. നാളെ ഏത് എന്ന ശങ്കയിൽ പൊതുജനവും. പരിമിതികൾ ഏറെ ഉണ്ടായിരുന്നെങ്കിലും വിദ്യാർത്ഥികളെ (എന്നേയും) സംബന്ധിച്ചേടത്തോളം വലിയ അനുഗ്രഹമായിരുന്നു പ്രതിഭാധനന്മാരായ രണ്ടു അദ്ധ്യാപകർ. AIIMS ൽ നിന്ന് റേഡിയോളജി ബിരുദമുള്ള പ്രൊഫസർ കെ.സി. ജോസഫ് സാർ കരുത്തുറ്റ ഭരണാധികാരിയും മികച്ച അദ്ധ്യാപകനുമായിരുന്നു. അദ്ദേഹത്തിന്റെ കൈ പിടിച്ചു റേഡിയോളജിയിൽ ആദ്യ പാദം വെക്കാൻ കഴിഞ്ഞത് എന്റെ ജീവിതത്തിലെ ഒരു വലിയ ഭാഗ്യം തന്നെയായിരുന്നു. ആ മഹാ മനീഷി ഈ മണ്ണിനോട് യാത്ര പറഞ്ഞെങ്കിലും എണ്ണമറ്റ ശിഷ്യരുടെ മനസ്സിൽ ഇന്നുമുണ്ടാവും, ചുരുങ്ങിയത് എന്റെ മനസ്സിലെങ്കിലും. മറ്റൊരാൾ കോഴിക്കോട് മെഡിക്കൽ കോളേജിൽ നിന്നു M.B.B.S. ഉം കസ്തൂർബാ മെഡിക്കൽ കോളേജിൽ നിന്നു റേഡിയോളജി ഉപരിപഠനവും നടത്തിയ, ജില്ലാ ആശുപത്രി റേഡിയോളജിസ്റ്റ് ടി.കെ. ചന്ദ്രൻസാർ. ആത്മാർത്ഥതയുടെ നിറകുടം എന്ന് ഞാൻ വിശ്വസിക്കുന്ന അദ്ദേഹത്തോടൊപ്പമുണ്ടായിരുന്ന ഓരോ ദിവസവും നന്ദിയോടെ മാത്രമേ ഓർക്കാൻ കഴിയൂ. ആശുപത്രിയിൽ മറ്റു പരിമിതികൾ എത്ര അധികമാണെങ്കിലും രോഗികളുടെ എണ്ണത്തിൽ ഒട്ടും കുറവില്ലായിരുന്നു. ആകെയുള്ളത് പരിമിതമായ ചില പരിശോധനകൾ മാത്രം. ചിലർക്കെങ്കിലും എക്സ്റെ പരിശോധന അവശ്യം ആവശ്യവും. പട്ടണത്തിന്റെ നടുവിൽ തന്നെയുള്ള ആശുപത്രിയിൽ അപകടത്തിൽപ്പെട്ടു വരുന്നവർക്ക്



ഒട്ടും കുറവുണ്ടാകില്ലല്ലോ?

ഒററയാൻ റേഡിയോഗ്രാഫർ ചാണ്ടി വലിയ മുറുമുറുപ്പോ പരാതിയോ ഇല്ലാതെ കഴിയുന്നിടത്തോളം ഭംഗിയായി തന്നെ തന്റെ ജോലി ചെയ്തു. ചാണ്ടി ഇന്നു എവിടെയാണെന്നറിയില്ല. നേരത്തെ സൂചിപ്പിച്ച പോലെ ജോസഫ് സാർ ശക്തനായ, നിശ്ചയദാർഢ്യമുള്ള ഭരണാധികാരിയായിരുന്നു.

ചുരുങ്ങിയ കാലം കൊണ്ടു തന്നെ ചെറുതെങ്കിലും ഡിപ്പാർട്ട്മെന്റിനു സ്വന്തമായ ഒരു കെട്ടിടവും കൂടുതൽ എക്സ്റെ മെഷീനുകളും നേടിയെടുത്തത് അക്കാലത്ത് ക്ഷിപ്രസാദ്ധ്യമായ ഒരു കാര്യമായിരുന്നില്ല. തന്നെത്തുടർന്ന് വരുന്നവർക്ക് വളർത്തി വലുതാക്കാനായി ഒരു കൊച്ചു ഡിപ്പാർട്ട്മെൻറ്.

അതിനിടെ റേഡിയോ ഗ്രാഫർമാരുടെ എണ്ണം കൂടി. ആദ്യം വന്നത് കൊല്ലം ജില്ലക്കാരനായ തുളസീധരനും ശ്രീകുമാരി അമ്മയും. (പേര് ശരിയാണോ എന്ന് തികച്ചും ഓർമ്മയില്ല) പേരിന്റെ അവസാനത്തിൽ അമ്മയുണ്ടെങ്കിലും ആളൊരു യുവതി തന്നെ. അവരുമായി ബന്ധപ്പെട്ട ഒരു സംഭവം ഇവിടെ കുറിക്കുന്നത് അസ്ഥാനത്താവില്ലെന്ന് കരുതുന്നു. തിരക്ക് പിടിച്ച രാവിലത്തെ ഷിഫ്റ്റിന്റെ അവസാനം. പ്രായം ചെന്ന ഒരു നാടോടി സ്ത്രീ ഒടിഞ്ഞ കയ്യെല്ലിന്റെ X-Ray എടുക്കാനായി അവരെ സമീപിച്ചപ്പോൾ ക്ഷീണിച്ച് അവശയായ അവർ ഉച്ചക്ക് ശേഷം വരൂ എന്നു പറഞ്ഞു മടക്കി. ആ സ്ത്രീ കരഞ്ഞു കൊണ്ട് എന്റെ അടുത്തെത്തി. അവരുടെ ദയനീയ അവസ്ഥ കണ്ടപ്പോൾ ആ ഒരു X-Ray കൂടി ഒന്നു എടുത്ത് കൊടുക്കാൻ പറഞ്ഞു. ഒടുവിൽ ഫിലിം അവർക്ക് കൊടുത്തപ്പോൾ കൈകൂപ്പി നിറകണ്ണുകളോടെ അവർ വീണ്ടും വീണ്ടും നന്ദി പറഞ്ഞപ്പോൾ കൂടുതൽ ഈറനായത് റേഡിയോ ഗ്രാഫറുടെ കണ്ണുകളായിരുന്നു. ഇത്തന്നെ ഒരു സന്ദർഭം എന്ന് കരുതി ഞാൻ ഇത്ര കൂടി പറഞ്ഞെന്ന് ഓർക്കുന്നു. പണവും സ്വാധീനവും ബന്ധുബലവുമില്ലാത്തവർ മാത്രമേ നമ്മുടെ സേവനത്തെ തിരിച്ചറിയൂ. ഇതോർക്കണം, ഇന്നല്ല. എന്നും. എന്റെ മെഡിക്കൽ വിദ്യാർത്ഥികളോട് എപ്പോഴും പറയുമായിരുന്നു. നമ്മുടെ മെഡിക്കൽ വിദ്യാഭ്യാസത്തിന്റെ ആദ്യപാഠം തുടങ്ങിയത് ശവം പോലും അവകാശപ്പെടാൻ ആരും ഇല്ലാത്തവരിൽ നിന്നാണ്. നമ്മൾ അത്തരക്കാരോട് കടപ്പെട്ടിരിക്കുന്നു, അവരെ മറക്കാതിരിക്കണം എന്ന്.

തൃശ്ശൂരിൽ ഒരാളെ കൂടി ഓർക്കേണ്ടതായിട്ടുണ്ട്. ചീഫ് റേഡിയോഗ്രാഫർ ആയി എത്തിയ ശ്രീ. വിജയനെ. എല്ലാ പരിമിതികളും തന്റെ സ്വയംസിദ്ധമായ വിനയത്തിലും സാന്ത്വനത്തിലും ഒതുക്കുന്ന, സഹപ്രവർത്തകരെ മക്കളെപ്പോലെ കാണുന്നൊരാൾ. ഇതേ പോലെ മറ്റൊരാളെ ഞാൻ പിന്നീട് കാണുന്നത് തികഞ്ഞ സായ്ബാബ ഭക്തനായ കോഴിക്കോട് മെഡിക്കൽ കോളേജിലെ ചീഫ് റേഡിയോഗ്രാഫർ ശ്രീ. ശിവദാസനിലൂടെയാണ്.

താമസിയാതെ ജോസഫ്സാർ കോട്ടയത്തിനു പോയി. തുടർന്ന് പ്രൊഫസർ ആയി വന്നത് രത്നകുമാരി മേഡം. അവരുടെ ഊർജ്ജസ്വലതയും ഭരണപാടവവും അക്കാദമിക മികവും ഡിപ്പാർട്ട്മെന്റിനെ കൂടുതൽ ഉയരത്തിലെത്തിച്ചു. C.T. Scan, DSA, USG എന്നിവ സ്ഥാപിച്ചതിനോടൊപ്പം റേഡിയോ ഡയഗ്നോസിസിൽ തൃശൂരിൽ M.D. തുടങ്ങിയതും അവരുടെ കാലത്തായിരുന്നു. മേഡവുമായി വളരെ നല്ല ബന്ധമായിരുന്നു പുലർത്തിയിരുന്നത്. അത് ഇന്നും നിലനിൽക്കുന്നു.

ഗംഗാധരനും ബഷീറും എന്നോട് ഈ ലേഖനം എഴുതാൻ ആവശ്യപ്പെട്ടപ്പോൾ ഒന്നുകൂടി പറഞ്ഞു. അന്നത്തെ റേഡിയോ ഗ്രാഫർമാർ അനുഭവിച്ച അവഗണനയും

**എന്റെ മെഡിക്കൽ വിദ്യാർത്ഥികളോട് എപ്പോഴും പറയുമായിരുന്നു. നമ്മുടെ മെഡിക്കൽ വിദ്യാഭ്യാസത്തിന്റെ ആദ്യപാഠം തുടങ്ങിയത് ശവം പോലും അവകാശപ്പെടാൻ ആരും ഇല്ലാത്തവരിൽ നിന്നാണ്. നമ്മൾ അത്തരക്കാരോട് കടപ്പെട്ടിരിക്കുന്നു, അവരെ മറക്കാതിരിക്കണം എന്ന്.**

അവജ്ഞയും, ഇപ്പോൾ റേഡിയോളജി ടെക്നോളജിസ്റ്റ് എന്ന പദവിയിലുള്ള അംഗീകാരവും സൗഭാഗ്യവും കൂടി സൂചിപ്പിക്കണം എന്ന്. ഇത് മദ്ദളം ചെന്ന് ഉരലിനോട് പരാതി പറയുന്നപോലെയാണ് എനിക്ക് തോന്നിയത്.

ഒരു ചെറിയ സംഭവം. തൃശ്ശൂർ മെഡിക്കൽ കോളേജിൽ ചേർന്ന ആദ്യ ദിവസങ്ങളിൽ ഒരിക്കൽ ജില്ലാ ആശുപത്രിയിലെ വളരെ സീനിയറായ ഒരു മെഡിസിൻ യൂണിറ്റ് മേധാവി പരിചയപ്പെടാൻ വന്നപ്പോൾ ചോദിച്ചത്, 'പുതിയ റേഡിയോഗ്രാഫർ ആണല്ലേ' എന്നാണ്. ചോദ്യം തികച്ചും നിഷ്കളങ്കം. മെഡിസിനിൽ ബിരുദാനന്തര ബിരുദം ഉള്ള ഒരു ഡോക്ടർക്ക് പോലും തികച്ചും അന്യമായിരുന്നു അന്ന് റേഡിയോളജിസ്റ്റ് എന്ന പദവി എന്നർത്ഥം. ഇതേ വികാരം തന്നെയാവാം 1967 മുതൽ എനിക്ക് പരിചയമുള്ള, എന്നെ സ്വന്തം സഹോദരനെ പോലെ സ്നേഹിക്കുന്ന നാണുവേട്ടനെ (ശ്രീ. സി.കെ. നാണു, മുൻ എം.എൽ.എ., മുൻ മന്ത്രി) മിഠായിത്തെരുവിന്റെ നടുവിൽ വെച്ചു എന്നെ ചീത്ത പറയാൻ പ്രേരിപ്പിച്ചത്. എന്റെ കുറ്റം, ഉപരിപഠനത്തിന് അന്ന് ഒരു ടെക്നീഷ്യൻ സ്റ്റാറ്റസ് മാത്രമുണ്ടായിരുന്ന റേഡിയോഡയഗ്നോസിസ് തിരഞ്ഞെടുത്തത്. കാലമേറെ കടന്നു പോയി. മന്ത്രിയായിരിക്കുമ്പോൾ തിരുവനന്തപുരത്ത് വച്ച് ഒരിക്കൽ കണ്ടപ്പോൾ പറഞ്ഞു. 'നിന്റെ തീരുമാനം ആയിരുന്നു ശരി.' പക്ഷെ ഈ ശരിയിലേക്ക് ഉള്ള ദൂരം ദീർഘവും പാത കഠിനവും ആയിരുന്നു. ക്ലിനിക്കൽ മെഡിസിന്റെ പുറം തിണ്ണ കോലായിൽ മാത്രം സ്ഥാനമുണ്ടായിരുന്ന അന്നത്തെ റേഡിയോളജിസ്റ്റ് എവിടെ, രോഗനിർണ്ണയം മുതൽ രോഗ ചികിത്സയിലുടനീളം പങ്കാളിയായ ഇന്നത്തെ റേഡിയോളജിസ്റ്റ് എവിടെ? ഇന്റർവെൻഷനൽ റേഡിയോളജി എന്ന ശാഖയിലൂടെ പല ഡിപ്പാർട്ട്മെന്റ് കളുടെ രോഗ ചികിത്സയിൽ ഉള്ള ആധിപത്യം പാടെ തകർത്തത് കാലം കരുതിവെച്ച ഒരു പ്രതികാരം തന്നെ ആകാം. അന്ന് റേഡിയോളജി ഡിപ്പാർട്ട്മെന്റ് (എക്സ്റേ ഡിപ്പാർട്ട്മെന്റ് എന്ന പ്രയോഗം ആവും കൂടുതൽ ശരി) ആശുപത്രിയുടെ ഏതെങ്കിലും ഒരു മൂലയ്ക്ക് ആകും. വെളിച്ചവും വായുവും എത്തി നോക്കരുത് എന്ന് നിർബന്ധം ഉള്ള പോലെ ആയിരിക്കും രൂപകല്പന.

കോഴിക്കോട് മെഡിക്കൽ കോളേജ് സൂപ്പർ സ്പെഷ്യാലിറ്റി പണി നടക്കുന്നു. എട്ടുനില കെട്ടിടം. മിക്ക സൂപ്പർ സ്പെഷാലിറ്റികൾക്കും സൗകര്യം. നിർമ്മാണത്തിന് ഇടയ്ക്ക് അതിന്റെ രൂപരേഖ കണ്ടപ്പോൾ കണ്ണുതള്ളിപ്പോയി എന്നു പറഞ്ഞാൽ ഒട്ടും അതിശയോക്തിയാവില്ല. എല്ലാ സൂപ്പർ സ്പെഷാലിറ്റികളും ഒരുകുടക്കീഴിൽ പ്രവർത്തിക്കാൻ ഉദ്ദേശിച്ച ആശുപത്രി സമുച്ചയത്തിൽ റേഡിയോളജിക്ക് വേണ്ടി മാറ്റിവെച്ചത് രണ്ട് മൂലയ്ക്ക് രണ്ടു X- Ray റും മാത്രം. ഒരുപാട് ഇടപെടലുകളും നിരന്തരമായ സമ്മർദ്ദത്തിനും ഒടുവിൽ മാത്രം ബുദ്ധി തെളിഞ്ഞ അധികൃതർക്ക് M.R.I., D.S.A., U.S.G., എക്സ്റേ എന്നിവയ്ക്ക് സ്ഥലം അനുവദിക്കേണ്ടിവന്നു. ഇത് സംഭവിച്ചത് കോഴിക്കോട് ആണെന്ന് കൂടി ഓർക്കണം. കേരളത്തിലെ മെഡിക്കൽ കോളേ



ജുകളിൽ വച്ച് ഏറ്റവും ഭംഗിയായി രൂപകൽപ്പന ചെയ്തത് കോഴിക്കോട് റേഡിയോളജി ഡിപ്പാർട്ട്മെൻറ് മാത്രം. പ്രൊഫസർ റൂം, മറ്റു ഫാക്കൽറ്റികൾ, നഴ്സസ് റൂം, റേഡിയോഗ്രാഫർ റൂം, വിശാലമായ എക്സ്റേപ്രോസസിംഗ് മുറികൾ, ഫിലിം ഉണക്കാനുള്ള സൗകര്യം, രോഗികൾക്ക് കാത്തിരിക്കാനുള്ള സ്ഥലം, വിശാലമായ ഇടനാഴി. ഇതെല്ലാം പലതവണ കണ്ടു പോയിട്ട് റേഡിയോളജിയെ രണ്ടു മുറിയിൽ ഒതുക്കാൻ ശ്രമിച്ച മഹാപ്രതിഭകളെ ആനയിച്ചു ആദരിക്കേണ്ടത് ആയിരുന്നില്ലേ?

അടുത്തരംഗം തിരുവനന്തപുരം മെഡിക്കൽ കോളേജ് റേഡിയോളജി വിഭാഗം. വേഷം Tutor Trainee. അതായത് സർക്കാർ ജീവനക്കാരനും പി.ജി. വിദ്യാർത്ഥിയും ഒന്നായിത്തീരുന്ന ഒരു സ്ഥാനം. പ്രൊഫസ്സർ ആയ നളിനി മേഡം വിഷയത്തിൽ അഗാധ പാണ്ഡിത്യവും ശിക്ഷണത്തിന്റെ മർമ്മവും അറിയാവുന്ന അധ്യാപിക. റേഡിയോ ഡയഗ്നോസിസിൽ എം.ഡി.യും ഡിപ്ലോമയും പിന്നെ സി.ആർ.എ. പഠന പദ്ധതിയും ഉള്ള ഡിപ്പാർട്ട്മെന്റിലെ ഉപകരണപരിമിതി എവിടുത്തേക്കാളും കൂടുതൽ വ്യക്തമായിരുന്നു. ഒരു 1000 m.A. ഐ.ഐ.ടി.വി. ഒഴിച്ചാൽ ഉള്ളതെല്ലാം പഴഞ്ചൻ ഉപകരണങ്ങൾ. ഒരു പക്ഷേ അന്നത്തെ ചുറ്റുപാടിൽ അത്രയൊക്കെയേ പ്രതീക്ഷിക്കാവൂ എന്ന് സമാധാനിക്കാം. പക്ഷേ ഡിപ്പാർട്ട്മെൻറ് ഭരണത്തിൽ ചില സീനിയർ റേഡിയോഗ്രാഫർമാരുടെ ഇടപെടൽ പകൽ വെളിച്ചം പോലെ വ്യക്തം സീനിയർ ജൂനിയർ വ്യത്യാസവും അങ്ങനെതന്നെ. ജോലിയിലെ സമർപ്പണം കൊണ്ട് ഓർക്കുന്നത് രണ്ടുപേരെ മാത്രം. എസ്.എ.ടി. ആശുപത്രിയിലെ റേഡിയോഗ്രാഫർ രഘുവും സായിവ് എന്ന് എല്ലാവരും വിളിക്കുന്ന എക്സറേ ടെക്നീഷ്യനെയും. അന്ന് അവിടെ സി.ആർ.എ.യ്ക്ക് പഠിച്ചിരുന്ന മിക്ക വിദ്യാർത്ഥികളും സൗമ്യസ്വഭാവക്കാരും പതിതരോട് കരുണയുള്ളവരുമായിരുന്നു.

തിരുവനന്തപുരത്ത് എനിക്ക് ഉണ്ടായ ഏറ്റവും വലിയ നേട്ടം വിശ്വസ്തരായ ഇന്നും കൂടെയുള്ള കുറെ സ്നേഹിതരെ സമ്പാദിക്കാൻ കഴിഞ്ഞു എന്നതാണ്. ഹോസ്റ്റലിലെ കോർ കമ്പനി അടക്കം. അതിലെ സജീവ സാന്നിദ്ധ്യമായ എന്റെ സുഹൃത്ത് ഡോ: മുരളി (Psychiatry P.G.) ഒരു ട്രെയിൻ അപകടത്തിൽ പെട്ട് നേരത്തെ തന്നെ പോയി. ആ വാർത്ത എന്നെ എത്തിച്ചത് കൊറോണറി ഐ.സി.യു. വിലാണ്. പിന്നീട് ആവർത്തിക്കേണ്ടി വന്ന ഐ.സി.യു.വാസത്തിന്റെ നാന്ദി. ഇവിടെനിന്ന് ഒട്ടേറെപ്പേർ പി.ജി. പഠനം നടത്തി. ഉന്നതനിലയിൽ എത്തി. ലോകപ്രശസ്തരായവരും കുറവല്ല. പക്ഷേ എം.സി.ഐ. ഇവിടുത്തെ ബിരുദം അംഗീകരിച്ചിരുന്നില്ല. ആ ബിരുദത്തിന് എം.സി.ഐ. അംഗീകാരം കിട്ടാൻ ശ്രമിക്കുകയും കിട്ടിയതിൽ ഒരു നിമിത്തമായി മാറിയതും ജീവിതത്തിലെ അനർഘനിമിഷങ്ങളിൽ ഒന്നാണ്.

ഡിപ്പാർട്ട്മെന്റിനുപുറത്തെ ഞങ്ങളുടെ ജീവിതം ആഘോഷഭരിതം തന്നെയായിരുന്നു. കഥകൾ ഏറെയുണ്ട്. പക്ഷേ എല്ലാറ്റിലും ഇത്തിരി മദ്യത്തിന്റെ ലാഞ്ചന ഉള്ളതുകൊണ്ട് അതൊക്കെ മാറ്റി വയ്ക്കുന്നു. എന്നും ഓർമ്മിക്കേണ്ട ഒരു തിക്ത സംഭവം






കൂടി സൂചിപ്പിച്ചുകൊണ്ട് തിരുവനന്തപുരം വിശേഷം നിർത്താം എന്ന് കരുതുന്നു. ഒരു രണ്ടാം വർഷ C.R.A. വിദ്യാർഥി, എസ്.എ.ടി. ആശുപത്രിയിൽ രാത്രി ഡ്യൂട്ടി. ലേബർ റൂമിൽ നിന്ന് എക്സ്റേ എടുക്കാൻ എത്തിയ ഒരു സ്ത്രീയെ P.V. പരിശോധന നടത്തി, അതും തീരദേശത്ത് നിന്ന് വന്ന ന്യൂനപക്ഷ വിഭാഗത്തിൽ പെട്ട ഒരു സ്ത്രീയെ. അവർ ബന്ധുക്കളെ അറിയിച്ചു. ആശുപത്രിയിൽ അടിമുടി ബഹളം. പ്രശ്നം കൈവിട്ടു പോകുമെന്ന ഘട്ടത്തിൽ വിവരമറിഞ്ഞ് പ്രൊഫസർ എന്നെ വിളിച്ചു പറഞ്ഞു, അവിടെ പോയി ഒന്ന് അന്വേഷിച്ചു വിവരം അറിയിക്കാൻ. 'പ്രതി സ്ഥലംവിട്ടു, Department സംഘർഷഭരിതം. അതിനിടയിൽ ഡിപ്പാർട്ട്മെൻറ് പ്രതിനിധിയായി ഞാൻ ചെന്നാൽ അവനു കൊടുക്കാൻ വച്ചത് ഒക്കെ എനിക്ക് കിട്ടും. കൊടുക്കാനും വാങ്ങാനുമുള്ള ആരോഗ്യം ഒട്ടും ഇല്ല.' തികഞ്ഞ വിനയത്തോടെ ഞാൻ പ്രൊഫസറെ പറഞ്ഞുമനസ്സിലാക്കി (ശരിക്കും ആലോചിച്ചത് മറ്റൊന്നാണ് കോഴിക്കോട്ടുകാരനായ ഞാനെന്തിനാണ് തിരുവനന്തപുരത്ത് വന്ന് അടി ചോദിച്ചു വാങ്ങുന്നത്, ആവശ്യത്തിനും അതിലധികവും കോഴിക്കോട്ട് തന്നെ കിട്ടുമല്ലോ എന്നായിരുന്നു). ഇതിവിടെ സൂചിപ്പിച്ചത് ഒരു കാര്യം ഓർമ്മിപ്പിക്കാനാണ്. ഒരു പദവിയിൽ നമുക്ക് കിട്ടുന്ന അധികാരവും സ്വാതന്ത്ര്യവും മറ്റൊരാളുടെ സ്വാതന്ത്ര്യത്തെ ഹനിക്കാനോ സ്വകാര്യതയിലേക്ക് കടന്നുകയറാനോ അവരുടെ ആത്മാഭിമാനം വ്രണപ്പെടുത്താനോ അല്ല.

1988 ൽ തിരുവനന്തപുരത്തു നിന്ന് അസിസ്റ്റൻറ് പ്രൊഫസർ പദവിയോടെ കോഴിക്കോട്ടേക്ക്. വളരെയേറെ ആത്മബന്ധം പുലർത്തിയിരുന്ന മാതൃ വിദ്യാലയത്തിലേക്ക്. ഡിപ്പാർട്ട്മെൻറ് മേധാവി മണീന്ദ്രനാഥൻ സാർ. അങ്ങനെ റേഡിയോ ഡയഗ്നോസിസ് പി.ജി. ഡിപ്ലോമയും C.R.A. പഠനവും നടത്തുന്ന മെഡിക്കൽ കോളേജിലെ രണ്ടാമത്തെ ടീച്ചിംഗ് സ്റ്റാഫ് ആയി. മണീന്ദ്രൻ സാർ ചില പ്രത്യേകതകൾ ഉള്ള വ്യക്തിയായിരുന്നു AIIMS ലെ അതിസമർത്ഥനായ പൂർവവിദ്യാർഥി. വിഷയത്തിൽ, ഡിപ്പാർട്ട്മെൻറ് എഴുത്തുകുത്തുകൾ സുന്ദരമായ ഇംഗ്ലീഷിൽ അനായാസം കൈകാര്യം ചെയ്യുന്ന ഒരാൾ. നോക്കുന്നവരുടെ വീക്ഷണമനുസരിച്ച് അദ്ദേഹം പലതായി ചിത്രീകരിക്കപ്പെട്ടു. മടിയൻ, ഉഴപ്പൻ അല്ലെങ്കിൽ ഒന്നിലും ഒരു താല്പര്യവും കാണിക്കാത്ത ഒരു നിസ്സംഗൻ. ചില കാര്യങ്ങളിൽ നിസ്സംഗത പുലർത്തുമ്പോൾ തന്നെ യന്ത്രങ്ങളോട് എന്തെന്നില്ലാത്ത ഒരു അഭിനിവേശവും അത് റിപ്പയർ ചെയ്യുന്നതിൽ സായൂജ്യവും അദ്ദേഹം കണ്ടെത്തിയിരുന്നു എന്നത് ഒരു സത്യം മാത്രം. കാലത്തിനൊത്തു നടക്കാൻ മറന്ന, പാഴായിപ്പോയ പ്രതിഭ എന്നുപറഞ്ഞാൽ അത് ഗുരുനിന്ദ ആവില്ല എന്നുതന്നെ. പലരും അദ്ദേഹവുമായി ബന്ധം പുലർത്തിയത് ഒരു ചെറിയ അകലം വച്ചായിരുന്നു, എനിക്കാണെങ്കിൽ അടുത്ത ബന്ധവും. മുൻപൊരിക്കൽ അദ്ദേഹത്തെക്കുറിച്ച് എഴുതിയപ്പോൾ സൂചിപ്പിച്ചപോലെ ജീവിതത്തിന്റെ പ്രത്യേക സന്ധിയിൽ സംഭവിച്ചിരിക്കാനിടയുള്ള ഒരു താളപ്പിഴ തുടർജീവിതത്തെയും ബാധിച്ചിരിക്കാം. അദ്ദേഹം, ചാരം മൂടിപ്പോയ ഒരു കനലായിരുന്നു. ഊതിയാൽ ആളിക്കത്തിക്കാവുന്ന ഒരു തീക്കനൽ. ആ കനലിൽ നിന്നുള്ള ചൂടും വെളിച്ചവും ഇത്തിരി ഒക്കെ അനുഭവിക്കാൻ കഴിഞ്ഞ ഞാൻ പറയുന്നു. അദ്ദേഹം കുറെ കൂടി അംഗീകാരം അർഹിക്കുന്ന വ്യക്തിയായിരുന്നെന്ന്.

ഇനി ഡിപ്പാർട്ട്മെൻറ്...

നേരത്തെ സൂചിപ്പിച്ചപോലെ നല്ല രൂപകല്പന, എല്ലാ മുറിയിലും ഉപകരണങ്ങൾ. പക്ഷേ പ്രവർത്തിക്കുന്നത് വിരലിലെണ്ണാവുന്നവ മാത്രം. ഒരു 700 m.A. ഐ.ഐ.ടി.വി. മെഷീൻ ഒഴികെ എല്ലാം അറുപഴഞ്ചൻ. അതിൽ I.I.T.V. പ്രവർത്തിച്ചത് കുറച്ചു സമയത്തേക്ക് മാത്രം. ഇപ്പോഴുള്ള അതിന്റെ പ്രാധാന്യം I.V.P, Barium പരിശോധനകൾ, Angiography എന്നിവയിൽ നല്ല മേന്മയുള്ള ഇമേജ് കിട്ടും എന്ന് മാത്രം. പ്രൊഫസർ ഡിപ്പാർട്ട്മെൻറ് കാര്യത്തിൽ പ്രത്യേക താൽപര്യം ഒന്നും പ്രദർശിപ്പിക്കാറില്ല. ഡിപ്പാർട്ട്മെന്റിന്റെ ദൈനംദിന പ്രവർത്തനത്തിന്റെ ചുമതല സീനിയർ റേഡിയോഗ്രാഫർ ശ്രീ. പീതാംബരനിൽ. ജോലിയിൽ



പൂർണത നിർബന്ധമായ, നല്ല കൈയ്യക്ഷരത്തിന് ഉടമയും തികഞ്ഞ കലാകാരനുമായ അദ്ദേഹം എല്ലാ സഹപ്രവർത്തകരുമായി നല്ല ബന്ധം പുലർത്തിയിരുന്നു എന്ന് പറയാൻ വയ്യ. എപ്പോഴെങ്കിലും ഒരു പ്രത്യേക എക്സ്റേ എടുക്കാൻ അദ്ദേഹത്തെ ഏൽപ്പിച്ചാൽ ഒരു കലാകാരന്റെ കയ്യൊപ്പും ഒരു ടെക്നോളജിസ്റ്റിന്റെ കൃത്യതയും ഉള്ളതായിരിക്കും ഫിലിം. റിട്ടയർമെൻറ് ചെയ്ത് കാലം ഏറെയായിട്ടും ഞങ്ങൾ ഇപ്പോഴും ബന്ധം പുലർത്തുന്നു, ഫോണിലൂടെ.

കോഴിക്കോട് ഡിപ്പാർട്ട്മെന്റിൽ എനിക്ക് അനുഗ്രഹീതമായി തോന്നിയത് ചില റേഡിയോഗ്രാഫർമാരെയും അന്നത്തെ സി.ആർ.എ. വിദ്യാർഥികളെയും ആയിരുന്നു. റേഡിയോഗ്രാഫർമാരിൽ പ്രഥമഗണനീയൻ തിരുവനന്തപുരത്തുകാരനായ ശ്രീ. എ. വിജയകുമാർ ആയിരുന്നു. ജോലിയിലുള്ള ശുഷ്കാന്തി, ആത്മാർത്ഥത, സമർപ്പണം എന്നിവ ചില വിദ്യാർഥികൾക്ക് എങ്കിലും മാതൃകയായി എന്ന് പിൻകാല അനുഭവ സാക്ഷ്യം. ഞങ്ങൾ തമ്മിലുള്ള സുഹൃത്ത് ബന്ധം ഇന്നും പുലരുന്നു. അന്നത്തെ വിദ്യാർഥികളും പിന്നെ അവിടെത്തന്നെ റേഡിയോഗ്രാഫർമാരായി വന്ന ഗംഗാധരനും സാലിയും സഞ്ജയനും രാജേഷും ഒക്കെ ആ പാരമ്പര്യം പുലർത്തുന്നവർ തന്നെ. ഉണ്ണികൃഷ്ണനും പ്രേമനും ബെന്നിയും രാജീവും സുരേഷ്കുമാറും എല്ലാം ഇന്നും ഓർമയിൽ നിറസാന്നിധ്യമാണ്. അകാലത്തിൽ ജീവിതം അവസാനിപ്പിച്ച ജനാർദ്ദനൻ ഇന്നും ഒരു പ്രഹേളികയായി തന്നെ തുടരുന്നു. ഇവിടത്തെ ഒരു പ്രത്യേകത പലരും നല്ല കലാകാരന്മാർ കൂടിയായിരുന്നു എന്നതാണ്. അമച്വർ നാടക വേദിയിൽ സ്വന്തമായ ഒരു ഇരിപ്പിടം ഉള്ള ഗംഗാധരനും. വരയുടെ മായിക ലോകത്തിലെ പ്രതിഭകളായ രാജേഷും സുരേഷും, അക്കാദമിക തലത്തിൽ പ്രത്യേക താൽപര്യം പുലർത്തിയ ബഷീറും സംഘടനാതലത്തിൽ കുഞ്ഞൻ എങ്കിലും ഉൾക്കനമുള്ള ALARA എന്ന പ്രസിദ്ധീകരണവും അതിനു പിന്നിലുള്ള സുരേഷും ക്രിയേറ്റീവ് മൈന്റ്സ് എന്ന കൂട്ടായ്മയും. I.I.T.V. യോ, എന്തിനേറെ ഡാർക്ക് റൂം ഫ്ളൂറോസ്കോപ്പി പോലും ഇല്ലാതെ വിജയ്കുമാരനും ഗംഗാധരനും അടക്കമുള്ള റേഡിയോഗ്രാഫർമാരുടെ സഹായത്തോടെ ഞങ്ങൾ ആൻജിയോഗ്രാഫി (Aortogram ഉൾപ്പടെ), P.T.C. Myelogram പരിശോധനകൾ ഒക്കെ ചെയ്തു എന്നു പറഞ്ഞാൽ ഇന്നാരും വിശ്വസിക്കുമെന്നു തോന്നുന്നില്ല. ഇന്നത്തെ ചുറ്റുപാടിൽ ഒരു തികഞ്ഞ ക്രിമിനൽ കുറ്റമായി കണക്കാക്കാവുന്ന ഈ പരിശോധനകൾ ചോരത്തിളപ്പും അറിവില്ലായ്മയും, ഉപരി നിർധന രോഗികളുടെ ആവശ്യം കൂടിയായിരുന്നു. ഇന്ന് പേടിയോടു കൂടി തിരിഞ്ഞുനോക്കുമ്പോൾ നന്ദി പറയുന്നത് അന്നത്തെ കാലത്തോട് ആണ്. പിന്നീട്

പുതിയ I.I.T.V. കിട്ടിയപ്പോൾ ഞങ്ങൾ എല്ലാ പരിശോധനകളിലും ഒരു കൈ വെച്ചു. സെറിബ്രൽ ആൻജിയോഗ്രാം അടക്കം. പുതുതായി വന്ന ഡോക്ടർ വി.ആർ. രാജേന്ദ്രന്റെ (ഇപ്പോഴത്തെ പ്രിൻസിപ്പൽ) ഊർജ്ജവും പിന്തുണയും മറ്റൊരു മുതൽക്കൂട്ടായി.

അധികം കഴിയുന്നതിനുമുമ്പ് പച്ചത്തുരുത്ത് തേടി ഞാനും പോയി സൗദി അറേബ്യയിലേക്ക്. അതിനു മുമ്പ് ഒരു കാര്യം ചെയ്യാൻ മറന്നില്ല. പൾമനോളജി പി.ജി. ക്കൊപ്പം അനുമതി കിട്ടിയ റേഡിയോളജി എം.ഡി. കോഴ്സ് നടപ്പാകാതെ സുഖസുഷുപ്തിയിൽ ആയിരുന്നു. അതൊന്നു പൊടിതട്ടിയെടുത്തു ജീവൻ വെപ്പിക്കാൻ ഉള്ള ഒരു ശ്രമം കൂടി.

അഞ്ചു വർഷത്തിനുശേഷം തിരിച്ചെത്തി. പിന്നീട് അന്നത്തെ പ്രൊഫസർ സതീ മാധത്തോടൊപ്പം ഞങ്ങളുടെ നിരന്തര പോരാട്ടമായിരുന്നു, M.D. കോഴ്സിനും പുതിയ ഉപകരണങ്ങൾക്കും വേണ്ടി. ഒരു ഐ.ഐ.ടി.വി.യും കളർ ഡോപ്ളർ മെഷീനും കിട്ടിയെങ്കിലും മനസ്സു കൊതിക്കുകയായിരുന്നു ഇനിയുമിനിയും എന്ന്. 1998 ൽ M.D. കൂടി തുടങ്ങാൻ സാധിച്ചതോടെ ഉണ്ടായ ആത്മവിശ്വാസം ഞങ്ങളെ ഒരു സി.ടി. സ്കാൻ എന്ന സ്വപ്നത്തിൽ എത്തിച്ചു. അന്നത്തെ സാഹചര്യത്തിൽ ഒരിക്കലും നടക്കാത്ത ഒരു സുന്ദര സ്വപ്നം ആയിരുന്നു അത്. സി.ടി. സ്കാനിന്റെ ആലോചന മുറുകിയപ്പോൾ അകത്തും പുറത്തുമുള്ളവർ അരയും തലയും മുറുക്കി എല്ലാ ആയുധങ്ങളും എടുത്തു എതിർ നിരയിൽ നിരന്നു. പുറത്തുള്ള ചിലരുടെ വികാരം മനസ്സിലാക്കാം പക്ഷേ അകത്തുള്ളവരുടെ എതിർപ്പ് അപ്രതീക്ഷിതം മാത്രമല്ല അമ്പരപ്പിക്കുന്നത് കൂടിയായിരുന്നു. ഗവൺമെന്റിൽ നിന്നും ഫണ്ട് ലഭിക്കില്ല എന്ന് ഉറപ്പായതോടെ ലോണിനെ പറ്റി ആയി ചിന്ത. ഈടൊന്നും തരാതെ ലോൺ തരാൻ പറ്റില്ലെന്ന് കാമ്പസിനുള്ളിൽ പ്രവർത്തിക്കുന്ന എസ്.ബി.ഐ. അടക്കം കൈ മലർത്തിയപ്പോൾ സിൽക് സ്ട്രീറ്റിലെ ബാങ്ക് ഓഫ് ഇന്ത്യ മാനേജർ ശ്രീ. സീതാരാമൻ മറുത്തൊന്നും പറയാതെ ലോൺ അനുവദിച്ചു. പക്ഷേ ഗ്യാരണ്ടി നിൽക്കാൻ ഗവൺമെൻറ് തയ്യാറല്ലായിരുന്നു. സി.ടി. സ്കാൻ എന്ന സ്വപ്നത്തിന് ബീജാവാപം നടത്തിയത് ഡോ: രാജേന്ദ്രനും ഡോ: രാജനും പ്രൊഫസറും ഞാനും അടക്കമുള്ളവർ ആയിരുന്നെങ്കിലും അതിന് വെള്ളമൊഴിച്ച് മുള പൊട്ടിച്ചത് അന്നത്തെ ജില്ലാ കലക്ടർ ശ്രീ. മനോജ് ജോഷി ആയിരുന്നു. അദ്ദേഹത്തെ തുടർന്നുവന്ന കലക്ടർ ഡോ: ഉഷാ ടൈറ്റസിന്റെ സഹകരണവും അനന്യമായ ചങ്കൂറ്റവും ഇല്ലായിരുന്നെങ്കിൽ സി.ടി. സ്കാൻ കുറേ കാലത്തേക്കെങ്കിലും ഒരു സ്വപ്നം തന്നെയായി നിൽക്കുമായിരുന്നു അല്ലെങ്കിൽ കൊഴിഞ്ഞു പോകുമായിരുന്നു.

MRI സ്കാൻ എന്ന മറ്റൊരു ലക്ഷ്യം കൂടി ഒരു വെല്ലുവിളിയായി ഞങ്ങൾക്ക് മുൻപിൽ ഇട്ടാണ് അവർ കോഴിക്കോട് വിട്ടത്. ഡോക്ടർ ഉഷാ ടൈറ്റസ്, രചനാഷ തുടർന്നു വന്ന രണ്ട് കലക്ടർമാരെ കുറിച്ച് മൗനം പുലർത്തുകയായിരിക്കും മാന്യത.

കാലചക്രം തിരിഞ്ഞപ്പോൾ തൃശ്ശൂരിലെ ഒരു ഇടവേളയ്ക്കു ശേഷം പ്രൊഫസറായി കോഴിക്കോട്ടേക്ക്. 2005 വിരമിക്കുന്നതുവരെ വിശ്രമിച്ചിട്ടില്ല. M.R.I., D.S.A. തുടങ്ങി മറ്റുപല സൗകര്യങ്ങൾക്ക് വേണ്ടിയും പോരാട്ടം തന്നെ നടത്തേണ്ടി വന്നു. ഇത്തവണ എതിർപക്ഷത്ത് അണിനിരന്നത് കൂടുതൽ ശക്തരായിരുന്നു എന്നു മാത്രം. എന്നെ തുടർന്നുവന്ന രാജേന്ദ്രൻ തനിക്കു പകർന്നുകിട്ടിയ ഒരു തരി വെളിച്ചത്തിൽ നിന്ന് ഒരു പ്രഭാമണ്ഡലം തന്നെ തീർത്തു. ഇന്ത്യയിലെ ഏതു വലിയ മെഡിക്കൽ കോളേജിനോട് ഒപ്പം നിൽക്കാവുന്ന അത്രയ്ക്കും ഉപകരണ സമ്പന്നമാണ് ഇന്ന് കോഴിക്കോട് റേഡിയോളജി വിഭാഗം. രാജേന്ദ്രന്റെ സമാനതകളില്ലാത്ത ഭരണപാടവവും, സുപ്രണ്ട്, പ്രിൻസിപ്പൽ എന്നീ അധികാരവും, ദേവരാജന്റെ അക്കാദമിക ഔന്നിത്യവും, എന്റെ കൂടി വിദ്യാർത്ഥിയായ നൗഫലിന്റെ പ്രവർത്തനമികവും. മാനസ വിദ്യാർഥികളായി ഞാൻ കണക്കാക്കുന്ന ജുവൈനയും രാഹുലും എല്ലാം ഇനിയുള്ള ഉയരവും വെട്ടി പിടിക്കും.

ശാസ്ത്രശാഖകളുടെ, പ്രത്യേകിച്ചും ഭൗതികശാസ്ത്രം, കമ്പ്യൂട്ടർ സയൻസ്, ഇൻഫോർമേഷൻ ടെക്നോളജി എന്നിവയുടെ ത്വരിത വളർച്ചയും മൂലധനത്തിന്റെ ലഭ്യതയും വൈദ്യശാസ്ത്രത്തിന്റെ എല്ലാ മേഖലകളിലും കാതലായ മാറ്റങ്ങൾ സൃഷ്ടിച്ചെങ്കിലും ഒരു കുതിച്ചുചാട്ടം നടത്തിയത് റേഡിയോളജി മാത്രമാണ്. രോഗനിർണയ രംഗത്തും ചികിത്സാരംഗത്തും.

അതി ശുഭാപ്തി വിശ്വാസിയായ ഒരു മുൻകാല റേഡിയോളജിസ്റ്റ് തന്റെ സ്വപ്നത്തിൽ പോലും സങ്കൽപ്പിച്ചിട്ടില്ലാത്ത ഉന്നതിയിലേക്കാണ് റേഡിയോളജി കുതിച്ചുചാടിയത്. സൂര്യനെ കൊതിച്ച ഹനുമാനെ പോലെ. പക്ഷേ പൊള്ളലോ പോറലോ ഏറ്റില്ല. ഒരു വടവൃക്ഷം പോലെ ശാഖോപശാഖകളായി പടർന്നു പന്തലിച്ചു കിടക്കുന്ന അതിൻെറ ശീതളച്ഛായയിൽ ഇരുന്നു പഠിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന അനുഗ്രഹീതരായ പുതിയ തലമുറയ്ക്ക് അന്നത്തെ ദൈന്യതയും അവഗണനയും ഒക്കെ ഒരു പഴങ്കഥ മാത്രം. പാണന്റെ തുടിയും പുള്ളുവന്റെ കുടവും അന്യം നിന്ന ഇന്ന് ഒരു പഴം പാട്ടായി പോലും ആരും ഇത് ഇനി കേൾക്കാൻ ഇടയില്ല.

മുൻകാലത്ത് റേഡിയോളജി എങ്ങനെ തഴയപ്പെട്ടു പോയി എന്നു പരിശോധിച്ചാൽ അതിൻെറ ഒരു പ്രധാന പങ്ക് പഴയ തലമുറയ്ക്ക് അവകാശപ്പെട്ടതാണെന്ന് കാണാം. അവസ്ഥാന്തരങ്ങൾ മനസ്സിലാക്കണമെങ്കിൽ അന്നും ഇന്നും ഈ വിഭാഗത്തിൽ എത്തിച്ചേരുന്നവരുടെ ഒരു താരതമ്യപഠനം മാത്രം മതിയാകും. മുൻപ് പലർക്കും റേഡിയോളജി ഒരു തിരഞ്ഞെടുപ്പ് അല്ല (ഞാനടക്കം) എത്തിപ്പെടലായിരുന്നു. വിഷയത്തിലുള്ള താല്പര്യം കൊണ്ട് എത്തിയവർ ഇല്ല. എമർജൻസി നൈറ്റ്ഡ്യൂട്ടികൾ ഇല്ല, ശമ്പളത്തോട് കൂടിയ ഒരു മാസത്തെ ലീവ്, ഉച്ചവരെ മാത്രം നീളുന്ന പ്രവൃത്തി സമയം അതും വളരെ ലളിതം. ചെറുതെങ്കിലും ഒരു സ്പെഷ്യൽ പേയും. ഇതൊക്കെയായിരുന്നു അന്നത്തെ റേഡിയോളജിയുടെ ആകർഷ ഘടകങ്ങൾ.

ഇന്നു സ്ഥിതി നേരെ മറിച്ചാണ് മിടുക്കന്മാരും മിടുക്കികളും മാത്രമാണ് ഇവിടെ എത്തുന്നത്. പി.ജി. എൻട്രൻസ് പരീക്ഷയിൽ ഉയർന്ന റാങ്കുകൾ ഉള്ളവർക്ക് മാത്രമേ ഇന്ന് റേഡിയോളജി സ്വപ്നം കാണാൻ പോലും കഴിയൂ.

ഇന്ന് റേഡിയോളജി ഉപകരണങ്ങളാൽ സമ്പന്നമാണ്. ഇന്നത്തെ റേഡിയോളജിസ്റ്റിന്റെ നില പലതരം കളിപ്പാട്ടങ്ങൾ നിരത്തി വെച്ച മുറിയിൽ പ്രവേശിക്കുന്ന ചെറിയ കുട്ടിയുടെതിന് തുല്യമാണ്. ഏതാണ് നല്ലത് ഏതാണ് വേണ്ടത് എന്ന സന്ദേഹം. സാമ്പത്തിക സ്ഥിതിയോ മറ്റ് അനാശാസ്യ പ്രലോഭനങ്ങളോ മാനദണ്ഡമാക്കാതെ ഒരു രോഗിക്ക് ഏതു ഉപാധിയാണ് ഏറ്റവും അനുയോജ്യം എന്ന് തിരഞ്ഞെടുക്കുക എന്നതാണ് വിജയത്തിൻെറ ആദ്യപടി. പിന്നെ അതിൻെറ ന്യായയുക്തമായ ഉപയോഗവും.

ജീവിതത്തിൻെറ നല്ലകാലം മുഴുവൻ തിരക്കേറിയ എക്സറേ മുറികളിലും ഇടുങ്ങിയ ഡാർക്ക് റൂമിലും ചെലവഴിച്ച് രോഗികളുടെയും ബന്ധുക്കളുടെയും പരാതിയും പഴിയും ഏറ്റുവാങ്ങി, സർവീസിൽ കയറി അതേ പോസ്റ്റിൽ നിന്ന് പിരിയേണ്ടി വരുന്ന - ഇടയ്ക്കൊരു ഗ്രേഡ് കിട്ടിയാലായി - റേഡിയോഗ്രാഫർ മാരുടെ പുതിയ തലമുറക്കാർ ഇന്ന് ശീതീകരിച്ച മുറികളിൽ ഇരുന്നു രോഗനിർണ്ണയത്തിന് വേഗതയും കൃത്യതയും കൂട്ടുന്ന അതിസങ്കീർണമായ ഉപകരണങ്ങളെ നിയന്ത്രിക്കുന്ന ടെക്നോളജിസ്റ്റുകളാണ്. അതി സങ്കീർണ്ണവും ദുർഗ്ഗ്രാഹ്യവും എന്നുതന്നെ പറയാവുന്ന ശാസ്ത്ര തത്വങ്ങളിൽ അധിഷ്ഠിതമായ പുതിയ യന്ത്രങ്ങളുടെ നിയതമായ ഉപയോഗം ഇന്ന് ഇവരുടെ നിയന്ത്രണത്തിലും കൈപ്പിടിയിലുമാണ്.

കോടികൾ തന്നെ വിലമതിക്കുന്ന, പരിമിതി ഇല്ലാത്ത സാധ്യതകളുള്ള മൾട്ടിപ്ലാനാർ ടെക്നോളജി ഉപയോഗിച്ച് ഏറ്റവും നല്ല ഇമേജ് സൃഷ്ടിക്കുന്നത് ഇവരാണ്. ഉയർന്ന വൈദഗ്ധ്യത്തിനേക്കാളേറെ... 

# UNITED ENTERPRISES







## OUR DEALING PRODUCTS

- X-RAY
- COMPUTED RADIOGRAPHY
- DIGITAL RADIOGRAPHY
- MAMMOGRAPHY
- DEXA
- ULTRASOUND
- CONTRAST MEDIA
- OPG, RVG
- VENTILATORS
- APRONS
- XRAY VIEW BOX
- ANESTHESIA

CHANNEL PARTNERS OF

EPSILON Carestream KIRAN TRIVITRON AEONMED vatech

## UNITED ENTERPRISES

PLAKYIEL BUILDING, PERUMBAIKADU P.O, KOTTAYAM,
KERALA, INDIA. PIN: 686016, PH: +91 9962648503

സാന്നിധ്യം അല്ല ഇന്നത്തെ റേഡിയോളജിസ്റ്റുകൾ അവരുടെ സാന്നിധ്യം. അധികമൊന്നും ആവശ്യപ്പെടാതെ, രോഗികളുടെ സഹകരണവും സ്നേഹവും ആർജ്ജിച്ചുകൊണ്ട് രോഗനിർണ്ണയത്തിന് കൃത്യതയും സാങ്കേതിക മേന്മയുമുള്ള ഇമേജ് സൃഷ്ടിക്കുക എന്നതാണ് റേഡിയോഗ്രാഫർമാരിൽ അർപ്പിതമായ ചുമതല. അവരിൽ വിശ്വാസമർപ്പിച്ച് റിപ്പോർട്ടിംഗ് റൂമിൽ റേഡിയോളജിസ്റ്റും റേഡിയോളജിസ്റ്റിൽ വിശ്വസിച്ചു പുറത്ത് രോഗിയും രോഗിയുടെ ബന്ധുക്കളും കാത്തിരിക്കുന്നുണ്ടാകും. യന്ത്രങ്ങൾ സങ്കീർണ്ണവും കോടികൾ വിലമതിക്കുന്നതും ആവാം പക്ഷേ യന്ത്രത്തിന് പിന്നിലെ മനുഷ്യനാണ് എല്ലാറ്റിനേക്കാളും പ്രാധാന്യമേറിയത് എന്ന തത്വം ഇവിടെയാണു ഏറ്റവും പ്രയോഗത്തിൽ വരുന്നത്. ഇന്നത്തെ റേഡിയോളജി ടെക്നോളജിസ്റ്റ് ചെയ്യുന്നത് ശാസ്ത്രത്തിൽ അധിഷ്ഠിതമായ ഒരു കലാ പ്രവർത്തനമാണ്. ഈ ഡിജിറ്റൽ യുഗത്തിൽ ഒരു ഡിജിറ്റൽ ക്യാമറയോ മൊബൈൽ ഫോണോ ഉള്ള ആർക്കും ഫോട്ടോയെടുക്കാം. എന്നാൽ യഥാർത്ഥ കലാകാരന്റെ സർഗ്ഗ ഭാവനയും കര സ്പർശവും ചേർന്നാൽ മാത്രമേ മികവുറ്റ, തെളിവാർന്ന ചിത്രം ലഭിക്കുകയുള്ളൂ എന്ന സത്യം എന്നും ഓർക്കാൻ ഉള്ളതാണ്. വിഷയത്തിലുള്ള അറിവും പ്രവർത്തന പരിചയവും ജോലിയിലെ സമർപ്പണവും പലരെയും ഉന്നതസ്ഥാനത്ത് എത്തിച്ചിട്ടുണ്ട്. ഉയരങ്ങൾ എത്ര കീഴടക്കിയാലും ദൂരങ്ങൾ ഒട്ടേറെ താണ്ടിയാലും ടെക്നോളജിസ്റ്റുകൾ ചലിക്കുന്ന യന്ത്രങ്ങൾ ആവരുത്. സഹജീവികളോടുള്ള സ്നേഹവും അനുതാപവും ഒരിക്കലും വഴി മുടക്കില്ല, മുന്നോട്ട് നയിക്കുകയേ ഉള്ളൂ. പുതിയ അറിവുകളും മറ്റു നേട്ടങ്ങളും അഹങ്കാരത്തിന് വളമാക്കാതെ ശാസ്ത്രത്തിൽ ഊന്നിയ ഇമേജിംഗ് ടെക്നോളജി എന്ന കലയെ ആരാധിക്കുക. ഓർക്കുക മാനവ സേവ ഈശ്വരസേവ കൂടി ആണ്.

ഒരിക്കൽ വിൻസെന്റ് വാൻഗോഗ് പറഞ്ഞു.
'മനുഷ്യനെ സ്നേഹിക്കുക
എന്നതിനേക്കാൾ കലാപരമായ
മറ്റൊന്നില്ല.'

ooo



# കഥകൾ

യാഥാർത്യമാകും, അനുഭവമാകും,
ഭാവനാസ്പൃഷ്ടവുമായ, രസകരമായി
അവതരിപ്പിക്കുന്നതെന്തും കഥയാണ്...

കഥ എന്നും നമ്മുടെ കൂടെയുണ്ടായിരുന്നു...
ഇപ്പോഴുമുണ്ട്...



# കൂനൻ കുഞ്ഞമ്മദിന്റെ ഒസ്യത്ത്




വർഗീസ് ജോൺ
റേഡിയോഗ്രാഫർ
മെഡിക്കൽ കോളേജ്, കോഴിക്കോട്




''തൊട്ട്ക്കണെ ഞാൻ തൊട്ട്ക്കണെ,
അള്ളാണെ സത്യം ഞാൻ തൊട്ട്ക്കണ്''

'ന്റെ ബദരീങ്ങളെ ങ്ങനെ ഒരു പടപ്പ്. 'കദീസുമ്മ, ഓടുന്നതു പോലെ നീട്ടി വലിച്ച് മുടന്തി നടക്കുന്ന കുഞ്ഞമ്മദിനെ നോക്കി താടിക്ക് കയ്യും കൊടുത്ത് നിന്നു.

''കുഞ്ഞമ്മദേ യ്യെന്താ പറെണേ? ആളോള്ക്ക് മനസിലാവും പോലെ പറയിന്നു!''

കുഞ്ഞമ്മദ് നടത്തം നിർത്തി തിരികെ വന്ന് കദീസുമ്മയോടായി ഇളിച്ചോണ്ടു പറഞ്ഞു.

''മലക്കിന്റെ ഉറുമാലിന്റെ അറ്റം ഞാൻ തൊട്ടക്ക്ണ്.''

സാധാരണയായി ഓൻ ആരോടും ഒന്നും ചോദിക്കാറും പറയാറുമില്ല. ആരെങ്കിലും എന്തെങ്കിലും ചോദിച്ചാൽ തന്നെയും അത് വളരെ അടുപ്പമുള്ളവരാണെങ്കിൽ തന്നെ വേണച്ചാലേ ഓനെന്തെങ്കിലും പറയു.

മുൻപും ഇവൻ പറഞ്ഞു കേട്ടിട്ടുണ്ട് ഇമ വെട്ടാതെ ദൂരേക്ക് നോക്കിയിരുന്നാൽ സ്വർഗത്തിന്ന് ബരണ മലക്കിന്റെ ക്ജമ്മന്നു കൊയിഞ്ഞു വീയണ നുറുക്കും പൊരിയവിലും പറന്നു നടക്കണ കാണന്ന്.

''ജ്ജെങ്ങടാമണ്ടുന്നത് കുഞ്ഞമ്മദേ?''

എന്നും കാണുന്നതെങ്കിലും കദീസുമ്മ അവന്റെ കോലം ആദ്യമായെന്ന പോലെ നോക്കി നിന്നു.

മെലിഞ്ഞുണങ്ങിയ ശരീരം, കഴുത്തിന് താഴെ പുറത്തൊരു കൂന്, തലയിൽ കുത്തനെ എഴുന്നേറ്റ് നിൽക്കണ മുടി, കറുപ്പും ചുവപ്പും കലർന്ന് പാതി ദ്രവിച്ച് മുറിഞ്ഞ പല്ലുകൾ, മുറിക്കയ്യൻ ബനിയനും മുട്ടിനു താഴെ വരെ മാത്രം ഇറക്കമുള്ള മുണ്ടും. മുണ്ടിനെ പിടിച്ചുനിർത്താൻ ഒരു ബെൽട്ടും.

ബനിയനും മുണ്ടും പണ്ട് വെളുത്ത നിറമായിരുന്നിരിക്കും, ബെൽറ്റ് പച്ചയും. ഇപ്പൊ ഇതെല്ലം ഏത് നിറമെന്ന് പറയാൻ കഴിയില്ല.

മറുപടി പറയാതെ നഗ്നപാദനായി അവൻ പോയിക്കഴിഞ്ഞിരുന്നു.

കദീസുമ്മ ആടിന്റെ കയർ വലിച്ച് ഇരുമ്പൻ പുളിമരത്തിൽ കെട്ടിയിട്ട് പിറുപിറുത്തുകൊണ്ട് തിരിഞ്ഞു നടന്നു.

'എന്താ ചെയ്യണെ, അലവിക്കാ ഉള്ള കാലത്രേം ഓനെ നോക്കീനി. ഇപ്പൊ കുപ്പായം തിരുമ്പാനൊ പൈക്കണേന് എന്തെങ്കി കയിക്കനോ നാട്ടാര് ബിസാരിച്ചാലായി.'

കദീസുമ്മ തന്റെ പേരക്കുട്ടിയെ നീട്ടി വിളിച്ചു പറഞ്ഞു

''ചെറിയോളെ, ജ്ജ് ആ കുഞ്ഞമ്മദിന്നു രണ്ടു കസ്നം പൂളകേങ് പുയിങ്ങിയതും അര മൊന്ത ചായയും കൊണ്ട കൊടുക്കിനീ.''

ഉമ്മയുടെ ചിന്ത പിന്നോട്ട് പോയി. അലവിക്കയും തന്റെ മാപ്പിള അന്ത്രുമാങ്കായും ഒന്നിനൊന്നു പോരുന്ന തുണകളായിരുന്ന കാലം.

പുതു മയക്ക് ഏറ്റിന് പെട്രോമാക്സും തണ്ടാടി വലയും അരിയ കൊടുവാളുമായി മീൻ പിടിക്കാൻ പോണതും, നാട്ടാരെ ആരെയെങ്കിലും വല്ല ഇഴജാതിയും തീണ്ടിയാൽ കസേരമ്മേലിരുത്തി നാരായണൻ വൈദ്യരുടെ വീട്ടിലേക്ക് എടുക്കണതും എല്ലാം.

ഓരോ ബീർപ്പിലും അള്ളാനേ നിരീച്ച് നടന്ന ന്റെ ഓല് ഇതുപോലൊരു മയക്കാലം മുയിപ്പിക്കാതങ്ങ് പോയി.

ബയ്യാലെ അലവിക്കയും.

ഓർമ്മകളിൽ നിന്നു തിരികെ വന്ന് ഉമ്മ പേരകുട്ടിയോടായി പറഞ്ഞു.

''യ്യ് വരുമ്പം ആ പയ്യിനേം പാടെ അയിച്ചോളി, കറവക്ക് നേരായിക്കണു.''

കദീസുമ്മ മറ്റുള്ളവർ ദുരിതമെന്നു പറയുന്ന തന്റെ ജീവിതത്തിന്റെ തിരക്കുകളിലേക്ക് കടന്നു.

പശുക്കറവ, തൊഴുത്ത് വൃത്തിയാക്കൽ, പാത്രം മോറൽ, കുളി നിസ്കാരം... അങ്ങിനെ...അങ്ങിനെ.

ഉമ്മയുടെ ഖുർആൻ ഓത്ത് കഴിയും മുമ്പേ മുറ്റത്തും കൂരക്കുമുകളിലെ ഓലപ്പുറത്തും മഴത്തുള്ളികൾ താളംപിടിച്ചു തുടങ്ങി.

**ഓരോ ബീർപ്പിലും അള്ളാനേ നിരീച്ച് നടന്ന ന്റെ ഓല് ഇതുപോലൊരു മയക്കാലം മുയിപ്പിക്കാതങ്ങ് പോയി.**
**ബയ്യാലെ അലവിക്കയും.**

പുറത്തെ മഴയിൽ ശബ്ദം മുങ്ങിപോകവേ ഉമ്മ ഖുർആൻ മടക്കി വച്ച് ചിമ്മിനി വിളക്കിന്റെ തിരി താഴ്ത്തി കിടക്കപ്പായിലേക്ക് ചുരുണ്ടു.

നാട്ടാരു പറയുന്നു കുഞ്ഞമ്മദിനെ പ്രസവിച്ചപ്പോ തന്നെ ഉമ്മ എന്നന്നേക്കുമായി വിട്ടു പോയീന്ന്.

എന്നാൽ കുഞ്ഞമ്മദ് പറയും അവന്റടുക്കൽ കുഞ്ഞോനേ എന്നുവിളിച്ച് ഉമ്മ ഇപ്പോഴും വരാറുണ്ടത്രെ.

ഓനൊരു ദിവ്യനാണോ എന്ന് കദീസുമ്മക്ക് പലപ്പോഴും സംശയം തോന്നീട്ടുണ്ട്.

കാരണം മലക്കും മരണപ്പെട്ടു പോയ ഉമ്മയും അവനെ കാണാൻ വരുന്നു സമ്മാനങ്ങൾ കൊടുക്കുന്നു.





ആരും ഒന്നും കൊടുത്തില്ലെങ്കിലും ദിവസങ്ങൾ ഭക്ഷണം കഴിക്കാതെ ജീവിക്കുന്നു.

നായയും കോയിയും ഓന് കൂട്ടുകിടക്കുന്നു. പൊയേലേ വെള്ളത്തിൽ ഏറെ നേരം ശ്വാസം മുട്ടാണ്ട് മുങ്ങി കിടക്കണ്.

ഇതെല്ലാം സാധരണ മനസേന്മാർക്ക് പറ്റണ പണിയാ?

ഓന്റെ ഉമ്മാനെ കാണാൻ ഓൻ പള്ളീലെ ഖബർ സ്ഥാനിൽ പോകുന്നതിനിടയിൽ മലക്ക് ആടെ വന്നിട്ടാത്രേ സമ്മാനങ്ങൾ കൊടുക്ക. മുറ്റെറമ്പിൽ വളരുന്ന മരവും രാത്രി കൂടെ കിടക്കുന്ന കോയിയും അങ്ങനെ കിട്ടിയതത്രെ.

രണ്ടും ഓന് വലിയ കാര്യാ. പിലാവോ മാവോ എന്ന് തിരിച്ചറിയാൻ പറ്റാത്ത ആ മരത്തിനു പെരുത്ത മയക്കാലത്തും ഓൻ വെള്ളം പാർന്നു കൊടുക്കും.

ചേകലോ പെടയോ എന്ന് തിരിച്ചറിയാൻ പറ്റാത്ത കോയീനെ ഓനെന്നും ഒത്തിപ്പിടിച്ചാ ഒറങ്ങാ.

ചിന്തകൾ ഉറക്കം കൊണ്ടുവന്നത് ഉമ്മയറിഞ്ഞില്ല.

കണ്ണ് തുറന്നപ്പോൾ സുബഹി നിസ്കരിക്കാൻ ഇത്തിരി വൈകിയോന്നൊരു സംശയം.

വുളു എടുത്ത് നിസ്കാരം കഴിഞ്ഞ് അടുപ്പിൽ തീ കൂട്ടി, കട്ടൻ ചായ ഇത്തിരി മോന്തി, തൊഴുത്തു വൃത്തിയാക്കി ഉമ്മ കറവയ്ക്കൊരുങ്ങി.

"അല്ല, ഒന്താ ദ്"

പൊലച്ചക്ക് ഇവനെങ്ങോട്ടാ? ബയ്യിലെ മുറ്റത്തൂടെ കുഞ്ഞമ്മദ് പായ്യാണ്.

എന്താപ്പൊ അങ്ങനെ പായാൻ?

"കുഞ്ഞമ്മദേ, യ്യ് ആടെ നിക്ക്. എന്തെ രാവിലന്നെ പായണെ?"

ശബ്ദം കേട്ട് കുഞ്ഞമ്മദ് വിറളിയോടെ കദീശുമ്മയോടു പറഞ്ഞു.

" ന്റെ മരം, ന്റെ കോയി"

അതും പറഞ്ഞ് അവൻ പൊയേട ഭാഗത്തേക്ക് ഓടിക്കൊണ്ടേയിരുന്നു.

സന്തോഷവും സങ്കടവുമൊക്കെ വന്നാൽ പുഴയിൽ ചാടി വെള്ളത്തിൽ കിടക്കലാണ് അവന്റെ ശീലം.

എന്താണു കാര്യമെന്നറിയാൻ കദീസുമ്മ പാലിന്റെ പാത്രം ഉറീമല് വച്ച് ഓന്റെ കുരക്കലേക്കു പോയി നോക്കാൻ തീരുമാനിച്ചു.

"ആരാത്? ദാമോദരനാ?" ഏറ്റുകാരനായ ദാമോദരൻ. ഇപ്പോ

"യ്യെന്താ ദാമോദര ഈടെ?"

ചെയ്യണ ജോലി നിർത്താതെ ദാമോദരൻ പറഞ്ഞു.

**കുഞ്ഞമ്മദ് പായ്യാണ്.**
**എന്താപ്പൊ അങ്ങനെ പായാൻ?**
**"കുഞ്ഞമ്മദേ, യ്യ് ആടെ നിക്ക്.**
**എന്തെ രാവിലന്നെ പായണെ?"**
**ശബ്ദം കേട്ട് കുഞ്ഞമ്മദ് വിറളി**
**യോടെ കദീശുമ്മയോടു പറഞ്ഞു**
**"ന്റെ മരം, ന്റെ കോയി"**

'കുറേക്കാലായി അതിരൊന്നു നല്ലോലെ ആക്കണം എന്ന് കരുതീട്ട്. ഇന്നാ ഇപ്പം ഒഴിവു കിട്ടീത്.

പൊട്ടനാണെങ്കിലും ഓനോടു ഞാന തങ്ങു പറഞ്ഞു, കേട്ടപ്പോ ഓനെന്തോ ബേജാറുപോലെ'

മുറ്റെറമ്പിലെ മരം ഉള്ളിലാക്കി കൊണ്ട് അതാ ദാമോദരൻ ഒരു കയറു കെട്ടി തിരിച്ചു കഴിഞ്ഞിരിക്കുന്നു.

"കുഞ്ഞമ്മദിന്റെ ഉപ്പാന്റെ കാലത്തുള്ള അതിരല്ലെ അത്, യ്യത് മാറ്റണ യെന്തിനാ?"

**'നീ പോറ്റിവളർത്താനും നീ നോക്കി നടത്താനുമാണ് നിനക്ക് ഞാൻ എല്ലാം തന്നത്. ഒന്നും നിന്റെ സ്വന്തമല്ല. എല്ലാം നീ ദാമോദരന് വിട്ടു കൊടുക്കണം.'**

കദീസുമ്മക്ക് ചോദിക്കാതിരിക്കാൻ കഴിഞ്ഞില്ല.

''ഞളെന്തെയീ പറയണ്? അങ്ങനെ മാറ്റാൻ കയിയാത്ത അതിരുണ്ടോ ഉമ്മാ''

ദാമോദരൻ അസഹ്യതയോടെ പറഞ്ഞു.

''അല്ല, അപ്പൊ കോയിയോ''

ഉമ്മയ്ക്ക് സംശയം തീർന്നില്ല.

''ദാ പ്പോ കാട്ടിത്തരാം''

എന്ന് പിറുപിറുത്തുകൊണ്ട് ദാമോദരൻ.

പൊളിഞ്ഞു തുടങ്ങിയ കൂരയുടെ ഉമ്മറത്ത് കോഴിയും പട്ടിയും മാന്തിക്കുഴിച്ച കുഴിയിലിരിക്കണ കുഞ്ഞമ്മദിന്റെ കോഴിയെ എടുത്ത് നെഞ്ചോട് ചേർത്ത് പിടിച്ചു.

കോഴി അവന്റെ കയ്യിൽ അരുമയായി ചേർന്നിരുന്നു.

കദീസുമ്മയ്ക്ക് സഹിക്കാൻ കഴിഞ്ഞില്ല.

''അത് കുഞ്ഞമ്മദിന്റെയല്ലേ ദാമോദരാ? എന്തിനാ യ്യ് എടങ്ങേറ് ഇണ്ടാക്കണേ''

''ദാ പ്പോ നന്നായെ, ഞളെല്ലാരും പാടെ പറഞ്ഞ ദെല്ലാം ഓന്റെയാവ്വോ?''

ദാമോദരൻ ദേഷ്യമടക്കി നിർത്തി.

കദീസുമ്മയുടെ നെഞ്ച് പിടഞ്ഞുകൊണ്ടിരുന്നു.

ഉള്ളുരുകി അവര് പ്രാർത്ഥിച്ചു

''ന്റെ റബ്ബേ ആ പാവത്തിനെ വേദനിപ്പിക്കാതെ കാക്കണേ''

പ്രാർത്ഥിച്ച് കഴിഞ്ഞു കണ്ണ് തുറന്നതും കുഞ്ഞമ്മദ് അതാ മുന്നിൽ. കുഞ്ഞമ്മദ് ഉമ്മറത്തിണ്ണയിൽ കാലുമടക്കി നിസ്കരിക്കാനെന്നപോലെ ഇരുന്നു.

''അനക്ക് എല്ലാം തന്നത് മലക്ക് അല്ലെ കുഞ്ഞമ്മദേ, യ്യ് മലക്കിനോട് പറയി'' ഉമ്മ പറഞ്ഞു.

കൈകൾ മലർത്തി നീട്ടിപ്പിടിച്ച് ഇരുന്ന ഇരുപ്പിൽ അവൻ പ്രാർത്ഥിച്ചു.

''അള്ളാഹു അക്ബർ...'' ക്രമേണ മലക്ക് അവനോട് സംസാരിക്കുന്നത് കദീസുമ്മ കേട്ട് തുടങ്ങി.


''നീ പോറ്റിവളർത്താനും നീ നോക്കി നടത്താനുമാണ് നിനക്ക് ഞാൻ എല്ലാം തന്നത്. ഒന്നും നിന്റെ സ്വന്തമല്ല. എല്ലാം നീ ദാമോദരന് വിട്ടു കൊടുക്കണം.''

അവസാനം കുഞ്ഞമ്മദിനെ മലക്കും കൈ വിട്ടിരിക്കുന്നുവെന്ന സത്യം കദീസുമ്മ വേദനയോടെ മനസിലാക്കി.

അവൻ നീണ്ട ഉറക്കത്തിലേക്ക് കടക്കും മുൻപ് നീട്ടി വിളിച്ചു

''അള്ളാഹു അക്ബർ...''

ooo





# കാർല



ശ്രീജിത്ത് ഗോവിന്ദ്
ഫോട്ടോഗ്രാഫർ
ജില്ലാ ആശുപത്രി, കണ്ണൂർ

ഞാൻ നിങ്ങളോട് കാർലയെ കണ്ട കഥ പറയട്ടെ...?

ക്ലാരയെ പോലുള്ളൊരു കാർല!

ക്ലാരയെ ഓർമ്മയില്ലേ..?

മണ്ണാറത്തൊടി ജയകൃഷ്ണന്റെ ഹൃദയമിടിപ്പായിരുന്ന ക്ലാര...

പെയ്യുന്ന മഴയിൽ പ്രണയവും കൊണ്ട് വന്ന നമ്മുടെ സ്വന്തം ക്ലാര.

അവളെപ്പോലൊരു പെണ്ണ് സ്പെയിനിൽ നിന്നും എന്റെ മുൻപിലെത്തി എന്ന് പറഞ്ഞാൽ വിശ്വസിക്കുമോ..?

എന്നാൽ തുടങ്ങാം... ല്ലേ...

സീൻ തുടങ്ങുന്നത് മരുഭൂമിയിലാണ്...

പറയാൻ മറന്നു

ഇതിൽ മഴ പ്രതീക്ഷിക്കരുത്.

നല്ല പൊടിക്കാറ്റ് വേണേൽ തുടക്കം മുതൽ ഒടുക്കം വരെ വരുത്താം...

അന്ന്...

മരുഭൂമിയിൽ ചൂട് കാലത്തിന്റെ വരവറിയിച്ചു കൊണ്ട് പൊടിക്കാറ്റടിക്കുന്നു.

കണ്ണും മൂക്കും നീറുന്ന, കെട്ടിടങ്ങൾക്ക് മണ്ണിന്റെ നിറം ചാർത്തുന്ന പൊടിക്കാറ്റ്.

അങ്ങിങ്ങ് കിളിർത്ത പുൽനാമ്പുകൾ ഏറിവരുന്ന ചൂട് കാരണം കരിഞ്ഞുണങ്ങാൻ തുടങ്ങിരിക്കുന്നു.

ഒരാഴ്ചയായി മനസിനാകെ ഒരു വല്ലായ്മ...

ഒറ്റപ്പെടൽ.

നല്ല ഒരു സുഹൃത്ത് അടുത്തില്ലാത്തതിന്റെ കുറവ് ഒറ്റപ്പെടലിന്റെ തീഷ്ണത കൂട്ടുന്നു.

നാട് കാണാനുള്ള ആഗ്രഹം മനസ്സിൽ അടക്കാൻ കഴിയാത്ത പോലെ.

മൂഡൊക്കെ ഒന്ന് മാറ്റിയെടുക്കാൻ ഒരു യാത്ര അത്യാവശ്യമാണെന്ന് തോന്നി. യാത്രകൾ ഉറങ്ങിക്കിടക്കുന്ന മനസിന് ഉണർവേകും എന്ന് കേട്ടിട്ടില്ലേ.

ഡ്രൈവിങ്ങിനിടെ ഉറങ്ങാതിരിക്കാൻ
ലോകത്തെല്ലാ ഭാഷയിലെയും
ഗാനങ്ങൾ അവിയൽ പരുവത്തിലാക്കി
പെൻഡ്രൈവിലോട്ടു കയറ്റി..
വണ്ടി സ്റ്റാർട്ട് ചെയ്തത് മുതൽ
പാട്ടു തകർക്കാൻ തുടങ്ങി.

സുഹൃത്തിനെ കാണാനും കുറച്ചു ദിവസം ഉല്ലസിക്കാനും വേണ്ടി ദുബായിലേക്കൊരു യാത്ര പ്ലാൻ ചെയ്തു.

അവനവിടെ സാമാന്യം തരക്കേടില്ലാത്ത ജോലി.

നീണ്ട യാത്രയാണ്.

അതും ഒറ്റക്ക്.

ഡ്രൈവിങ്ങിനിടെ ഉറങ്ങാതിരിക്കാൻ ലോകത്തെല്ലാ ഭാഷയിലെയും ഗാനങ്ങൾ അവിയൽ പരുവത്തിലാക്കി പെൻഡ്രൈവിലോട്ടു കയറ്റി..

വണ്ടി സ്റ്റാർട്ട് ചെയ്തത് മുതൽ പാട്ടു തകർക്കാൻ തുടങ്ങി.

ഒറ്റക്ക് ഡ്രൈവ് ചെയ്യുമ്പോൾ ചില ഗാനങ്ങൾ നിങ്ങളെ കാറിനുള്ളിൽ നൃത്തം ചെയ്യാൻ പ്രേരിപ്പിയ്ക്കും.

ചിലത് നിങ്ങളെ ഗൃഹാതുരത്വത്തിന്റെ മുറിയുന്ന വേദനയിലേക്ക് കൊണ്ട് പോകും.

ഒമാൻ.. അൽ ഐൻ ബോർഡർ പോസ്റ്റിലെത്തി.

നല്ല ആൾക്കൂട്ടമുണ്ട്.

യൂറോപ്യൻസ്, അറബി, പാകിസ്താനി, ഫിലിപ്പിനി, ബംഗാളി പിന്നെ നാനാവിധ ഇന്ത്യക്കാരും കാത്തു നിൽക്കുന്നുണ്ട്.

എമിറേറ്റ്സിലേക്ക് കടക്കണമെങ്കിൽ വിസ കിട്ടണം. അതിനാണീ തിരക്ക്.

ചെക്കിങ്ങൊക്കെ കഴിഞ്ഞ് വിസ സ്റ്റാമ്പ് ചെയ്ത് പോകാൻ നേരം അവിടെ ഇരുന്ന ഏമാൻ ഒറ്റച്ചോദ്യം.

''വെയ്ൻ റോ..?''

എങ്ങോട്ടാ മച്ചാനെ എന്നർത്ഥം

ദുബായിലേക്കാണെന്നു പറഞ്ഞപ്പോൾ ദേ അവിടെ നിൽക്കുന്ന പെണ്ണിനേയും കൂട്ടിക്കോ നേരെ ദുബായിലിറക്കണം എന്നും ഏമാൻ..

എന്റെ മുൻപിൽ ആറടി ഉയരത്തിലൊരു മദാമ്മ..!

ഒരു മദാമ്മയുടെ കൂടെ ദുബായ് വരെ ഒരു യാത്ര..

ഒരു ചെറ്യേ ലഡ്ഡു വൊക്കെ പൊട്ടാനുള്ള തരമുണ്ട്.

അത് കൊള്ളാം. ഞാൻ ഓക്കേ പറഞ്ഞു.

വെള്ളിയാഴ്ച ഉച്ച സമയം ആയതു കാരണം അവൾക്ക് ടാക്സി കിട്ടിയില്ല. അതാണ് കാര്യം.

ആറടി ഉയരക്കാരി കാറിൽ കയറുമ്പോൾ ഏമാൻ എന്നെ നോക്കി കണ്ണുരുട്ടി. വല്ല കുരുത്തക്കേടും ഒപ്പിച്ചാൽ നീ വിവരമറിയും എന്ന് പറയുന്നതുപോലെ തോന്നി എനിക്ക്.

അവൾ നല്ല പെർഫ്യൂമിന്റെ സുഗന്ധവുമായി എന്റെ അടുത്ത് വന്നിരുന്നു.

പിങ്ക് ടോപ്പും നീല ജീൻസും

മെലിഞ്ഞ കയ്യിൽ പല നിറങ്ങളിൽ ചരടുകൾ കെട്ടിയിരിക്കുന്നു.

നല്ല ഐശ്വര്യമുള്ള മുഖം

കറുത്ത മുടി കഴുത്തറ്റം വരെ വെട്ടിയിരിക്കുന്നു. സ്വർണ്ണമുടി അവൾക്കല്ലേലും ചേരില്ല എന്നെനിക്ക് തോന്നി.

മുഖം വളരെ അടുത്തു കണ്ടപ്പോൾ എനിക്ക് സുമലതയെ ഓർമ്മ വന്നു.

ആ വലിയ കണ്ണുകളും ചുണ്ടിന്റെ കോണിലെ പുഞ്ചിരിയും അതെ പോലെ.

പെട്ടെന്ന് ഞാൻ ഓർത്തു പോയി തൂവാനത്തുമ്പികളിലെ ക്ലാരയെ.

തൂവാനത്തുമ്പികൾ സിനിമ കണ്ട തിനു ശേഷം അങ്ങനെയൊരു സൂക്കേടുണ്ട്. മെലിഞ്ഞു നീണ്ട പെണ്ണുങ്ങളെ കണ്ടാൽ ക്ലാരയെ ഓർമ്മ വരും.

ഒരു മഴ കൂടി പെയ്താൽ തകർത്തേനെ. പക്ഷെ എരിയുന്ന വെയിലാണ് പുറത്ത്.

പണ്ട് പരീക്ഷ എഴുതാൻ തൃശ്ശൂരിൽ പോയപ്പോൾ ക്ലാരയുടെ മുഖച്ഛായ ഉള്ള ഒരു പെണ്ണിനെ കണ്ട കാര്യം ഞാനോർത്തു.

അന്ന് അവളുടെ പുറകെ വടക്കുംനാഥന്റെ അമ്പലം വരെ ഓടിയതോർത്ത് ഞാനൊന്നു നെടുവീർപ്പിട്ടു.

"ഐ ആം കാർല. കാർല അബ്രിൽ ഫ്രം മാഡ്രിഡ്... സ്പെയിൻ..."

അവൾ മെലിഞ്ഞ നീണ്ട കൈകൾ എന്റെ നേരെ നീട്ടി ഹൃദ്യമായി ചിരിച്ചു.

എന്റെ മനം നിറഞ്ഞു.

ബ്ലൂ നെയിൽ പോളിഷിട്ട നല്ല വൃത്തിയുള്ള കൈകൾ.

കാർല... ആ പേരിനു പോലും സാമ്യം!

കൈ കൊടുത്തപ്പോൾ എന്തോ എനിക്ക് കുളിരു കോരി..

അവൾ മസ്കറ്റിൽ നിന്നും വരുന്നു.

ഒരാഴ്ചത്തെ ദുബായ് വിസിറ്റിന്.

കൂടെ അവളുടെ ചിരകാലാഭിലാഷമായ സ്കൈ ഡൈവും കൂടെ ചെയ്യാൻ.. അങ്ങോട്ടുള്ള യാത്രയിൽ മറ്റെല്ലാ ഭാഷയും ഒഴിവാക്കി ഞാൻ ഇംഗ്ലീഷ് പാട്ടു മാത്രം പ്ലേ ചെയ്തു.

ബേബി പുൾ മി ക്ലോസെർ ഓൺ ദി ബാക് സീറ്റ് ഓഫ് യുർ റോവർ...

ചെയിൻസ്മോക്കേറിന്റെ മാസ്മരിക ശബ്ദം കാറിനുള്ളിൽ നിറഞ്ഞു...

അവൾ ഒരു റെഡ് ബുള്ളും നുണഞ്ഞു തലയാട്ടി ഇരിക്കുന്നുണ്ട്.

ഇടയ്ക്കിടെ പാട്ടിനൊപ്പം ചുണ്ടുകൾ ചലിപ്പിക്കുന്നുണ്ട്.

നീണ്ടു കിടക്കുന്ന അലൈൻ ദുബായ് ഹൈവേ. കത്തിക്കാളുന്ന സൂര്യൻ കാറിൽ അലയടിക്കുന്ന പോപ്പ് മ്യൂസിക്.

അടുത്ത് ക്ലാരയെപ്പോലൊരു മദാമ്മ.

ശ്രീനിവാസന്റെ പഴയ ഒരു പാട്ട് കാറിലെ ജസ്റ്റിൻ ബീബറിന്റെ പാട്ടിനെയും തോപ്പിച്ച് എന്റെ മനസ്സിലേക്കോടിയെത്തി.

സ്വർഗ്ഗത്തിലോ സ്വപ്നത്തിലോ...

സങ്കൽപ്പ മന്ദാര ലോകത്തിന്റെ...

"കാൻ യു പ്ലീസ് സ്റ്റോപ്പ് ദാറ്റ് മ്യൂസിക്.. ഇട്സ് ടൂ നോയിസി.."

കാർലയുടെ ശബ്ദം എന്നെ ഉണർത്തി.

**ഐ ആം കാർല,
കാർല അബ്രിൽ ഫ്രം മാഡ്രിഡ്...
സ്പെയിൻ...
അവൾ മെലിഞ്ഞ നീണ്ട കൈകൾ
എന്റെ നേരെ നീട്ടി ഹൃദ്യമായി
ചിരിച്ചു. എന്റെ മനം നിറഞ്ഞു.**

ഞാൻ മ്യൂസിക് ഓഫ് ചെയ്ത് മുന്നിൽ കൂടി അസ്ത്രം പോലെ പാഞ്ഞു പോയ ഒരു ചുവന്ന ഫെറാരിയെ അസൂയയോടെ നോക്കി.

നമ്മുക്ക് സംസാരിക്കാം എന്നുള്ള അവളുടെ ചോദ്യത്തിന് ഞാൻ തലയാട്ടി. മനസ്സ് തുറന്നുള്ള സംസാരം കുറയുന്നതാണല്ലോ ഇന്നത്തെ ഏറ്റവും വലിയ പ്രശ്നം.

"ഹാവ് യു ബീൻ ഇൻ സ്പെയിൻ.?"


ചോദ്യം കേട്ട് ഞാൻ അവളുടെ മുഖത്തേക്ക് നോക്കി.

പിന്നെ.. സ്പെയിനിലേക്കു വന്നിട്ടുണ്ടോന്നോ?

സ്പെയിനിലേക്ക് പോകാന്നു വെച്ചാൽ എന്റെ വീട്ടിന്നു കണ്ണൂർ ടൗണിലേക്ക് പോന്നത്ര ഈസിയല്ലേ.

എന്റെ മദാമ്മേ കേരളത്തിന്റെ നെല്ലറയായ പാലക്കാട് പോലും ശരിക്ക് കണ്ടിട്ടില്ല പിന്നെയല്ലേ സ്പെയിൻ...

ആകാംഷയോടെ എന്നെ



നോക്കുന്ന അവളോട് നിഷേധാർത്ഥത്തിൽ തലയാട്ടി.

വളരെ മനോഹരമാണ് സ്പെയിൻ എന്നും, ജനങ്ങളുടെ ഫുട്ബോൾ പ്രേമം, തക്കാളി ഉത്സവം, ബുൾഫൈറ്റ്, സ്വാതന്ത്ര്യത്തിനു ശ്രമിക്കുന്ന കാറ്റലോണിയ അങ്ങനെ ഒരുപാട് കാര്യങ്ങൾ അവൾ പറഞ്ഞു.

അവസരം ഒത്തുവന്നാൽ വരണം..

തീർച്ചയായും എന്ന് ഞാനും.

നടന്നത് തന്നെ എന്നെന്റെ മനസ്സും പറഞ്ഞു.

കുശല പ്രശ്നങ്ങളിൽ അവൾ പറഞ്ഞു ഇന്ത്യയിൽ വന്നിട്ടുണ്ട്. കേരളത്തിലും വന്നു.

എന്തിന്.. കണ്ണൂർ ബീച്ചിലെ ലൈറ്റ് ഹൗസ് വരെ അവൾ സന്ദർശിച്ചിട്ടുണ്ട്.

അതും ഒറ്റക്ക്.

കൊച്ചി മറൈൻ ഡ്രൈവിലൂടെ ഒറ്റക്ക് രാത്രി നടന്നിട്ടുണ്ട്.

പ്രശ്നങ്ങളൊന്നും ഉണ്ടായില്ലേ..? എന്ന എന്റെ ചോദ്യത്തിന് എന്ത് പ്രശ്നം എന്നവൾ തിരിച്ചു ചോദിച്ചു.

അതെന്താ പെണ്ണിനൊറ്റക്ക് പോകാൻ അവകാശമില്ലേ?

അല്ല നാട്ടിലൊന്നും പെൺകുട്ടികൾ അസമയത്ത് ഒറ്റയ്ക്ക് പുറത്തിറങ്ങാറില്ല.

ഞാൻ കുറെ ഉദാഹരിച്ചു.

ഡൽഹി നിർഭയ കേസും.

മദാമ്മയെ അപമാനിച്ച നാട്ടുകാരും റേപ്പും ബാലപീഡനവും.

അവളുടെ മുഖത്തു ചുവപ്പ് പടർന്നു.

എന്തൊരു സ്ഥലമാണ് നിങ്ങളുടേത്.. നാണക്കേട്..

പച്ചമലയാളമല്ലേ അവൾ പറഞ്ഞത്?!

ഉത്തരമില്ലാതെ അവളുടെ മുന്നിൽ നാണം കെട്ട് ഞാനിരുന്നു.

അഭ്യാസവും കൊണ്ട് എന്റടുത്തു വരട്ടെ വിവരമറിയും..

കൈ ചുരുട്ടി അവൾ പറഞ്ഞു.

അവളുടെ തന്റേടം എന്നെ അതിശയിപ്പിച്ചു.

നാട്ടിലെ ഫെമിനിസ്റ്റുകളൊക്കെ തൊറ്റു തുന്നം പാടി കണ്ടം വഴി ഓടും.

ലഞ്ച് ടൈമിന് ഹൈവേ സൈഡിലുള്ള ഒരു ഹോട്ടലിൽ കയറിയപ്പോൾ അവൾ ചിക്കൻ ബിരിയാണിക്ക് ഓർഡർ ചെയ്തത് കേട്ടപ്പോൾ എന്റെ കണ്ണ് തള്ളിപ്പോയി.

**പച്ചമലയാളമല്ലേ അവൾ പറഞ്ഞത്?! ഉത്തരമില്ലാതെ അവളുടെ മുന്നിൽ നാണം കെട്ട് ഞാനിരുന്നു.**

ബിരിയാണിക്ക് മുന്നിൽ തുറിച്ച കണ്ണുകളുമായി ഇരുന്ന എന്റെ മുന്നിലിരുന്നു അവൾ ചിക്കൻ കാൽ കടിച്ചു വലിച്ചു.

മദാമ്മ കത്തിയും മുള്ളും ഉപയോഗിച്ച് മാത്രമേ ഞാൻ ഇതുവരെ കണ്ടിട്ടുള്ളൂ. സത്യം.

പോകുന്ന പോക്കിൽ വഴിവക്കിലെ ചുവന്ന മണ്ണുള്ള മരുഭൂമിയുടെ പശ്ചാത്തലത്തിൽ ഒരു ഫോട്ടോ വേണമത്രേ അവൾക്ക്..

വണ്ടി നിർത്തി ഫോട്ടോ എടുക്കുമ്പോൾ ഞാൻ അവളെ പ്രാകി.

വേലിയിൽ കിടന്ന പാമ്പിനെ എടുത്ത് എങ്ങാണ്ടോ വെച്ചതുപോലൊരു ഫീൽ...

വികൃതി അടയാളം കാണിച്ചു ചിരിച്ച് കൊണ്ട് നിൽക്കുന്ന അവളുടെ ഫോട്ടോ കാണിച്ചപ്പോൾ അവൾ പറഞ്ഞു.

"ഓ മാൻ! ടേക്ക് പ്രോപ്പർലി.."

ഞാനെടുത്ത ഫോട്ടോ ശരിയായില്ലത്രേ.

നോക്കണേ എന്റെയൊരു യോഗം.

വെയിലിനു കത്തുന്ന ചൂടായിരുന്നു.

കൺപീലി പോലും ഉരുകിപ്പോകുന്നുണ്ടോ എന്നൊരു സംശയം..

അപ്പോളാ അവളുടെ ഒരു ഫോട്ടോ സെഷൻ.

യാത്ര തുടർന്നപ്പോൾ അവൾ എന്റെ മുഖത്തു സൂക്ഷിച്ചു നോക്കികൊണ്ട് പറഞ്ഞു.

"യു ആർ ടു സീരിയസ്.."

ഇന്ത്യൻസ് പൊതുവെ ഭയങ്കര സീരിയസ് ആണത്രേ.

ശരിയാണ്. പ്രത്യേകിച്ച് കേരളക്കാർ.

ആഴ്ചയിൽ ആറ് ദിവസം കഠിനാ

ധ്യാനം ചെയ്ത് ഞായറാഴ്ച വീട്ടിൽ ചടഞ്ഞു കൂടി ടിവിയും കണ്ടു പരസ്പരം ചെറിയകാര്യങ്ങൾക്കു പോലും കലഹിച്ചു വീട്ടിലെ സമാധാനം കളയുന്നവർ.

വീണ്ടും പിറ്റേന്ന് മുതൽ മനം മടുപ്പിക്കുന്ന ജോലിയിലേക്ക്.

ബാങ്കിൽ പണം സേവ് ചെയ്യുന്നത് പോലെ മനസ്സിൽ ടെൻഷനും അടുക്കിക്കൂട്ടി വെയ്ക്കുന്നു.

സീരിയസ് ആയില്ലെങ്കിലേ അത്ഭുതമുള്ളൂ.

എന്നാൽ യൂറോപ്യൻസ് ശനിയാഴ്ച രാത്രി പാർട്ടികളിൽ പോയി ഒരാഴ്ചത്തെ ടെൻഷൻ തീർക്കുന്നു.

അവൾ പറഞ്ഞത് സത്യം..

സമ്മതിക്കാതെ തരമില്ല.

"ചീർ അപ്പ് മാൻ..!

ലൈഫ് ഈസ് ഫോർ എൻജോയ്മെന്റ്."

അവൾ എന്റെ ചെവിട്ടിനകത്തു വന്നു അലറി.

ഞാനൊന്നു ഞെട്ടി.

ചെവിക്കല്ല് പൊട്ടും പോലെ തോന്നി എനിക്ക്.

അതൊക്കെ ശരി മദാമ്മേ.

സ്പെയിൻ പോലെയല്ല ഇന്ത്യ...

ചീർ അപ്പ് ചെയ്യാൻ മാത്രം പണം ഇവിടെ അംബാനിയുടെ കയ്യിലെ ഉള്ളൂ...

അഞ്ചു കൊല്ലം മുൻപ് തുടങ്ങിയ വീടുപണി ഇപ്പോഴും ഒരു ചോദ്യ ചിഹ്നമായി മുന്നിലുണ്ട്.

അപ്പോഴാ അവളുടെ ഒരു ചീർ അപ്പ്.

ഞാൻ പിറുപിറുത്തു...

"വാട്ട്..?"

അവൾ ചെവി കൂർപ്പിച്ചു ചോദിച്ചു.

"നതിംഗ് മാഡം."

ഞാൻ ചിരിച്ചു കൊണ്ട് പറഞ്ഞു.

നമ്മൾക്കൊക്കെ ചീർ അപ്പ് എന്ന് പറഞ്ഞാൽ രണ്ടെണ്ണം വിട്ട് മറ്റുള്ളവന്റെ മെക്കിട്ടു കേറി അവനു പണിയുണ്ടാക്കുക അത്ര തന്നെ.

പാവം പെണ്ണുങ്ങൾക്ക് അതിനു പോലും അവകാശമില്ല.

അവരൊക്കെ എങ്ങനാണോ ചീർ അപ്പ് ചെയ്യുന്നത്.

ഞാനൊരു നിമിഷം എന്റെ അമ്മ പെങ്ങന്മാരെ പറ്റി ചിന്തിച്ചു പോയി.

സദാ സമയം മക്കളുടെയും ഭർത്താവിന്റെയും സഹോദരന്മാരുടെയും താല്പര്യങ്ങൾ നോക്കി കാലം കഴിക്കുക.

എനിക്ക് ശ്വാസം മുട്ടുന്നത് പോലെ തോന്നി.

വിഷമങ്ങളൊക്കെ മറക്കൂ..

"ബി പോസിറ്റീവ്... ഓക്കേ?"

അവൾ എന്നെ ഉപദേശിച്ചു.

ഞാൻ തലയാട്ടി.

"ഹേയ് മാൻ സ്റ്റോപ്പ്..

ദിസ് ഈസ് ദി പ്ലേസ്..!"

അവൾ ദിഗന്ധം പൊട്ടുമാറ് ആർത്തു വിളിച്ചു.

റോഡ് സൈഡിൽ കുറച്ചകലെ നിൽപ്പുണ്ടായിരുന്നു ആ ബിൽഡിംഗ്.. സ്കൈ ദുബായ്...

വണ്ടി സൈഡാക്കി ഞങ്ങൾ പുറത്തിറങ്ങി.

ദൂരെ വിണ്ണിൽ നിന്നും പറന്നിറങ്ങുന്ന ഒരു പൊട്ടിന്റെ അത്രയും വണ്ണം തോന്നിക്കുന്ന പാരച്ചൂട്ടുകളെ നോക്കി അവൾ അത്ഭുതം കൊണ്ടു.

ഒരു കുട്ടിയുടെ കൗതുകമായിരുന്നു അപ്പോൾ ആ കണ്ണുകളിൽ.

അനുഭവിക്കുന്ന സ്വാതന്ത്ര്യത്തിന്റെ സംതൃപ്തി കണ്ണുകളിൽ കാണാനുണ്ട്.

തിരിച്ചു വണ്ടിയിൽ കയറുമ്പോൾ അവൾ പറഞ്ഞു.

ദുബൈയിൽ പോയി അവളുടെ ഫ്രണ്ടുമായി ഇവിടേയ്ക്ക് തിരിച്ച് വരും. പരിശീലനത്തിന് ശേഷം അവൾ തന്റെ സ്വപ്നത്തിലേക്ക് പറന്നിറങ്ങും.

അവൾ എന്നെയും ക്ഷണിച്ചു സ്കൈ ഡൈവിങ്ങിന്.

സത്യം പറഞ്ഞാൽ യു ട്യൂബിൽ കുഞ്ചാക്കോ ബോബൻ ചെയ്ത് കണ്ട

**സദാ സമയം മക്കളുടെയും ഭർത്താവിന്റെയും സഹോദരന്മാരുടെയും താല്പര്യങ്ങൾ നോക്കി കാലം കഴിക്കുക. എനിക്ക് ശ്വാസം മുട്ടുന്നത് പോലെ തോന്നി.**

പ്പോൾ എനിക്കും ആഗ്രഹമുണ്ടായിരുന്നു അങ്ങനൊന്ന്.

പക്ഷെ അതിനു പറ്റിയ മാനസിക, സാമ്പത്തിക ചുറ്റുപാടിലല്ലായിരുന്നു ഞാനപ്പോൾ.

നെക്സ്റ്റ് ടൈം... ഞാൻ പറഞ്ഞു.

ദുബായ് നഗരത്തിന്റെ ലക്ഷണങ്ങൾ കണ്ടു തുടങ്ങി.

മേലെ ആകാശം തൊട്ടെന്ന പോലെ നിൽക്കുന്ന ബുർജ് ഖലീഫയുടെ അഗ്രം ദൃശ്യമായി.

രണ്ടു ദിവസം കഴിഞ്ഞു അവൾ ആ സ്ഥാപനത്തിലേക്ക് പോകുമെന്നും ട്രെയിനിങ്ങിനുശേഷം ഡൈവിംഗ് ആണെന്നും അത് കാണാൻ എന്നെ വിളിക്കാമെന്നും ഒന്നിച്ചു മടങ്ങാമെന്നും പറഞ്ഞു അവൾ ദേര ദുബായിലിറങ്ങി.

''ഗ്രേസിയസ് മൈ ഫ്രണ്ട്..''

എന്റെ കൈകുലുക്കി അവൾ പറഞ്ഞു.

(ആ സ്പാനിഷ് വാക്കിന്റെ അർത്ഥം ഞാൻ പിന്നെ ഗൂഗിളിൽ തപ്പി കണ്ടു പിടിച്ചു... നന്ദി...)

ടാറ്റ പറഞ്ഞു അവളൊരു ടാക്സിയിൽ കയറി പോയി.

തിരിച്ചു സുഹൃത്തിന്റെ ജോലി സ്ഥലമായ ബുർ ദുബായിലേക്ക് പോകുമ്പോഴും അവളുടെ പെർഫ്യൂമിന്റെ ഗന്ധം കാറിലുണ്ടായിരുന്നു.

അവൾ പകർന്ന ഊർജ്ജം എന്റെ കൂടെയും.

സുഹൃത്തിന്റെ കൂടെ ദിവസങ്ങൾ പോയതറിഞ്ഞില്ല...

ജുമൈറ ബീച്ചും ബുർജ് ഖലീഫയും പൂക്കൾ നിറഞ്ഞ മിറക്കിൾ ഗാർഡനും ചിത്ര ശലഭങ്ങളുള്ള ബട്ടർഫ്ളൈ ഗാർഡനും എല്ലാം കണ്ട് അവന്റെ പോക്കറ്റ് കാലിയായി എന്ന് പറഞ്ഞാൽ മതിയല്ലോ.

നാലാം ദിവസം വൈകിട്ട് കാർലയുടെ വിളി വന്നു.

''റ്റുമാറോ ഐ ആം ഗോയിങ് ടു ഡൈവ്..!''

നാളെ അവൾ ആകാശത്തു നിന്നും ചാടുന്നു...

അത് കഴിഞ്ഞ് തിരിച്ചു മസ്കറ്റിനുണ്ട്.

ഒന്നിച്ചു പോകാം.

സുഹൃത്തുമൊന്നിച്ചു മട്ടുപ്പാവിലെ ഓപ്പൺ ബാറിലിരുന്ന് ഓരോ ഡ്രിങ്ക്സ് നുണയുമ്പോഴും കാർലയായിരുന്നു എന്റെ മനസ്സിൽ.

പൊടുന്നനെയുള്ള ഒരു ചാറ്റൽ മഴ പോലെ എന്റെ കാറിലേക്ക് കയറി വന്ന കാർല.

താഴെ വെളിച്ചത്തിൽ കുളിച്ച് കിടക്കുന്ന ദുബായ് നഗരത്തിലെവിടെയോ അവളുണ്ട്..

ജീവിതത്തിനെ അതിന്റെ എല്ലാ സ്വാതന്ത്ര്യത്തോടെയും അനുഭവിക്കുന്നൊരു പെണ്ണ്...

ഞാനടുത്തു പരിചയപ്പെട്ട ആദ്യത്തെ ഫെമിനിസ്റ്റായിരുന്നു അവൾ.

അന്ന് രാത്രി കണ്ട സ്വപ്നത്തിൽ ഞാനും കാർലയും മേഘം പുത്തുതുടങ്ങി പാട്ടും പാടി ജുമൈറ ബീച്ചിൽ കൂടി അലഞ്ഞുനടന്നു.

... ... ...

പിറ്റേന്ന് പാം ജുമൈറയിൽ ഞാൻ കണ്ടു..

മേലെ ആകാശത്തിൽ നിന്നും പറന്നിറങ്ങുന്ന പല നിറത്തിലുള്ള അപ്പൂപ്പൻ താടികൾ.

അതിലൊന്നിൽ അവളായിരുന്നു...

ഡൈവിംഗ് വസ്ത്രങ്ങളണിഞ്ഞു ട്രെയ്നറോടൊപ്പം അവളും അവളുടെ സുഹൃത്തും പുറത്തേക്കിറങ്ങി വന്നു...

''ഐ ഡിഡ് ഇറ്റ് മാൻ...!!''

അലറി വിളിച്ചു കൊണ്ട് ഓടിവന്ന് അവൾ എന്നെ ആശ്ലേഷിച്ചു.

കമുകിന്റെ ചുവട്ടിലുള്ള കുറുന്തോട്ടിക്ക് സമയമായിരുന്നു ഞാനപ്പോൾ...

അടുത്ത പ്രാവശ്യം നമ്മൾ രണ്ടാളും ഒരുമിച്ച് ചെയ്യും ഓക്കേ?

ഞാൻ വെറുതെ തലയാട്ടി.

എനിക്കറിയാം അവളിനി ഒരിക്കലും

**സുഹൃത്തിന്റെ ജോലി സ്ഥലമായ ബുർ ദുബായിലേക്ക് പോകുമ്പോഴും അവളുടെ പെർഫ്യൂമിന്റെ ഗന്ധം കാറിലുണ്ടായിരുന്നു. അവൾ പകർന്ന ഊർജ്ജം എന്റെ കൂടെയും .**

എന്റെ മുൻപിൽ വരില്ലെന്ന്.

മടക്കയാത്രയിലൊക്കെ അവൾ പറയുന്നുണ്ടായിരുന്നു.

താഴേക്ക് പറന്നിറങ്ങുമ്പോൾ കണ്ട സ്വപ്നക്കാഴ്ചകളെപ്പറ്റി...

നീലക്കടലും അംബരചുംബികളായ കെട്ടിടങ്ങളുടെയും മുകളിൽ ഒരു ചിറകു വിരിച്ച മാടപ്രാവിനെപ്പോലെ നിന്നത്...

കാറ്റു തട്ടുമ്പോൾ ശ്വാസം മുട്ടിയത്...

ആദ്യം പേടിച്ചു നിലവിളിച്ചപ്പോൾ ഇറ്റലിക്കാരനായ ട്രെയ്നർ കളിയാക്കിയത്...

അവസാനം ഭൂമിയിൽ ചവിട്ടിനിന്നപ്പോൾ നിരാശ തോന്നിയത്...

പറക്കണമത്രെ അവൾക്ക്...

മതിവരുവോളം...

ടാക്സി സ്റ്റാന്റിലെത്തി പോകുന്നതിനു മുൻപ് വാട്ട്സ്ആപ്പ് നമ്പറിന് ചോദിച്ച എന്റെ കവിളത്തു നുള്ളി യുനോട്ടി എന്നും പറഞ്ഞ് അവൾ അവളുടെ പാട്ടിനു പോയി.

ഇന്നും ദുബായ് അൽ ഐൻ ഹൈവേയിലുള്ള സ്കൈ ദുബായ് ബിൽഡിംഗ് കാണുമ്പോൾ ഞാനവളെ ഓർക്കാറുണ്ട്..

ഒപ്പം ആ വാക്കുകളും...

'ഫോർഗെറ്റ് എവെരിതിങ്...

ബി പോസിറ്റീവ്...'

അതൊരു ഊർജമാണ് എനിക്ക് ചില അവസരങ്ങളിൽ.

ഞാനും ഡൈവ് ചെയ്യും ഒരുനാൾ...

ചാറ്റൽ മഴയുള്ള ഒരു തണുത്ത വൈകുന്നേരത്തിൽ നമ്മുടെ അലട്ടുന്ന പ്രശ്നങ്ങളിൽ നിന്നും അകലെ മേഘങ്ങൾക്കിടയിലേക്ക് പോയി പിന്നെ വീണ്ടും യാഥാർഥ്യത്തിലേക്ക് ഒരു ചാട്ടം.

പ്രശ്നങ്ങളെ മുകളിൽ നിന്നും വിലയിരുത്തുമ്പോൾ ചിരി വരുമത്രെ.

നിലത്തു കാൽ തൊടുമ്പോഴേക്കും അതൊരു പുഞ്ചിരിയായി മാറിയിട്ടുണ്ടാകും.

ഇതും അവളുടെ വാക്കുകളാണ്.

അവൾ വീണ്ടും വരുമായിരിക്കും അല്ലെ..

മഴ നനഞ്ഞു കിടക്കുന്ന പുൽമേട്ടിലേക്ക്.

തുമ്പാനത്തുമ്പികളെ പോലെ പറന്നിറങ്ങാൻ...

കാത്തിരിക്കാം...

ooo





# വൈറൽ

എന്തോ ആക്സിഡന്റ് നടന്നിട്ടുണ്ടെന്ന് തോന്നുന്നു.

വണ്ടി സൈഡ് ആക്കി ചെന്നു നോക്കി.


വലിയ ആൾക്കൂട്ടമായതുകൊണ്ട് നുഴഞ്ഞു കയറി കാണാൻ കഴിഞ്ഞില്ല.

ഹെൽമെറ്റ് പോലും അഴിക്കാതെ ഞാൻ. സ്റ്റെപ്പ് വഴി അടുത്തുള്ള കടയുടെ മുകളിലേക്ക് കയറി. അവിടെയും ആളുകൾ നിറഞ്ഞിട്ടുണ്ടെങ്കിലും എന്താണ് നടക്കുന്നതെന്ന് കാണാം.

നാല് പേർ ചേർന്ന് ഒരാളെ ബലപ്രയോഗത്തിലൂടെ കീഴ്പ്പെടുത്തുകയാണ്. കൈ കെട്ടിയിട്ടുണ്ട്.

ഞാൻ ആൾക്കൂട്ടത്തിന്റെയും മറ്റും കുറച്ച് രംഗങ്ങൾ മൊബൈലിൽ പകർത്തി.

അടുത്തു നിന്നവരോട് ആരാഞ്ഞെങ്കിലും കാഴ്ച്ചക്കിടയിൽ ആരും മറുപടി തന്നില്ല.



മുരളീധരൻ മങ്കട
റേഡിയോഗ്രാഫർ
ഗവ. ആയുർവേദ കോളേജ്, തൃപ്പൂണിത്തുറ

വര : ജിതേഷ് കാർത്തികേയൻ

അവർ അദ്ദേഹത്തെ ഒരു ഓമ്നി വാനിൽ കയറ്റി കൊണ്ടുപോകാനുള്ള ശ്രമമാണെന്നു തോന്നുന്നു.

ഞാൻ പെട്ടെന്ന് താഴെ ഇറങ്ങി...

അപ്പോഴേക്കും ഓമ്നി സ്റ്റാർട്ട് ചെയ്ത് മുന്നോട്ട് എടുത്തിരുന്നു.

തട്ടിക്കൊണ്ടു പോകൽ തുടർക്കഥയായതുകൊണ്ടാണ് ഡൽഹിയിൽ ഓമ്നി വാൻ നിർത്തലാക്കിയതെന്ന് കേട്ടത് ഓർമ്മയിൽ തെളിഞ്ഞു.

ഞാൻ പെട്ടെന്ന് തന്നെ ബൈക്ക് സ്റ്റാർട്ട് ചെയ്ത് ഓമ്നിയുടെ പിറകെ വിട്ടു. അത്യാവശ്യം സ്പീഡുണ്ട്.

ആവശ്യമില്ലാത്ത കാര്യമാണ് നീ ചെയ്യുന്നതെന്ന് മനസ് പറയുന്നു. എങ്കിലും എനിക്ക് പിൻമാറാൻ തോന്നിയില്ല.

യാത്രക്കിടെ വാഹനത്തിന്റെ നമ്പർ കിട്ടത്തക്കവിധം കുറച്ച് ഫോട്ടോകൾ എടുത്തു വെച്ചു, എന്തെങ്കിലും ആവശ്യങ്ങൾ വന്നാലോ.

എന്നാലും,

കണ്ടു നിന്നവർ ഒന്നും പ്രതികരിക്കാതെ കാഴ്ചക്കാരായി നിന്നതെന്തേ? അവരെ എതിർക്കാനുള്ള പേടി കൊണ്ടാകുമോ..! ഈ പട്ടാപ്പകൽ ഇങ്ങനെ അതിക്രമം നടത്തണമെങ്കിൽ ഇവർ ചില്ലറക്കാരല്ലെന്നും, ചെറുവിരലെങ്കിലും അനക്കേണ്ടത് ആവശ്യമാണെന്നും എനിക്ക് തോന്നി.

5 കിലോ മീറ്ററോളം ചെന്നപ്പോൾ ഒമ്നി സൈഡാക്കി നിർത്തി. ഡ്രൈവർ ഒഴിച്ച് 3 പേർ ഒമ്നിയിൽ നിന്നിറങ്ങി കൈ കെട്ടിയ ആളെ പുറത്തിറക്കി.

ഞാൻ അവർ ശ്രദ്ധിക്കാത്ത വിധത്തിൽ കുറച്ച് ഫോട്ടോകൾ കൂടി എടുത്തു വെച്ചു. പ്രധാന തൊണ്ടിമുതലാകാം ചിലപ്പോൾ ഇതെല്ലാം.

അവർ ബലം പ്രയോഗിച്ച് അദ്ദേഹത്തെയും കൊണ്ട്, കീഴ്ക്കാം തൂക്കായ ഇടുങ്ങിയ ചവിട്ടുവഴിയിലൂടെ താഴേക്കിറങ്ങി. ഞാൻ ആകെ പേടിച്ചു പോയി.

ഞാൻ പരിസരം ശ്രദ്ധിച്ചു നോക്കി... ഓ... ആ വഴി പുഴയിലേക്കുള്ളതാണ് എന്റെ ആകാംഷ വർദ്ധിച്ചു. എന്താണ് നടക്കാൻ പോകുന്നത്.

**ഞാൻ പെട്ടെന്നു തന്നെ ചെറിയ വഴിയിലൂടെ പുഴക്കടവിലെത്തി. ഇപ്പോൾ അദ്ദേഹത്തെ വ്യത്തിയാക്കുന്നവർക്കെല്ലാം കരുണയുടെ തെളിമയുള്ള മുഖമാണെന്നെനിക്കു തോന്നി.**

ഡ്രൈവർ ഒരു ബാഗെടുത്ത് അവർക്കു പിറകെ ഇറങ്ങി.

ഞാൻ പാലത്തിനു സൈഡിലൂടെ താഴേക്ക് നോക്കി. അവർ അദ്ദേഹത്തിന്റെ വസ്ത്രങ്ങൾ അഴിച്ചുമാറ്റുന്നുണ്ട്.

ഇദ്ദേഹം വേഷം മാറി നടക്കുന്ന ആരെങ്കിലുമാകുമോ? വെള്ളം കുറവായതിനാൽ ഒഴുക്കിവിടാനുള്ള പദ്ധതിയല്ല. മുക്കി കൊല്ലാനാകുമോ, അങ്ങനെയെങ്കിൽ ഡ്രസ്സ് അഴിച്ചു മാറ്റേണ്ട ആവശ്യമില്ലല്ലോ.

ഡ്രൈവർ കൊണ്ടുപോയ ബാഗിൽ നിന്നും എന്തൊക്കെയോ എടുക്കുന്നു.

കുതറി ഓടാൻ ശ്രമിക്കുന്ന അയാളുടെ കൈകാലുകൾ രണ്ടു പേർ ചേർന്ന് പിടിച്ചു കൊടുക്കുന്നു. മറ്റെയാൾ തലമുടി പിടിച്ച് മേലോട്ട് വലിക്കുന്നു. ഒച്ചവെച്ച് ആളെ കൂട്ടണോ.. ഇനിയും മിണ്ടാതിരുന്നാൽ..!

ഞാൻ ഒന്നുകൂടി സൂക്ഷിച്ചു നോക്കി അവർ ബാഗിൽ നിന്നും കത്രികയും ചീപ്പുമൊക്കെയാണ് എടുക്കുന്നത്.

എന്റെ ആകാംഷ കൗതുകമായി മാറി മനസിലൊരു പുഞ്ചിരി വിടർന്നു.

അവർ അദ്ദേഹത്തിന്റെ താടിരോമങ്ങളും മുടിയും വെട്ടുകയാണ്.

വെട്ടിയൊതുക്കിയ ശേഷം ഷേവ് ചെയ്ത് കുളിപ്പിക്കാനുള്ള ശ്രമമാണ്. എനിക്ക് സമാധാനമായി ഇവർ സാമൂഹ്യപ്രവർത്തകരാണ്. ടൗണിൽ അലഞ്ഞു തിരിഞ്ഞു നടക്കുന്നവരെ പരിചരിക്കുന്നവരായിരിക്കും.

ഞാൻ പെട്ടെന്ന് വാനിനടുത്തേക്ക് ചെന്നു. മൊത്തമൊന്നു നോക്കി. നീല നിറത്തിൽ വെള്ള അക്ഷരത്തിൽ എഴുതിയത് വായിച്ചു.

'തണൽമരം സ്നേഹഭവനം'

മുമ്പ് ഞാൻ, രശ്മി ആർട്സ് & സ്പോർട്സ് ക്ലബ്ബിലൂടെ വേണു ഏട്ടനോടും



മോഹനനോടുമൊക്കെ കൂടെയും നെഹ്റു യുവകേന്ദ്രത്തിലൂടെയും സാമൂഹ്യ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്ന രംഗങ്ങൾ എന്റെ മനസിൽ നിറഞ്ഞു വന്നു.

ഞാൻ പെട്ടെന്നു തന്നെ ചെറിയ വഴിയിലൂടെ പുഴക്കടവിലെത്തി. ഇപ്പോൾ അദ്ദേഹത്തെ വൃത്തിയാക്കുന്നവർക്കെല്ലാം കരുണയുടെ തെളിമയുള്ള മുഖമാണെന്നെനിക്കു തോന്നി. ഞാൻ അവരെ നോക്കിയൊന്നു ചിരിച്ചു.

എന്തെ ഫോട്ടോ എടുത്തതെല്ലാം കിട്ടിയോ, വേണമെങ്കിൽ ഇതുകൂടി എടുത്തോളൂ. അയാളുടെ തലയിൽ വെള്ളമൊഴിക്കുന്നതിനിടയിൽ ഒരാൾ പറഞ്ഞു.

അയ്യോ ഞാൻ ഫോട്ടോ എടുക്കുന്നതും പിൻതുടരുന്നതുമെല്ലാം ഇവർ ശ്രദ്ധിച്ചിരുന്നോ? മോശമായിപ്പോയി.

ഞാൻ വീഡിയോ എടുത്തു. അദ്ദേഹത്തിന്റെ തല നെഞ്ചോട് ചേർത്ത് പിടിച്ച് വെള്ളം തുടച്ചു കൊടുക്കുന്നതും, നഖം വെട്ടി കൊടുക്കുന്നതും, ബാഗിൽ കരുതിയിരുന്ന പുതിയ വസ്ത്രം മാറ്റി കൊടുക്കുന്നതുമായ രംഗങ്ങൾ ഞാൻ പകർത്തി..!

ചിരിക്കാനായി പല പ്രാവശ്യം പറഞ്ഞപ്പോൾ അറിഞ്ഞോ അറിയാതെയോ അദ്ദേഹമൊന്നു ചിരിച്ചു...

കറപിടിച്ച പല്ലുകാട്ടി ഒരു സുന്ദര ചിരി.

ഇപ്പോൾ അദ്ദേഹം കുറെ ശാന്തനാണ്, നോട്ടം തീഷ്ണവും എന്നാൽ ചെറു കൗതുകം നിറഞ്ഞതുമാണ്.

നമുക്ക് പോവാം... പലവട്ടം ചോദിച്ചപ്പോൾ അദ്ദേഹം തലയാട്ടി.

ചെയ്യുന്ന പ്രവർത്തിയിലെ സ്നേഹം അദ്ദേഹത്തിന് മനസിലാവാൻ തുടങ്ങിയിരിക്കുന്നു.

മറന്നു പോയ വാക്കുകൾ അദ്ദേഹത്തിന് തിരിച്ച് കിട്ടുന്നുണ്ടാവാം.

അദ്ദേഹത്തിന്റെ പഴയവസ്ത്രങ്ങൾ പുഴക്കരയിൽ വെച്ചു തന്നെ കത്തിച്ചു.

ഞങ്ങൾ അദ്ദേഹത്തെയും കൂട്ടി വാഹനത്തിനടുത്തെത്തി.

കരുതി വെച്ചിരുന്ന ഇഡലിയും ചട്ണിയും, ഫ്ളാസ്കിൽ കരുതിയ കാപ്പിയും കൊടുത്തു.

വീണ്ടും വാഹനത്തിൽ കയറി. അവർ പോകാനുള്ള തയ്യാറെടുപ്പിനിടയിൽ എന്നോട് ചോദിച്ചു.

''മാഷ് വരുന്നൊ ഞങ്ങളുടെ കൂടെ ഞങ്ങളുടെ തണൽമരത്തിലേക്ക്..!''

''എത്ര കിലോമീറ്ററുണ്ട്?''

''ഏതാണ്ട് 10.''

നാട്ടിലേക്ക് എത്താൻ ഇനിയും 4 മണിക്കൂർ യാത്രയുണ്ടെങ്കിലും, ബൈക്ക് ഒമ്നിക്ക് പിറകെ വിട്ടു.

അര മണിക്കൂർ കൊണ്ട് തണൽമരം സ്നേഹഭവനത്തിലെത്തി. മാവും, തെങ്ങും പ്ലാവുമൊക്കെയുള്ള ഒരു കോമ്പൗണ്ട്.

വണ്ടി നിർത്തിയപ്പോഴേക്കും ഏതാനും പേർ അടുത്തുവന്നു... വലിയ ബുദ്ധിമുട്ടില്ലാതെ ഒമ്നിയിൽ നിന്നും അദ്ദേഹത്തെ ഇറക്കി പൂമുഖത്തേക്ക് കയറ്റി.

ഒരു ഡോക്ടർ വന്ന് അദ്ദേഹത്തെ പരിശോധിക്കുകയാണ്. ചോദിക്കുന്നതിനൊന്നും വ്യക്തമായ മറുപടിയില്ല. എന്നാൽ പഴയ വൈകാരിക പ്രകടനങ്ങളുമില്ല.

മാഷെ, നിങ്ങൾക്ക് പോവാൻ വൈകുമോ നമുക്ക് ഇവിടെ നടന്നു കണ്ട് പെട്ടെന്നു പോകാം.

ഞാൻ അവരോടൊപ്പം നടന്നു.

കിടപ്പു രോഗികളും, മാനസിക പ്രശ്നങ്ങളുള്ളവരുമൊക്കെയായി 127 അന്തേവാസികൾ ഉണ്ടെന്നും, അവരെല്ലാം ഇതു പോലെ തെരുവിൽ നിന്നും മറ്റും അലഞ്ഞു തിരിയുന്നത് കണ്ട് കൊണ്ടുവന്നതാണെന്നും ഒത്തിരി പേർ അസുഖങ്ങൾ മാറി വീടുകൾ കണ്ടെത്തി പോയിട്ടുണ്ടെന്നും, പലർക്കും വീട് കണ്ടു പിടിച്ചെങ്കിലും

പോകാൻ താല്പര്യമില്ലായ്കയും ബന്ധുക്കൾ ഏറ്റെടുക്കാൻ തയ്യാറല്ലാത്തവരും ഉണ്ടെന്നും അവർ പറഞ്ഞു.

സ്ത്രീകൾക്കും പുരുഷന്മാർക്കുമായി വെവ്വേറെ താമസ സൗകര്യവും മെഴുകുതിരി, സോപ്പ് തുടങ്ങിയവയുടെ നിർമ്മാണ യൂണിറ്റുമൊക്കെ ചെറിയ തോതിൽ തുടങ്ങിയിട്ടുണ്ട്.

വാർഡ് പോലെ സജ്ജീകരിച്ച കിടപ്പുമുറിയിൽ പാട്ട് കേൾക്കാനുള്ള റേഡിയോ സൗകര്യവും ടിവിയും സെറ്റ് ചെയ്തിട്ടുണ്ട്.

ഏതാണ്ട് ഒരോട്ട പ്രദക്ഷിണം നടത്തിയപ്പോഴേക്കും സമയം കുറെയായി.

ഇറങ്ങാൻ സമയത്ത് അവർ എന്നെ ഒരു റൂമിലേക്ക് കൂട്ടികൊണ്ടു പോയി.

നല്ല കുലീനതയുള്ള പ്രായമായ ഒരാൾ. വിശേഷങ്ങളെല്ലാം ചോദിച്ചു. വിസിറ്റേഴ്സ് ബുക്ക് തന്ന് അഭിപ്രായം എഴുതുമോ എന്നു ചോദിച്ചു.

അവിടെ കണ്ട കരുണയുള്ള കാഴ്ചകളെല്ലാം എന്റെ മനസിലൂടെ മിന്നി മറഞ്ഞു.

പോക്കറ്റിൽ നിന്നും ബ്ലാക്ക് ഇങ്ക് പേനയെടുത്ത് അഭിപ്രായമെഴുതാൻ ശ്രമിച്ചെങ്കിലും, അവരുടെ പുണ്യ പ്രവർത്തികൾ വാചകങ്ങളിലൂടെ എഴുതി ഫലിപ്പിക്കാൻ കഴിയില്ലെന്ന് എനിക്ക് തോന്നി.

ഞാൻ അഗതികളുടെ അമ്മയായ മദർ തെരേസയുടെ ചിത്രം വരച്ച് തണൽമരത്തിന് അമ്മയുടെ അനുഗ്രഹമുണ്ടാകും എന്നെഴുതി പുസ്തകം തിരിച്ചേൽപ്പിച്ച് യാത്ര പറഞ്ഞു.

പുസ്തകം മറിച്ചു നോക്കിയ പ്രായമായ അദ്ദേഹം എന്റെ അടുത്ത് വന്ന് കെട്ടിപിടിച്ച് നന്നായി വരട്ടെ മോനെ എന്നു പറഞ്ഞ് എന്നെ യാത്രയാക്കി.

ഞാൻ ബൈക്ക് സ്റ്റാർട്ട് ചെയ്ത് എല്ലാവരോടും യാത്ര പറഞ്ഞു.

ഏതാണ്ട് അരമണിക്കൂർ അല്ല. 22 മിനിറ്റായപ്പോൾ ഫോൺ റിങ് ചെയ്തു.

അരുൺ ആണ്.

ഞാൻ വണ്ടി സൈഡാക്കി.

''എന്താടാ അരുണേ...?''

''നീയെവിടെ... സംഭവം വൈറലാവുമെന്ന് തോന്നു... ആ ഫേസ് ബുക്ക് ഓപ്പണാക്കി നോക്കെടാ... ഒരു മണിക്കൂറു കൊണ്ട് നാനൂറ് ലൈക്ക്, 84 കമെന്റ്, 70 ഷെയറും...''

അതെന്തായിരിക്കും വൈറലാവാൻ ഞാനൊന്നും പോസ്റ്റ് ചെയ്തിട്ടില്ലല്ലോ...

ഞാൻ, ഫോൺ കട്ട് ചെയ്ത് ഫെയ്സ് ബുക്ക് നോക്കി...

ഹോ, പ്രശ്നമാകുമല്ലോ, തെരുവോരത്തു നിന്ന് അദ്ദേഹത്തെ, ഒമ്നി വാനിൽ കൊണ്ടു പോകുന്ന വീഡിയോ അവനയച്ചുകൊടുത്തത് അവൻ ഫെയ്സ് ബുക്കിൽ പോസ്റ്റ് ചെയ്തിരിക്കുന്നു.

'പട്ടാപ്പകൽ തട്ടിക്കൊണ്ടു പോകൽ, അതും കേരളത്തിൽ' എന്ന അടിക്കുറിപ്പോടെ..

ഒരു നിമിഷം കൊണ്ട് തുടർന്ന് വരാൻ സാധ്യതയുള്ള കാണാപ്പുറ സംഭവങ്ങളും വിവാദങ്ങളും തിരമാലകളായ് മനസ്സിലേക്കടിച്ചു കയറി.

അതോടൊപ്പം സദുദ്ദേശത്തോടെ ചെയ്യുന്ന ഇതുപോലുള്ള എത്രയോ നല്ല കാര്യങ്ങളായിരിക്കും തെറ്റിദ്ധരിക്കപ്പെട്ട് ദുർവ്യാഖ്യനങ്ങൾ നടത്തുകയും വിവാദങ്ങളിൽ അകപ്പെടുകയും ചെയ്തിട്ടുണ്ടാവുക എന്നും, ഞാനും അതിനൊരു കാരണക്കാരനായല്ലോ എന്നും ചിന്തിച്ചപ്പോഴേക്കും ഫോൺ വീണ്ടും റിങ് ചെയ്തു.

അറിയാത്ത നമ്പറാണ്.

എന്തു ചെയ്യണം... ആരായിരിക്കും... ഈ അറിയാത്ത നമ്പറിൽ...!

ഞാൻ റിങ് കട്ടാവുന്നതു വരെ ആ നമ്പറിലേക്കു തന്നെ നോക്കി നിന്നു...

മരവിച്ച ചിന്തകളോടെ...!

ooo



ഓഫീസിൽ നിന്ന് പതിവിനു വിപരീതമായി കൈ വീശിയാണ് പുറത്തേക്കിറങ്ങിയത്. സന്തത സഹചാരിയായിരുന്ന ബാഗ് പോലും ഇന്ന് ഇല്ല. സർവീസിലെ അവസാന ദിവസമായതുകൊണ്ട് തന്നെ വീട്ടുകാരോ, നാട്ടുകാരോ സഹപ്രവർത്തകരോ അതിൽ അപാകതയൊന്നും കണ്ടില്ല... അല്ലെങ്കിൽ അതാരും ശ്രദ്ധിച്ചില്ല...

വഴിയരികിലെ കടയിൽ നിന്ന് ഗോപാലേട്ടൻ മാത്രം വിളിച്ചു ചോദിച്ചു റിട്ടയർമെന്റ് പാർട്ടി ഉള്ളതുകൊണ്ടാവും സാറിന്ന് കയ്യും വീശി ഇറങ്ങിയതല്ലേ...

മറുപടി പറഞ്ഞില്ല,

വെറുതെ ഒന്ന് ചിരിച്ചിട്ട് റയിൽവേ സ്റ്റേഷനിലെ തിരക്കിലേക്ക് നടന്നു കയറി.

വീട്ടിൽ ഇതൊന്നും ആരും ചോദിച്ചില്ല,

അല്ലെങ്കിൽ ആരുണ്ട് ചോദിക്കാൻ. മുപ്പതു വർഷങ്ങൾക്ക് മുന്നേ ഒപ്പം കൂടിയ ആൾ മകൾക്കൊപ്പം ബാംഗ്ലൂരിൽ.

വിവാഹിതയായ മകൾക്ക് അമ്മയോട് പിരിയാനാകാത്ത സ്നേഹമോ അതോ വീട്ടിൽ ചിലവില്ലാതെ ഒരു നോട്ടക്കാരിയോ?

എന്തായാലും അവൾ അതിൽ സന്തോഷവതിയാണ്. അതുമതി.

ഇത്തരം പ്രശ്നങ്ങൾക്കും ചിന്തകൾക്കുമൊന്നും ഒരിക്കലും അവളുടെ ജീവിതത്തിൽ സ്ഥാനമുണ്ടായിരുന്നില്ലല്ലോ.,

എന്നാൽ എനിക്കത് നേരെ തിരിച്ചും ഓരോരോ ജന്മങ്ങൾ. മുപ്പതു വർഷങ്ങളിൽ ഒന്നുംരണ്ടും പറഞ്ഞു നീരസപ്പെടാത്ത ദിവസങ്ങൾ ഉണ്ടായിരുന്നോ... അറിയില്ല.



# പെൻഷൻ



രാജേഷ് കെ. മുരളി
റേഡിയോഗ്രാഫർ
മെഡിക്കൽ കോളേജ്, കോട്ടയം

പണ്ട് ഫിസിക്സ് ക്ലാസ്സിൽ പഠിച്ച കാന്തത്തിന്റെ വിജാതീയ ധ്രുവങ്ങൾ പോലെ അടുക്കുംതോറും അകലുകയായിരുന്ന രണ്ടുപേർ ചരട് പൊട്ടാതെ കാത്ത രണ്ടു മക്കളും...

അതെ രണ്ടു മക്കൾ, പിണക്കങ്ങളിക്കിടയിലെ ഇണക്കങ്ങളിൽ അങ്ങിനെയും സംഭവിച്ചു.

പോക്കറ്റിൽ ഫോൺ വിറകൊണ്ടു, യാത്ര മൊഴി പറയാൻ നേരം സൈലന്റ് ആക്കിയത് മാറ്റാൻ മറന്നു. മകനാണ്.

''ഹലോ അച്ഛാ, ഇറങ്ങിയോ? ഞാൻ എത്താൻ കുറച്ചു വൈകും, അത് പറയാൻ വിളിച്ചതാണ്, അച്ഛൻ കഴിച്ച് കിടന്നോളൂ, എന്നെ വെയിറ്റ് ചെയ്യണ്ട.''

ഒന്നും പറയാതെ ഫോൺ കട്ട് ചെയ്ത് പോക്കറ്റിൽ താഴ്ത്തി. ഇത് സ്ഥിരമാണ് ഒരു മേശക്കിരുവശവുമിരുന്ന് മുഖത്തോട് മുഖം നോക്കി ഭക്ഷണം കഴിച്ച കാലം മറന്നു. മൾട്ടി നാഷണൽ കമ്പനി ജോലിക്കാരനായ മകന് ഓൺലൈൻ വർക്ക് കൂടുതലും. പലപ്പോഴും രാത്രി വളരെ വൈകുവോളം നീളുന്ന ജോലി. അതിനിടയിൽ അച്ഛനൊപ്പമിരിക്കാൻ സമയമെവിടെ.

അല്ലെങ്കിൽ അങ്ങനെയൊരു സ്നേഹച്ചരടിനപ്പുറം കർക്കശ്യത്തിന്റെ ഒരു നോട്ടത്തിൽ കോർത്തായിരുന്നല്ലോ മക്കളെ വളർത്തിയത്... പിന്നെ അവരെ എന്തിനു പറയണം?... ഇന്നിപ്പോൾ ജീവിത സായാഹ്നത്തിൽ അവരിൽ നിന്നും കൂടുതലായി എന്ത് പ്രതീക്ഷിക്കാൻ?

വീണ്ടും ഫോൺ വിറകൊണ്ടു, നോക്കാൻ പോയില്ല, നേരെ മുന്നിലെത്തിയ ഓട്ടോ കൈകാണിച്ചു കയറി. ഓട്ടോയിലിരുന്നു കിതപ്പകറ്റി

''എങ്ങോട്ടാ സാറെ''

''ടൗൺ...''

ഓട്ടോപതുക്കെ കുതിച്ചു.. പോക്കറ്റിൽ നിന്നും ഫോണെടുത്തു നോക്കി.. അതെ അതവളാണ്.

''എടാ നീയിറങ്ങിയില്ലേ ഇനിയും... അതോ സെന്റിമെന്റ്സ് അടിച്ച് ഇരിക്കുവാണോ?''

''പോടീ അവിടുന്ന്...''

''ഞാൻ ദാ വന്നു കൊണ്ടിരിക്കുന്നു, പത്തുമിനുട്ടിൽ ടൗണിലെത്തും, ഏറിയാൽ പതിനഞ്ചു മിനിറ്റ്. കാർ വർക് ഷോ പ്പിൽ ഒന്ന് കയറണം.''

പഴയ കാർ ഇന്നലെ വരെ ഒരു സുഹൃത്തായിരുന്നു, നാളെ മുതൽ വീട്ടിൽ അതൊരു അധികപ്പറ്റാകും, അതുകൊണ്ട് വർക്ക് ഷോപ്പിൽ തന്നെ കച്ചവടമാക്കി.. കിട്ടിയ കാശിന്, ബാക്കി കിട്ടാനുള്ളതു കൂടി വാങ്ങണം.

പതുക്കെ ഒന്ന് കണ്ണടഞ്ഞോ? ഓട്ടോക്കാരന്റെ ശബ്ദം കേട്ട് കണ്ണ് തുറന്നപ്പോൾ ഓട്ടോ ടൗണിലേക്ക് പ്രവേശിച്ചിരുന്നു.

''എയർപോർട്ടിലേക്ക്''

ഡ്രൈവർ ഒന്ന് തിരിഞ്ഞു നോക്കി...

"മോളും മാധവും വരുന്നുണ്ടോ സാർ ഇന്ന്?''

''ഉം'' മറുപടി മൂളലിലൊതുക്കി, പതുക്കെ കണ്ണടച്ചോ, കൂടുതൽ ചോദ്യങ്ങൾ ഒഴിവാകുമല്ലോ.

പൈസ കൊടുത്ത് ഓട്ടോയിൽ നിന്നുമിറങ്ങുമ്പോൾ ഡ്രൈവർ വിളിച്ച് ചോദിച്ചു

''സാർ ഞാൻ വെയിറ്റ് ചെയ്യണോ''

''വേണ്ട...''

എയർപോർട്ടിലെ അറൈവൽ ലോഞ്ചിൽ ഒരു ബാഗുമായി അവളുണ്ടായിരുന്നു. പഴയതു പോലെ ഒരു ജീൻസിനും ടീഷർട്ടിനും പകരം കറുത്ത കരയുള്ള ഒരു സെറ്റുമുണ്ടിൽ... ദൂരെ നിന്നെ കണ്ടു... ഓടി വന്നു അവളൊന്നു ചേർത്തുപിടിച്ചപ്പോൾ എന്തോ...

ക്ലാസ് മുറിയിലെ ബെഞ്ചുകൾക്കപ്പുറവും ഇപ്പുറവുമിരുന്ന് കണ്ണുകൾ കൊണ്ട് പറഞ്ഞ പ്രണയം... പഠനം ഇരുവഴിക്കായപ്പോൾ പിന്നെ ഒരിക്കലും കണ്ടിട്ടില്ല... കേട്ടിട്ടില്ല...

ഒരിക്കൽ ഒരു യാത്രക്കിടയിൽ പ്രസാദേട്ടൻ പറഞ്ഞതോർത്തു. നോട്ടി ഫോർട്ടി എന്ന് അതെ അത് സത്യമാണ് ഒരു പരിധിവരെ ചിലരുടെ കാര്യത്തിലെങ്കിലും. നാൽപ്പതു പിന്നിടുന്നതോടെ ജീവിതം ഒരു കരക്കാകും മക്കൾ സ്വന്തം ലോകത്തേക്ക് മാറി തുടങ്ങും.

അത്യാവശ്യം സാലറിയും ജീവിക്കാനുള്ള സ്ഥിതിയും ഫ്രീ ടൈമും കിട്ടിയാൽ ജീവിതം ഗതി മാറും ആ സമയം ഒരു

പ്രണയത്തിനു പറ്റിയ പ്രായമാണ്...

അതെ ആ സമയത്താണ് ഒരു ഫോൺ കാൾ എന്നെ തേടി വന്നത്. വർഷങ്ങൾക്കപ്പുറത്ത് നിന്ന്.

ഒരു റീയൂണിയനുള്ള ഇൻവിറ്റേഷൻ... പക്ഷെ ആ സ്വരം ഞാൻ ഒരിക്കലും മറക്കാത്തതായിരുന്നു. എന്തൊക്കെയോ പറഞ്ഞു ഫോൺ വെച്ചു...

തിരികെ വിളിക്കാൻ തോന്നിയില്ല, പോകണമെന്നും... അങ്ങനെയിരിക്കെ ആ ഗെറ്റ് ടുഗെദറിന് ഒരാഴ്ച മുന്നേ വീണ്ടും ആ വിളി. സുഖാന്വേഷണത്തിനു ശേഷം, അവൾ ചോദിച്ചു.

"നീ എവിടാ ഇപ്പോൾ..."

"വീട്ടിൽ"

"ആരുണ്ട് അടുത്ത്"

"ആരുമില്ല... തനിച്ച്"

"നീ വരില്ലേ.."

"നോക്കട്ടെ"

"നിനക്ക് വേണ്ടി മാത്രമാണ് ഈ ഗെറ്റ് ടുഗെതർ നിന്നെ ഒന്ന് കാണാൻ മാത്രം"

ക്ലാസ് മുറിയിൽ പറയാൻ ബാക്കിയാക്കിയ പ്രണയം വീണ്ടും അതിലേറെ തീവ്രതയോടെ ഞങ്ങളിലേക്ക് പടരുകയായിരുന്നു.

ഈ പ്രായത്തിൽ ഞങ്ങൾക്ക് ചങ്ങലകളില്ലായിരുന്നു.

നഷ്ടങ്ങളും നേട്ടങ്ങളും ഞങ്ങളുടെ മാത്രം കണക്കു പുസ്തകത്തിലേ എഴുതേണ്ടു. നിബന്ധനകളില്ലാത്ത... പ്രണയം അത് ഞങ്ങളിലങ്ങനെ ജ്വലിച്ചു...

പിന്നത് ആളി പടർന്നു കഴിഞ്ഞ പതിനാറു വർഷവും ആ അഗ്നിയുടെ ചിറകിലായിരുന്നു ഞങ്ങൾ. കഴിഞ്ഞ മാസം അവളുടെ രണ്ടാമത്തെ മകളുടെ വിവാഹവും കഴിഞ്ഞു.

അമേരിക്കൻ മലയാളി പയ്യൻ. വിരുന്നിനു അമ്മായിയമ്മയെ കെട്ടിപ്പിടിച്ചു പറഞ്ഞത്രേ യു ആർ സൊ സ്വീറ്റ് എന്ന്.

പരസ്പര ധാരണയിൽ ഭർത്താവിനെ പിരിഞ്ഞു നിൽക്കുന്ന ആ സ്ത്രീയോട് ആ പറച്ചിൽ...

ആ രാത്രി അവൾ ഫോണിൽ ഒരു പാട് നേരം സംസാരിച്ചു അവൾ ഒറ്റപ്പെട്ടെന്നു അവൾക്കും തോന്നി തുടങ്ങി.

ഇനി ആരെ ബോധിപ്പിക്കാനാണ് ഈ അഭിനയം. അന്നെടുത്ത തീരുമാനമാണ് ഇന്ന് നടപ്പാവുന്നത്. അവളെയും കൂട്ടി പതുക്കെ റെയിൽവേ സ്റ്റേഷനിലേക്ക്...

ട്രെയിൻ മതിയെന്ന് എന്റെ തീരുമാനമായിരുന്നു.

തിരക്കൊഴിഞ്ഞ എ.സി. ടു ടയർ കോച്ചിൽ അവളുടെ മടിയിൽ തലവെച്ച് ഒരു പാട് വർഷങ്ങളിലെ കഥകൾ പറഞ്ഞു ഒരു യാത്ര.

തിരിച്ചു വരാത്ത യാത്ര...

വാരണാസിയിലെ കൽപ്പടവുകളിൽ അവളെ ചേർത്ത് പിടിച്ച് ഗംഗ ആരതി കണ്ടിരുന്നപ്പോൾ അവൾ പറഞ്ഞു ഞാനും ഗംഗയെ പോലെയാണ്..

അവളുടെ പിൻ കഴുത്തിൽ വിയർപ്പിലൊട്ടി കിടന്ന കുരിശിൽ നോക്കി ഞാൻ പറഞ്ഞു കുറയണ്ട മഗ്ദലന മറിയമായിക്കൊള്ളു.

കൂർത്ത നഖം കൊണ്ട് എന്റെ നെഞ്ചിലായിരുന്നു മറുപടി...

ഗോവയിലെ ബീച്ചുകളിൽ ഇതുവരെ അറിയാത്ത ലഹരി നുകർന്നപ്പോൾ അവൾ പറഞ്ഞു കോട്ടയം കാരി അച്ചായത്തിയോട് മത്സരം വേണ്ടെന്നു...

അത് ശരിയായിരുന്നു, അവൾക്കത് വെറും കുട്ടിക്കളി..

ഡൽഹി മെട്രോയിൽ എന്റെ തോളിൽ തലചായ്ച്ചിരുന്നു അവൾ എന്തിനോ വിതുമ്പി കോർത്ത് പിടിച്ച കൈവിരലുകളിൽ ചേർത്തമർത്തി കാര്യമറിയാതെ അവളുടെ കണ്ണുകളുടെ ആഴങ്ങളിലേക്ക് നോക്കിയിരുന്നപ്പോൾ.. എനിക്ക് തോന്നി ഈ യാത്രക്ക് അവസാനമില്ലെന്ന്...

ആരാണ് പറഞ്ഞത് പെൻഷന് ശേഷം ജീവിതമില്ലെന്നു.. ഇതാണ് ജീവിതം.

വേളാങ്കണ്ണിയിലെ മണൽ പരപ്പിൽ സൂര്യനെ നോക്കി കഥകൾ പറഞ്ഞു ഞങ്ങൾ നാളേക്കുള്ള യാത്ര പ്ലാൻ ചെയ്തു...

നാളെ അക്കൗണ്ടിൽ പെൻഷനെത്തും പിന്നെന്തു പേടിക്കാൻ.. ഞങ്ങൾ ജീവിക്കുകയാണ് ആസ്വദിക്കുകയാണ് റിട്ടയർമെന്റ് ലൈഫ്...

ooo




പതിവുപോലെ  സെന്റ് ലൂയിസ് കുരിശുപുരയുടെ മുൻപിലെ സിമന്റു തറയിൽ എല്ലാവരും ഒത്തുകൂടിയിരുന്നു. എല്ലാവരും എന്നു പറഞ്ഞാൽ ശരിയാവില്ല. ചുരുക്കം ചില അംഗങ്ങൾ സാധാരണയായി ഇങ്ങോട്ട് കടക്കാറില്ല എന്നതു തന്നെ കാരണം. ഞാൻ എത്തിയപ്പോഴേക്കും ചർച്ച തുടങ്ങിയിരുന്നു. കൂട്ടത്തിനിടയിലേക്കിരുന്നപ്പോൾ ഉപദേശി ആൽബി പറഞ്ഞു.

''നീ അറിഞ്ഞോ പീറ്റീ ഇന്നു പെണ്ണുകാണാൻ പോയ വിവരം വല്ലതും...?''

''അറിഞ്ഞില്ല. അവൻ വീട്ടിലേക്ക് പോയിരിക്കയാണ്. ഇതോടുകൂടി ഒരു ഡസൻ ആയെന്നു തോന്നുന്നു. ഇതിന്റെ വിവരമെന്താണാവോ?''

''അവന്റെ പൊക്കവും സ്വഭാവുമായി ഇണങ്ങുന്ന ഒന്നിനെ കിട്ടണ്ടേ?'' ഷാജി ഇടയ്ക്കുകയറി ചോദിച്ചു.

''ദാ പീറ്റീ വരുന്നുണ്ട്. അവൻ തന്നെ പറയട്ടെ''



കെ.ജെ ഫ്രാൻസിസ്
റേഡിയോഗ്രാഫർ
ഗവ: മഹാരാജാസ് ഹോസ്പിറ്റൽ, കരുവേലിപ്പടി
എറണാകുളം



# പെണ്ണങ്ങിനെയുണ്ട്?

പതിവിനു വിപരീതമായി അല്പം പ്രസ്സന്നതയോടെയാണ് പീറ്റീയെത്തിയത്. എവരും അല്പ സമയം മൗനം പാലിച്ചു. പീറ്റീയിലേക്കു തന്നെ ശ്രദ്ധിച്ചു. മൗനത്തെ മുതലെടുത്തുകൊണ്ട് ഒരു പ്രസംഗത്തിനു തയ്യാറെടുക്കുന്നവനെപോലെ എല്ലാവരെയും ഒന്നു കാര്യമായി വീക്ഷിച്ച് ഒരു പ്രത്യേക ചിരിയോടെ പറഞ്ഞു.

''സുഹൃത്തുക്കളെ എന്റെ പന്ത്രാണ്ടമത്തെ ദൗത്യം വിജയിച്ചിരിക്കുന്നു.''

''പെണ്ണെങ്ങിനെയുണ്ട്?'' രണ്ടുപേർ ഒരുമിച്ചു ചോദിച്ചു.

''കണ്ട പതിനൊന്നിനെക്കാളും മെച്ചം. പക്ഷെ കാര്യങ്ങൾ മുന്നോട്ടു പോകുന്നതിനുമുമ്പ് പെണ്ണിനെക്കുറിച്ചു നമ്മുടേതായ ഒരന്വേഷണം നടത്തണമെന്നെനിക്ക് നിർബന്ധമുണ്ട്. അതിനു പറ്റിയ രണ്ടുപേർ പോകണം.''

''അതു കാര്യമാക്കണ്ട. നീ ഒരുപാട് കാലമായല്ലോ പെണ്ണുകണ്ടു നടക്കുന്നു. ഇതെങ്കിലും നടന്നുകാണണമെന്നാഗ്രഹമുണ്ട്. ഞാനും ഫ്രാൻസിയും കൂടി അന്വേഷണത്തിനുപോകാം.''

സീസർ അക്കാര്യമേറ്റെടുത്തപ്പോൾ അടുത്ത ഒരു ദിവസത്തെ ബോറടിയിൽ നിന്നും രക്ഷപ്പെടുവാൻ നല്ല ഒരു മാർഗ്ഗമാണല്ലോ എന്നു കരുതി ഞാനും യോജിച്ചു.

''പക്ഷെ...'' ഞാൻ പറഞ്ഞുതുടങ്ങിയപ്പോൾ പീറ്റീ ഇടപെട്ടു.

''ചിലവിന്റെ കാര്യം പ്രശ്നമാക്കേണ്ട. അതൊക്കെ ഞാൻ ശരിയാക്കാം. അഡ്രസ്സും മറ്റുവിവരങ്ങളും രാവിലെ നിന്റെ വീട്ടിലെത്തിക്കാം. നാളെ വൈകീട്ട് നമ്മളിവിടെ കൂടുമ്പോൾ അന്വേഷണറിപ്പോർട്ട് അറിയിക്കണം.''

എല്ലാവരും അംഗീകരിച്ചു. പിന്നീട് ചർച്ച പലപല അന്താരാഷ്ട്ര വിഷയങ്ങളിലേക്കും നീണ്ടു നീണ്ടു പോയി.

**''അതു കാര്യമാക്കണ്ട. നീ ഒരുപാട് കാലമായല്ലോ പെണ്ണുകണ്ടു നടക്കുന്നു. ഇതെങ്കിലും നടന്നു കാണണമെന്നാഗ്രഹമുണ്ട്. ഞാനും ഫ്രാൻസിയും കൂടി അന്വേഷണത്തിനുപോകാം.''**

ഇറങ്ങിയപ്പോൾ തീരുമാനിച്ചതിലും വളരെ വൈകിയിരുന്നു. രാവിലെ വണ്ടി യാത്രയായി കഴിഞ്ഞിരുന്നു. തോപ്പുംപടി വരെ നടക്കാൻ തീരുമാനിച്ചു. വഴിയിൽ കൊച്ചമ്മച്ചേടത്തി ഉടുത്തൊരുങ്ങി ആരെയോ പ്രതീക്ഷിച്ചു നിൽക്കുന്നതു കണ്ടു.

''എവിടെപ്പോണു മക്കളെ...''

''ഒന്നു പറവൂരു വരെ'' സീസർ അറിയിച്ചു.

''രാവിലെ ശകുനം ശരിയല്ല.'' സീസോറോടായി ഞാൻ പറഞ്ഞു.

''ഏയ്, ഒരു നല്ലകാര്യത്തിനിറങ്ങുമ്പോൾ ഇങ്ങനെയുള്ളവരെ കണ്ടാൽ വേഗത്തിൽ കാര്യങ്ങൾ ശരിയാകും.'' സീസർ ആശ്വസിപ്പിക്കാനെന്നവണ്ണം പറഞ്ഞു.

തോപ്പുംപടിയിൽ നിന്നും ബസ്സുകിട്ടാൻ പിന്നെയും വളരെ വൈകി. പറവൂരെത്തിയപ്പോൾ ഏതാണ്ട് പതിനൊന്നു മണിയായി. അവിടെ നിന്ന് ഞങ്ങളുടെ ലക്ഷ്യസ്ഥാനത്തേക്ക് കാൽനടയായി പോകണമെങ്കിൽ ഏതാണ്ട് അരമണിക്കൂറെടുക്കും. അല്ലെങ്കിൽ മറ്റൊരു ബസ്സിൽ കയറിയാൽ ഏകദേശം പത്തുമിനിറ്റ് മതി. ഞങ്ങൾ ആലോചിച്ചു ഏതായാലും വൈകുന്നതുവരെ സമയമുണ്ടല്ലോ. നടക്കാൻതന്നെ തീരുമാനിച്ചു.

നടന്നു തുടങ്ങിയപ്പോഴാണ് വന്ന കാര്യത്തിന്റെ ഗൗരവം അലട്ടാൻ തുടങ്ങിയത്. എവിടെ നിന്നു തുടങ്ങണം ആരോടന്വേഷിക്കണം എന്നൊന്നും വ്യക്തമായ ഒരു കണക്കുകൂട്ടലുമില്ല. ഇത്തരം കാര്യങ്ങളന്വേഷിക്കുമ്പോൾ അന്വേഷിക്കപ്പെടുന്നവരറിയാൻ പാടില്ലല്ലോ.

ഏതായാലും കാര്യങ്ങൾ തുടങ്ങുന്നതിനു മുൻപ് അല്പം ആത്മധൈര്യം ആവശ്യമാണെന്നു തോന്നി. 'നാടൻ ധൈര്യം' നിരോധിച്ചതുകൊണ്ട് 'വിദേശ ധൈര്യം' വിൽക്കുന്ന ബാറിൽ കയറി രണ്ടെണ്ണം അകത്താക്കി. പുറത്തിറങ്ങിയപ്പോൾ ഒരുണർവ്വു കൈവന്നു.

''നമുക്ക് നമ്മുടെ ലക്ഷ്യസ്ഥാനത്തിന്റെ കുറച്ചിപ്പുറം നിന്ന് അന്വേഷണമാരംഭിക്കാം.''

സീസറിന്റെ കാഞ്ഞ ബുദ്ധി പ്രവർ



ത്തനം തുടങ്ങി. ഞങ്ങൾ നടന്നു തുടങ്ങി.

പീറ്റർ പറഞ്ഞു തന്നിരുന്ന സ്ഥലത്തിന് ഏതാണ്ട് അടുത്തെത്തിയതായി അവിടുത്തെ ഒരു തടി മില്ല് കണ്ടപ്പോൾ ഞങ്ങൾക്കു തോന്നി. ശരിക്കും ഒരു ഗ്രാമത്തിന്റേതായ ചുറ്റുപാടുകൾ. അവിടവിടെയായി തരിശായി കിടക്കുന്ന സ്ഥലങ്ങൾ. വീടുകളെല്ലാം റോഡിൽ നിന്ന് ഒത്തിരി ഉള്ളിലേക്ക് കയറിയാണ്. കുറച്ചുകൂടി നടന്നു ഞങ്ങളൊരു ചെറിയ കവലയിലെത്തി. അവിടെ ആകെ കൂടി ഒരു മുറുക്കാൻ കടയും ഓലകൊണ്ടു മേഞ്ഞ ഒരു ബസ്സ്റ്റോപ്പും മാത്രമാണുള്ളത്. കുറച്ചപ്പുറത്തായി മൂന്നു നാലു കെട്ടിടങ്ങളും. സീസർ നേരെ മുറക്കാൻ കടയിലേക്ക് കയറി. സിഗരറ്റു വാങ്ങി എനിക്ക് നേരെ നീട്ടി. ഞാനും കടയുടെ സമീപത്തേക്കു നീങ്ങി. ഞങ്ങൾ സിഗരെറ്റിനു തീകൊളുത്തുന്നതിനിടയിൽ കടയിലിരിക്കുന്ന വൃദ്ധനോടു ചോദിച്ചു.

''ചേട്ടാ ആ പണ്ടാരപ്പറമ്പിൽ വർക്കി ചേട്ടന്റെ വീട് ഏതാ?''

"കുറച്ചപ്പുറത്ത് ഒരു കള്ളു ഷാപ്പിന്റെ അരികിലൂടെയുള്ള ഏറെക്കമിറങ്ങി കുറച്ചു നടന്നാൽ മതി... എന്താ കാര്യം?''

ഞാനും സീസറും പരസ്പരം നോക്കി. നീ തന്നെ പറഞ്ഞോ എന്ന് സീസറിനോട് ആംഗ്യം കാട്ടി. ''ചേട്ടാ ഞങ്ങളൊരു കാര്യം അറിയാൻ വന്നതാണ്. വർക്കിച്ചേട്ടന്റെ മൂത്ത മകളെ ഞങ്ങളുടെ ഒരു കൂട്ടുകാരൻ വന്നു കണ്ടിഷ്ടപ്പെട്ടു. പെണ്ണിനെപ്പറ്റിയും വീട്ടുകാരെപ്പറ്റിയും ഒരന്വേഷണത്തിനു വന്നതാണ്. ചേട്ടൻ ഞങ്ങളെയൊന്നു സഹായിക്കണം."

''മക്കളെ നിങ്ങളെ സഹായിക്കാനെല്ലാം ആഗ്രഹമുണ്ട്. അഞ്ചു പെൺമക്കളുള്ള തന്തയാണ് ഞാൻ. ഞാനെന്തെങ്കിലും പറഞ്ഞ് ഈ കല്യാണം നടക്കാതെ വന്നാൽ എന്റെ മക്കൾക്ക് അതൊരു പാരയാകും. ആ വർക്കി അങ്ങനെയൊരു നാറിയാ... അതുകൊണ്ട് എന്നെ ഒഴിവാക്കുക.''

പിന്നെ അവിടെ നിൽക്കുന്നത് പന്തിയല്ലെന്ന് ഞങ്ങൾക്ക് തോന്നി. ഞങ്ങൾ ബസ്സ്റ്റോപ്പിലെത്തി. അവിടെയൊരു മധ്യവയസ്കൻ ബസ്സു കാത്തു നിന്നിരുന്നു. ഞങ്ങളടുത്ത് ചെന്നപ്പോൾ എന്ത് വേണമെന്ന ഭാവത്തിൽ അയാൾ ഞങ്ങളെ നോക്കി. ഞാൻ ചുറ്റുപാടും നോക്കി. കുഴപ്പമില്ല. അടുത്തെങ്ങും ആരുമില്ല.

''ചേട്ടാ... ഒരു കാര്യം അറിയാനുണ്ടായിരുന്നു.''

''എന്നെ എല്ലാവരും സഖാവേ എന്നാണ് വിളിക്കുന്നത്. നിങ്ങളും അങ്ങനെ വിളിക്കുന്നതാണെനിക്കിഷ്ടം.''

"സഖാവേ..." കടക്കാരനോട് ചോദിച്ച അതേ വിവരങ്ങൾ ആവർത്തിച്ചു. കുറച്ചു നേരത്തേക്ക് അയാളൊന്നും മിണ്ടിയില്ല. പെട്ടെന്ന് താടി ചൊറിഞ്ഞു കൊണ്ടയാൾ പറഞ്ഞു.

''നിങ്ങൾ പറഞ്ഞ കാര്യങ്ങൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ആ കുടുംബത്തെപ്പറ്റി എനിക്കു പറയുവാനുള്ളത് ആയിരത്തി തൊള്ളായിരത്തി എഴുപതുകളിൽ ഞങ്ങളുടെ സർക്കാർ പാസ്സാക്കിയ ഭൂപരിഷ്ക്കരണ നിയമം വഴി പത്തു സെന്റ് കുടികിടപ്പവകാശം കിട്ടിയ ഒരു കുടിയാനാണ് വർക്കി. ആ നന്ദി അയാൾക്കില്ല അയാളിപ്പോഴും കോൺഗ്രസ്സുകാരനാണ്. പിന്നീടുള്ള കാര്യങ്ങളെക്കുറിച്ച് എനിക്ക് ഗഹനമായ അറിവില്ല. ഞാൻ വേണമെങ്കിൽ ലോക്കൽ കമ്മിറ്റിക്ക് ഒരു കത്തു തരാം. നിങ്ങൾക്ക് അവരുമായി ബന്ധപ്പെടാം.''

''വേണ്ട സഖാവേ... ഞങ്ങൾ വേറെ അന്വേഷിക്കാം. ഇത്രയും പറഞ്ഞതിന്

നന്ദി.''

ഞങ്ങൾ ആ കത്തിയിൽ നിന്നും രക്ഷപെട്ടു നേരെ ഷാപ്പു പരിസരത്തേക്കു നടന്നു നീങ്ങി.

ഷാപ്പിനടുത്ത് ആരെയും കാണുന്നില്ല. ഞങ്ങൾ വന്ന കാര്യം ഇതുവരെ ഒന്നുമായിട്ടില്ല. പെണ്ണിന്റെ സ്വഭാവം അതല്ലേ ഒരു പ്രധാന വിഷയം. അതറിയണമെങ്കിൽ ഏതെങ്കിലും ഒരു ചെറുപ്പക്കാരെ തന്നെ കാണേണ്ടി വരുമായിരിക്കും. അവരാകുമ്പോൾ ഞങ്ങൾക്ക് കുറച്ചു കൂടി അടുത്തിടപെടാമെന്ന് ഞങ്ങൾ കരുതി. അതിനാരെ കണ്ടെത്തുമെന്ന് ആശയക്കുഴപ്പത്തിൽ പെട്ടിരിക്കുമ്പോൾ ഒരുസുമുഖനായ യുവാവ് ഒരു ക്രൂര ഭാവത്തോടെ ഞങ്ങളെ സമീപിച്ചു ചോദിച്ചു.

''നിങ്ങളെന്താ ഇവിടെ കറങ്ങി നടക്കുന്നത്?''

ആ ചോദ്യം ഞങ്ങൾക്ക് തീരെ ഇഷ്ടപ്പെട്ടില്ല. എങ്കിലും അന്യദേശമാണ്, നമ്മുടെ ലക്ഷ്യവും, മാർഗ്ഗവും ശരിയല്ലാത്തതിനാൽ ശാന്തനായി ഞാൻ പറഞ്ഞു.

''ഇവിടെ ഒരു വീട്ടിൽ വന്നതാണ്.''

''ഏത് വീട്?''

**''നിങ്ങളെന്താ ഇവിടെ കറങ്ങി നടക്കുന്നത്?'' ആ ചോദ്യം ഞങ്ങൾക്ക് തീരെ ഇഷ്ടപ്പെട്ടില്ല. എങ്കിലും അന്യദേശമാണ്, നമ്മുടെ ലക്ഷ്യവും, മാർഗ്ഗവും ശരിയല്ലാത്തതിനാൽ ശാന്തനായി ഞാൻ പറഞ്ഞു. ''ഇവിടെ ഒരു വീട്ടിൽ വന്നതാണ്.''**

''ഒരു സുഹൃത്തിന്റെ വീടാണ്.'' ഒന്നു കൂടി ക്രൂരമായി ഞങ്ങളെ മാറി മാറി നോക്കിയിട്ട് ഒന്നമർത്തി മൂളിയ ശേഷം ധൃതിയിൽ അയാൾ താഴേക്ക് നടന്നകന്നു. അപ്പോഴാണ് ഒരു വൃദ്ധൻ ഞങ്ങളെ ശ്രദ്ധിച്ചു നിൽക്കുന്നത് കണ്ടത്. അയാളെന്തെങ്കിലും ചോദിക്കുന്നതിനു മുൻപ് അങ്ങോട്ടെന്തെങ്കിലും ചോദിക്കാമെന്ന് കരുതി സീസർ ചോദിച്ചു.

''ഇപ്പോൾ പോയ ആ ചെറുപ്പക്കാരൻ ഇവിടെയുള്ളതാണോ?''

''ഏയ്, അവൻ കൊടുങ്ങല്ലൂരുള്ളവനാണ്, ഇവിടെ മില്ലിലാണ് പണി.''

''മില്ല് അപ്പുറത്തല്ലേ?.. അയാളെന്താ ഈ വഴി പോകുന്നത്?'' ഞാൻ ചോദിച്ചു.

''ആ... വർക്കിയുടെ മൂത്തമകളുടെ പിറകെ കുറെ കാലമായി നടക്കുന്നു. അതാണിപ്പോൾ പണി. മില്ല് പൂട്ടിയിട്ടിരിക്കയാണ്.'' അതുകേട്ടപ്പോൾ ഞങ്ങൾക്ക് താല്പര്യമായി.

"ആ പെണ്ണിനവനോട് പ്രേമമുണ്ടോ?"

'ആർക്കറിയാം...അങ്ങനെയൊന്നുമില്ലെന്നാണെനിക്കു തോന്നുന്നത്. പിന്നെ, പെണ്ണല്ലേ ജാതി...'' അയാൾ കയ്യിലുള്ള തോർത്തു വീശി നടന്നകന്നു.

''ആ ചങ്ങാതിയോടധികമൊന്നും ചോദിക്കാതിരുന്നത് നമ്മുടെ ഭാഗ്യം'' ഞാനാശ്വസിച്ചു.

ഇതുവരെയുള്ള അന്വേഷണം കാര്യമായി ഒരിടത്തുമെത്താതായപ്പോൾ ഞങ്ങൾക്കു ഞങ്ങളെ കുറിച്ചു തന്നെ മോശം തോന്നി. ഏതായാലും ഷാപ്പിൽ കയറിയാൽ മദ്യപിച്ചിരിക്കുന്ന വല്ല വ്യക്തികളുമായി പരിചയപ്പെട്ട് അവരിൽ നിന്ന് കാര്യങ്ങളറിയാൻ ശ്രമിക്കാം എന്നൊരു ബുദ്ധി (മോശം) ഞങ്ങൾക്ക് തോന്നി. മദ്യപാനികളുമായി വളരെ വേഗത്തിലടുക്കാം. അബോധ മനസ്സുകൾ അറിയാതെ സത്യം വിളിച്ചു പറയാറുമുണ്ടല്ലോ...

ഷാപ്പിൽ കയറിയപ്പോൾ ഞങ്ങൾക്ക് വലിയ നിരാശ തോന്നി. ആകെക്കൂടി ഒരൊഴിഞ്ഞ കള്ളുഷാപ്പ്. എല്ലാ മുറികളിലും ഒന്നെത്തി നോക്കി. ഒരു മുറിയിൽ ഒരു മുപ്പത്തഞ്ചു വയസു തോന്നിക്കുന്ന ഒരു ചെറുപ്പക്കാരൻ ഒറ്റയ്ക്കിരുന്നു അല്പാല്പമായി ആസ്വദിച്ചു കഴിക്കുകയാണ്. ഇതിനിടയിൽ ജോലിക്കാരൻ വന്ന് ഞങ്ങളെ ഒരു മുറിയിലേക്കാനയിച്ചു.

''മൂത്ത സാധനം മാത്രമേയുള്ളൂ... എടുക്കട്ടേ''

''ഒരു മിനിറ്റ്, അപ്പുറത്തിരിക്കുന്ന കക്ഷിയേതാ?''

''ഇവിടെയടുത്തുള്ള ഒരു പതിവുകാരനാണ്.''

''ആളെങ്ങനെ''

''കുഴപ്പമില്ല''

"ശരി ഒരു കാര്യം ചെയ്യ്... മൂന്നു കുപ്പി അപ്പുറത്തെ മുറിയിൽ കൊണ്ടുവയ്ക്ക്. ഞങ്ങളവിടെയിരിക്കാം."

"കറി എന്തെങ്കിലും.."

"ഞണ്ടു മാത്രമേയുള്ളു... വേറൊന്നും ശരിയായിട്ടില്ല"

"ശരി അതും പോരട്ടെ."

പുഞ്ചിരിക്കുന്ന മുഖവുമായി ഞങ്ങൾ മുറിയിലേക്ക് പ്രവേശിച്ചു. ഞങ്ങളെ കണ്ടപ്പോൾ ആയാളും ചിരിച്ചു. കള്ളും ഗ്ലാസു മെത്തി. എന്തെങ്കിലും സംസാരിക്കുവാൻ സീസറിനെ ഞാൻ കണ്ണ് കൊണ്ട് ആംഗ്യം കാണിച്ച് അയാൾക്ക് അഭിമുഖമായി ഇരുന്നു.

"സുഹൃത്തേ... ഞങ്ങളിവിടുള്ളവരല്ല... നമ്മൾ തമ്മിൽ പരിചയമില്ല. എങ്കിലും കമ്പനി കൂടുന്നതിൽ വിരോധമില്ലല്ലോ?"

സീസർ നന്നായിയി തുടക്കം കുറിച്ചു.



"യാതൊരു വിരോധവുമില്ല... ഇങ്ങനെയൊക്കെയല്ലേ പരിചയപ്പെടുന്നത്. എന്റെ പേര് ഇറാനിമോസ്. ഇവിടെ അടുത്ത് തന്നെ"

"എന്റെ പേര് സീസർ. ഇയാൾ ഫ്രാൻസിസ്, ഞങ്ങൾ കൊച്ചിയിലുള്ളവരാണ്."

ഞാൻ കള്ള് മൂന്നു ഗ്ലാസ്സിലേക്കും പകർന്നു. ഞങ്ങൾ മൂന്നു പേരും, 'ചിയേർസ്' പറഞ്ഞു കുടിച്ചു. ഞാനും സീസറും ഒറ്റവലിക്കു തന്നെ അകത്താക്കി. ഇറാനിമോസ് പകുതികഴിച്ച് മേശപ്പുറത്തുവച്ചു. കാലിയായവ ഞാൻ നിറച്ചുവച്ചു.

സീസർ എന്റെ ചെവിയിൽ പറഞ്ഞു.

"ഇപ്പോൾ പുള്ളി ഒരു വിധം കുഴപ്പമില്ലാത്ത കണ്ടീഷനാണ്. ഇനി നമുക്ക് കാര്യത്തിലേക്ക് കടക്കാം." ഗ്ലാസിൽ ബാക്കിയുണ്ടായിരുന്നതും കൂടി കുടിച്ചു കഴിഞ്ഞ ചിറി തുടച്ചുകൊണ്ടായാൾ ചോദിച്ചു.

"നിങ്ങളിവിടെയെന്തിനു വന്നുവെന്ന് പറഞ്ഞില്ലല്ലോ?"

"ഞങ്ങൾ അതിലേക്ക് കടക്കുകയായിരുന്നു. നിങ്ങൾ ഞങ്ങളെ കാര്യമായി ഒന്ന് സഹായിക്കണം." ഞാൻ പറഞ്ഞു.

"എന്ത് സഹായം വേണമെങ്കിലും എന്നിൽ നിന്ന് പ്രതീക്ഷിക്കാം." അയാൾ ഉറപ്പു നൽകി. ഞങ്ങൾക്ക് സന്തോഷമായി. മദ്യത്തിന്റെ ഒരു പ്രത്യേകത!

സീസർ കാര്യങ്ങൾ ഭംഗിയായി അവതരിപ്പിച്ചു. അയാൾ ഒരു ബീഡിയെടുത്തു കത്തിച്ച് വളരെ ശ്രദ്ധയോടെ കേട്ടിരുന്നു. തെല്ലൊന്നാലോചിച്ച ശേഷം ഇറാനിമോസ് പറഞ്ഞു തുടങ്ങി.

"എനിക്കറിയാവുന്നതെല്ലാം ഞാൻ പറയാം. പക്ഷെ ഞാൻ പറഞ്ഞതായി നിങ്ങളാരോടും പറയരുത്."

ഞങ്ങൾ ഉറപ്പു കൊടുത്തു. ഞങ്ങളാഗ്രഹിച്ചിരുന്ന കാര്യങ്ങളെല്ലാം വളരെ വിശദമായി അയാൾ പറഞ്ഞു തന്നു. വർക്കിച്ചേട്ടനെ പറ്റിയും മക്കളെ പറ്റിയും വളരെ നല്ല അഭിപ്രായമാണ് അയാൾ പറഞ്ഞത്. പെണ്ണിനെ പറ്റിയും പെണ്ണിന്റെ സ്വഭാവത്തെ പറ്റിയും വളരെ അടുത്തറിയാവുന്ന എല്ലാ വിവരങ്ങളും പറഞ്ഞു കഴിഞ്ഞപ്പോൾ മില്ലിലെ ജോലിക്കാരനുമായുള്ള പ്രേമത്തെപ്പറ്റി ഞാൻ സൂചിപ്പിച്ചു.



മില്ലിലെ ചങ്ങാതി ഒരു ചെറിയ വട്ടു കേസാണെന്നും ഇതൊക്കെ അവന്റെ വട്ടിന്റെ ഭാഗമാണെന്നും ഇറാനിമോസ് പറഞ്ഞപ്പോൾ ഞങ്ങളോട് അയാൾ പെരുമാറിയ രീതി ഞങ്ങളറിയിച്ചു. ഇതിനിടയിൽ ഞാൻ ബില്ലു തീർത്തു. പോകാനുള്ള ശ്രമം ആരംഭിച്ചപ്പോൾ ഇറാനിമോസ് പറഞ്ഞു.

''ഏതായാലും നമ്മൾ പരിചയപ്പെട്ടതല്ലേ. നിങ്ങൾ വന്ന ഉദ്ദേശവും കഴിഞ്ഞു. ഇനി എന്റെ വക നമ്മുക്ക് കുറച്ചു കൂടി കഴിക്കാം.''

ഞങ്ങൾ യാതൊരെതിർപ്പും പറഞ്ഞില്ല. കുപ്പികൾ കാലിയാകുകയും വീണ്ടും വീണ്ടും വരികയും ചെയ്തു. ഞങ്ങൾ ആടുവാൻ തുടങ്ങിയിരുന്നു... ഷാപ്പ് ചെറുതായൊന്നു കറങ്ങുന്നതു പോലെ എനിക്കു തോന്നിത്തുടങ്ങി. ഞാൻ നിവർന്നിരുന്നു.

''അതിരിക്കട്ടെ നിങ്ങളുടെ ചങ്ങാതി പീറ്റർ... എങ്ങിനെ?''

''നമ്മൾ വളരെ അടുത്ത് പരിചയപ്പെട്ട സ്ഥിതിയ്ക്ക് നിങ്ങളോട് തുറന്നു പറയാം. ഇതവന്റെ പന്ത്രണ്ടാമത്തെ പെണ്ണുകാണലാണ്. പതിനൊന്നും ഒഴിഞ്ഞുപോയത് അവന്റെ കയ്യിലിരിപ്പു കൊണ്ടാണ്.''

സീസർ അതു പറഞ്ഞപ്പോൾ ഞങ്ങൾ ഇത്ര അടുത്തവർ കാര്യങ്ങൾ തുറന്നു പറയുന്നതിൽ എനിക്ക് യാതൊരു തെറ്റും തോന്നിയില്ല. ഞാനും കൂട്ടിച്ചേർത്തു.

''വെള്ളമടിച്ചു കഴിഞ്ഞാൽ പെണ്ണുങ്ങളെ കാണുന്നത് അവന് അലർജിയാണ്. അവന്റെ അപ്പനും കണക്കാണ്. പഴയ കുറച്ച് ചട്ടമ്പിത്തരവും കയ്യിലുണ്ട്. അവന്റെ അനിയൻ അവനെ ഓവർടേക്ക് ചെയ്ത് ഏതോ ഒരു മുസ്‌ലിം പെണ്ണിനേം കെട്ടി കോഴിക്കോട്ടാണ്.''

പറഞ്ഞു കഴിഞ്ഞു നിവർന്നിരിക്കാൻ ശ്രമിച്ചപ്പോൾ പുറകിലേക്ക് മറിഞ്ഞു പോകുന്നതായി തോന്നി. ഉച്ചയ്ക്ക് ഭക്ഷണം ഒന്നും കഴിച്ചിട്ടില്ല. നല്ല വിശപ്പുണ്ട്. പക്ഷേ, കണ്ണു നേരെ നിൽക്കുന്നില്ല. ഇതിനിടയിൽ ഇറാനിമോസ് പലതും ചോദിച്ചുകൊണ്ടിരുന്നു. ഞങ്ങൾ പറയുന്ന ഉത്തരങ്ങൾ ഞങ്ങൾക്കുതന്നെ അവ്യക്തമായി തുടങ്ങി. ഇനിയെങ്ങനെ വീടുവരെയെത്തുമെന്നായി. പക്ഷേ, ഞങ്ങളുടെ അവസ്ഥ മനസിലാക്കി ഇറാനിമോസ് ഞങ്ങളെ അദ്ദേഹത്തിന്റെ വീട്ടിലേക്ക് ക്ഷണിച്ചു. ഏതൊക്കെയോ വഴികളിലൂടെ അവിടെയും ഇവിടെയും തട്ടി ഞങ്ങൾ അയാളുടെ വീട്ടിലെത്തി. ഭക്ഷണം കഴിച്ചെന്നു വരുത്തി, അൽപ്പം വിശ്രമിക്കാമെന്നു പറഞ്ഞു ഇറാനിമോസിന്റെ മുറിയിലേക്കാനയിക്കപ്പെട്ടു.

പിന്നീട് ഞങ്ങൾ ഉണർന്നപ്പോൾ ഏതാണ്ട് സന്ധ്യയോടടുത്തിരുന്നു. ഉണർന്നപ്പോൾ ഇറാനിമോസ് അവിടെ ഇല്ലായിരുന്നു. ഞങ്ങൾ മുഖം കഴുകി വരാന്തയിലെത്തി. പോകുവാൻ തിടുക്കംകൂട്ടി. ലഹരി അൽപ്പമൊന്നു ശമിക്കുക മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഇതിനിടയിൽ സീസർ എന്റെ ചെവിയിൽ പറഞ്ഞു.

''എടാ, ഈ വീട്ടിൽ ഒരു പെണ്ണ് നമ്മളെ വളരെ കാര്യമായി ശ്രദ്ധിക്കുന്നുണ്ടായിരുന്നു. നീ കണ്ടോ...?''

''എടാ, അത് ഇറാനിമോസിന്റെ പെങ്ങളാവും. ഏതായാലും ഞാൻ കണ്ടില്ല. എന്റെ കണ്ണ് ഇപ്പോഴാണ് ഒന്നു നേരെയായത്.''

''പക്ഷേ, എന്നാലും...''

''ഒരെന്നാലുമില്ല... വീട്ടിലെത്താൻ നോക്കാം.''

ഇതിനിടയിൽ ഞങ്ങളുടെ സുഹൃത്തെത്തി. ഞങ്ങൾ യാത്ര പറഞ്ഞിറങ്ങി. സുഹൃത്ത് ഞങ്ങളെ ബസ്സ്റ്റോപ്പുവരെ

കൊണ്ടുവന്നുവിട്ടു. പോവുമ്പോൾ ഞാൻ പറഞ്ഞു.

''ഈ ഉപകാരം ഞങ്ങൾ മറക്കില്ല. പീറ്ററിന്റെ കല്യാണത്തിന് നമുക്ക് വീണ്ടും കാണാം.''

''നിങ്ങളെ ഞാനും മറക്കില്ല''

സുഹൃത്ത് തിരിഞ്ഞു നടക്കുമ്പോൾ സീസർ വീണ്ടും ആ പെണ്ണിന്റെ കാര്യം പറഞ്ഞു.

''എടാ നമ്മളിറങ്ങിയപ്പോഴും ആ പെണ്ണ് എന്നെ വീണ്ടും നോക്കി.''

''അതു നിന്റെ തോന്നലായിരിക്കും.'' ഞാൻ കളിയാക്കി.

ഞങ്ങൾ ബസ്സുകാത്തു നിൽക്കുമ്പോൾ മുറുക്കാൻ കടയിലെ വൃദ്ധൻ കടയടച്ചു പോകുവാനൊരുങ്ങുകയായിരുന്നു. അയാൾ ഞങ്ങളെ കൈകാട്ടി വിളിച്ചു.

''നിങ്ങളുടെ അന്വേഷണം പൂർത്തിയായോ?''

''ങാ... ചേട്ടൻ പറഞ്ഞു തന്നില്ലെങ്കിലും ഞങ്ങളറിയും.'' ഞാൻ വിജയശ്രീലാളിതനായ മട്ടിൽ പറഞ്ഞു.

''നിങ്ങൾക്ക് പെണ്ണിന്റെ ആങ്ങളയെ നേരത്തെ പരിചയമുണ്ടോ?'' വൃദ്ധൻ ആകാംക്ഷയോടെ ചോദിച്ചു.

''ഇല്ലല്ലോ.''

''നിങ്ങളെ ബസ്റ്റോപ്പിൽ കൊണ്ടുവന്ന് വിട്ടയാളാണ് ആ പെണ്ണിന്റെ ആങ്ങള.'' അതു പറഞ്ഞു വൃദ്ധൻ നടന്നകന്നു.

ഞങ്ങൾ ആകെ സ്തംഭിച്ചു നിന്നുപോയി. അല്പനേരത്തേക്ക് ആരോതലയ്ക്കടിച്ചതുപോലെ തോന്നി. സീസർ പറഞ്ഞു.

''എടാ... അവനൊരു ബുദ്ധിമാനായ ദുഷ്ടൻതന്നെ...''

ഞങ്ങളന്നു വീട്ടിലെത്തിയത് ഏതാണ്ട് രാത്രി പതിനൊന്നു മണിയോടെയാണ്. തോപ്പുംപടിയിലെത്തിയ ശേഷം മനപ്പൂർവ്വം വൈകിയതാണ്. കാത്തിരിക്കുന്നവരെ നേരിടുവാൻ ഞങ്ങൾക്ക് കരുത്തില്ലായിരുന്നു. പിറ്റേന്ന് എഴുന്നേൽക്കുവാൻ വളരെ വൈകി. ജോസിയാണ് വിളിച്ചുണർത്തിയത്.

''എടാ... ഇന്നലെ രണ്ടും നല്ല ഫോമിലായിരുന്നുവെന്ന് തോന്നുന്നല്ലോ? നിന്നെയൊക്കെ നോക്കി പീറ്റി എത്രനേരം വെയിറ്റ് ചെയ്തന്നറിയാമോ? ഞങ്ങളൊക്കെ പിരിഞ്ഞിട്ടും അവൻ അവിടെ ഉണ്ടായിരുന്നു.''


''എടാ നമ്മളിറങ്ങിയപ്പോഴും ആ പെണ്ണ് എന്നെ വീണ്ടും നോക്കി.'' ''അതു നിന്റെ തോന്നലായിരിക്കും.'' ഞാൻ കളിയാക്കി.


''നീ ഇന്ന് പീറ്റിയെ കണ്ടോ?'' ഞാൻ ചോദിച്ചു.

''ഞാനിപ്പോൾ അവന്റെ വീട്ടിൽ നിന്നാണ് വരുന്നത്. ഒരു പ്രധാനപ്പെട്ട ന്യൂസ് കിട്ടി. അവന്റെ 'മൂന്നാൻ' വന്നിരുന്നു. ഈ കല്യാണം നടക്കില്ലെന്നുപറഞ്ഞു. അവനെപ്പറ്റി എല്ലാ വിവരങ്ങളും ഏതോ ദരിദ്രവാസികൾ പറഞ്ഞുകൊടുത്തുപോലും.''

ഞങ്ങൾ പ്രതീക്ഷിച്ചിരുന്നതു കൊണ്ട് അതുകേട്ടപ്പോൾ കാര്യമായൊന്നും ഞങ്ങൾക്ക് തോന്നിയില്ല.

''അതൊക്കെ പോട്ടെ നിങ്ങളുടെ ദൗത്യം വിജയിച്ചോ? അറിഞ്ഞിട്ടു കാര്യമില്ലെങ്കിലും; പെണ്ണെങ്ങിനെയുണ്ട്?''

''എടാ... ആദ്യം ചെക്കൻ നന്നാവണം.''


ooo



അന്ന് വീട്ടിലിരുന്ന് വിദ്യാർത്ഥി കളുടെ ഉത്തരക്കടലാസുകൾ പരി ശോധിച്ചുകൊണ്ടിരിക്കുമ്പോഴാണ് മഞ്ജു മുറിയിൽ കടന്നു വന്നതെ ന്നാണോർമ്മ. അവളങ്ങനെയാ ണല്ലോ. കോളേജിൽ ഞാനെടു ക്കുന്ന വിഷയത്തിലെത്ര കുട്ടികൾ ജയിക്കുന്നു, എത്ര പേർ തോൽ ക്കുന്നു, ആർക്കാണ് ഒന്നാം റാങ്ക്, അത് ആൺകുട്ടിയ്ക്കോ പെൺകു ട്ടിയ്ക്കോ എന്നു തുടങ്ങി ഒരു നൂറു കൂട്ടം കാര്യങ്ങൾ അവൾ തിരക്കുക പതിവാണ്. മൂന്നാം ക്ലാസ്സിൽ പഠി ക്കുന്ന അവൾക്കിതെല്ലാമറിഞ്ഞി ട്ടെന്തു വേണമെന്നെങ്ങാനും ചോദിച്ചു പോയാൽ പിന്നെ സംഗതി കുഴപ്പമായതു തന്നെ. പിണങ്ങുകമാത്രമല്ല. എന്നെക്കുറി ച്ചുള്ള പരാതിയുമായി അവൾ അവ ളുടെ അമ്മയുടെ അടുത്തെത്തും. ഞാൻ ദേഷ്യക്കാരനാണെന്ന് തുടങ്ങി എനിക്ക് അവളോടൊട്ടും സ്നേഹമില്ല എന്നുവരെ പരാതി യുടെ പട്ടിക നീളുമ്പോൾ അവ ളുടെ അമ്മയ്ക്കതത്ര രസിച്ചി ല്ലെന്നും, മുപ്പത്തിയവൾക്കു ചൂരൽ കഷായം കൊടുത്തെന്നും, അവൾ



# പാദസരം



ജനാർദ്ദനൻ നമ്പള

കഥ പറഞ്ഞ്...
കഥ പറഞ്ഞ് സ്വയം കഥയായി മാറിയവൻ...
റേഡിയോളജിയുടെ കഥാകാരൻ...
പറയാൻ ഒരുപാടു കഥകളിവിടെ ബാക്കി വച്ച്
1995 ൽ നമ്മെ വിട്ടുപോയവൻ...
1994 ൽ കോഴിക്കോട് ആകാശവാണി
അദ്ദേഹത്തിന്റെ ഈ കഥ സംപ്രേക്ഷണം
ചെയ്തിരുന്നു.

വാവിട്ട് കരഞ്ഞു പ്രതിഷേധം രേഖപ്പെടുത്തിയെന്നുമൊക്കെ വന്നേയ്ക്കും. അതുകൊണ്ടുതന്നെ അവളെന്റെയടുത്തു വന്ന പാടെ പരിശോധിച്ചുകൊണ്ടിരുന്ന ഉത്തരക്കടലാസുകളും, പേനയും മാറ്റിവയ്ക്കുകയായിരുന്നു ഞാൻ.

"ദേ, ഉത്തരക്കടലാസു മുഴുവൻ നോക്കിത്തീർന്നിട്ടില്ല്യാട്ടോ" മേശപ്പുറത്തിരുന്ന ഡപ്പിയിൽ നിന്നും ഒരു നുള്ള് പൊടിയെടുത്ത് വലിച്ചുകൊണ്ട് ഞാൻ അവളോടായി പറഞ്ഞു. അതുകൊണ്ട് ആരൊക്കെ ജയിച്ചു, തോറ്റുന്നൊന്നും പറയാറായിട്ടില്ല.

"ഉം...ഉം..." അവൾ നിഷേധാർത്ഥത്തിൽ ഇരുചുമലുകളും ഇളക്കി.

"ഞാനത് നോക്കാനല്ലച്ചാ വന്നത്.."

"പിന്നെ?"

"അച്ഛന്റെ പഴയ ചെരുപ്പുകളില്ല്യേ, അതൊക്കെ അച്ഛനെവിട്യാ വെച്ചിരിക്കുന്നത്?"

"ഉം... എന്താ അതുകൊണ്ടിപ്പോഴൊരാവശ്യം?"

"അത്. ശെൽവിയ്ക്ക് കൊടുക്കാനാ."

ഇടയ്ക്കിടെ വീട്ടിൽവരാറുള്ള ശെൽവിയെ ഞാനന്നേവരെ നേരിൽ കണ്ടിട്ടുണ്ടായിരുന്നില്ലെങ്കിലും, അവളെ കുറിച്ചു മഞ്ജു പലപ്പോഴും പറഞ്ഞു കേട്ടിട്ടുണ്ട്. വീടുകൾ തോറും കയറിയിറങ്ങി പഴയ നോട്ടുപുസ്തകങ്ങൾ, പത്രമാസികകൾ, ഉപയോഗശൂന്യമായ വീട്ടുസാധനങ്ങൾ മുതലായവ ശേഖരിച്ചു നടക്കുന്ന ഏതോ ഒരു തമിഴത്തിപെൺകുട്ടി. ദൂരെയെങ്ങോ കോളനിയിൽ താമസിക്കുന്ന അവൾ ആയിടയ്ക്കായിരുന്നല്ലോ മഞ്ജുവിനൊരു പമ്പരം കൊണ്ടുകൊടുത്തതും.

**'ഇതുക്ക് യാരുമേ മുപ്പത് കാസ്ക്ക് മേലെ കൊടുക്കമാട്ടാകം. നീങ്ക ആയതിനാലേ നാൻ അമ്പതുകാസ് തരികിറേൻ...'**

റേക്കിനു മുകളിൽ തപ്പിയെടുത്തു കൊടുത്ത രണ്ട് ജോഡി പഴയ വാററ്റ ചെരുപ്പുകളുമായി മഞ്ജു മുറിവിട്ടപ്പോൾ, കർട്ടന്റെ വിടവിലൂടെ ഞാൻ സിറ്റൌട്ടിലേക്ക് കണ്ണയച്ചു. ഓമനത്വം തുളുമ്പുന്ന വട്ടമുഖം, വിടർന്നകണ്ണുകൾ, ചുരുണ്ടിടതൂർന്ന ചെമ്പിച്ച മുടി പിറകിൽ രണ്ടായി മെടഞ്ഞിട്ട് ചെമന്ന റിബ്ബൺ കൊണ്ട് കെട്ടിയിരിക്കുന്നു. പഴകി നിറം മങ്ങിയ ചെമന്ന ബ്ലൗസും, അങ്ങിങ്ങു പിന്നിതുന്നിയ പുള്ളി പാവാടയുമാണ് വേഷം.

കറുത്തിട്ടാണെങ്കിലും കാണാൻ ചന്തമുള്ള പെൺകുട്ടി. മഞ്ജുവിനേക്കാൾ ഒന്നോ രണ്ടോ വയസ്സ് പ്രായക്കൂടുതൽ കാണും. സിറ്റൌട്ടിൽ നീലച്ചായമടിച്ച കൈവരിയിൽ ഒരു വശം ചാരി നിൽപ്പാണവൾ.

"മഞ്ജു" ശെൽവി തന്റെ തമിഴ് കലർന്ന മലയാളത്തിൽ പറയുന്നതെനിക്ക് വ്യക്തമായി കേൾക്കാം.

"ഇതുക്ക് യാരുമേ മുപ്പത് കാസ്ക്ക് മേലെ കൊടുക്കമാട്ടാകം. നീങ്ക ആയതിനാലേ നാൻ അമ്പതുകാസ് തരികിറേൻ..."

"പോരാ പോരാ" മഞ്ജു വിലപേശുകയാണ്. "ജോഡിക്ക് ഒരു ഉറുപ്പിക വെച്ചു തന്നാലേ ഞാൻ ഇത് തരുള്ളൂ."

"സരി" ശെൽവി തന്റെ പാവാടക്കുത്തിൽ തിരുകിവെച്ച മുഷിഞ്ഞ പണസഞ്ചിയിൽ നിന്നും നാണയത്തുട്ടുകളെണ്ണിയെടുത്ത് മഞ്ജുവിന്റെ നേരെ നീട്ടി.

"പോട്ട്, എഴുപത് കാസുണ്ട്രു ഇതു താൻ പോതും..."

"മിണ്ടാതിരി" മഞ്ജു പറഞ്ഞു.

"നിനക്കിത് കൊണ്ട്പോയി വിറ്റാൽ ഒരുപാട് പൈസ കിട്ടും. അതുകൊണ്ട് രണ്ടുറുപ്പികയിൽ ഒരു നയാപൈസ പോലും കുറഞ്ഞാൽ ഞാനിത് തരില്ല."

"മഞ്ജു... കേള്ങ്കെ" ശെൽവിയുടെ തുടുത്ത മുഖം മ്ലാനമായി. "ഇതു കടയ്ക്ക് എടുത്തിട്ട്പോയി കൊടുത്താച്ചെന്ന ഒന്നര രൂപയ്ക്ക് മേലെ കെടയ്ക്കാത്ങ്കെ."

മുറ്റത്ത്മടക്കി വച്ച ചാക്കിനു നേരെ വിരൽ ചൂണ്ടി ശെൽവി പരിഭവം പറയുകയാണ്.

"പാറ് മഞ്ജു, അന്ത ശാക്ക് കാലിയായിക്കിടക്കത്. ഇന്നെയ്ക്ക് കച്ചവടം ഒണ്ണുമേ നടക്കലേയെ. അമ്മ രണ്ടു നാളച്ച് ജരമാ പടുത്ത് കെടക്ക്റാങ്കാ.. ആകനാലെ കച്ചവടത്ത്ക്ക് നാനെ ഒറുവൾതാൻ മഞ്ജു."

"അപ്പം നിന്റെച്ഛനെവിടെ പോയി?"

"യെ അപ്പാവുടെ കാരിയം ശൊല്ലാമിരിയ്ക്കാത് മേൽ മഞ്ജു. അപ്പാവന്ത് കെടയ്ക്കറ കാശ് മൊത്തമാ ശാരായക്കടയില് കൊടുത്ത്പോട്ട് വീട്ട്ള് വന്ത്പട്ത്ത്ട്വാങ്കെ. അമ്മാവും ഞാനും ഊരുചുറ്റി വ്യാപാരം ശെയ്യറെ കാസ്നാലെ താൻ കുടുംബം ശാപ്പിടറത്" ഒരു ദീർഘനിശ്വാസത്തോടെ അവൾ തുടർന്നു. "യെ അമ്മാവുക്ക് മരുന്ന് വാങ്ക്ല്ലെ. ഇന്ന്ക്ക് കാലെയില് താൻ വീട്ടിലിരുന്ത് വരുമ്പോത് യെ തമ്പിയും, തങ്കച്ചിയും പശിയിനാല് കരഞ്ചിട്ട് ഉക്കാന്തിരിക്കാങ്കെ."

ശെൽവിയുടെ കണ്ഠമിടറി. ആ വിടർന്ന കണ്ണുകൾ നിറഞ്ഞു.

"ഇതൊന്നും ഞാൻ അറിഞ്ഞിട്ടില്ല്യാട്ടോ." ശെൽവിയുടെ പരിദേവനം കേട്ടു മനസ്സലിഞ്ഞിട്ടാവണം, വാറ്റ രണ്ടു ജോഡി ചെരുപ്പുകളും അവൾക്കു കൊടുത്തിട്ട് മഞ്ജു പറഞ്ഞു. "സാരല്ല്യ നീയിത് കൊണ്ടുപൊയ്ക്കോളൂ..."

"ദാങ്കെ മഞ്ജു" കുനിഞ്ഞു പാവാടത്തുമ്പുയർത്തി കണ്ണുകളൊപ്പിയ ശെൽവി തന്റെ പണ സഞ്ചിയിൽ നിന്നും എണ്ണിയെടുത്ത നാണയത്തുട്ടുകളപ്പടി മഞ്ജുവിനു നേരെ നീട്ടി. "എഴുപത്തഞ്ചു കാശിരിക്ക്.."

"വേണ്ട വേണ്ട. നീയെനിക്കിതിന് ഒരു നയാ പൈസേം തരണംന്നില്ല്യ. തന്നാലും ഞാനൊട്ട് വാങ്ങൂല്ല്യ..."

ആ സംഭവത്തിനു ശേഷം ശെൽവി പലതവണ വീട്ടിൽ വന്നിരുന്നുവെങ്കിലും, പിന്നീട് ഞാനവളെ കാണുന്നത് മാസങ്ങൾ കഴിഞ്ഞാണ്. കൃത്യമായി പറഞ്ഞാൽ മഞ്ജുവിന് ഞാൻ പാദസരം വാങ്ങി കൊടുത്തതിന്റെ പിറ്റേത്തെ ആഴ്ച. ഒരു വൈകുന്നേരമാണത്. മുറ്റത്തു നിരത്തിവെച്ച പൂച്ചട്ടികളിലെ ചെടികൾക്ക് വെള്ളമൊഴിച്ചുകൊണ്ടിരുന്ന ഞാൻ പിറകിലെന്തോ എടുത്തിട്ടപോലെ വീണ ശബ്ദം കേട്ട് തിരിഞ്ഞു നോക്കിയപ്പോൾ എന്തൊക്കെയോ കുത്തി നിറച്ച ചാക്ക് കെട്ട് മുറ്റവരമ്പത്ത് ഇറക്കി വെച്ചു നിന്ന് ദീർഘശ്വാസം വിടുകയാണവൾ.

"ഇതാര്!" ഞാൻ തിരക്കി.

"ശെൽവിയോ?"

"ആമസാർ, നാനേ താൻ..."

"ഇപ്പോൾ കച്ചവടമൊക്കെ എങ്ങിനുണ്ട്?"

"റമ്പ നല്ല പോലെ നടക്കറ്ത് സാർ ഒരു നാളക്ക് ഇരുപതു-ഇരുപത്തഞ്ചു ഉറുപ്പിക വരേക്കും ലാപം കിടൈറ്താങ്കെ..."

"ആമാ?"

"ആമസാർ." അവൾ തന്റെ കൊച്ചരിപ്പല്ലുകൾ വെളിയിൽ കാട്ടി നിഷ്കളങ്കമായി ചിരിച്ചപ്പോൾ ആ തുടുത്ത കവിൾത്തടങ്ങളിൽ നുണക്കുഴികൾ കണ്ടു.

"മഞ്ജു എങ്കേ സാർ?" അവൾ തിരക്കി. "സ്കൂൾ വിട്ട് വരില്ല്യങ്ക്ളാ?"

"മഞ്ജുവിന് ഇന്ന് സ്കൂളിൽ സ്പോർട്സാത്രെ അതുകൊണ്ട് അവളിന്നല്പം താമസിച്ചേ വരൂ..."

"സരി മഞ്ജൂടമ്മ എങ്കേ?" ശെൽവി ചോദിച്ചു. "ആപ്പീസു വിട്ട് വരില്ല്യങ്ക്ളാ?"

"ഉവ്വ്. അവളകത്തുണ്ട്..."

"സാർ" ഭാര്യയെ കണ്ട് സംസാരിച്ച് തിരിച്ചു വന്ന ശെൽവി വീണ്ടും.

"ഒരു ചിന്ന സന്ദേഹം..."

"എന്താ ശെൽവിയുടെ സംശയം?"

"അന്ത പാദസരം എങ്കേയിരുന്ത് വാങ്ങ്ണീങ്ക സാർ?"

"ഏതു പാദസരം?"

"മഞ്ജുടെ കാലുക്ക് പോട്ട പാദസരം..."

"അത് കോഴിക്കോട്ട്ന്ന് വാങ്ങിച്ചതാ."

"ആമ?" അവളെന്തോ തീരുമാനിച്ചുറപ്പിച്ചിട്ടെന്ന പോലെ തിരക്കി: "സാർ, നാനൊരു കാരിയം ശൊന്ന താപ്പാനീനയ്ത മാട്ടിങ്ക്ളാ?"



**'വേണ്ടച്ഛാ, ബാക്കി അച്ഛൻ കൂട്ടണംന്ന്ല്യ, ഞാൻ തരാം' മണിപ്പേഴ്സ് കയ്യിലുയർത്തിപ്പിടിച്ച് അകത്തു നിന്നും ഓടിവന്ന മഞ്ജു പറഞ്ഞു.**

"പറയ് ശെൽവി, എന്താ കാര്യം?"

"നാൻ ഇരുന്നൂറുരൂപ ഉങ കൈയില് കൊണ്ടെത്തന്നാച്ചെന്നാ, നീങ അതു മാതിരി ഒരു ജോഡി പാദസരം വാങ്ങി തരുങ്ക്ളാ?"

"പിന്നെന്ത്!" ഞാൻ പറഞ്ഞു.

"തീർച്ചയായും വാങ്ങിച്ചു കൊണ്ടു തരാം" ഞാനത് പറഞ്ഞു നാക്കെടുക്കേണ്ട താമസം അവൾ ലോകം കിട്ടിയ പ്രതീതിയോടെ അടുക്കള വാതിൽക്കലേയ്ക്ക് ഒരോട്ടമായിരുന്നു. എന്തിനാന്നല്ലേ? നിത്യവും കച്ചവടം ചെയ്തു കിട്ടുന്ന ലാഭത്തിൽ നിന്ന് ഒരു ചെറിയ പങ്ക് മിച്ചം വെച്ച് ആഴ്ചതോറും അവളെന്റെ വീട്ടിൽ ഏൽപ്പിക്കാമെന്നും, ആയത് ഇരുന്നൂറുറുപ്പിക തികയുമ്പോൾ അവൾക്ക് പാദസരം വാങ്ങിച്ച് കൊടുക്കാൻ എന്നോട് പറയണമെന്നും ഭാര്യയെ ശട്ടം കെട്ടാൻ.

കഴിഞ്ഞയാഴ്ച ഒരു ദിവസം...

അന്ന് കാലത്ത് പതിവ് പോലെ കോളജിലേക്ക് പുറപ്പെട്ടിറങ്ങിയ ഞാൻ സ്കൂട്ടർ സ്റ്റാർട്ട് ചെയ്യുമ്പോഴുണ്ട് ടവ്വലിൽ കെട്ടിയ ഒരു പണക്കിഴിയുമായി ഭാര്യ എന്റെ മുന്നിൽ.

"ശെൽവിയുടെ സമ്പാദ്യാ" അവൾ പറഞ്ഞു. "നൂറ്റിഎഴുപത്തെട്ടുറുപ്പികയുണ്ട്"

"ഇത് ഇപ്പഴെന്തിനാ എന്റെ കൈയിൽ തരണത്?"

"വൈകുന്നേരം വരുമ്പോൾ നിങ്ങളവൾക്ക് പാദസരം വാങ്ങിച്ചു കൊണ്ടു വരണം..."

"ഋന്ത് പ്രാന്തായിപ്പറേണത്? മൂന്നു മാസം മുൻപ് ഇരുന്നൂറുറുപ്പിക വിലയുള്ള പാദസരം ഇന്ന് നൂറ്റിഎഴുപത്തെട്ടിന് കിട്ടുമെന്ന് തോന്നുന്നുണ്ടോ നിനക്ക്?'

"പാവാണ്ട്ട്യോ" ഭാര്യ പറഞ്ഞു.

"വരുന്നാഴ്ച അവരുടെ നാട്ടിൽ മാരിയമ്മൻ കോവിലുത്സവമാണെന്നും, അടുത്ത ദിവസം അവർ പോവാനിരിക്ക്യാന്നും ശെൽവി പറേണ് കേട്ടു. അതുകൊണ്ട് ബാക്കി വേണ്ടി വരുന്ന പൈസ എത്രയാച്ചാ കൂട്ടിയിട്ട് ഇന്ന് തന്നെ പാദസരം വാങ്ങിച്ച് കൊണ്ടുവരണം. നമ്മുടെ മോളെപ്പോലൊരു കൊച്ചുകുട്ട്യല്ലേ അവളും!"

"വേണ്ടച്ഛാ, ബാക്കി അച്ഛൻ കൂട്ടണംന്ന്ല്യ, ഞാൻ തരാം" മണിപ്പേഴ്സ് കയ്യിലുയർത്തിപ്പിടിച്ച് അകത്തു നിന്നും ഓടിവന്ന മഞ്ജു പറഞ്ഞു. "ദേ നാല്പത്തെട്ടുറുപ്പ്യുണ്ട് അച്ഛനെനിക്ക് പലപ്പോഴായി സിനിമ കാണാൻ തന്ന പൈസയാ..."

വൈകുന്നേരം കോളജ് വിട്ട് വരും വഴി കോഴിക്കോട്ടു നിന്നും പാദസരം വാങ്ങിയാണ് ഞാനന്ന് വന്നത്, പിറ്റേന്ന് വീട്ടിൽ വരാമെന്നേറ്റ ശെൽവി ഇന്നലെവരെയും വന്നു കണ്ടില്ല.

"നോക്കൂ." ശെൽവിയ്ക്കു വേണ്ടി വാങ്ങിയ വർണക്കടലാസിൽ പൊതിഞ്ഞ പദസരവുമായി കാലത്ത് ഭാര്യ എന്നെ സമീപിച്ചു. "ഇന്നോ നാളെയോ അവൾ നാട്ടിൽ പോകുംന്നാ പറഞ്ഞത് അതോണ്ട് ഇന്ന് തന്നെ ഇതൊന്നവൾക്ക് എത്തിച്ചു കൊടുക്കാൻ പറ്റ്വോങ്കക്?"

ഗ്രാമാതിർത്തിക്കപ്പുറത്ത്, കരിങ്കൽ ക്വാറിക്കടുത്ത് ലക്ഷം വീട് കോളനിയിലെ ഏതോ വൃദ്ധയോടൊപ്പമാണ് ശെൽവിയും കുടുംബവും താമസിക്കുന്നതല്ലാതെ, അതെവിടെയെന്ന് കൃത്യമായറിയാമായിരുന്നില്ലയെങ്കിലും, 'പറ്റില്ല്യാ' യെന്ന് പറയാനെനിക്ക് നാക്ക് വളയുമായിരുന്നില്ല. കാരണം ആ കൊച്ചു പെൺകുട്ടി തന്റെ നിഷ്കളങ്കതയും, വാക്ചാതുരിയും കൊണ്ട് എന്നിലും വേരൂന്നിക്കഴിഞ്ഞിരുന്നു.

ചുരുക്കിപറയട്ടെ, ശെൽവിയുടെ പാർപ്പിടം ഞാൻ കണ്ടെത്തുക തന്നെ ചെയ്തു. എന്നിട്ടെന്ത്? ആ കുടിലിന്റെ കതക് അടഞ്ഞ് കിടക്കുകയായിരുന്നുവല്ലോ! പക്ഷെ അതല്ല ഇന്നലെ രാത്രി അവളെ മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് കൊണ്ടുപോയിരിക്കുന്നുവെന്ന വർത്തയാണെന്നെ നടുക്കികളഞ്ഞത്! കാലിൽ തുരു

മ്പിച്ച ആണിയെങ്ങാനും തറച്ചതു കാരണം വിഷം കയറിയിട്ടാണത്രെ!

എന്റെ കണ്ണ് നിറയെ നീലിച്ച ശരീരവും, കാതു നിറയെ വേദനകൊണ്ട് പുളയുന്ന അവളുടെ ഞരക്കവുമാണ്.

“പറയൂ.” വിങ്ങിപ്പൊട്ടുന്ന മഞ്ജുവിനെ മാറോടണച്ചു എങ്ങലടക്കി ഭാര്യ ചോദിച്ചു.

“അവൾക്കെന്തായിരുന്നു അസുഖം”

“ടെറ്റനസ്.”

ഞാനാരോടെന്നില്ലാതെ പൊട്ടിത്തെറിച്ചു. “അച്ഛനമ്മമാരുടെ അജ്ഞത വരുത്തിവെച്ച വിന!”

“നിങ്ങളെന്തായീ പറയുന്നത്?”

അവൾ സാരിത്തലപ്പെടുത്ത് കണ്ണുകളൊപ്പി. “ശെൽവിയുടെ അച്ഛനമ്മമാരെന്തു പിഴച്ചു?”

“കുഞ്ഞുനാളിലെടുക്കേണ്ട പ്രതിരോധ കുത്തിവെപ്പുകൾ മുറക്കെടുത്തിരുന്നെങ്കിൽ അവൾക്കീ രോഗം വരുമായിരുന്നില്ലെന്ന് ഞാനല്ല പറയുന്നത്, മെഡിക്കൽ കോളേജിലെ പ്രൊഫസർമാരാ...”

“പറയൂ, എന്നിട്ടോ?”

“എന്നിട്ട്,” തളർന്നു വീഴാതിരിക്കാൻ ജനൽ കമ്പികളിൽ മുറുകെപ്പിടിച്ച് ഞാൻ വിക്കിവിക്കി പറഞ്ഞു. “എന്നിട്ട്... കരിങ്കൽ കാറിയ്ക്കടുത്ത് അവളുറങ്ങുന്ന മൺകൂനയ്ക്കു മുകളിൽ ഞാനാ പാദസരം തൊഴുകൈയ്യോടെ സമർപ്പിച്ച് തിരിച്ചു പോരുകയായിരുന്നു...”

ooo





ടൈം മെഷിനിൽ കയറാതെ തന്നെ 20 വർഷങ്ങൾക്ക് മുകളിൽ എത്തിപ്പെട്ടപ്പോ... പതിനേഴു വയസ്സിന്റെ ചുറുചുറുക്കോടെയാണെല്ലാരും പടികൾ കയറിയിറങ്ങുന്നത്... അതോ ഒരു തിരിച്ചു വരവിനായുള്ള ആഗ്രഹം ഉള്ളിലെവിടെയോ പതിഞ്ഞു കിടപ്പുണ്ടായിരുന്നോ?

എന്നെ പോലെ തന്നെ ഓർമ്മയുടെ വസന്തത്തിൽ നഷ്ടസുഗന്ധവും, നിറവും വേർതിരിച്ചെടുക്കാൻ എല്ലാവരും പാടുപെടുന്നുണ്ടാവുമോ?

എവിടെയാണ് നമ്മളത് ഉപേക്ഷിച്ച് പോന്നത്...

പോർട്ടിക്കോയിലോ... അതോ ഭംഗിയായി വെട്ടിയൊരുക്കിയ ബുഷ് ചെടിയുടെ അതിരുകൾക്കപ്പുറത്ത്, നമ്മെ മോഹിപ്പിച്ച് കൊണ്ട് നിറഞ്ഞ് വിരിഞ്ഞ് തലയാട്ടിക്കൊണ്ടിരുന്ന പനിനീർ പൂക്കളിൽ സുഗന്ധത്തിലോ...

ഇടയ്ക്കൊന്ന് കഴിച്ചുപോയാൽ ആദ്യം മധുരിക്കുമെങ്കിലും പിന്നെ രസം കൊല്ലിയായ ചക്കരപ്പട്ട കായകൾ വീണ് കിടക്കുന്ന റോഡുകൾക്കിരുവശത്തോ...

ഷിത
റേഡിയോഗ്രാഫർ
മെഡിക്കൽ കോളേജ്, കോഴിക്കോട്



# ഓർമ്മകളുടെ ചാറ്റൽ മഴ



അതോ... പഞ്ചാരപ്പാറയിലെ... ഉരുളൻ പാറകൾക്കിടയിലെ പുൽ പരവതാനിയിലോ...

പടി പടിയായി അടുക്കിയ...

എവിടെയിരുന്നാലും കുരുത്തക്കേട് കാണിക്കാൻ പറ്റാത്ത ക്ലാസ് മുറികളിലോ.. എക്സ് റേ റൂമുകളിലെ കളിചിരികൾക്കിടയിലോ...

അതോ സീനിയേഴ്സ് ഭീകരമായി അവതരിപ്പിച്ചു തന്ന ഡ്രാക്കുള വാഴുന്ന... ഇരുട്ടിന്റെ അകത്തളങ്ങളിലോ...

നമ്മുടെ സ്വകാര്യ അഹങ്കാരമായ കോഴിക്കോട് മെഡിക്കൽ കോളേജിലെ തിരക്കുകൾക്കിടയിലോ...

നിശബ്ദത തളം കെട്ടിയ... കോളേജ് ലൈബ്രറിയിലോ...

കിരീടവും അരപ്പട്ടയുമേന്തി കഴിക്കാൻ എന്താണ് വേണ്ടതെന്ന് ചോദിക്കുന്ന ഐ.സി.എച്ച് ലോ...

പേരയ്ക്കയും മാങ്ങയും നിറഞ്ഞു നിൽക്കുന്ന മുറ്റമുള്ള...

വരാന്തയുടെ ഇരുവശത്തുമായുള്ള ഹോസ്റ്റൽ മുറികളിലോ...

അതോ പ്ലേറ്റിൽ ഒരു മുട്ടയും ആരും കാണാതെ ഗ്ലാസിൽ രണ്ടു മുട്ടയുമെടുക്കുന്ന മെസ്സിലോ....

നനഞ്ഞ ഫിലിമുകൾ തൂങ്ങിയാടുന്ന ഡെസ്പാച്ചിൻ മുകളിലോ...

ഇടയ്ക്കു മാത്രം പോസ്റ്റിംഗിന് കയറുന്ന ഡെന്റൽ കോളേജിലോ...

അമ്മയും കുഞ്ഞുമിരിക്കുന്ന ഐ.എം.സി.എച്ച് ലോ...

ബാലചന്ദ്രൻ സാറിന്റെ കത്തികൾക്കിടയിലെ തെറാപ്പിയിലോ...

സീനിയേഴ്സ് പേടിപ്പിച്ച് എഴുതിച്ച പ്രേമ ലേഖനങ്ങളിലോ എവിടെയായിരുന്നു നമ്മുടെ കൗമാരം ഉപേക്ഷിച്ചിട്ട് പോന്നത്...

മെഡിക്കൽ കോളേജും... ഹോസ്പിറ്റലും... അവിടുത്തെ തിക്കും... തിരക്കും...

അതിനപ്പുറത്തെ റോഡുകളും ഹോസ്റ്റലുകളും മോർച്ചറിയും കാഷ്വാലിറ്റിയും... എല്ലാം...

വടക്ക് നിന്ന് വന്ന എനിക്ക് എല്ലാം വിസ്മയമായിരുന്നല്ലോ...

രാവിലെ എട്ടുമണിയാവുമ്പോൾ കയറിൽ തുണികെട്ടിയ മോപ്പുമായി വരാന്ത തുടക്കുന്ന പെണ്ണുട്ടിയമ്മയെ കണ്ടു കൊണ്ട് തുടങ്ങുന്ന ദിനം...

സതി മാധവും രാജൻ സാറും ഒരുമിച്ചൊരു വരവുണ്ട്... അപ്പോ ഡിപ്പാർട്ട്മെന്റിൽ എല്ലാവരുടെയും ഹാർട്ട്ബീറ്റ്സ് വരെ കേൾക്കാം...

സീനിയേഴ്സ് എന്ന ഭയാനകമായ മുഖങ്ങൾ...

പേടിച്ചരണ്ട റാഗിങ് ദിനങ്ങൾ...

ആ സാറിനെ എപ്പോ കണ്ടാലും വിഷ് ചെയ്യണംന്ന സീനിയേഴ്സ് കൽപ്പന...

സാറിനെ കണ്ടാലോ ഒരു ആജാനബാഹു.



അങ്ങനെ രണ്ടാഴ്ച... മുപ്പർജിയെക്കണ്ടാൽ ഞങ്ങൾ അപ്പോൾ ഗുഡ് മോർണിംഗ് പറയും... തിരിച്ച് നിർവികാരമായ മുരടനക്കം മാത്രം...

ആ രണ്ടാഴ്ച ഞങ്ങൾ കാണുമ്പോ കാണുമ്പോ വിഷ് ചെയ്തത് എക്സ്റേ അറ്റൻഡർ ബാലൻ നായരെ ആയിരുന്നു എന്ന സത്യം മനസിലാക്കിയ നിമിഷം... സത്യായിട്ടും പകച്ചു പോയി...

അതൊക്കെ മ്മടെ സീനിയർസ് വികൃതികൾ.

അങ്ങനെ... സീനിയേഴ്സിന്റെ പേടിപ്പിക്കലും... വടക്കൻ ഭാഷയും.

കുടിയേറ്റ ഭാഷയും തെക്കൻ ഭാഷയും തമ്മിലുള്ള അന്തരം കാരണം.

നാണിച്ചു സ്വകാര്യമായി മാത്രം സംസാരിച്ചിരുന്ന ഈ മിണ്ടാപ്രാണിക്ക് അന്ന് മനസിലായി... 'ഭ' യും 'ഫ' തമ്മിലുള്ള വത്യാസം

എന്തായാലും അന്ന് മുതൽ എന്റെ ഉള്ളിലെ കഴിവുകളിൽ കട്ടയ്ക്ക്.

കൂടെ നിൽക്കാൻ ഒരു പാട് സഹോദരങ്ങളെ കിട്ടി...

ഒപ്പം നല്ല കുറെ ഗുരുക്കന്മാരെയും

അതിനിടയ്ക്ക് ഓർമ്മയിലെ ഒരു ഭക്ഷ്യ വിഷബാധയും...

എന്റെ ശിവനെ. ഡി.ആർ.ടി. എക്സാം കഴിഞ്ഞൂട്ടാ... വല്യകുഴപ്പമില്ലാതെ.

മാർക്ക് തന്നങ്ങ് ജയിപ്പിച്ചേക്കണേ... ല്ലേൽ വല്യ നാണക്കേടാണെ... പ്ലീസ്... എന്ന് പ്രാർത്ഥിച്ച് അവസാന നിവേദനവും സമർപ്പിച്ച് മെഡിക്കൽ കോളേജ് വിദ്യാർത്ഥി ജീവിതം അവസാനിപ്പിച്ചിറങ്ങി...

ഇവിടം ഇന്നലെ വരെ... വസന്തകാലം കഴിഞ്ഞ കിളികൾ കൂടണഞ്ഞ ഉദ്യാനം പോലെ ശോകമൂകമായിരുന്നു... ഓരോരുത്തരുടെയും.

മനസ്സിൽ ഉണ്ടാവില്ലേ ഇത്തരം ഒരു പാട് ഓർമ്മകൾ...

ഓർമ്മകളുടെ ഒരു വിലാസ നഗരമല്ലേ ഇത്...

അന്ന് മൊട്ടിട്ട പ്രണയങ്ങളിൽ ആരൊക്കെയോ അവരെത്തന്നെ ജീവിത പങ്കാളിയാക്കി...

എന്റെ മനസ്സ് ഒരു പസിൽ കളിയിലാണ്...

ഓർമ്മകൾ എവിടെയൊക്കെയോ അലക്ഷ്യമായി ചിതറിക്കിടക്കുന്നു...

അതിനെ വേർതിരിച്ചെടുത്ത് ശരിയായ ഘടനയിലാക്കണം...

ഓർമ്മകളിൽ തെറ്റുകൾ സ്വാഭാവികം... ഏറ്റവും ഓർക്കേണ്ടത് എന്ന് ഒരാൾക്ക് തോന്നുന്നത് മറ്റൊരാൾക്ക് ഓർമ്മയെ കാണില്ല...

മനപൂർവ്വമല്ലാതെ ഉപേക്ഷിക്കപ്പെട്ടത് പൊടി തട്ടിയെടുക്കാൻ നിങ്ങളും സഹായിക്കില്ലേ... നിങ്ങളെല്ലാരും എന്റെ ചങ്കല്ലേ...

ooo

# മഴയൊഴിയാതെ...



അനൂപ് പി. ചന്ദ്രശേഖർ
റേഡിയോഗ്രാഫർ
മെഡിക്കൽ കോളേജ്, തൃശ്ശൂർ

ചാറ്റൽമഴ ഒഴിഞ്ഞ ഒരു പ്രഭാതത്തിൽ ഹൈദറിക്കാന്റെ ചായക്കടയിലെ പതിവു പ്രഭാത ചർച്ചയിൽ ആരോ നീട്ടി പറഞ്ഞു. മ്മടെ കൗൺസിലർ അയിഷാന്റെ മോൻ ഓളെ മൊഴി ചൊല്ലിത്രേ. ഓന്റെ ബീവിയ്ക്ക് കാൻസറാണത്രെ. ഓർക്ക് പണോം പത്രാസും ണ്ടല്ലോ. ഏട്ന്ന് വേണേലും ഇനീം നിക്കാഹ് കഴിക്കാം. വാക്കുകൾ മുഴുമിക്കുന്നതിനു മുമ്പേ സേതു ഇടപെട്ടു.

"അള്ള് എന്താ പറയ്ണ്. കാൻസറ് വന്നാ മൊഴി ചൊല്ലാ ചെയ്യാ. ഇത്രേം കാലം ഒപ്പം കഴിഞ്ഞതല്ലേ. അല്ലാതെ..."

"അനക്കെന്താണ്ടാ അന്റെ പെങ്ങളുട്ടി ഒന്നല്ലല്ലോ, ഓര് പണക്കാര്. പത്രാസും തറവാട്ടിത്തോം ഉള്ള കുടുംബക്കാരാ. ഓളുടെ മംഗി കണ്ടിട്ടന്നാടാ വലിയകത്തെ ആ കുട്ടിപ്പെരന്ന് ഓളെ കെട്ടിയത്."

"തറവാടിത്തം. എന്നെക്കൊണ്ടൊന്നും പറയിക്കണ്ട." ഒന്നുമുരണ്ട് ചുമലിലെ തോർത്ത് വീണ്ടും വലിച്ചിട്ട് ആ പൂഴി നിറഞ്ഞ വെള്ളക്കെട്ടുള്ള വഴിയിലൂടെ സേതു ആ പുഴയിലേയ്ക്ക് നടന്നു. മഴ വീണ്ടും ആർത്തു പെയ്യാൻ തുടങ്ങി. പുഴ നിറഞ്ഞൊഴുകുകയാണ്. മനക്കലെ പാടത്തെവെള്ളക്കെട്ടും കടന്ന് ചെളിവെള്ളം റോഡിലൂടെ ഒഴുകി നടക്കുന്നു. ഈ പെരുമഴ പെയ്യാൻ തുടങ്ങിയിട്ട് 3 ദിവസമായി. ചമ്രവട്ടം പാലത്തുമ്മെ ആൾക്കാർ കുത്തിയൊഴുകുന്ന പുഴ കാണാൻ കൂട്ടം കൂടി നിൽക്കണ്ണ്ട്. പുഴയുടെ എല്ലാ കൈവരികളെയും തകർത്ത് മനുഷ്യർ തീർത്ത എല്ലാ അതിരുകളും പിഴുത് ഭൂമിയെ കലക്കി എറിഞ്ഞ് എല്ലാ മാലിന്യങ്ങളെയും കടലിലേക്കൊഴുക്കി പുഴ ഒഴുകുകയാണ് വന്യതയോടെ...



ഈ പുഴയെ ഇങ്ങനെ ഞാൻ കണ്ടിട്ടില്ല. കുട്ടിക്കാലത്തെ ഓരോ മഴക്കാലവും ഓരോ ഓർമ്മകളാണ്. മഴ പെയ്താൽ പുഴയായി മാറുന്ന ഇടവഴികൾ. വെള്ളക്കെട്ടിലൂടെ 'പടക്കം' പൊട്ടിച്ചുള്ള സ്കൂൾ യാത്രകൾ. കയ്യിൽ കരുതിയ ഗ്ലൂക്കോസ് കുപ്പിയിൽ ഒന്നിലധികം പരൽമീനുകൾ. വെള്ളക്കെട്ടിനപ്പുറത്തെ പൊക്കമുള്ള ഏതെങ്കിലും ഒരു മൺകൂനയിൽ ഞങ്ങൾ കുന്തിച്ചിരുന്ന് ഇടം കണ്ണിട്ടുനോക്കും. വെള്ളക്കെട്ടിലൂടെ പാവാട പൊന്തിച്ച് ചിരിച്ചു വരുന്ന പച്ചപാവാടക്കാരികളെ കാണാൻ. അതിൽ അവളുമുണ്ടായിരുന്നു. ആ മൊഴിചൊല്ലിയവൾ. അന്നും പുഴകണ്ടിട്ടുണ്ട്. കടലോളം നീളുന്ന പുഴകൾ. ആകാശത്തോളം പൊങ്ങുന്ന സ്വപ്നത്തിന്റെ കടൽത്തിരകൾ. പിന്നെ ഏതോ പത്തേമാരിയിൽ ഞാൻ തന്നെ കയറ്റിവിട്ടു എന്റെ സ്വപ്നങ്ങളെ. പക്ഷെ അന്നൊന്നും ഈ പുഴ ഇത്ര വന്യമല്ല. നെറികെട്ട കാലത്തിനോടുള്ള പ്രതിഷേധമാണോ അതോ എല്ലാ മാലിന്യങ്ങളും തുടച്ചു നീക്കുന്ന പ്രകൃതിയുടെ സാന്ത്വനമാണോ. ഭാരതപ്പുഴയുടെ നടുവിലെ ചില മുൾതലപ്പുകൾ ആ വെള്ളക്കെട്ടിനു മുകളിലും പൊന്തി നില്കുന്നു. ആ മുൾപ്പടർപ്പിലൂടെ അന്നും സേതു സൂര്യാസ്തമനം കണ്ടു. പുഴയ്ക്ക് നടുവിലെ അയ്യപ്പക്ഷേത്രത്തിൽ നിന്ന് പൂജയും ദീപാരാധനയും കഴിഞ്ഞ് ചെറിയ വള്ളത്തിൽ തിരുമേനി അക്കരേയ്ക്ക് തുഴഞ്ഞു പോകുന്നു.

കുംഭാരക്കോളനീന്ന് കൂക്കുവിളി കേട്ടാണ് സേതു ഉണർന്നത്. ചുറ്റും ഇരുട്ടാണ്. കുറെ ടോർച്ചിന്റെ മിന്നലുകൾ മാത്രം കാണുന്നുണ്ട്. ''സേതോ... ഓടിവാ. മലമ്പുഴ ഡാം തുറന്ന് വിട്ട്ക്ക്ണ്. വെള്ളം കൂടിക്കൂടിവരാണ്. കൊറേ പേരെ മ്മക്ക് റോഡ്മ്മല് എത്തിക്കണം.'' ഇപ്പളെ നെഞ്ചോളം വെള്ളം കേറി, ഫയർഫോഴ്സ് വന്നിരിക്കണ്. വല്ല്യ വടം കെട്ടിട്ട്ണ്ട്. പെട്രോ മാക്സിന്റെ വെള്ളിവെളിച്ചത്തിൽ പണ്ട് പായസം വെച്ച കുമ്പളത്തെ ക്ലാവ് പിടിച്ച ചരക്കിൽ പർവ്വതിയമ്മ പേടിച്ചിരിക്ക്ണ്ണ്ട്. ആരൊക്കെയോ വെള്ളത്തിന് മുകളിലൂടെ വലിയ വട്ടകയിൽ ആളേം കേറ്റി തള്ളി പോകണ്ണ്ട്. ഗോവിന്ദേട്ടന്റെ പാതി മുങ്ങിയ നെഞ്ചിൻ കൂടിന്റെ മുകളിലൂടെ വലത്തേ കയ്യില് പൊക്കിപിടിച്ച നാലഞ്ചു പെടക്കോഴി കെടന്ന് പെടക്ക്ണ്ണ്ട്. വെള്ളം കേറി വരൃണ്. നല്ല ഒഴുക്കുണ്ട് 'പുഴവെള്ളം അല്ലേ. മുറുക്കി പിടിച്ചോ'. വെള്ളക്കെട്ട് നീന്തിക്കടക്കണ ഉണ്ണ്യേട്ടന്റെ തോളത്തിരുന്ന് രണ്ട് കാലും വെള്ളത്തിലിട്ട് അമ്മിണിക്കുട്ടി മാത്രം ചിരിക്കിണ്ണ്ട്. ചെക്കന്മാര് ഉഷാറാണ്. കുറേ കുറ്റം പറഞ്ഞിട്ട്ണ്ട്. പാടത്തിർന്ന് പട്ടച്ചാരായമടിച്ച് തായം കളിക്കണേന്, ഒരാപത്ത് വന്നപ്പോ അവരേ ഉണ്ടായൊള്ളൂ. ചുമച്ച് ചുമച്ച് നെഞ്ചും കൂട് തകർന്ന അലവിക്കാനെ കട്ടിലോടെയാണ് ജംഗ്ഷനിലെത്തിച്ചത്. കാണണമാതിര്യല്ല. മൂപ്പര് നല്ല കനണ്ട്. എല്ലാരും റോഡുമ്മേ എത്തി എന്നുറപ്പിച്ചു. ചുറ്റും വല്ലാത്ത ഇരുട്ട്. ഒറ്റയ്ക്കായിപ്പോയ ആടും എരുമേം കെടന്നലറ്ണ്ണ്ട്. കൂടെ ചീവീടിന്റെ വല്ലാത്ത ഒച്ചയും. വല്ലാത്ത ശൂന്യത. ചെക്കന്മാരെല്ലാം റോഡുമ്മേ എത്തി. ഫയർഫോഴ്

സിന്റെ അനൗൺസ്മെന്റ് കേൾക്കാം. 'ഇനി ആരെങ്കിലും വരാൻ ബാക്കിയുണ്ടോ'.

''ഞങ്ങള്ണ്ടേ ദാ വര്ണേ.'' സേതു ഉറക്കെ വിളിച്ചു പറഞ്ഞു. ഏന്തിവലിച്ച് നടന്ന് തണ്ടാൻ പറമ്പ് പകുതി എത്തിയപ്പോ പാടത്തിന് നടുക്കിലെ വലിയകത്തെ വീട്ടില് ഒരു മണ്ണെണ്ണ വിളക്കിന്റെ വെളിച്ചം. അത് അവളുടെ വീടാണ്. സേതു ആഞ്ഞ് നീന്തി. വീടിന്റെ ഉള്ളിൽ വെള്ളം ഒലിച്ച് കേറുന്നുണ്ട്. മണ്ണെണ്ണ വിളക്കിന്റെ അരണ്ട വെളിത്തിൽ ഒരു രൂപം. പകുതി കൊഴിഞ്ഞ മുടിയുമായി മെല്ലിച്ചുണങ്ങിയ ദേഹം. വരണ്ട ചുണ്ടുകൾ. മരവിച്ച കൈതണ്ടയിൽ കൈകൾ കോർക്കുമ്പോൾ അവൾ പറഞ്ഞു.

''ങ്ക്ക് എന്തിന്റെ കേടാ. ഞാൻ വര്ണില്ല്യ. ഇക്ക് മരിക്കണം. ആർക്കും വേണ്ടാത്തന്നെ ങ്ങ്ള് രക്ഷിച്ചിട്ടെന്തിനാ.'' കൈപിടിച്ച് കഴുത്തോളമുള്ള ആ ചെളി വെള്ളത്തിലൂടെ അവളേയും കൊണ്ട് ഒഴുക്കിനെതിരെ നീങ്ങുമ്പോൾ സേതു പറഞ്ഞു.

''ന്റെ മുഖം കണ്ടില്ലേ ഞാൻ സേതുവാണ്. മനയ്ക്ക പറമ്പിലെ വാസുവിന്റെ മകൻ സേതു. പഴയ സേതു. ഈ വെള്ളത്തിന് വല്ലാത്ത തണുപ്പാണല്ലേ.'' അവളുടെ വിളറിയ ചുണ്ടിലെ ചെറിയ പുഞ്ചിരി ആ കൂരിരുട്ടിലും സേതു കണ്ടു.

മഴയൊഴിഞ്ഞു. അകത്ത് തളം കെട്ടി നിന്ന ചളിയും കച്ചറയും മാറ്റാൻ നന്നായി പാടുപെട്ടു. ഒഴുകിവന്ന വിഷപ്പാമ്പിനെ പേടിച്ചാണ് അകത്തേക്ക് കയറിയത്. അവളുള്ളതുകൊണ്ട് കുറേ കാര്യങ്ങൾക്കൊരു കൂട്ടുണ്ടായി. അന്ന് ഒരുച്ച നേരത്ത് പെട്ടെന്നാണ് തിലകേട്ടൻ കേറിവന്നത്.

സേതോ, നീയാണ് ആൺകുട്ടി. നമ്മുടെ കുറേ എണ്ണത്തിനെ അവര് അടിച്ചുമാറ്റ്യപ്പൊ അവരുടെ ഒന്നിനെയെങ്കിലും നമുക്കടിച്ചു മാറ്റണ്ടേ?. ഇനിപ്പോ തളീ പോയി അതും കൂടി...

വാക്കുകൾ മുഴുവിക്കാൻ സേതു അനുവദിച്ചില്ല.

''തിലകേട്ടാ ങ്ങ്ള് ചെല്ല്. ഈ പുഴ മാത്രമാണ് സത്യം. ഈ പുഴക്കരെ നിന്ന് സേതു അവളെ താലിചാർത്തി. പടിഞ്ഞാറ് കിൽക്കട്ട ജാറവും വടക്ക് ബ്രഹ്മം കുടി കൊള്ളുന്ന തിരുനാവായയും മാമാങ്കം നടന്ന ഈ മണലും സാക്ഷി. ഒഴുകിയൊഴുകി അറബിക്കടലിൽ ചേർന്ന ഈ പുഴയാണെ സത്യം. സത്യം. ഇനി ഇവളാണെന്റെ ഭാര്യ.''

ഉച്ചയ്ക്ക് 2 മണി മുതൽ രാത്രി സെക്കന്റ് ഷോ കഴിഞ്ഞ് ഒന്നൊന്നര വരെ സേതു തട്ടുകട തുറന്നിരിക്കും. സെക്കന്റ്ഷോ കഴിഞ്ഞു വരുന്നവർക്ക് ആംലറ്റും കട്ടനും കൊടുത്തേ കട അടയ്ക്കു. അതാണ് പതിവ്. കീമോതെറാപ്പിയുടെ അവശതയിൽ നിന്നും അവൾ കുറേശ്ശേ വഴുതിമാറിത്തുടങ്ങി. കൈത്തണ്ടയിലെ നീല ഞരമ്പുകൾ ഇപ്പോൾ നേർത്തേ കാണാനുള്ളു. അടുത്ത തിങ്കളാഴ്ചയിലെ മെഡിക്കൽ കോളേജിലേക്കുള്ള യാത്രയുടെ മുന്നൊരുക്കങ്ങൾ ഇപ്പഴേ തുടങ്ങി. പ്രാർത്ഥിച്ചതെല്ലാം തരുന്ന കിൽക്കട്ട ജാറത്തിന്റെ കെടാവിളക്കിനുമുന്നിൽ പ്രാർത്ഥനയോടെ സേതു അവൾതന്ന നാണയത്തുട്ട് ഹുണ്ടികയിലേയ്ക്കിട്ടു. എണ്ണയിട്ട് തിരി കത്തിച്ചപ്പോൾ അവൾ മാത്രമായിരുന്നു മനസ്സിൽ. നിറയെ മഞ്ഞപുള്ളികളുള്ള ആ പച്ച സാരിയിൽ അവൾ വീണ്ടും പുഞ്ചിരിച്ചു. അവൾ ഓടിയ ദൂരങ്ങൾ, അനുഭവങ്ങൾ, നടന്നു തീർത്ത വഴികൾ എല്ലാം അവൾക്കു പിന്നിലായി. പരിശോധനാമുറിയിലെ കട്ടിലിൽ മലർന്നു കിടക്കുമ്പോൾ അവൾ ജനലിലൂടെ ആകാശം കണ്ടു. നട്ടുച്ചയ്ക്ക് നമ്മളാരും കാണാത്ത കുറേ നക്ഷത്രങ്ങളും. വിവിധ ടെസ്റ്റുകളുടെ റിസൾട്ടിലൂടെ കണ്ണോടിച്ച് ഡോക്ടർ പുഞ്ചിരിച്ചു പറഞ്ഞു.

''ചില രോഗങ്ങൾ ഇങ്ങനെയാണ്. പ്രാർത്ഥനകൾക്കും ആത്മവിശ്വാസത്തിനും മരുന്നിനും മുന്നിൽ തോറ്റു പോകും. ലിംഫോമ പോലുള്ള രോഗങ്ങൾക്ക് പലപ്പോഴും നല്ല പ്രോഗ്നോസിസ് ആണ്. ഇനി ആറ് മാസം കൂടുമ്പോൾ റുട്ടീൻ ചെക്കപ്പ് മതി.'' പരസ്പരം നോക്കി പുഞ്ചിരിച്ചുകൊണ്ട് അവർ ഇറങ്ങി. അകലെ അറബിക്കടലിൽ സൂര്യരശ്മികൾ വെട്ടിത്തിളങ്ങുന്നു, വേലിയേറ്റ തിരകൾ ഉയർന്നു പൊങ്ങുന്നു.

ആ പാടവരമ്പിലൂടെ സേതുവിന്റെ കൈ കൾക്കിടയിലൂടെ കൈകോർത്ത് ആ ഓടിട്ട വീടിന്റെ ഉമ്മറപ്പടിയിലേയ്ക്ക് ആവർ കേറി. വഴിയിൽ മാളങ്ങളിൽനിന്ന് പുറത്തേയ്ക്ക് തലയിട്ട് ചുണ്ടത്ത് വിരൽ വച്ച ഒരാളെയും ആവർ കണ്ടില്ല. പെട്ടെന്നാണ് ഒരലർച്ച. 'ഇത് നാട് വേറെയാ. ഇതിവിടെ നടക്കൂല, കത്തിച്ചാമ്പലാക്കും ഹിമാറെ. ജീവൻ വേണെങ്കില് ഓളെ കുടീല് കൊണ്ടാക്കിക്കോ.' പഴയ ചങ്ങായിയാണ്, പണ്ട് പാടത്ത് പന്ത് കളിക്കാൻ ഓനും ഉണ്ടായിരുന്നു. ഇപ്പൊ നെറ്റിയിലെ തഴമ്പ് കുറച്ചുകൂടെ ഇരുണ്ടിരിക്കുന്നു. അന്ന് ഇത്ര താടിയും മുടിയുമില്ല. സേതു പറഞ്ഞു. ''ഇയ്യ് ഇപ്പോഴും എന്റെ ചങ്ങായിയാണ്. ഇയ്യ് ചെല്ല് നല്ല ക്ഷീണണ്ട്. ഒന്ന് കിടക്കണം.''

ഇന്ന് കടതുറക്കാൻ വൈകി. ഹൈവേയിൽ പതിവിലേറെ തിരക്കുണ്ട്. പെട്രോമാക്സിന്റെ വെളിച്ചത്തിലേയ്ക്ക് മുഖം തിരിച്ച് നിൽക്കുന്ന പതിവുകാർ ചോദിച്ചു.

''എന്തെ സേതോ വൈകിയത്. ഒരു ചായ കിട്ടാണ്ട് പൊക്കണ്ട്.'' ആവി പാറുന്ന ഗ്രീൻവാലി ചായ ആ ഗ്ലാസിലേക്ക് പകരുമ്പോൾ മഞ്ഞവെളിച്ചത്തിൽ ഒരു ഇന്നോവ കാർ മുന്നിൽ നിർത്തി. ഇറങ്ങി വരുന്ന രൂപങ്ങളെ ഒട്ടും മുൻപരിചയമില്ല. 'ഒന്ന് സംസാരിക്കണം' കൂട്ടത്തിലുള്ള ആജാനുബാഹുവാണ് പറഞ്ഞത്. തകരഷീറ്റിട്ട കെ. എസ്.ആർ.ടി.സി വെയ്റ്റിംഗ് ഷെഡിന്റെ അരികിലേയ്ക്ക് ആവർ നീങ്ങി നിന്നു. അടുത്തേയ്ക്കു വിളിച്ച എന്റെ മുന്നിലേയ്ക്ക് 2000 ത്തിന്റെ കുറേ നോട്ടുകൾ നിവർത്തി കാണിച്ചു.

സംസാരിച്ചത് ഇതു മാത്രമായിരുന്നു. ''ഓളെകുടികൊണ്ടാക്ക്, വീണ്ടും വരാൻ ഇടവരുത്തരുത്.'' സേതുവിന്റെ ക്ഷമകെട്ടു.

''ങ്ങള് ഏത് നാട്ടുകാരാ. ഈ നാടിനെപ്പറ്റി എന്താ അറിയാ, മാപ്പിളലഹള നടക്കണകാലത്ത് ഈ നാടിനെ മുഴുവൻ ചേർത്തു പിടിച്ച്, ആക്രമികളോട് ഈ വഴിക്ക് കടക്കരുത് ഇത് നാട് വേറെയാ എന്നു പറഞ്ഞ തങ്ങളുപ്പൂപ്പാന്റെ നാടാ ഇത്. നല്ല മഴണ്ട്. ഒരു സുലൈമാനി കുടിച്ച് വണ്ടില് കേറിക്കോളിൻ.''

നേരത്തേ വരാം എന്ന് അവൾക്ക് കൊടുത്ത വാക്ക് പാലിക്കാൻ കഴിയില്ല. നല്ല ഇടിവെട്ടുണ്ട്. കാറ്റിൽ പെട്രോമാക്സ് ആടിയുലഞ്ഞു. ഇപ്പോൾ കെട്ടുപോകും എന്ന അവസ്ഥ. മഞ്ഞ ലൈറ്റിട്ട് ഹൈവേയിലൂടെ പാഞ്ഞുവന്ന ഒരു ഇന്നോവ കാർ, പിറകോട്ടു നീങ്ങുംമുൻപ് തന്നെ സേതുവിനെയും തട്ടിതെറിപ്പിച്ച് മുന്നോട്ടോടിച്ചു പോയി. നിറയെ ചോര. സേതു പിടയുകയാണ്. ഓർമ്മകൾ ഏതോ തടവറകളിൽ. കണ്ണുകൾ ഇരച്ചുകയറിയ വെളിച്ചത്തിന്റെ അവ്യക്തതയിലും, ഐസിയുവിന്റെ ചില്ലു ജാലകത്തിന്റെ ചെറിയ വിടവിലൂടെ നിറഞ്ഞ രണ്ട് കണ്ണുകൾ മാത്രം സേതു കണ്ടു.

ഐ.സി.യു.വിലെ ഇരച്ചു കയറുന്ന തണുപ്പിലേയ്ക്ക് ആരോ അവളെ കൂട്ടികൊണ്ടുപോയി. അവൾ ആ കട്ടിലിനരികെ ഇരുന്നു. പുറമെ മഴ പെയ്യുന്നു. പെരുമഴ. വീണ്ടും ചീവീടുകൾ കരയുന്നു. അവൾ, തണുത്തു വിറച്ച കൈകൾ സേതുവിന്റെ കൈകളിൽ കോർത്തു. അവന്റെ നെഞ്ചിലേയ്ക്ക് മെല്ലെ ചാഞ്ഞു. പൊട്ടിനുറുങ്ങിയ ആ നെഞ്ചിൻകൂടിൽ അവൾ ഹൃദയതാളത്തിനായി കാതോർത്തു. അങ്ങ് അറബിക്കടലിലെ വേലിയേറ്റത്തിരകൾപ്പോലെ അതുയർന്നു പൊങ്ങി. പിന്നെ നേർത്ത്, നേർത്ത് ഒരു വലിയ നിശബ്ദതയായി. രക്തം കട്ടപിടിച്ച സേതുവിന്റെ നെഞ്ചിൻകൂടിൽ അവളുടെ രണ്ട് കണ്ണുനീർത്തുള്ളികൾ അനാഥമായി...

○○○



ശ്രീജിത്ത് ടി.പി
റേഡിയോഗ്രാഫർ
ജില്ലാ ആശുപത്രി, കണ്ണൂർ

മൂന്നാറിലേക്കുള്ള ഒരു ഒഴിവുകാല യാത്രക്കിടയിലാണ് ഞാനയാളെ കണ്ടുമുട്ടിയത്... പൈലി എന്ന അറുപതുകാരനെ...

ഞാനും എന്റെ സുഹൃത്ത് രാജേഷും കാന്തല്ലൂരിലെ പച്ചപ്പ് പുതച്ച കുന്നിന്മേലേക്ക് യാത്ര തിരിച്ച ആ ഉച്ച നേരത്തും മനവും തനുവും കുളിർപ്പിക്കുന്ന മഞ്ഞ് ചെറിയ ചാറ്റൽ മഴയോടൊപ്പം പെയ്യുന്നുണ്ടായിരുന്നു.

ഒഴിവുകാലം ചിലവഴിക്കാൻ മൂന്നാറിൽ വന്നതായിരുന്നു ഞാൻ. വർഷങ്ങളായി അവിടെ താമസമാക്കിയ രാജേഷാണ് കുന്നിനുമുകളിലുള്ള ആ പഴത്തോട്ടത്തിലേക്ക് എന്നെ കൊണ്ട് പോയത്. വളരെ കാലങ്ങൾക്കു ശേഷമുള്ള അവനുമായുള്ള കണ്ടുമുട്ടൽ തികച്ചും അവിചാരിതമായിരുന്നു...

നിനക്ക് കാണാൻ പറ്റിയ ഒരു സ്ഥലമുണ്ട്. ഒരാളും. ചിലപ്പോ നിന്റെ എഴുത്തിനുപകാരപ്പെടും എന്നവൻ പറഞ്ഞപ്പോൾ ഞാൻ കണ്ണും പൂട്ടി സമ്മതിച്ചു.

# കിനാവിന്റെ വരമ്പത്ത്



എഴുത്ത് എന്ന എന്റെ ദുശീലം അവനു നന്നായി അറിയാമായിരുന്നു.

ഞങ്ങളെത്തുമ്പോൾ ആ പഴത്തോട്ടമാകെ പുകമഞ്ഞിലമർന്നു കഴിഞ്ഞിരുന്നു.

കണ്ണെത്താദൂരത്തോളം പരന്നു കിടക്കുന്ന പീച്ച് മരങ്ങളുടെ ഇടയിൽ നിന്നും പിന്നിത്തുടങ്ങിയ ഒരു കോട്ടുമിട്ട് ഒരു കറുത്ത മങ്കികൃാപ്പും ധരിച്ചയാൾ പുറത്തേക്കിറങ്ങിവന്നു.

'ഇതാണ് പൈലിച്ചായൻ...'

രാജേഷിന്റെ ശബ്ദം താഴ്‌വാരത്തിലെ കാഴ്ചകളിലേക്ക് കണ്ണും നട്ടിരുന്ന എന്നെ ഉണർത്തി.

"ഞാനിടക്കിവിടെ വരാറുണ്ട്. ഞങ്ങൾ കൂടാറുണ്ട്." ഒരു ചെറു ചിരിയോടെ അവൻ പറഞ്ഞു.

അവന്റെ ചുമലിൽ തന്റെ ചുളിഞ്ഞ കൈകൾ കൊണ്ട് സ്നേഹപൂർവ്വം ഒന്ന് തലോടി അയാൾ. എന്നിട്ട് ഞങ്ങളെ അടുത്തുള്ള മുളകൊണ്ട് പണിത ഫാം ഹൗസിലേക്ക് ക്ഷണിച്ചു.

വിഷാദമൂകമായ ഒരു നിശബ്ദത അയാളെ ചൂഴ്ന്നിരുന്നു.

വണ്ടിയിൽ നിന്നും മുന്തിരിവാറ്റിയ, രാജേഷിന്റെ ഭാഷയിൽ പറഞ്ഞാൽ... സൊയമ്പൻ സാധനം... പുറത്തേക്കെടുത്തു അകത്തുനിന്നും ആവി പറക്കുന്ന കോഴി നിറച്ചതുമായി അവൻ മുന്നിലെത്തി. ഞാനപ്പോൾ പുറത്തെ പച്ചമുളകൊണ്ടു കെട്ടിയുണ്ടാക്കിയ ഇരിപ്പിടത്തിൽ കണ്ണുകളടച്ചിരിക്കുകയായിരുന്നു.

മഞ്ഞിന്റെ തണുപ്പുള്ള ഒരു പ്രണയഗീതം അവിടെ ഒഴുകിപ്പടരുന്നത് പോലെ എനിക്ക് തോന്നി.

പൈലിച്ചായൻ ഇവിടെ തന്നെയാ താമസം.

കുപ്പി പൊട്ടിച്ചു ഗ്ലാസ്സിലേക്ക് പകരുന്നതിനിടെ രാജേഷ് പറഞ്ഞു കൊണ്ടിരുന്നു.

ഇങ്ങനെ ചില സാധനങ്ങളൊക്കെ ഇവിടെ സ്റ്റോക്കുണ്ടാകും. അവന്റെ മുഖത്തു ഇളിഭ്യച്ചിരി വിരിഞ്ഞു.

കയ്യിൽ ഒരു പ്ലേറ്റിൽ മരച്ചീനി പുഴുങ്ങിയതും ബീഫ് വരട്ടിയതുമായി പൈലിച്ചായൻ പ്രത്യക്ഷപ്പെട്ടു.

ഇവിടെ ഒറ്റക്കാണോ താമസം.?

എന്റെ ചോദ്യത്തിന് ഒരു ചിരി മാത്രമായിരുന്നു മറുപടി.

രാജേഷ് എന്നെ നോക്കി കണ്ണുകാണിച്ചു.

ഞാൻ ഒരു ഗ്ലാസ് നിറച്ചു പൈലിച്ചയാനുനേരെ നീട്ടി. കയ്യിലേക്ക് വാങ്ങി ഒറ്റവലിക്ക് കുടിച്ച് കുറച്ചുനേരം അയാൾ കണ്ണടച്ചിരുന്നു.

രാജേഷ് ഇനി കണ്ടോളൂ പൂരം എന്ന മട്ടിൽ തലകുലുക്കി.

മെല്ലെ അയാൾ പാടി തുടങ്ങി. നല്ല ഈണത്തിൽ.

"കിനാവിന്റെ വരമ്പത്തു മഴ വന്ന സമയത്തു നനയാതൊതുങ്ങി നിന്നൊരു പെണ്ണ്... അവളനുവാദം ചോദിക്കാതെ ഖൽബിന്റെ പുറമ്പോക്കിൽ കുടിലും വെച്ച തിലങ്ങുകൂടി..."

മഞ്ഞു പതയുന്ന താഴ്‌വാരത്തിൽ അയാളുടെ ഇമ്പമുള്ള ശബ്ദം അലയടിച്ചു. ഞാൻ കൗതുകത്തോടെ അയാളുടെ മുഖത്തെ ഭാവഭേദങ്ങൾ നോക്കിയിരുന്നു.

ഒരുവേള അയാൾ പാട്ടു നിർത്തി കണ്ണുകളടച്ചു തലകുനിച്ചിരുന്നു.





ഞരമ്പിലോടുന്ന ലഹരിയിൽ അയാളുടെ മനസ്സിൽ നല്ല മിഴിവോടെ പഴയ ചിത്രങ്ങൾ തെളിഞ്ഞു തുടങ്ങിയിരിക്കണം.

ഗതകാലത്തിന്റെ പച്ചപ്പായൽ പിടിച്ച ഇടവഴിയിലേക്കയാൾ ഞങ്ങളുടെ കൈ പിടിച്ച് ഇറങ്ങി നടന്നു.

അന്നെനിക്ക് പ്രായം ഇരുപത്താറോ ഇരുപത്തേഴോ വരും. ചോര തിളയ്ക്കുന്ന യൗവനം. പാറ പോലുള്ള മണ്ണിനോട് മല്ലടിച്ചു ശരീരവും പാറപോലെയുറച്ച കാലം.

ഇണ സിനിമയിറങ്ങിയ സമയം. അന്നാണ് ചുരം കയറി ഒരു പടിഞ്ഞാറൻ കാറ്റുപോലെ അവൾ വന്നത്.

ജെസ്സിക്ക എന്ന ഇംഗ്ലീഷുകാരി.

മൂന്നു മനസത്തെ കേരളസന്ദർശനത്തിനെത്തിയതായിരുന്നു അവൾ. നാട്ടിലേക്ക് മടങ്ങുന്നതിനു മുൻപ് മൂന്നാർ കാണണമെന്ന ആഗ്രഹമാണവളെ ഇവിടെ എത്തിച്ചത്. അപ്പൻ ജോലി ചെയ്യുന്ന തേയില ഫാക്ടറിയിലാണ് അവൾ ആദ്യം എത്തിയത്.

സ്ഥലങ്ങളൊക്കെ കാട്ടികൊടുക്കാൻ കമ്പനി മാനേജരായിരുന്ന ശിവറാം സാർ പറഞ്ഞത് എന്റെ അപ്പനോടാണ്.

ഈ നിമിത്തം എന്നൊക്കെ പറയില്ലേ.

പനിബാധിച്ചു കിടപ്പിലായ അപ്പൻ ആ ദൗത്യം ഏൽപ്പിച്ചത് എന്നെയാണ്.!

"ഉം.. എന്നിട്ട്.. പറ പൈലിച്ചായാ..."

കുഴഞ്ഞ ശബ്ദത്തിൽ രാജേഷ് അയാളെ പ്രോത്സാഹിപ്പിച്ചു. ഒരു സിനിമ കുറെ തവണ കാണുമ്പോഴുണ്ടാകുന്ന ഒരു പ്രവചനഭാവം അവന്റെ മുഖത്തുനിന്നും ഞാൻ വായിച്ചെടുത്തു.

ചുമലിലെ തോർത്തെടുത്ത് പൈലിച്ചായൻ മുഖം അമർത്തി തുടച്ചു.

കണ്ണുകളിൽ തിളക്കം. മുറ്റത്തെ ചെടിയിൽ വിരിഞ്ഞു നിൽക്കുന്ന മുല്ലപ്പൂക്കൾ മഞ്ഞിൽ നനയുന്നു.

ഓർമ്മകളുടെ ചിതലരിച്ച ഭാണ്ഡക്കെട്ടുകൾ ഞങ്ങളുടെ മുന്നിൽ അയാൾ തുറന്നിട്ടു.

കമ്പനിവക ജീപ്പിൽ ഞാനവളെയും കൊണ്ട് നാടുകാണാനിറങ്ങി. കയ്യിൽ ചുരുക്കുകളുള്ള നീണ്ട കറുത്ത കുപ്പായവും മുട്ടറ്റമെത്തുന്ന പാവാടയുമായിരുന്നു അവളുടെ വേഷം. സ്വർണമുടിയും. സുന്ദരിയായിരുന്നു അവൾ.

നീലക്കുറിഞ്ഞി പൂത്ത സമയമായിരുന്നു അത്... കണ്ണെത്താദൂരത്തോളം വിരിഞ്ഞു നിൽക്കുന്ന പൂക്കൾ കണ്ട അവൾ 'ഫന്റാസ്റ്റിക്' എന്ന് വിളിച്ചുകൂവി.

പൂക്കളുടെ ഇടയിൽ ഒരു ബ്ലാക്ക് ആൻഡ് വൈറ്റ് ചിത്രമായി ജെസീക്ക പൈലിച്ചായന്റെ മുന്നിൽ നിന്ന് ഹൃദ്യമായി ചിരിച്ചു. അയാൾ കുറച്ചു നേരം നിശ്ശബ്ദനായിരുന്നു.

രാജേഷ് എന്നെ നോക്കി കണ്ണിറുക്കി

'കാടുകാണണം, പുഴകാണണം. ആന, മയിൽ, പുലി എല്ലാത്തിനേം കണ്ടിട്ടേ വിമാനം കയറുള്ളൂന്നു' എന്നവൾ പറഞ്ഞു.

കിലുക്കാംപെട്ടി കിലുങ്ങും പോലൊരു പെണ്ണ്.

അയാളുടെ ശബ്ദം നേർത്തു.

എല്ലായിടത്തും ഒരുവിധം ഓടിയെത്തിയപ്പോഴാണവളുടെ അടുത്ത ആഗ്രഹം.

ഇണ സിനിമ കാണണമെന്ന്. ടൗണിലെവിടെയോ സിനിമ പോസ്റ്റർ കണ്ടപ്പോൾ തോന്നിയൊരിഷ്ടം... ഹ... ഹ...

അയാൾ ഉച്ചത്തിൽ ചിരിച്ച് വീണ്ടും ഗ്ലാസ് നിറച്ചു വലിച്ചുകുടിച്ചു.

അങ്ങനെ അന്ന് ചെറുപ്പക്കാർക്കിടയിലൂടെ ഒരു മദാമ്മയെയും കൊണ്ട് ഞാൻ സിനിമ കൊട്ടകയുടെ ഉള്ളിലേക്ക് പോയി..

പയ്യന്മാരുടെ കണ്ണുകൾ തള്ളി.

ഓരോ രംഗവും അവൾ എന്നോട് ചോദിച്ചു മനസിലാക്കി.

അതിലൊരു രംഗമുണ്ട്. നായിക ആദ്യായിട്ട് പ്രായപൂർത്തിയാവുന്ന രംഗം..

അവളുടെ ഭാഷയിൽ മെനാർക്ക് എന്ന് പറയും.

നായിക പൊഴേല് കുളിക്കുമ്പോ ചെമന്ന നിറവുമായി പുഴവെള്ളം തുള്ളിക്കുതിച്ചങ്ങനെ.

പൈലിച്ചായൻ കൈകൊണ്ടു ആംഗ്യം കാണിക്കാൻ തുടങ്ങി. ഒരു കഥാപ്രാസംഗികന്റെ സാമർത്ഥ്യത്തോടെ അയാൾ തുടർന്നു.

ഒരു പെണ്ണിന്റെ കൂടെയിരുന്ന് അത് കണ്ടപ്പോൾ എനിക്കെന്തോ ഒരു വല്ലായ്മ.

എന്റെ നാണം കണ്ട് ജെസ്സി എന്നെ കളിയാക്കിചിരിച്ചു...

''ആർ യു ഷൈ...?!!''

പതിമൂന്നാം വയസ്സിൽ, സ്കോർട്‌ലാൻഡിലെ അവളുടെ മുത്തശ്ശിയുടെ വീട്ടിലെ ആപ്പിൾ മരത്തിൽ വലിഞ്ഞു കയറുമ്പോഴാണത്രെ അവൾ മെനാർക്ക് ആയത്.

പൈലിച്ചായന്റെ ചുണ്ടിൽ നാണം കലർന്ന ഒരു ചെറുചിരി വിരിഞ്ഞു. മെല്ലെ അത് മാഞ്ഞു പിന്നെ സ്ഥായിയായ വിഷാദം അയാളെ ഗ്രസിച്ചു.

പുറത്തു മഞ്ഞും നിലാവും കൂടിക്കലർന്ന് ഒരു മഞ്ഞക്കമ്പളം പോലെ പീച്ച് മരങ്ങളെ മൂടാൻ തുടങ്ങിയിരിക്കുന്നു.

ജെസ്സിക്കയുടെ മെലിഞ്ഞ കൈവിരലുകൾ പിടിച്ച് നിലാവിലൂടെ പാട്ടുപാടിക്കൊണ്ട് പൈലിച്ചായൻ എന്റെ മുന്നിലൂടെ നീങ്ങി.

പുറത്തിറങ്ങി അയാൾ ഒരു സിഗരറ്റ് കത്തിച്ചു പുകവിട്ടുകൊണ്ട് മുറ്റത്തുള്ള മരത്തിന്റെ മേൽ ഒരു കൈ താങ്ങിക്കൊണ്ട് ശില്പം പോലെ നിന്നു.



വെള്ളിച്ചില്ലും വിതറി...

അയാൾ വീണ്ടും പാടാനാരംഭിച്ചു. കുറച്ചു നേരം നിശ്ശബ്ദനായി. പിന്നെ സജലങ്ങളായ കണ്ണുകൾ തുടച്ച് ഒന്നും മിണ്ടാതെ അകത്തേക്ക് കയറിപ്പോയി.

പൈലിച്ചായൻ ഇമോഷണലായി. ഇനിയിന്നു നോക്കണ്ട.

രാജേഷിന്റെ ശബ്ദം ദൂരെയെവിടെയോ നിന്നും കേട്ടപോലെ തോന്നി.

ഞാൻ പൈലിച്ചായന്റെയും ജെസ്സീക്കയുടെയും കൂടെ നീലക്കുറിഞ്ഞികളുടെ ഇടയിലായിരുന്നു.

ഉറങ്ങാൻ കിടന്നപ്പോൾ രാജേഷ് ആ കഥ എന്നോട് പറഞ്ഞു.

ഇണ സിനിമ ഒന്നിച്ചിരുന്നു കണ്ട അവർ മറ്റേയാളിൽ തന്റെ ഇണയെ കണ്ടെത്തുകയായിരുന്നു.

മദാമ്മ പൈലിച്ചായന്റെ ഹൃദയവും കൊണ്ടാണ് പോയത്. അവൾ ഗർഭിണിയായിരുന്നു. ഇംഗ്ലണ്ടിലെത്തിയ അവൾ അച്ചായനെ അങ്ങോട്ടേക്ക് കൊണ്ടുപോകാൻ ശ്രമിച്ചതാണ്.

പക്ഷെ ആയിടക്കാണത്രെ പൈലിച്ചായന്റെ അപ്പൻ മരിച്ചത്. അമ്മച്ചിയെ ഒറ്റക്കാക്കി പോകാൻ അച്ചായന് മനസ്സ് വന്നില്ല. ജെസ്സിക്ക കുറെ കാത്തിരുന്നിട്ടുണ്ടാകും.

പിന്നെ വേറെയാരെയോ കെട്ടി.

പൈലിച്ചായൻ കല്യാണം കഴിച്ചില്ല. അമ്മയുടെ മരണശേഷം ഈ തോട്ടം നോക്കിനടത്തി ഇവിടെ ജീവിക്കുന്നു. ഇതിന്റെ ഉടമ വിദേശത്താണ്.

പക്ഷെ കഥയുടെ ടേണിങ് പോയിന്റ് അതൊന്നുമല്ല.

രാജേഷ് കിടക്കയിൽ എണീറ്റിരുന്നു.

രണ്ടു മാസങ്ങൾക്കു മുൻപ് പൂട്ടിപ്പോയ ടീ എസ്റ്റേറ്റിന്റെ വിലാസത്തിൽ പൈലിച്ചായന്റെ പേരിൽ ഒരു കത്ത് വന്നിരുന്നു. ഒരു റെയ്ച്ചൽ. ലണ്ടനിൽ നിന്ന്.

ഞാൻ ചോദ്യഭാവത്തോടെ അവന്റെ മുഖത്തേക്ക് നോക്കി.

റെയ്ച്ചൽ പൈലിച്ചായന്റെ മകൾ.!

മദാമ്മയിൽ പിറന്ന ഇടുക്കിക്കാരന്റെ രക്തം.

രാജേഷ് എന്റെ ചുമലിനിടിച്ചു.

അനുസരണാശീലമില്ലാത്തവളായി വളർന്ന റെയ്ച്ചൽ ഒരുപാട് തെറ്റുകൾ ജീവിതത്തിൽ ചെയ്തുകൂട്ടിയത്രെ. വീടുവിട്ടിറങ്ങി. അവസാനം മാനസാന്തരപ്പെട്ട് തിരികെ അമ്മയുടെ അടുത്തെത്തിയപ്പോൾ ആദ്യം അന്വേഷിച്ചത് സ്വന്തം പിതാവിനെയായിരുന്നു. അങ്ങനെയാണ് അഡ്രസ്സ് തപ്പിയെടുത്തു കത്തയച്ചത്. മറുപടി കിട്ടില്ല എന്നറിഞ്ഞുകൊണ്ട് തന്നെ.

പൈലിച്ചായനെ നിർബന്ധിച്ചു സമ്മതിപ്പിച്ചു ഞാനൊരു മറുപടി എഴുതി എന്റെ ഫോൺ നമ്പറും വെച്ച് അയച്ചുകൊടുത്തിട്ടുണ്ട്. ഇതുവരെ ആരും വിളിച്ചില്ല. ആദ്യമൊക്കെ പൈലിച്ചായന് പ്രതീക്ഷ ഉണ്ടായിരുന്നു. പക്ഷെ ദിവസം ചെല്ലുംതോറും പുള്ളിയുടെ നിരാശ കൂടി വരികയാണ്. പക്ഷെ എനിക്കുറപ്പുണ്ട്. ജെസ്സിക്കയും റെയ്ച്ചലും വരും. പൈലിച്ചായനെ കൊണ്ടുപോകും.

അവർ വന്നാലും കണ്ടാൽ ചുക്കിച്ചുളിഞ്ഞ വെയിലുകൊണ്ടു കറുത്ത കിളവനെ അവർക്കൊക്കെ ഇഷ്ടപ്പെടുമോ എന്നൊക്കെയുള്ള കുറെ വേണ്ടാത്ത ചിന്തകൾ അച്ചായനെ അലട്ടികൊണ്ടിരിക്കുകയാണ് ഇപ്പോഴും. എല്ലാം ശരിയാകുമായിരിക്കും. പാവം.

രാജേഷിന്റെ കണ്ണുകൾ ഈറനാകുന്നത് ഞാൻ കണ്ടു.

കഷ്ടമാണ് ഈയാളുടെ കാര്യം. ഉറ്റവരില്ല, ഉടയവരില്ല. മഴക്കാലത്തൊക്കെ ഇവിടെയിങ്ങനെ ചുരുണ്ടുകൂടി കിടക്കും. ചിലപ്പോൾ ഞാനെന്തെങ്കിലും കൊണ്ടുകൊടുത്താലായി.

രാജേഷിന്റെ ശബ്ദം നേർത്തുനേർത്തു വന്നു. പിന്നീടതൊരു കൂർക്കം വലിയിലേക്കു മാറി.

രാത്രിയുടെ അന്ത്യയാമത്തിലും ഞാൻ പൈലിച്ചായന്റെയും ജെസ്സിക്കയുടെയും ഓർമ്മകൾ താലോലിച്ച് കണ്ണ് തുറന്നു കിടന്നു. കാട്ടുപൊന്തക്കിടയിലെ തെളിനീരരുവിയിൽ അവർ നീരാടുന്നതും കൊഴിഞ്ഞുവീണ കരിയിലകൾ തെറിപ്പിച്ചു നൃത്തം ചെയ്യുന്നതും ഞാൻ കണ്ടു.

നേർത്ത നിലാവിൽ ദൂരെയെവിടെയോ വിരഹ പ്രണയത്തിന്റെ മുരളീനാദം മഞ്ഞിൻ തണുപ്പിലൂടെ പച്ചമുളകൾ കൊണ്ടുണ്ടാക്കിയ വാതിലിന്റെ വിടവിനിടയിലൂടെ മെല്ലെ, എന്റെ ചെവികൾക്കരികെ ഒഴുകിയിറങ്ങുന്നു. ഇത് മുൻപെവിടെയാണ് എനിക്കനുഭവപ്പെട്ടത്.?

പിറ്റേന്ന് രാവിലെ യാത്ര പറഞ്ഞിറങ്ങുന്നതിനു മുൻപ് പൈലിച്ചായനെ നെഞ്ചോടു ചേർത്ത് കവിളിൽ സ്നേഹത്തോടെ എന്റെ ചുണ്ടുകൾ ചേർത്തു. അയാളുടെ കാതിൽ ഞാൻ മന്ത്രിച്ചു.

"ഞാൻ വരും ഒരിക്കൽക്കൂടി. ഇനിയും നമ്മൾ കൂടും. റെയ്ച്ചലിന്റെ കൂടെ. ജെസ്സിക്കയുടെ കൂടെ."

ഞങ്ങളുടെ വണ്ടി ഇറക്കം ഇറങ്ങിക്കൊണ്ടിരിക്കുമ്പോൾ ഞാൻ തിരിഞ്ഞു നോക്കി.

കറുത്ത മങ്കി ക്യാപ്പും അണിഞ്ഞ് മരിക്കാത്ത ഓർമ്മകളുടെ ഇളം ചൂടിൽ അയാൾ കോടമഞ്ഞു പുതച്ച പീച്ച് മരങ്ങൾക്കിടയിലേക്ക് മറഞ്ഞിരുന്നു.

മനസ്സിൽ ഒരുപാട് പ്രതീക്ഷകളുമായി.

ഞാൻ നൽകിയ ആലിംഗനവും കവിളിലെ ചുംബനവും പൈലിച്ചായന് നൽകുക എന്നത് എന്റെ നിയോഗമായിരുന്നിരിക്കാം. ഞാനറിയാതെ എന്നിലേക്ക് വന്നുചേർന്ന ഒന്ന്.



കഴിഞ്ഞ മാസമായിരുന്നു അത്. ലണ്ടനിൽ ഞാൻ ജോലി ചെയ്യുന്ന, ലണ്ടൻ ബ്രിഡ്ജ് ഹോസ്പിറ്റലിലെ ഇന്റെൻസീവ് കെയർ യൂനിറ്റിലാണ് ഞാനവരെ ആദ്യമായി കണ്ടത്. ജെസ്സിക്ക വില്യംസ് എന്നായിരുന്നു പേര്. പിരിഞ്ഞു താമസിക്കുന്ന ഭർത്താവ് വില്യംസിന്റെ ആക്രമണത്തിൽ മാരകമായി പരിക്കേറ്റിരുന്നു അവർക്ക്. ഒരേയൊരു മകൾ ആക്രമണത്തിൽ മരിച്ചുപോയിരുന്നു. മയക്കുമരുന്നിന് അടിമയായിരുന്നു വില്യംസ്.

നീണ്ട മയക്കത്തിലായിരുന്ന ജെസ്സിക്ക മൂന്നാം ദിവസം കണ്ണുതുറന്നു. രക്തച്ചുവപ്പു മാറാത്ത മുഖത്തോടെ അവരെ പരിചരിച്ചു കൊണ്ടിരുന്ന എന്നെ അവർ നോക്കി. അവരുടെ കൈകൾക്കു മഞ്ഞിന്റെ തണുപ്പായിരുന്നു. എന്റെ ദേശം കേരളമാണെന്ന് അറിഞ്ഞപ്പോൾ അവരുടെ കുഴിയിലാണ്ട കണ്ണുകൾ തിളങ്ങിയിരുന്നു.

''ആർ യൂ ഫ്രം കേരള മൈ യങ് മാൻ...?''

കണ്ണുകൾ വിടർത്തി. ക്ഷീണിച്ച മുഖത്ത് പുഞ്ചിരി വിരിയിച്ചു അവർ എന്നോട് ചോദിച്ചു. ചേർത്തു പിടിച്ച് ബലം കുറഞ്ഞ കൈ കൊണ്ടു എന്റെ കവിളിൽ നുള്ളി.

പക്ഷെ ഒരു ദിവസം കഴിഞ്ഞ് ജെസ്സിക്ക മരണത്തിനു കീഴടങ്ങി. അവർ മരിച്ച ദിവസം പുറത്ത് തെംസ് നദിയിൽ വെളുത്ത മഞ്ഞു പൊഴിയുന്നുണ്ടായിരുന്നു. ദൂരെ എവിടെയോ നഷ്ടപ്രണയത്തിന്റെ മുരളീനാദം ഉയർന്നിരുന്നു.

അറിയില്ല അത് പൈലിച്ചായന്റെ ജെസ്സിക്കയായിരുന്നോ എന്ന്. ആകാതിരിക്കട്ടെ.

പോകുന്ന വഴിയരികിലെ ദേവാലയത്തിലേക്ക് നോക്കി ഞാൻ കണ്ണടച്ച് പ്രാർത്ഥിച്ചു.

മനസ്സിലെ പ്രതീക്ഷ നശിക്കാതെ പൈലിച്ചായൻ കാത്തിരിക്കട്ടെ. കിനാവിന്റെ വരമ്പിലൂടെ. തന്റെ വിരൽത്തുമ്പിൽ തൂങ്ങുന്ന മകളെയും കൂട്ടി സ്വർണ്ണമുടിയുള്ള ജെസ്സിക്ക വന്നണയുന്ന ആ പുലരിക്കായി.

അപ്പോൾ താഴ്‌വാരത്തിൽ മഞ്ഞു പൊഴിയുകയും പ്രണയത്തിന്റെ മുരളീനാദങ്ങൾ അലയടിക്കുകയും ചെയ്യുന്നുണ്ടായിരിക്കാം..

ooo





# ഒരു ചൈൽഡ് സ്പെഷ്യലിസ്റ്റിന്റെ ഓർമ്മക്കുറിപ്പുകൾ

കോഴിക്കോട്ടെ മാതൃശിശു ആരോഗ്യകേന്ദ്രത്തിൽ, പീഡിയാട്രിക് റേഡിയോഗ്രാഫിയിൽ 'സ്പെഷലൈസ്' ചെയ്യാനുള്ള ഭാഗ്യം എനിക്കുണ്ടായി. പലപ്പോഴും ഒരു 'റേഡിയോഗ്രാഫർ കം റേഡിയോളോജിസ്റ്റ്' ആയി അവതരിക്കാനായിരുന്നു രണ്ടുകൊല്ലത്തെ ഐ.എം.സി.എച്ച്. വാസക്കാലത്തെ വിധി. ആദ്യമായി 'ഫ്ളൂറോസ്കോപ്പി' ഒന്നു പ്രവർത്തിപ്പിച്ചു നോക്കാനുള്ള ഭാഗ്യവും അവിടെനിന്നു ലഭിച്ചു.

ശിശുക്കളുടെ കാര്യമാണ് പറഞ്ഞുവന്നത്. സത്യത്തിൽ പിള്ളേരെ എനിക്ക് വളരെ ഇഷ്ടമായിരുന്നു, അവിടെ എത്തും വരെ. എന്നാൽ നേരെ വിപരീതമായിരുന്നു മടക്കത്തിലുള്ള എന്റെ മനോഭാവം. കാരണം പ്രത്യേകിച്ചു പറയാനൊന്നുമില്ല. ഒന്നു തൊടുമ്പോഴേക്കും 'ള്ളേ... ള്ളേ...' ന്നു കാറാൻ തുടങ്ങുന്ന സ്വഭാവം തന്നെ.

ചെറിയ പൊടിയൻസ് (ന്യൂ ബോൺ) ആണെങ്കിൽ കാസെറ്റിന്റെ തണുത്ത ഫ്രണ്ട് സൈഡിൽ പിടിച്ചു കിടത്തുമ്പോഴേക്കും തുടങ്ങും കാറാൻ. എന്തായാലും ഒരു കണക്കിൽ പൊടിയൻസാണ് ഭേദം കേട്ടോ. 'മൂവ്മെന്റ് ബ്ലറിംഗ്' അവരെക്കൊണ്ടു കുറവാണ്. എന്നാൽ ആറ് മാസം തൊട്ട് പിന്നെ ഏതാണ്ട് നാലുവയസ്സ് വരെ... എന്റമ്മോ! ഓർക്കാൻ പോലും കഴിയുന്നില്ല. ചെസ്റ്റും മറ്റും പൊസിഷൻ ചെയ്യാൻ തുടങ്ങുമ്പോഴേക്കും ചെസ്റ്റ് സ്റ്റാൻഡും



പി. രാജേഷ്
റേഡിയോഗ്രാഫർ
മെഡിക്കൽ കോളേജ്, കോഴിക്കോട്

ടേബിളും കൺട്രോൾ പാനലുമൊക്കെ തകർക്കാൻ തുടങ്ങും. കാറലാണെങ്കിൽ സഹിക്കാനും വയ്യാതാകും. ഇങ്ങനെ തുടർച്ചയായി ഈ നാഗസ്വര കച്ചേരി ശ്രവിച്ച് എന്റെ കേൾവിക്ക് ലേശം കുറവ് വന്നിട്ടുണ്ടോ എന്ന് സംശയമുണ്ട്. അഞ്ചോ ആറോ ബൈസ്റ്റാൻഡേഴ്സ് വേണ്ടി വരും അങ്ങനെയുള്ള കേസിനെ ഒന്നടക്കി പിടിക്കാൻ!

പിന്നെ ഇവരെ കയ്യിലെടുക്കാൻ ചില്ലറ പൊടിക്കൈകൾ അവിടെ നിന്നുപഠിച്ചു. പഠിക്കേണ്ടിവന്നു എന്നതാണ് ശരി. പിള്ളേരെ സ്നേഹപൂർവ്വം, ക്ഷമാപൂർവ്വം തൊട്ടുതലോടി ഉമ്മവെച്ച് പൊസിഷൻ ചെയ്യാനാണല്ലോ 'ബ്രയാന്റെ' നിർദ്ദേശങ്ങൾ.

എന്നാൽ സാക്ഷാൽ ആ ശ്രീമതിക്കു പോലും വട്ടു പിടിക്കാൻ സാധ്യതയുള്ള ഇവിടെ, ചിലപ്പോഴൊക്കെ പൊടിക്കൈകൾ സഹായകമായിട്ടുണ്ട്.

ഞെട്ടിക്കുക! ഒച്ചയുണ്ടാക്കുക, ചീത്ത വിളിക്കുക, പറ്റുമെങ്കിൽ രണ്ടടിയും! ഇതാണ് നമ്പറുകൾ. അല്പ്പനേരത്തേക്കെങ്കിലും പിള്ളേര് കാറൽ നിറുത്തും. അല്പ്പം പറഞ്ഞാൽ 'തിരിയുന്നവരോടാണെങ്കിൽ' 'നിന്റെ നട്ടെല്ലിൽ സൂചികേറ്റും, ഇല്ലേൽ മിണ്ടാതെ കിടന്നോ' എന്നൊക്കെ കാച്ചിയാൽ തല്ക്കാലം ഒരു എക്സ്പോഷറിന് സമയം കിട്ടിയെന്നിരിക്കും. എന്നാൽ ചില മിടുക്കന്മാർ തിരിച്ചിങ്ങോട്ടും ചീത്ത വിളിക്കാറുണ്ട് എന്നതാണ് രസം.



ബൈസ്റ്റാൻഡർമാരായി സാധാരണ അമ്മയോ അമ്മൂമ്മയോ ആയിരിക്കും കൂടെയെത്തുക. പിള്ളേരല്ലേ എങ്ങനെയാണൊന്നു കുറുക്കിപ്പിടിക്കുക, പിടിച്ചാൽ ചത്തുപോകുമോ എന്നു സ്വാഭാവികമായും ഭയം കാണും. അച്ഛന്മാരുടെ സ്ഥിതിയും വേറിട്ടല്ല. അമ്മമാരാണ് പിള്ളേരെ തൂക്കിപ്പിടിക്കാൻ (ചെസ്റ്റ് + അബ്ഡമൻ ഇറക്റ്റ് ) വരുന്നതെങ്കിൽ അന്ന് എക്സ്-റേ എടുപ്പ് ഉണ്ടാവില്ല. നാം പൊസിഷൻ ചെയ്ത പിള്ളേരെ കയ്യിലും കാലിലുമൊക്കെ പിടിപ്പിച്ച് കൺട്രോൾ പാനലിന്റെ അടുത്തെത്തുമ്പോഴേക്കും ശൂംംം... ചെസ്റ്റ്, കാസറ്റിന്റെ മേളിലോ താഴയോ എത്തും. പിള്ളേരോടൊപ്പം ബൈസ്റ്റാൻഡേഴ്സും കരയാൻ തുടങ്ങും. പിന്നെ നാലു ചീത്ത വിളിക്കേണ്ട ഗതികേടാകും റേഡിയോഗ്രാഫർക്ക്. എം.സി.യു. പരിശോധനയുടെ ഗതിയും ഇതുതന്നെ. ഇത് ഒരു കാറലോടെ ആരംഭിച്ച് 'മഹാകാറ' ലോടെ അവസാനിക്കും. ചില വിദ്വാന്മാർ മൂത്രമൊഴിക്കാതെ മണിക്കൂറുകളോളം ഡിപ്പാർട്ടുമെന്റ് ജോലിയെ ഘരാവോ നടത്തിയ സംഭവങ്ങളും ഉണ്ടായിട്ടുണ്ട്.

അങ്ങനെ, എങ്ങനെയെങ്കിലും ഇവന്മാരിൽ നിന്ന് കഴിച്ചിലായാൽ മതിയായിരുന്നു എന്ന ചിന്താഗതിയായി എനിക്ക്.

**വാൽക്കഷ്ണം** : ഈയിടക്ക് ഞാനൊരു ബന്ധുവീടുവരെ പോയി. അവിടെയും ഒരു പൊടിയനുണ്ട്. ഒരു ഫോർമാലിറ്റി കാണിച്ചേക്കണമല്ലോ എന്നു കരുതി ചെക്കന്റെ അടുത്തുചെന്ന് കുശലം ചോദിക്കാൻ അവന്റെ താടിക്കുപിടിച്ചു. ചെക്കൻ തുടങ്ങീല്ലേ കാറാൻ! എന്റെ കണ്ണടകണ്ടിട്ടാവും. ഞാൻ മനസ്സിൽ കരുതി. 'എടാ കള്ളക്കഴുവേറീടെ മോനെ...' (എന്നാലും, ഇപ്പോഴും പിള്ളേരെ ഇഷ്ടമാണ്, ചിത്രത്തിൽ കാണുന്ന കാറാത്ത പിള്ളേരെ!)

ooo

പുറത്ത് ലോകം പ്രഭാതസൂര്യനൊപ്പം നൈരന്തര്യതയിലേക്ക് ഇഴഞ്ഞു. നിദ്രയുടെ വാൽമീകത്തിനുള്ളിൽ ചുരുണ്ടുകൂടി പുതിയ ജീവിത സമവാക്യങ്ങൾ ചികഞ്ഞുകൊണ്ട് ഒരാൾ അകത്ത്.

''മാഷെ!...''

''മാഷെ!...''

ഹരികൃഷ്ണൻ പുതിയൊരു പകലിലേക്ക് പറന്നുവീണു. ഏതോ സ്വപ്നത്തിന്റെ ആലിംഗനത്താൽ കുത്തഴിഞ്ഞുപോയ മുണ്ടിനായി നാലുപാടും പരതി. കാലിലുടക്കിയ ലുങ്കി നഗ്നപൃഷ്ഠത്തിന് മുകളിലേക്ക് വലിച്ചു നീക്കിക്കൊണ്ട് തലയുയർത്തി.

''ആരാത്?''

''മാഷെ; പാല്...''

''ഓ... നീയോ; അവിടെവെച്ചോ, ഞാനെടുത്തോളാം.''

സ്ഥാനം തെറ്റിയ തലയിണ നേരെയാക്കി മയക്കത്തിനായി കാത്തു കിടന്നു. ആ അവസ്ഥയ്ക്ക് ഭംഗം വരുത്തിക്കൊണ്ട് പത്രം വാതിലിൽ ശക്തിയായി വന്നിടിച്ച് തറയിൽ വീണു. പതിയെ



രാജീവൻ. എസ്. കെ.
ഫോട്ടോഗ്രാഫർ
മെഡിക്കൽ കോളേജ്, കോഴിക്കോട്

# റിട്ടയർമെന്റ്



എണീറ്റു മുണ്ടു നേരെയാക്കി, കൈകൾ തലയ്ക്കു മുകളിൽ അല്പം ചെരിഞ്ഞ നിലയിൽ ഉയർത്തി കുടഞ്ഞുകൊണ്ട് മേശയ്ക്കരികിലേക്കു നടന്നു. മേശപ്പുറത്തു നിന്ന് കുപ്പിയെടുത്ത് ദൃഷ്ടിക്കു നേരെ അല്പമൊന്നുയർത്തിപിടിച്ച് സംശയഭാവത്തിൽ നോക്കി പതിവു ക്വോട്ട തെറ്റിയിരിക്കുന്നെന്ന ബോധം ഒരെക്കിട്ടയായി പുറത്തേക്കുവന്നു. മഗ്ഗിൽ അവശേഷിപ്പിച്ച വെള്ളം ഒറ്റവലിക്കു കുടിച്ച് ഗ്ലാസ് കുപ്പിയുടെ മുകളിൽ കമിഴ്ത്തി അലമാരയിലേക്ക് എടുത്തുവച്ചു. സിഗരറ്റുകുറ്റികളും തീപ്പെട്ടികമ്പും ചാരവും നിക്ഷേപിച്ച പളുങ്കു പാത്രമെടുത്ത് ജനലഴികൾക്കിടയിലൂടെ പുറത്തേക്കു കമഴ്ത്തി തിരികെ കൊണ്ടുവെച്ചു.

വാതിൽ തുറന്നു പത്രമെടുത്ത് നിവർത്തി താളുകളിലൂടെ വെറുതെയൊന്നു കണ്ണ് പായിച്ച് മടക്കി സോഫയിലേക്കെറിഞ്ഞു. പിന്നീട് അരികു ചേർത്ത്വെച്ച പാൽക്കുപ്പിയെടുത്ത് അടുക്കളയിൽ ചെന്ന് സ്റ്റൗ കത്തിച്ച് പാൽ പാത്രത്തിലേക്ക് ഒഴിച്ച് എടുത്തു വച്ചു. കുപ്പി കഴുകി കമഴ്ത്തി ഇടനാഴിയിലേക്കു നടന്നു.

ഇന്നലെ കോളേജിലെ പ്യൂൺ ഗോവിന്ദൻകുട്ടി കാറിൽ നിന്ന് എടുത്തു വെച്ച സാധനങ്ങൾ ഇടനാഴിയിലെ ചൂരൽ പീഠത്തിന്മേൽ കിടക്കുന്നു.

ഒരു നിലവിളക്ക് ഇരുപത്തേഴു വർഷത്തെ സേവനത്തിനുശേഷം പിരിഞ്ഞു പോവുന്ന അദ്ധ്യാപകന് കോളേജ് മാനേജ്മെന്റിന്റെ ഉപഹാരം.

പൗരസ്ത്യഭാഷാവിഭാഗത്തിലെ സഹപ്രവർത്തകരുടെ വക വെങ്കലത്തിൽ തീർത്ത ഒരു നടരാജ വിഗ്രഹം. കോളേജ് യൂണിയനു വേണ്ടി ചെയർമാൻ സമ്മാനിച്ച ദീർഘ ചതുരാകൃതിയിൽ ഭംഗിയായി പൊതിഞ്ഞ ഒരു കൊച്ചുപെട്ടി.

ജാലകപ്പടിയിൽ നിന്ന് ഒരു സിഗററ്റെടുത്ത് കത്തിച്ച് പൊതിയുമായി കോലായിലെ സോഫയിൽ ചെന്നിരുന്നു. കാലുകൾ തിണ്ണയുടെ മുകളിലേക്ക് കയറ്റിവെച്ച് കടലാസ് പൊതി വെറുതെ തിരിച്ചും മറിച്ചും നോക്കി. കുറുകെ കെട്ടി വെച്ച റിബ്ബണിനു മുകളിൽ വൃത്തിയായി എഴുതി പിൻ ചെയ്ത ചെറിയ ഒരു സ്ലിപ്പ്. 'പെരുവിരൽ ചോദിക്കാത്ത ഞങ്ങളുടെ ദ്രോണാചാര്യർക്ക്.'

ഒരു ചെറു പുഞ്ചിരിയോടെ റിബ്ബണിന്റെ കുരുക്കഴിച്ച് പൊതി തുറന്നു. കൂട്ടം തെറ്റിയവർ. വിഭ്രാത്മകമായ ഒരു കവർ ചിത്രത്തോട് കൂടിയ ഒരു നോവൽ. കൂടെ തീപ്പട്ടി വലിപ്പത്തിലുള്ള ഒരു ചെപ്പും. ചെപ്പുതുറന്നു ഒരു അപ്പൂപ്പൻ താടി.

അതെടുത്ത് കൈപ്പത്തിയിൽ വച്ച് നിർവികാരനായി അതിലേക്കുറ്റുനോക്കി കൊണ്ട് എരിഞ്ഞുതീരാറായ സിഗരറ്റു ആഞ്ഞുവലിച്ചു. ഭൂതകാല സ്മരണകൾ പുകച്ചുരുളുകളായി പുറത്തേക്കു വന്നു.

തന്റെ വിദ്യാർത്ഥി ജീവിതം ഹൃദയത്തിൽ നിന്നും കലാപചിന്തകൾ ആവാഹിച്ച് രക്തം സിരകളിൽ ഉറഞ്ഞുതുള്ളിയ കാലം. മനസ്സിൽ പ്രണയത്തിന്റെ കുളിരു കോരി നിറച്ച കാലം. ആ നല്ല നാളിലെന്നോ തന്നേച്ചുപോയ പ്രണയമധുരം. കുറെ വളപ്പൊട്ടും ഒരു അപ്പൂപ്പൻതാടിയും.

രേഖാചിത്രങ്ങൾ നേർത്ത് നേർത്ത് തലയ്ക്കുമുകളിലും ഉയർന്നു പൊങ്ങി വായുവിലലിഞ്ഞു. ഒരു ദീർഘനിശ്വാസത്തിന്റെ തള്ളലേറ്റ് കൈപ്പത്തിയിൽ നിന്നും ഉയർന്നുപൊങ്ങിയ അപ്പൂപ്പൻതാടി കാറ്റിന്റെ കൈകളിൽ നീന്തി അകലുന്നതും നോക്കി നിൽക്കെ അടുക്കളയിൽ നിന്നും പാലിന്റെ മണം അയാളുടെ ബോധത്തിലേക്ക് തുളച്ചു കയറി.

○○○



കോഴിക്കോട് മെഡിക്കൽ കോളേജിൽ നിന്നും കോഴ്സ് കഴിഞ്ഞു സഹപാഠികൾ പല ഹോസ്പിറ്റലുകളിലായി ജോലിചെയ്യുന്ന കാലം... 2009 മധ്യത്തിലാണെന്നാണ് ഓർമ്മ.

ക്ലാസ്സിലെ കൊല്ലം കാരി ശബ്നയുടെ കല്യാണത്തിന് ഹൃദ്യമായ ക്ഷണം. ഒരിക്കൽ കൂടി ഒത്തുകൂടാൻ ആൺപിള്ളേരൊക്കെ തീരുമാനിച്ചു. പഠന സമയത്തു തന്നെ അത്തരമൊരു ഒത്തുകൂടൽ മനസ്സിൽ കണ്ടിരുന്നു. പണ്ടത്തെപ്പോലെ ഒത്തൊരുമിച്ചുള്ള സമയം ചിലവിടാൻ പറ്റിയ ഒരു ദീർഘദൂര ട്രെയിൻ യാത്ര.


സ്ലീപ്പർ ബുക്ക് ചെയ്യാതെ ജനറൽ കംപാർട്മെന്റ് യാത്രയാണ് എല്ലാവരും തീരുമാനിച്ചത്. എല്ലാവരും ഒത്തൊരുമിച്ച് ഒച്ചപ്പാടും ബഹളവുമൊക്കെയായി ഒരിക്കൽ കൂടെ ഒരു ഡി.ആർ.ടി. യാത്ര.

ഞങ്ങൾ 20 മത് ബാച്ചിലെ കുറച്ചാളുകൾ, ഈയുള്ളവനും പിന്നെ രാഹുൽ, റഫീഖ്, ഇയാസ്, വിപിൻ, യതിൻ, റഹിം കോഴിക്കോടുനിന്നും കയറി. ഇയാസ് തിരൂരിൽ നിന്നും ആണെന്നാണ് ഓർമ്മ.



സാഹൽ. പി.കെ
20ാം ബാച്ച്
മെഡിക്കൽ കോളേജ്, കോഴിക്കോട്

# ട്രെയിൻ യാത്രയിലെ നായകന്മാർ



കോഴിക്കോട് രാത്രി ഒമ്പതിനോ പത്തു മണിക്കോ ആണ് ട്രെയിൻ എത്തുന്നത്.

ബാച്ചിലെ ഏക മണ്ണാർക്കാട്കാരനായ അരുണിന് കമ്പനി കൊടുക്കാൻ കോഴിക്കോടുകാരനായ ഞാൻ നേരത്തെ ഷൊർണൂർ എത്താൻ പ്ലാൻ ചെയ്തു.

അതു പ്രകാരം ഞാൻ കോഴിക്കോടു നിന്നും ഷൊർണൂർ വരെ ഒറ്റക്ക് യാത്രയായി. 9 മണിയോടെ ഷൊർണൂരെത്തി അരുണുമായി ഡി.ആർ.ടി. കഥകൾ അയവിറക്കാൻ തുടങ്ങി. രണ്ടു മൂന്നു മണിക്കൂർ വെറും മുപ്പതു മിനിറ്റ് കൊണ്ട് പോയ പോലെയാ തോന്നിയത്. ഡി.ആർ.ടി. തള്ളൽ കേട്ട് ഷൊർണൂർ സ്റ്റേഷൻ വിയർത്തിട്ടുണ്ടാകും.

എന്തായാലും ബാക്കി കഥ ഷൊർണൂരെത്തിയ മറ്റു നായകന്മാർക്കൊപ്പം തുടർന്നു. യതിനും വിബിനും ബെർത്തിൽ സ്ഥാനം പിടിച്ചു. എനിക്കും റഫീഖിനും രാഹുലിനും ഇയാസിനും അരുണിനും സീറ്റ് കിട്ടിയില്ല.

കുറച്ചു കഴിഞ്ഞപ്പോൾ റഫീഖിന് സീറ്റ് കിട്ടി. അവന്റെ സീറ്റിന്റെ അങ്ങേ തലയ്ക്കൽ വിൻഡോ സൈഡിൽ ഒരു 35 വയസ്സ് പ്രായം തോന്നിക്കുന്ന ഒരു ചേച്ചിയാണ് ഇരിക്കുന്നത്. അതിനപ്പുറം ഞങ്ങളുടെയൊക്കെ പ്രായം തോന്നിക്കുന്ന ഒരു യുവതി. ഓപ്പോസിറ്റ് സൈഡിൽ അവരുടെ ഉമ്മയും ഇരിപ്പുണ്ട്. റഫീഖിന് സീറ്റ് കിട്ടിയതോടെ ഞങ്ങളുടെ സംസാരം ആ സീറ്റിനടുത്തേക്കായി ചുരുങ്ങി. അതേ ബെർത്തിന്റെ മുകളിൽ യതിനും വിബിനും ഇരിപ്പുണ്ട്.

കുറച്ചു കഴിഞ്ഞപ്പോഴാണ് എന്റെയും രാഹുലിന്റെയും പുറകിൽ ഒരു പയ്യൻ, ചുമ്മാ വട്ടംചുറ്റി നിൽക്കുന്നത് ഞങ്ങളെ നേരെ തിരിഞ്ഞ് ഇരിക്കുന്ന റഫീഖിന്റെ കണ്ണിൽ പെട്ടത്. പണ്ടേ ഒബ്സെർവഷനിൽ മിടുക്കനായ റഫീഖ് സംഗതി കണ്ടു പിടിച്ചു.

പയ്യന്റെ നോട്ടം സീറ്റിലിരുന്ന യുവതിയിലേക്കാണ്, അവന്റെ നോട്ടം അവളെ അസ്വസ്ഥമാക്കുന്നുണ്ടെന്ന് ഞങ്ങൾക്കെല്ലാർക്കും മനസ്സിലായി. തൊട്ടടുത്ത നിമിഷം, ഞങ്ങളിലെ ആങ്ങളമാർ പ്രതി

**'പയ്യന്റെ നോട്ടം സീറ്റിലിരുന്ന യുവതിയിലേക്കാണ്, അവന്റെ നോട്ടം അവളെ അസ്വസ്ഥമാക്കുന്നുണ്ടെന്ന് ഞങ്ങൾക്കെല്ലാർക്കും മനസ്സിലായി.'**

രോധം തുടങ്ങി.

എങ്ങനെയൊക്കെ ആ സീറ്റിലേക്കുള്ള അവന്റെ കാഴ്ച മറക്കാമോ അതൊക്കെ ചെയ്തു, റേഡിയോളജി പൊസിഷനിംഗ് പഠിച്ചത് ആ ട്രെയിനിൽ അങ്ങ് തകർത്തു. പയ്യൻ വലത്തോട്ട് തിരഞ്ഞു നോക്കാൻ ശ്രമിച്ചാൽ റഫീഖ് പറയും 'നൗഫലേ റൈറ്റ് ലാറ്ററൽ ഒബ്ലിക്.' സംഗതി പിടികിട്ടിയ ഞാൻ പിന്നോട്ട് തിരഞ്ഞു നോക്കാതെ അറിയാത്ത പോലെ വലത്തോട്ട് നീങ്ങും, അപ്പൊ പയ്യൻ വീണ്ടും നുഴഞ്ഞു കയറാൻ നോക്കും. 'രാഹുൽ മീഡിയൽ.' നാട്ടുകാർക്ക് മനസിലാകാത്ത ഭാഷ പണ്ടേ നമ്മുക്ക് സ്വായത്തമായതാണല്ലോ..

കുറച്ചു കഴിഞ്ഞപ്പോ എനിക്കും ഇയാസിനും റഫീഖിന് തൊട്ടടുത്ത സീറ്റ് കിട്ടി, കുറേനേരം നിന്നതിനാലും ക്ഷീണിച്ചതിനാലും ഞങ്ങൾ ഇരുന്നു. ആ ചേച്ചി, യുവതി പിന്നെ ഞങ്ങൾ മൂന്ന് പേർ ഇതായി സീറ്റ് വിഭജനം, പിന്നെ പറയണോ പയ്യനു കാഴ്ച കുശാലായി, ഡാർക്ക് റൂമിന് പുറത്തുകടന്നപോലെയായി പിന്നെ പയ്യൻ... തടസ്സമില്ലാത്ത വ്യക്തമായ നോട്ടം ആയി പിന്നീട്.

താമസിയാതെ തൊട്ടടുത്ത ഒറ്റ സീറ്റിൽ രാഹുലിനും സീറ്റായി. അവസാനം ഞങ്ങൾ ആ പയ്യനെ 'ഇരുത്താൻ' തീരുമാനിച്ചു. ഒറ്റ സീറ്റിൽ ഇരിക്കുകയായിരുന്ന രാഹുലിന് സിഗ്നൽ കൊടുത്തപ്പോ അവൻ എഴുന്നേറ്റു, പയ്യൻ അവിടെ പോയി ഇരുന്നു.

പിന്നെ ചരിഞ്ഞായി നോട്ടം, പറ്റുന്നിടത്തോളം മുന്നോട്ടും പിന്നോട്ടും ചാഞ്ഞു ഞങ്ങൾ 'പ്രൊട്ടക്ഷൻ' കൊടുത്തോണ്ടിരുന്നു.

കുറെ കഴിഞ്ഞു ഏതോ ഒരു സ്റ്റേഷൻ എത്തിയപ്പോ ആ പയ്യൻ ഇറങ്ങി പോയി, പുറത്തൂടെ വന്ന് അവൻ ഞങ്ങളി

രിക്കുന്ന സീറ്റിന്റെ ഗ്ലാസ് വിൻഡോയിൽ തട്ടി. ചാറ്റൽമഴ ഉണ്ടായിരുന്നതിനാൽ വിൻഡോ താഴ്ത്തിയിരുന്നു. വിൻഡോ പൊക്കിയപ്പോ സൈഡിൽ ഇരുന്ന ചേച്ചിക്ക് എന്തോ എഴുതിയ ഒരു ചെറിയ പേപ്പർ കൊടുത്തിട്ട് ആ യുവതിക്ക് കൊടുക്കാൻ ആംഗ്യം കാണിച്ചു. ചേച്ചി പേപ്പർ വാങ്ങിയതും എതിർവശത്തിരുന്ന ആ യുവതിയുടെ ഉമ്മ പേപ്പർ പിടിച്ചു വാങ്ങി.

കാൾ മി 9646...

ഇത് കണ്ട റഫീഖിന് ദേഷ്യം വന്നു, തലശ്ശേരിക്കാരന്റെ രക്തം തിളച്ചു, അപ്പൊ തന്നെ അവനെ പിടിക്കാൻ പുറത്തേക്കിറങ്ങിപ്പോയി. ട്രെയിനിൽ നിന്നിറങ്ങി അവന്റെ പിറകിലോടി.

കുറച്ചു കഴിഞ്ഞപ്പോ തിരിച്ചു വന്ന് പറഞ്ഞു 'ചെങ്ങായ് ഓടിക്കളഞ്ഞ്.' തിരിച്ച് വന്ന് സീറ്റിലിരുന്ന റഫീഖ് ആ ഉമ്മയോട് കാര്യം മുഴുവൻ പറഞ്ഞു. അവൻ കുറെ നേരമായി അവരുടെ മകളെ നോക്കുന്നെന്നും ഞങ്ങൾ എല്ലാരും കവർ അപ്പ് ചെയ്തതും...

ഇങ്ങനെ സ്ത്രീകൾ രാത്രി യാത്ര ചെയ്യുമ്പോൾ സ്ലീപ്പർ ക്ലാസ്സോ ലേഡീസ് കംപാർട്ട്മെന്റോ സെലക്ട് ചെയ്യണം എന്നുള്ള റഫീഖിന്റെ ഉപദേശം കേട്ട അവർ പറഞ്ഞു, അഞ്ചരക്കണ്ടി മെഡിക്കൽ കോളേജിൽ പഠിക്കുന്ന അവരുടെ മൂത്ത മകളുടെ എന്തോ അത്യാവശ്യത്തിന് വന്നതാണെന്നും ടിക്കറ്റ് കിട്ടിയില്ലെന്നും, പിന്നെ നിങ്ങളെ പോലെയുള്ള നല്ല പിള്ളേർ ഒക്കെ സഹായിക്കാനുണ്ടാകുമെന്നും കരുതി എന്ന്...

അതുടെ കേട്ടപ്പോ ഞങ്ങൾ യഥാർത്ഥ ഹീറോകളായി മാറി. കൊല്ലം എത്തുന്ന വരെ ഫുൾ പ്രൊട്ടക്ഷൻ മനസാ വാഗ്ദാനം ചെയ്തു.

കൊല്ലം എത്തി എന്നും അവർ നന്ദി പറഞ്ഞിട്ടാ പോയത് എന്നും 'സെക്യൂരിറ്റി നേതാവ്' റഫീഖ് പറഞ്ഞത് കേട്ടാണ് ഞങ്ങൾ ഉണർന്നത്.

തൈത്താരുമകൾ ഇപ്പോഴും അങ്ങിനെയാണ്. ഒരു പോസിറ്റീവ് എനർജി നിങ്ങളിൽ കൊണ്ട് വരും, അത് തീർച്ച.

○○○



# വീണപൂവ്

''അമ്മേ ചായ...'' മുറ്റത്തുനിന്നും മകന്റെ വിളി കേട്ടപ്പോൾ സരസ്വതി ഭിത്തിയിലെ ക്ലോക്കിലേക്കാണാദ്യം നോക്കിയത്.

''ഇന്നെന്താ നേരത്തേ കോളേജ് വിടാൻ? സമരം ആയിരുന്നോ?'' അമ്മയുടെ ചോദ്യം.

''ഏയ്... ഞാൻ നേരത്തേ ഇറങ്ങി. നാളത്തേക്ക് കുറെ പണിയുണ്ട്. ഒരു അസൈൻമെന്റ് നാളെ രാവിലെ സബ്മിറ്റ് ചെയ്യാനുണ്ട്. എനിക്കത്യാവശ്യമായി വായനശാല വരെ പോണം.''

അവൻ അടുക്കളയിലേക്ക് അമ്മയെ അനുഗമിച്ചു.

''വായനശാലയിലേക്കോ... നീയോ... എന്റെ മോനെന്തുപറ്റി ഈശ്വരാ...''

''കളിയാക്കണ്ട... ഞാൻ പറഞ്ഞില്ലേ... അസൈൻമെന്റ് അതിനു ഒന്നുരണ്ടു ബുക്ക്സ് എടുക്കണം. കോളേജിലെ ലൈബ്രറിയിൽ ചെന്നപ്പോൾ കണ്ടില്ല. അതാ.'' അമ്മയുടെ കയ്യിൽ നിന്നും ചായഗ്ലാസ്സു വാങ്ങി അവൻ പറഞ്ഞു.

''ഇന്നാട്ടിലെ വായനശാല എവിടാന്ന് എന്റെ മോനറിയാമോ?''

അമ്മ പറഞ്ഞതിലും കാര്യമുണ്ട്. അവസാനമായി വായനശാലയിൽ പോയത് എന്നാണെന്നു പോലും ഓർക്കുന്നില്ല. താഴെ വയൽവരമ്പിലൂടെ ഒരു വഴിയുണ്ട്. അതിലെ വച്ചുപിടിച്ചാൽ പതിനഞ്ചു മിനിറ്റുകൊണ്ട് എത്താവുന്നതേയുള്ളൂ. അവൻ വേഗം നടന്നു ഇന്ന് തന്നെ എഴുതി തീർക്കണം. നാളെ രാവിലെ സബ്മിറ്റ് ചെയ്യണം. ഒരു കാര്യവുമില്ലാതെ വഴിയേപോയ വയ്യാവേലിയെടുത്ത് തലയിൽ വച്ചതാണ്. ഓർത്തപ്പോൾ ഒന്നും വേണ്ടിയിരുന്നില്ലെന്ന് തോന്നി...



ഹിലാല്‍
റേഡിയോഗ്രാഫര്‍
മെഡിക്കല്‍ കോളേജ്, കോട്ടയം

സൂര്യൻ പടിഞ്ഞാറേക്കുള്ള യാത്രയിലാണ്. പാടത്തിനു കുറുകെ ഇളം കാറ്റുവീശുന്നുണ്ട്. കതിർ പൊട്ടാറായ നെൽച്ചെടികൾ കാറ്റത്തിളകിയാടുന്നു. എന്തൊരു രസമാണ് ഇങ്ങനെ നടക്കാൻ. അവൻ ദൂരേക്ക് നോക്കി. അകലെയതാ പാടത്തിനക്കരെ വഴിയോരത്തു പഴമയുടെ ചാരം മൂടിനിൽക്കുന്ന വായനശാല കെട്ടിടം. അവൻ വേഗം നടന്നു.

'വള്ളത്തോൾ സ്മാരക വായനശാല' ആ പഴയകെട്ടിടത്തിനു മുകളിലായി ഇപ്പോഴും തല ഉയർത്തി നിൽക്കുന്ന ആ ബോർഡ്. വായനശാല തുറന്നിട്ടില്ല. പരിസരമാകെ അലങ്കോലമായി കിടക്കുകയാണ്. ഒരു കാലത്ത് നാടിന്റെ സാംസ്കാരിക ചിഹ്നങ്ങളായിരുന്ന ലൈബ്രറികൾക്ക് എല്ലായിടത്തും ഇതുതന്നെയാണ് അവസ്ഥ. അഞ്ചുമണി ആകാറായിട്ടും ആരെയും കാണുന്നില്ല. അച്ഛന്റെ സുഹൃത്ത് വേണുവേട്ടനാണ് ലൈബ്രേറിയൻ. ഒന്ന് വിളിച്ചു നോക്കാം. അവൻ ഫോണെടുത്തു വിളിച്ചു. 'നീയവിടെ നിൽക്ക്.. ഞാനിപ്പോൾ വരാം.' എന്ന മറുപടിയാണ് കിട്ടിയത്. പത്തുമിനിറ്റേ കാത്തിരിക്കേണ്ടി വന്നുള്ളു. വേണുവേട്ടനെത്തി. വായനശാലയുടെ മുന്നിൽ അവനെ കണ്ടപ്പോൾ ആ മുഖത്ത് ആശ്ചര്യഭാവം.

'എന്തെ പതിവില്ലാതെ ഈ വഴി... വഴി തെറ്റി വന്നതാണോ?' എന്ന് ചോദിയ്ക്കും പോലെ.

''എന്തുപറ്റി ഇന്ന് ലേറ്റായോ സാധാരണ നാലിന് തുറക്കുന്നതല്ലേ?'' അവൻ തിരക്കി.

''ഒരാഴ്ചയായി തുറന്നിട്ട്. പനിപിടിച്ച് കിടപ്പിലായിരുന്നു. അല്ലേലും നാലുമണിക്കൊന്നും ഇപ്പൊ തുറക്കാറില്ല. വെറുതെ തുറന്നു വെയ്ക്കാമെന്നല്ലാതെ ആരു വരാൻ? തൊഴിൽ വാർത്തയോ തൊഴിൽ വീഥിയോനോക്കാൻ ഇടയ്ക്ക് പിള്ളേർ വന്നെങ്കിലായി. മിക്കദിവസങ്ങളിലും കുറെ നേരം തുറന്നു വെച്ചിട്ട് സന്ധ്യയാകുമ്പോൾ അടച്ചിട്ട് പോകാറാണ് പതിവ്.'' വേണുവേട്ടൻ വാതിൽ തുറന്നു. അധികം വലുതല്ലാത്ത ഒരു ഒറ്റമുറിക്കെട്ടിടമാണ് വായനശാല. ഒരു മൂലയ്ക്ക് ഒരു മേശയും കസേരയും. അത് ലൈബ്രേറിയനുള്ളതാണ്. ഒരു വശത്ത് തടിയിൽ നിർമ്മിച്ച കുറെ ഷെൽഫുകൾ അതിൽ നിറയെ പുസ്തകങ്ങൾ. മറുവശത്തു ഒരു പഴയ ടി.വി. അതിനു മുന്നിൽ കുറെ കസേരകൾ. ഒരുകാലത്ത് ഈ ടി.വി.യ്ക്ക് മുന്നിൽ എന്ത് തിരക്കായിരുന്നു.

''നീയെന്താ ഇറങ്ങിയത്. ഫോൺ വിളിച്ചപ്പോൾ എന്തോ അത്യാവശ്യമുണ്ടെന്നു പറഞ്ഞല്ലോ. എന്തുപറ്റി?'' വേണുവേട്ടൻ തിരക്കി.

വായനശാലയുടെ അടഞ്ഞുകിടക്കുന്ന ജനലുകൾ തുറന്നിടുകയായിരുന്നു അവൻ.

''എനിയ്ക്ക് ആശാന്റെ ഒരു കൃതി വേണം വീണപൂവ്. പിന്നെ അതിനെക്കുറിച്ച് ആർട്ടിക്കിൾ വല്ലതുമുണ്ടെങ്കിൽ അതും.'' അവൻ പറഞ്ഞു.

''എന്തിനാ ഇപ്പം വീണപൂവ്?'' വേണുവേട്ടൻ ചോദിച്ചു.

''നാളത്തേയ്ക്ക് ഒരു നോട്ടു തയ്യാറാക്കണം.'' അവൻ പുസ്തകങ്ങൾക്കിടയിൽ പരതി.

''ആശാന്റെ കൃതികളൊക്കെ ആ ഭാഗത്താണ്.''

വേണുവേട്ടൻ കൈ ചൂണ്ടിയിടത്തേക്കവൻ നടന്നു. കുറെ പുസ്തകങ്ങളുണ്ട്. അവിടെ നിൽക്കുമ്പോൾ അവയുടെ ഒരു പ്രത്യേക ഗന്ധം അവനനുഭവപ്പെട്ടു. പലതിനും പഴമയുടെ നിറം. ചിലവ ചിതലരിച്ചിട്ടുമുണ്ട്. അവയ്ക്കിടയിൽ പരതി അവസാനം അവനത് കണ്ടെത്തി.





'വീണപൂവ്.' പുറം ചട്ടയിൽ സുസ്മേരവദനനായി കുമാരനാശാൻ.

''നിനക്ക് എഴുതാനാണെങ്കിൽ കുറച്ചു കാര്യങ്ങൾ ഞാൻ പറഞ്ഞു തരാം. വേണമെങ്കിൽ കുറിച്ചെടുത്തോ.'' വേണുവേട്ടൻ മേശക്കകത്തു നിന്നൊരു പേനയും പേപ്പറുമെടുത്ത് അവനു കൊടുത്തു.

''1907 ഡിസംബറിൽ ആണ് ആശാന്റെ വീണപൂവ് മിതവാദി പാത്രത്തിൽ അച്ചടിച്ചു വന്നത്. ഒരു ലക്ഷണമൊത്ത ഖണ്ഡകാവ്യമായ ഈ കൃതി ഒരു കവി എന്ന നിലയ്ക്ക് ആശാന്റെ പ്രശസ്തി വാനോളമുയർത്തി. പിന്നീട് ഭാഷാപോഷിണി മാസികയിലും ഇത് പ്രസിദ്ധീകരിക്കുകയുണ്ടായി. നാല്പത്തൊന്നു ശ്ലോകങ്ങളിലൂടെ ഒരു പൂവിന്റെ ജനനം മുതൽ മരണം വരെയുള്ള കാര്യങ്ങൾ വളരെ സൂക്ഷ്മമായി ആശാൻ ഇതിൽ വർണിച്ചിരിക്കുന്നു. വാടിവീഴുന്ന ഒരു പൂവിലൂടെ മനുഷ്യജന്മത്തിന്റെ നൈമിഷികതയെ ആണ് ആശാൻ വരച്ചു കാണിച്ചിരിയ്ക്കുന്നത്. വസന്തതിലകം വൃത്തത്തിലാണ് ഈ കൃതി എഴുതപ്പെട്ടിട്ടുള്ളത്.'' അയാൾ പറഞ്ഞു നിർത്തി.

"ഇവിടെ പേപ്പർ ഉണ്ടോ വേണുവേട്ടാ?" അവൻ ചോദിച്ചു.

"പേപ്പർ മേശക്കകത്തുണ്ട്. എന്താ ഇവിടെയിരുന്ന് എഴുതാൻ പോവുകയാണോ?'' വേണു തിരക്കി.

''ഇവിടെ ഈ പുസ്തകങ്ങളുടെ ഇടയിൽ ഇരിക്കുമ്പോൾ ഒരു ഊർജ്ജം കിട്ടിയതുപോലെ. എഴുതിത്തീർത്തിട്ട് പോകാമെന്ന് കരുതുന്നു.'' അവൻ പറഞ്ഞു.

''എന്നാൽ നീ എഴുത്. ഞാൻ ഇറങ്ങുവാ ക്ഷീണമുണ്ട്. പനി മാറിയിട്ടില്ല. നീ വിളിച്ചതുകൊണ്ടു മാത്രം വന്നതാ. താക്കോൽ നാളെ ഏൽപ്പിച്ചാൽ മതി. ഇവിടെ വേറെ ആരും ശല്യത്തിന് വരില്ല.'' അയാൾ ഇറങ്ങി.

ഏകാന്തതയിൽ കയ്യിൽ വീണപൂവുമായി അവനിരുന്നു. ഇനി ഇതൊന്നു മുഴുവനായി വായിച്ചു നോക്കണം. അവൻ പുസ്തകത്തിന്റെ താളുകൾ മറിച്ചു വായന തുടങ്ങി.

സമയം സന്ധ്യകഴിഞ്ഞിരിയ്ക്കുന്നു. കിട്ടിയ നോട്ട്സ് എല്ലാം കൂട്ടിച്ചേർത്ത് അവൻ എഴുതുവാൻ ആരംഭിച്ചു. പുറത്തു ചെറുതായി മഴപെയ്യുന്നുണ്ട്. വാതിലിലൂടെ തണുത്ത കാറ്റ് അടിച്ചു കയറുന്നു. അവൻ എണീറ്റ് ചെന്ന് വാതിലടച്ചു കുറ്റിയിട്ടു. എഴുത്ത് തുടർന്നു. പെട്ടന്നാണത് സംഭവിച്ചത്. മാനത്തു മിന്നിയ ഒരു ഇടിയുടെ കൂടെ കറന്റ് സ്ഥലംവിട്ടു.

ചെ... അൽപ്പം കൂടിയേ തീരുവാനുണ്ടായിരുന്നുള്ളു... ഏതായാലും കറന്റ് വരട്ടെ. ചെറിയ തലവേദന അനുഭവപ്പെടുന്നുണ്ട്. മുന്നിലെ ഡസ്കിലേക്ക് തലചായ്ച്ചവൻ കിടന്നു. പുറത്തു മഴ ശക്തമാവുകയാണ്. ആശാനെപ്പറ്റിയായിരുന്നു അവന്റെ ചിന്ത. ആ ചിന്തകൾക്ക് മുകളിൽ മയക്കത്തിന്റെ പൂക്കൾ പൊഴിഞ്ഞു വീഴാൻ തുടങ്ങിയിരുന്നു. ആ കിടപ്പിൽ എപ്പളോ അവൻ ഉറക്കത്തിലേക്ക് വീണു.

എത്ര സമയം അങ്ങനെ കിടന്നെന്ന് അറിയില്ല. മുറിയിൽ ആരുടേയോ കാൽപ്പെരുമാറ്റം കേട്ടാണവൻ ഉണർന്നത്. അരണ്ട വെളിച്ചത്തിൽ അൽപ്പം അകലെ ഒരു കസേരയിൽ ആരോ ഇരിക്കുന്ന പോലെ അവനു തോന്നി. വേഗം പോക്കറ്റിൽ കിടന്ന മൊബൈലെടുത്ത് ടോർച്ച് ഓണാക്കി.

ഒരാൾ കസേരയിൽ ഇരിക്കുന്നു. മുഖം വ്യക്തമല്ല. ഒരു ഞെട്ടലോടെ അവൻ വാതിൽക്കലേക്ക് നോക്കി. അത് അടഞ്ഞു തന്നെ

കിടക്കുന്നു. അയാൾ എങ്ങനെ അകത്തു കടന്നു? മനസ്സിൽ ഭയം തിങ്ങുന്നു.

''ആരാ അത്?'' അവൻ വിളിച്ചു ചോദിച്ചു. ഈ സമയം കസേരയിൽ ഇരുന്നയാൾ അവനു നേരെ തിരിഞ്ഞു. പെട്ടെന്ന് കറന്റ് വന്നു. മുറിക്കുള്ളിൽ നിറഞ്ഞ പ്രകാശത്തിൽ അവനാ മുഖം കണ്ടു. നല്ല പരിചയമുള്ള മുഖം. എവിടെയോ കണ്ടിട്ടുണ്ട്. അവൻ ചിന്തിച്ചു. പെട്ടന്നാണവന് ബോധോദയം ഉണ്ടായത്. താൻ വായിച്ചുകൊണ്ടിരുന്ന പുസ്തകത്തിന്റെ പുറംചട്ടയിൽ കണ്ട അതേ മുഖം... അവന്റെ കണ്ണുകൾ വിടർന്നു. മേശപ്പുറത്തു കിടന്ന 'വീണപൂവ്' കയ്യിലെടുത്തവൻ നോക്കി. 'ഈശ്വര..അതെ...' അതാ തന്റെ കൺ മുന്നിൽ ജീവനോടെ നിൽക്കുന്നു. മഹാകവി കുമാരനാശാൻ...!!

“അങ്ങ്..അങ്ങിവിടെ..?” അവൻ അത്ഭുതത്തോടെ അദ്ദേഹത്തിന്റെ അടുത്തേയ്ക്ക് ചെന്നു. അവനു സ്വന്തം കണ്ണുകളെ വിശ്വസിക്കാനായില്ല. തൊട്ടു മുന്നിലതാ പുഞ്ചിരിച്ചു നിൽക്കുന്നു മലയാളത്തിന്റെ സ്നേഹഗായകൻ...

''അങ്ങിവിടെ? എങ്ങനെയെത്തി?'' അവൻ ചോദിച്ചു.

''ഞാൻ ഇവിടെ എങ്ങിനെയെത്തീന്നോ? എന്റെ വാസം ഇവിടെത്തന്നെയല്ലേ.. എന്റെ ആത്മാവുറങ്ങുന്നത് ഇതുപോലുള്ള വായനശാലകളിലാണ്. ഒരു കാലത്ത് മലയാളി മനസ്സുകളിലായിരുന്നു ഞാനും ഉള്ളൂരും വള്ളത്തോളുമൊക്കെ ജീവിച്ചിരുന്നത്. ഇപ്പോൾ ഞങ്ങൾ അവിടെനിന്നു പടിയിറക്കപ്പെട്ടിരിയ്ക്കുന്നു. ജീർണ്ണിച്ചിരിക്കുന്നു എങ്കിലും ഈ വായനശാലകളാണ് ഏക ആശ്രയം. അതും ഇനി എത്ര കാലം... അറിയില്ല...” അദ്ദേഹം നെടുവീർപ്പിട്ടു.

ആശാന്റെ മുഖം മ്ലാനമായതായി അവനുതോന്നി.

''ഒരു കാലത്ത് ഞങ്ങളുടെ ഒരു കൃതിയ്ക്കായി ഈ മലയാളക്കര ഒന്നാകെ കാത്തിരിയ്ക്കുമായിരുന്നു. സ്നേഹവും, വിപ്ലവവും, പ്രതികാരവും വർണ്ണ വിവേചനവും, സ്വാതന്ത്ര്യവുമെല്ലാം മലയാളികൾ ആഘോഷിച്ചിരുന്നത് ഞങ്ങളുടെ തൂലികത്തുമ്പിലൂടെയായിരുന്നു...''

അദ്ദേഹം എന്തോ ഓർത്തു വിദൂരതയിലേക്ക് നോക്കിയിരുന്നു. ആശാൻ പറഞ്ഞത് ശരിയാണ് അവൻ അദ്ദേഹത്തിന്റെ അടുത്തെത്തി. ഇത്രയും മഹാനായ ഒരു മനുഷ്യനെ തന്റെ ജീവിതത്തിലൊരിക്കലും ഇത്രയും അടുത്ത് കണ്ടിട്ടില്ല. അവനാ കാൽക്കൽ പ്രണമിച്ചു. അദ്ദേഹത്തിന്റെ കസേരച്ചുവട്ടിലിരുന്നു. തന്റെ തൊട്ടടുത്ത് ആശയഗംഭീരനായ ആശാൻ... അവൻ പതിയെ അദ്ദേഹത്തിന്റെ വലതു കരം ഗ്രഹിച്ചു. തൂലിക പടവാളാക്കിയ കരങ്ങൾ മനുഷ്യമനസ്സുകളെ പ്രചോദിപ്പിച്ച എത്ര കൃതികളാണ് ആ കരങ്ങളിൽ നിന്ന് അടർന്നു വീണിട്ടുള്ളത്. മലയാള സാഹിത്യ വിഹായസ്സിൽ ഉദിച്ചുയർന്ന ശുക്രനക്ഷത്രം.

മുന്നിലെ പുസ്തകക്കൂട്ടങ്ങൾക്കിടയിലായിരുന്നു ആശാന്റെ ദൃഷ്ടികൾ.

“എന്തുകൊണ്ടാണ് വായനശാലകൾ ക്ഷീഗതിവന്നത് അങ്ങേയ്ക്കറിയാമോ'' അവൻ തിരക്കി.


''ലോകം മാറിയിരിക്കുന്നു. മനുഷ്യരുടെ ചിന്താഗതി മാറിയിരിയ്ക്കുന്നു. ആർക്കുമിപ്പോൾ സമയമില്ല.'' അദ്ദേഹം പറഞ്ഞത് സത്യമാണ്.

''ആളുകൾക്ക് സമയമില്ല. സമയമുണ്ടെങ്കിലും താല്പര്യമില്ല.''

''ആശാനേ ഞാനൊരു സംശയം ചോദിയ്ക്കട്ടെ..'' അവൻ ചോദിച്ചു.

''ആവാം''

അദ്ദേഹം അനുമതി നൽകി.



''അങ്ങയുടെ കാലത്തിനുശേഷം എന്തുകൊണ്ട് ഒരു മഹാകവി ഉണ്ടായില്ല? മനസ്സുകളെ ആഴത്തിൽ സ്വാധീനിക്കുന്ന മഹാകാവ്യങ്ങൾ ഉണ്ടാകുന്നില്ല...?''

അവന്റെ ചോദ്യം കേട്ട് അദ്ദേഹം കുറച്ചു സമയം മൗനമായിരുന്നു. പിന്നെ പറഞ്ഞു തുടങ്ങി.

''എഴുത്തുകാരന് അവശ്യം വേണ്ട കാര്യങ്ങൾ ഇവയാണ്. ആഴത്തിലുള്ള ചിന്ത, പരത്തിയുള്ള വായന, നല്ല നിരീക്ഷണം പിന്നെ ചുറ്റുമുള്ളവരുടെ പ്രോത്സാഹനം. എന്റെ കാലത്ത് കേരള ജനത മുഴുവൻ എന്റെ കൂടെ ഉണ്ടായിരുന്നു. എന്റെ തൂലിക തുമ്പിലെ ഊർജ്ജം അവരായിരുന്നു. ഇന്നത്തെ എഴുത്തുകാർക്കത് കിട്ടുന്നില്ല അത് തന്നെ കാരണം.''

"അതുപോകട്ടെ കുട്ടിയെന്താ ഇവിടെ?"

''കോളേജിൽ വെച്ച് വികൃതി ഒപ്പിച്ചല്ലേ..?'' ആശാന്റെ ചോദ്യത്തിന് മുന്നിൽ അവനൊന്നു പകച്ചു.

''അസൈൻമെന്റ് ആണെന്ന് എല്ലാരോടും പറഞ്ഞു എങ്കിലും അത് തന്റെ തലയിൽ വന്നു വീണത് അൽപ്പം വളഞ്ഞ വഴിയിലൂടെ ആയിരുന്നു. ഉച്ചയ്ക്ക് ശേഷമുള്ള പ്രസന്ന അന്തർജനത്തിന്റെ മലയാളം ക്ലാസ്. കംബൈൻഡ് ക്ലാസ്സായിരുന്നതിനാൽ കുട്ടികൾ ഏറെയുണ്ടായിരുന്നു. അൽപ്പം താമസിച്ചാണ് ക്ലാസ്സിലെത്തിയത്. അതിനാൽ സ്ത്രീ ജനങ്ങൾക്കും പുറകിലാണ് സീറ്റ് കിട്ടിയത്. ടീച്ചർ അഭിജ്ഞാന ശാകുന്തളം എടുത്ത് അലക്കുകയാണ്. താല്പര്യമില്ലാതെ ഇരുന്നപ്പോൾ തൊട്ടു മുന്നിലിരിയ്ക്കുന്ന പെൺകുട്ടിയുടെ മുടിയിഴകളിൽ കണ്ണുകൾ ഉടക്കി. അവിടെ ഒരു മുല്ലപ്പൂമാല. ഒരു കുസൃതി തോന്നി. അതിൽ നിന്നും ഒരു പൂ പറിച്ചെടുക്കാനായി പിന്നത്തെ ശ്രമം. അവളറിയാതെ ഒരു പൂവിൽ പിടിച്ചു ഒറ്റ വലി. 'അമ്മേ' എന്നൊരു അലർച്ച ആ വലിയിൽ പൂവിന്റെ കൂടെ മുടിയിഴകളും പറിഞ്ഞു പോന്നത് അപ്പോഴാണ് ശ്രദ്ധിച്ചത്. കരച്ചിലും ബഹളവും കേട്ട് അദ്ധ്യാപിക ഓടിയെത്തി. കാര്യം തിരക്കിയപ്പോൾ സത്യം പറയാതിരിയ്ക്കാൻ കഴിഞ്ഞില്ല. ടീച്ചർ വഴക്കു പറഞ്ഞില്ല. മറിച്ച് ഒരു ചോദ്യം.

''തനിയ്ക്ക് പൂക്കൾ ഇഷ്ടമാണോ?.''

''അതെ''

''എങ്കിൽ ഒരു കാര്യം ചെയ്യ്, കുമാരനാശാന്റെ ഒരു ഖണ്ഡകാവ്യമുണ്ട് 'വീണപൂവ്' അത് വായിച്ചിട്ട് ഒരു ഉപന്യാസം എഴുതികൊണ്ടുവരണം. നാളെത്തന്നെ.''

''ശരി'' അവൻ സമ്മതിച്ചു.

''എന്നാൽ ഇപ്പൊത്തന്നെ പണി തുടങ്ങിയ്ക്കോ...ഇനി ക്ലാസ്സിൽ ഇരിക്കണ്ട...''

അന്തർജ്ജനം വളരെ കുലീനമായി തന്നെ ഗെറ്റ് ഔട്ട് അടിച്ചു. പിന്നെ താമസിച്ചില്ല. ബാഗുമെടുത്ത് ഇറങ്ങി. അങ്ങനെയൊക്കെ നടന്നത് ഒരു നിയോഗമായി അവനു തോന്നി. പെട്ടന്നാണ് ഫോൺ ശബ്ദിച്ചത്. ഒരു ഞെട്ടലോടെ അവൻ കണ്ണ് തുറന്നു. എന്താണ് സംഭവിച്ചതെന്ന് മനസ്സിലാവുന്നില്ല. അവൻ കണ്ണ് മിഴിച്ചു ചുറ്റും നോക്കി ആശാൻ? മുന്നിലെ കസേര ശൂന്യമായിരുന്നു. അപ്പോൾ താൻ കണ്ടത് സ്വപ്നമായിരുന്നോ? അവൻ ഫോണിലേക്ക് നോക്കി. അമ്മയാണ്.

''ദാ... വരുന്നമ്മേ...'' പറഞ്ഞിട്ടവൻ ഫോൺ വെച്ചു. നടന്നതൊന്നും സ്വപ്നമായി കാണാൻ കഴിയുന്നില്ല. ബാക്കി എഴുതാനുള്ളത് വീട്ടിൽ ചെന്നാവാം. അവൻ എണീറ്റു. രണ്ടു കൃതികൾ കൂടി അവനെടുത്തു ചണ്ഡാലഭിക്ഷുകിയും കരുണയും. കരുണയ്ക്ക് ശേഷം ആശാന്റെ ഒരു കൃതി വായിക്കുവാനുള്ള ഭാഗ്യം മലയാളികൾക്കുണ്ടായില്ല. 1924 ൽ പല്ലനയാറ്റിൽ പൊലിഞ്ഞത് മലയാളസാഹിത്യത്തിന്റെ ആത്മാവായിരുന്നു. ആ തീരങ്ങളിൽ കാറ്റ് ഇപ്പോഴും കവിതമൂളുന്നുണ്ടാവുമെന്ന് അവനു തോന്നി. ഇനി വായന ഒരു ശീലമാക്കണം,അവനുറപ്പിച്ചു.നാടിന്റെ സാംസ്കാരിക മുദ്രകളായ ലൈബ്രറികൾ പുനർജ്ജനിക്കണം. അതിന് വേണ്ടി എന്തെങ്കിലുമൊക്കെ ചെയ്യണം. മുറിയിലെ ലൈറ്റ് കെടുത്തി വാതിലും പൂട്ടി പാടവരമ്പിലേയ്ക്ക് അവൻ ഇറങ്ങി. തണുത്ത കാറ്റ് വീശുന്നുണ്ട്. വീണ പൂവും കരുണയും ചണ്ഡാലഭിക്ഷുകിയും മാറോട് ചേർത്ത് പിടിച്ച് വീട് ലക്ഷ്യമാക്കി അവൻ നടന്നു..

ooo



# അനുഭവങ്ങൾ...
# ഓർമ്മകൾ...

‘‘ജീവിതകാലം മുഴുവൻ പെയ്യുന്ന
മഴപോലെയാണ് ഈ ഓർമ്മകൾ’’...


ജഡ്ജസ്...
പ്ലീസ്നോട്ട്...

'നമ്മൾ നടന്നു പോകുന്ന കാലഘട്ടത്തിന്റെ രേഖപ്പെടുത്തലാണ് നമ്മുടെ ജീവിതം'.

നമ്മൾ എങ്ങിനെയാണ് എന്ന തിരച്ചിലുകളുടെ ബാക്കിയാണ് നമ്മുടെ ജീവസ്സായി 'പ്രതിരോധത്തിലൂന്നിയ സ്ഥലകാല ബദ്ധമായ നാടകത്തിൽ, അതിന്റെ വളർച്ചയിൽ സ്വന്തം അദ്ധ്വാനവും, ആത്മാർപ്പണവും കൊണ്ട് 25 വർഷത്തിലേറെയായി സഞ്ചരിക്കുന്ന...

ജീവിതം രേഖപ്പെടുത്തിയ ഒരാളുണ്ട് നമുക്കിടയിൽ. ഒട്ടേറെ നാടകങ്ങൾ...

300ൽ പരം വേദികൾ...

ഒരു പക്ഷെ നമ്മൾ പൂർണ്ണമായി വായിക്കപ്പെടാത്ത ഒരാൾ...

ഗംഗാധരൻ ആയാടത്തിൽ.

പേരാമ്പ്രക്കടുത്ത ചേനോളിയിലെ ഗ്രാമീണ നാടക വേദിയിൽ നിന്നും, കോഴിക്കോട് നാടക പ്രവർത്തകരുടെ കൂട്ടായ്മയായ 'ശ്രദ്ധ'യുടെ മുൻ സെക്രട്ടറിയിലേക്കും, അതിലെ പ്രധാന നടനിലേക്കുമുള്ള യാത്ര ചെറുതായിരുന്നില്ല...

കുഞ്ഞ്യേടത്തി, വിലാസിനി,
സാവിത്രി ശ്രീധരൻ, ചേമഞ്ചേരി
നാരായണൻ നായർ,
കോഴിക്കോട് ശാരദ,
മുഹമ്മദ് പേരാമ്പ്ര തുടങ്ങിയ മുതിർന്ന നാടക പ്രവർത്തകരോടൊപ്പം അരങ്ങിലേയ്ക്കും,
ജോസ് ചിറമ്മൽ,
ജയപ്രകാശ് കുളൂർ,
കെ.ആർ. മോഹൻദാസ്,
എ. ആർ. രത്നാകരൻ,
സാംകുട്ടി പട്ടംകരി, ശാന്തകുമാർ
തുടങ്ങിയ പ്രതിഭകൾക്കൊപ്പം
അണിയറയിലേയ്ക്കും നിറസാന്നിധ്യം.

2006ൽ ഒഡീഷയിലെ ഘട്ടക്കിൽ ദേശീയ നാടകോത്സവം. 2012ൽ മലബാർ നാടകോത്സവം. 2019ൽ ഡൽഹിയിലെ ഇന്റർനാഷണൽ ഡ്രാമാ ഫെസ്റ്റിൽ വിവിധ രാജ്യങ്ങളിലെയും, ഭാഷകളിലെയും നാടകങ്ങൾക്കൊപ്പം മലയാള നാടകം 'അടയാളം' എന്ന നാടകത്തിലും സാന്നിദ്ധ്യം.

പുതിയതും പഴയതുമായ 14 നാടകങ്ങളെ കോർത്തിണക്കി 14 സംവിധായകൻമാർ ചെയ്ത 'അരങ്ങിന്റെ ജനകീയ സാക്ഷ്യം' എന്നഡോകു ഡ്രാമയിൽ മുഴുനീള സാന്നിദ്ധ്യം.
കോഴിക്കോട് ആകാശവാണിയിലെ
ഗസ്റ്റ് ആർട്ടിസ്റ്റ്...
ഇരുപത്തഞ്ചോളം ശബ്ദ
നാടകങ്ങൾ...
നിരവധി സിനിമകൾ...
ശബ്ദവും ശരീരവും ഭാവനയും
കൊണ്ട് അരങ്ങിന്റെ ഭാഷയെ
പ്രതിരോധത്തിലേക്കും
സമരത്തിലേക്കും നയിക്കാൻ
അദ്ദേഹത്തിന്
ഇനിയും യാത്രകൾ ബാക്കി...
അരങ്ങിലിനിയും അദ്ദേഹ
ത്തിന്റെ ശബ്ദം ഉയർന്നു
കൊണ്ടേയിരിക്കും...
കാരണം നാടകക്കാരൻ
അപകടകാരിയാണ്...
അയാൾ സത്യം വിളിച്ചു പറഞ്ഞു
കൊണ്ടേയിരിക്കും...

- എഡിറ്റർ



# അരങ്ങോർമ്മകൾ

ഗംഗാധരൻ ആയടത്തിൽ

'എല്ലാ കളിയോഗങ്ങളും അവരെടുത്തോട്ടെ. എനിക്കാ ചുണ്ടപ്പൂവിട്ട് ചോപ്പിച്ച നോട്ടം മാത്രം മതി.'

കാവുങ്ങൽ പണിക്കരാശാന്റെ കീചകവേഷത്തിന്റെ ലഹരിയിലാണ് താത്രി. 'കീചകവധം' കഥകളി കണ്ട് വന്ന് വിശ്രമിക്കുന്ന താത്രിയുടെ മടിയിൽ തലചായ്ച്ച് കിടക്കുകയാണ് അവശനായ ആദിത്യവർമ്മ മഹാരാജൻ. 'ഞാൻ മരിച്ച് തൊണ്ണൂറ്റിമൂന്നാം ദിവസം മരണം' എന്നാണ് പോറ്റി പ്രവചിച്ചത്. സതീർത്ഥ്യനും ലോകമറിയുന്ന പ്രാശ്നികനുമായ വലിയവാഴത്തോപ്പിൽ പോറ്റി. ഇന്നേക്ക് തൊണ്ണൂറ്റിമൂന്നാം ദിവസം. ഇനി വിനാഴികകൾ മാത്രം. സ്വച്ഛശീതളമായ ഈ മണ്ണിൽ ഒരുമാത്രയെങ്കിൽ ഒരു മാത്ര കൂടി ജീവിക്കാനുള്ള ആയുസ്സിനുവേണ്ടി കരഞ്ഞപേക്ഷിച്ചപ്പോൾ 'സമയമായി ഇനി ശാന്തചിത്തനായി മരണത്തെ വരിക്കാൻ തയ്യാറാവുക' എന്ന ശിവയോഗിയുടെ വാക്കുകൾ കേട്ട് മയന്നോടി വന്നതാണ് ആദിത്യവർമ്മൻ. സമസ്ത പ്രതാപങ്ങളോടും കൂടി വാണ നാളുകളൊന്നിൽ താത്രിക്ക് താനും ആളയച്ചതാണ്. 'രാജാവിന് ഭ്രഷ്ട് വരുത്താൻ ഞാനില്ല.' താത്രി ആളെ തിരിച്ചയക്കുകയായിരുന്നു. സ്മാർത്ത വിചാരക്കാരെകൊണ്ട് മതി മതി എന്ന് പറയിപ്പിച്ച് സ്വയം ഭ്രഷ്ടയായി ജീവിതത്തിലേക്ക് നടന്നു

പോയ അവൾക്ക് തന്റെ നേരെയും വിരൽ ചൂണ്ടാമായിരുന്നു. സ്വപ്ന സുന്ദരമായ കരങ്ങളാൽ ചേർത്ത് പിടിച്ചപ്പോൾ ആ അവശതയിലും ആദിത്യവർമ്മൻ അവളുടെ നല്ല മനസിനെക്കുറിച്ചോർത്ത് ചിരിച്ചു.

'സതീർത്ഥ്യാ.....'

പെട്ടെന്ന് ഉച്ചത്തിലുള്ള വിളികേട്ട് തിരിഞ്ഞു നോക്കിയ ആദിത്യവർമ്മൻ ഞെട്ടി. ഇരു കൈകളും നീട്ടി ചിരിച്ചു കൊണ്ട് നിൽക്കുന്ന പോറ്റി.

'വേണ്ടാ... വേണ്ടാ... എനിക്ക് മരണത്തിന്റെ മഹാശൃംഗം വേണ്ട. ജീവിതത്തിന്റെ താഴ്‌വാരം മതിയെനിക്ക്' ആദിത്യവർമ്മൻ ഉച്ചത്തിൽ കരഞ്ഞുകൊണ്ടിരുന്നു. ആദിത്യവർമ്മന്റെ കരച്ചിലും അരങ്ങിലെ വെളിച്ചവും നേർത്തില്ലാതായി. കാണികളിൽ പ്രകാശം പരന്നു. വീണ്ടും വെളിച്ചം തെളിഞ്ഞപ്പോൾ അരങ്ങിൽ കാണികൾക്ക് മുൻപിൽ തൊഴുകൈകളോടെ ആദിത്യവർമ്മനായി ഞാനും ചാക്യാരായി ചലച്ചിത്രനടൻ വിജയൻ കാരന്തൂരും താത്രികുട്ടിയായി സിന്ധുവും (കാനഡ) പോറ്റിയായി സുനിലും.

സദസ്സിന്റെ മുൻനിരയിൽ നിന്ന് ചിലർ വേദിയിലേക്ക് വന്നു. നടൻ മധുസാർ നെടുമുടി വേണു, പ്രൊഫസർ അലിയാർ, രാജകുമാരൻ തമ്പി, റേഡിയോഗ്രാഫർമാരായ കെ.പി രാധാകൃഷ്ണൻ സാർ, ടി. ഉണ്ണികൃഷ്ണൻ നായർ, വിജയകുമാരൻ നായർ...

ഓരോ മനുഷ്യനും ഒരു തുണ്ട് തുണിയിൽ മുഖമൊളിപ്പിച്ച് ജീവിതത്തിന്റെ താഴ്‌വാരത്തിനായി പ്രാർത്ഥിക്കുമ്പോൾ, ജീവിതനാടകത്തിൽ കാലുറപ്പിച്ചു നില്ക്കാൻ അരങ്ങും അരങ്ങനുഭവങ്ങളും അരങ്ങാർമകളും എനിക്ക് പകർന്നു തരുന്ന ധൈര്യം ചെറുതല്ല.

## ആയിഷത്താത്തക്ക് കിട്ടാതെ പോയ അടി

തലശ്ശേരി ബീച്ച്. കളികഴിഞ്ഞപ്പോൾ കുറെ ചെറുപ്പക്കാർ സംഘടിച്ച് വന്നു. 'നാടകത്തിൽ മതവിദ്വേഷം പരത്തുന്ന പരാമർശങ്ങളുണ്ട്. പോകാൻ അനുവദിക്കില്ല. 'നിലമ്പൂർ ആയിഷ, നിലമ്പൂർ വിജയലക്ഷ്മി തുടങ്ങിയ മുതിർന്ന ആർട്ടിസ്റ്റുകളെ തടഞ്ഞു വച്ചു. മാപ്പു പറയാതെ വണ്ടി വിടില്ലെന്നായി. ബഹളമായപ്പോൾ പ്രായമായ ഒരാൾ വന്നു.'അവർ ജീവിക്കാൻ വേണ്ടി വേഷം കെട്ടുന്നവരല്ലേ... പാവം കലാകാരൻമാർ. അവരെ വിട്ടേക്കൂ. 'ഒരു വിധം രക്ഷപെട്ടു. വണ്ടി പുറപ്പെട്ടു. എല്ലാവരും മൗനം ശോകമൂകമായ അന്തരീക്ഷം. 'ഛെ.. മോശമായിപ്പോയി' ആയിഷത്താത്ത പറഞ്ഞു.

'അതെ മോശം പണിയാ അവന്മാർ കാണിച്ചത്. നിലമ്പൂർ ആയിഷക്ക് ഒരടി കിട്ടുകയും ആ വാർത്ത നാളത്തെ പത്രത്തിൽ വരികയും ചെയ്തിരുന്നെങ്കിൽ ഒരു ഇരുപത്തഞ്ചു കളി കൂടുതൽ കിട്ടിയേനെ 'പ്രദീപ് ഇത് പറഞ്ഞതും വണ്ടിയിൽ കൂട്ടച്ചിരി യാത്ര പതിവുപോലെ സജീവമായി.



## നാടകം ഭാഷാതീതമായ സംവേദനം

അധിനിവേശവും അധീശത്വവും നമ്മുടെ സുന്ദര പരിസരങ്ങളെ തകർക്കുമെന്ന് പ്രവചിച്ച നാടകമാണ് പി.എം താജിന്റെ 'പാവത്താൻ നാട്'. പട്ടാളവും അധികാരികളുമില്ലാത്ത നന്മയും നിഷ്കളങ്കതയും സാഹോദര്യവും സഹവർത്തിത്വവും മാത്രമുള്ള പാവത്താൻ നാട്ടിലേക്ക് 'ദൈവം' പ്രവേശിക്കുന്നതും, എന്നാൽ വിദ്വേഷത്തിന്റെയും പകയുടെയും വിത്തെറിഞ്ഞ് വിളവെടുക്കാനെത്തിയതാണ് ഈ 'ദൈവം' എന്ന് തിരിച്ചറിഞ്ഞ, പാവത്താന്മാർ നടത്തുന്ന സ്വപ്നതുല്യമായ പോരാട്ടമാണ് ഈ നാടകം.

ഒഡീഷ്യയിലെ കട്ടക്കിൽ ദേശിയ നാടകോത്സവത്തിൽ ഞങ്ങൾ നാടകമവതരിപ്പിച്ചത് മലയാളത്തിലാണ്. സംസ്ഥാനത്തെ പ്രശസ്ത നടിയും സാംസ്കാരിക പ്രവർത്തകയുമാണ് അന്ന് അവിടുത്തെ മുഖ്യാതിഥി. നാടകത്തിനു തിരശ്ശീല വീണപ്പോൾ 'ദൈവത്തിന്റെ' പ്രകടനം ഏറെ ഇഷ്ടമായ മുഖ്യാതിഥി വേദിയിലേക്ക് ഓടിക്കയറി വന്നു ചോദിച്ചു.

"Who is that devil?... Who is that devil...?"

## കാസർഗോഡ് സെ കാലിക്കറ്റ് തക്

ദൂരെ എങ്ങുനിന്നോ വരുന്ന, പത്തിരുപത് ചക്രങ്ങളുള്ള ഒരു പാണ്ടി ലോറിയിൽ പാതിരായ്ക്ക് കർണ്ണാടക അതിർത്തിയ്ക്കടുത്തു നിന്നും കയറിപ്പറ്റിയതാണ് ഞങ്ങൾ മൂന്നുപേർ. പാൻപരാഗിന്റെ മണത്തിനൊപ്പം മുകേഷും മുഹമ്മദ് റാഫിയും മാറി മാറി വരുന്നുണ്ട്. ഡ്രൈവറും കിളിയും ഹിന്ദിയിൽ എന്തൊക്കെയോ സംസാരിക്കുന്നുണ്ട്. പാട്ടും പാനും ആസ്വദിച്ച്, ഡ്രൈവറും വളവു തിരിയുമ്പോൾ വളയത്തിനൊപ്പം വളയുന്നുണ്ട്. ലൈറ്റ് ഡിം ചെയ്യാതെ എതിരെ വരുന്നവനെ ഹിന്ദിയിൽ തെറിപറയുന്നുണ്ട്. ഇടയ്ക്ക് ഒരു തവണ പ്രദീപും വിജയേട്ടനും ഹിന്ദിയിൽ എന്തോ ചോദിച്ചു.

'നഹി' മാത്രമായിരുന്നു ഉത്തരം. വിദ്വാൻ ആയതുകൊണ്ടല്ല, ഹിന്ദിയുടെ എബിസിഡി അറിയാത്തതുകാരണം ഞാൻ മൗനിയായി. നേരം വെളുക്കാറായി. കോഴിക്കോട് വെസ്റ്റ് ഹില്ലിൽ എത്തിയപ്പോൾ വണ്ടി നിറുത്തി ഡ്രൈവർ പറഞ്ഞു.

'ഇങ്ങള് ഇബ്ടെ എറങ്ങിക്കോളിൻ ഞമ്മള് ഒട്ട് റോഡ്ക്കാ...'


ooo



# Proton to Electron...




കേരളത്തിലെ ആദ്യ കോവിഡ് രോഗിയുടെ എക്സറെയെടുത്ത റേഡിയോഗ്രാഫർ, ഷെജിന തന്നെയായിരുന്നു ആദ്യ കോവിഡ് പോസിറ്റീവ് റേഡിയോഗ്രാഫറും - കോവിഡ് അനുഭവം പങ്കു വയ്ക്കുകയാണ്, ഷെജിന





ഷെജിന രാജ്
റേഡിയോഗ്രാഫർ
ജില്ലാ ആശുപത്രി, കാഞ്ഞങ്ങാട്



ആംബുലൻസിന്റെ ചില്ലിട്ട ജനാലയിലൂടെ ഞാൻ പുറത്തേക്ക് നോക്കിയിരുന്നു.. ജീവൻ വാരിപ്പിടിച്ച് എത്രപേർ യാത്ര ചെയ്തിട്ടുണ്ടാവും ഇതിലൂടെ... ഒന്നും പിടികിട്ടാതെ ചുറ്റിലും കുറച്ചു പരിസരവാസികൾ...

'റിസൾട്ട് പോസിറ്റീവാണ്... വൈകിട്ട് കൺഫേമാകും... പേടിക്കാനൊന്നുമില്ല... നിനക്ക് കാര്യങ്ങൾ അറിയാവുന്നതല്ലേ... ഇങ്ങോട്ടേക്കു പോന്നോളൂ... കുറച്ചു ദിവസം നമുക്കിവിടെ നിൽക്കാം...' സൂപ്രണ്ട് ഡോ. പ്രകാശ് സാർ വിളിച്ചപ്പോൾ ഞാൻ മനസ്സിലുറപ്പിച്ചു, മറ്റുള്ളവർക്കായ് മാറി നില്ക്കാൻ ഞാൻ സ്വയം സന്നദ്ധയാവണമെന്ന്. കുറച്ചൊരു പേടിയോടെയും ഉത്കണ്ഠയോടെയും ഞാൻ തിരിച്ചറിഞ്ഞു... ഞാൻ കോവിഡ് പോസിറ്റീവാണെന്ന്.

ഞാൻ ജോലി ചെയ്യുന്നത് ഇങ്ങ് വടക്കേ മലബാറിൽ കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ റേഡിയോഗ്രാഫറായാണ്. കേരളത്തിലെ ആദ്യ കോവിഡ് രോഗിക്ക് എക്സ്-റേ എടുത്ത ഞാൻ കേരളത്തിലെ കോവിഡ് ബാധിതയായ ആദ്യത്തെ റേഡിയോഗ്രാഫറായി എന്നത് യാദൃച്ഛികമാണ്.

മെയ് മാസം 12ാം തീയ്യതിയാണ് ഞാൻ അത് ശ്രദ്ധിച്ചത്. ചെറിയ ജലദോഷവും ചുമയും. രണ്ടാഴ്ച മുൻപാണ് ഞാൻ കോവിഡ് ഐസൊലേഷൻ ഡ്യൂട്ടിയിലുണ്ടായിരുന്നത്. ചെറിയ പേടിയും ആശങ്കയും. എങ്കിലും ത്രോട്ട്സ്വാബ് എടുക്കാമെന്നു കരുതി. അന്ന് ഉച്ചകഴിഞ്ഞു ത്രോട്ട് സ്വാബ് കൊടുത്തു.

പതിവ് ഡ്യൂട്ടിയിലും തിരക്കിലും ഒന്ന് രണ്ടു ദിവസങ്ങൾ കടന്നു പോയി. ആർ. എം. ഒ. വിളിച്ച് ത്രോട്ട്സ്വാബ് കൊടുത്തിരുന്നോ എന്ന് അന്വേഷിച്ചപ്പോഴാണ് ഞാനത് വീണ്ടും ഓർത്തതുതന്നെ.

പിന്നീട് വന്ന ഓരോ ഫോൺ വിളിയും എന്നെ ആശങ്കയുടെ മുൾമുനയിൽ നിർത്തുന്നതായിരുന്നു. അച്ഛന്റെ പേര്... വയസ്സ്... വീട്ടിലെ വിവരങ്ങൾ... എല്ലാം അന്വേഷിക്കുമ്പോൾ ആശങ്കയേക്കാളുപരി ഞാൻ അറിയാതെ ഒരു സത്യം ഉൾക്കൊള്ളുകയായിരുന്നു, ഞാൻ വായിച്ചും അറിഞ്ഞും പറഞ്ഞും കേട്ട കോവിഡ് പോസിറ്റീവ് രോഗികളുടെ പട്ടികയിലേക്ക് എന്റെ പേര് കൂടി ചേർക്കപ്പെടുകയായിരുന്നുവെന്ന്.

പിന്നീട് എന്റെ ഫോണിന് റെസ്റ്റില്ലായിരുന്നു. ഒരു ആരോഗ്യപ്രവർത്തക എന്ന നിലയിൽ എന്നെ നെഞ്ചോട് ചേർക്കുന്ന ഇത്രയധികം ആളുകളുണ്ടെന്നു എനിക്ക് മനസ്സിലായി. സൂപ്രണ്ട്, ആർ.എം.ഒ., സഹപ്രവർത്തകർ, മറ്റുജീവനക്കാർ, സുഹൃത്തുക്കൾ, സഹപാഠികൾ... അങ്ങനെ ഓരോ വിളിയിലും പ്രാർത്ഥനയും താങ്ങുമായി ഒരുപാടുപേർ. എന്റെ അമ്മയെ വിളിച്ച് സാന്ത്വനവും സഹകരണവും അറിയിച്ച കെ.ജി.ആർ.എ. ഭാരവാഹികളായ വർഗീസ് സാർ, റംലത്താത്ത... ഇവരൊക്കെ എനിക്ക് തന്ന മാനസീക പിന്തുണ അത്രയ്ക്കും വലുതായിരുന്നു.

ഞാൻ രോഗിയായിരുന്നതിലുമുപരി നൂറ്റി മുപ്പതോളം വരുന്ന എന്റെ കോൺടാക്ട് ലിസ്റ്റ് ട്രേസ് ചെയ്ത ആരോഗ്യ ശൃംഖലയിലെ ഓരോരുത്തരെയും ഞാൻ നന്ദിയോടെ ഓർക്കുന്നു. കോണ്ടാക്ടിലുള്ളവരും എന്റെ വീട്ടുകാരും നെഗറ്റീവാണെന്നറിഞ്ഞപ്പോൾ ഉണ്ടായ സന്തോഷം പറഞ്ഞറിയിക്കാൻ വയ്യതന്നെ.

ഐസൊലേഷനിൽ കിടന്ന നാളുകൾ...

ഓരോ ദിവസവും ഡോക്ടർ വന്നു പരിശോധിച്ചു മടങ്ങും. ആ മുറിയിൽ അടക്കപ്പെട്ടതുമുതൽ മഞ്ഞു മനുഷ്യരെ പോലെ പി.പി.ഇ. ധരിച്ച ആൾക്കാരെ മാത്രമേ ഞാൻ കണ്ടിട്ടുള്ളൂ. മുഖാവരണത്തിനുള്ളിൽ വായിക്കപ്പെടാനാവാത്ത വികാരങ്ങളുമായി രണ്ടു കണ്ണുകൾ... ആ കണ്ണുകളിൽ എന്തായിരുന്നിരിക്കാം. ചിരിയോ കരച്ചിലോ അതോ എന്നോടുള്ള സ്നേഹവും സഹതാപവുമോ. ആവശ്യമില്ലാത്ത ആലോചനകൾ എന്നിലൂടെ കടന്നുപോയി ഞാനും ഇതേ ഈ മഞ്ഞു മുറിയിൽ എത്ര പേരുടെ എക്സ്റേ എടുത്തിരുന്നു. അവരും ഇതുപോലെ ചിന്തിച്ചു കാണില്ലേ?. അല്ലെങ്കിലും രോഗികളുടെ അവസ്ഥയിൽ ശുശ്രൂഷകർ എത്തുമ്പോഴാണ് അവരുടെ മനസ്സ് കൂടുതൽ വായിക്കപ്പെടുകയുള്ളൂ.

ഒരു കണക്കിനു നോക്കിയാൽ ഞാൻ സന്തോഷവതിയായിരുന്നു. നഴ്സിംഗ് അസിസ്റ്റന്റ് സേതുമാധവേട്ടൻ തന്ന പഴങ്ങൾ, ഹെഡ് നേഴ്സ് മിനിയേച്ചി കൊണ്ട് തന്ന പപ്പായ, ഇലക്ട്രീഷ്യൻ രാകേഷേട്ടൻ കൊണ്ടുതന്ന പച്ചമാങ്ങ, (ഇതിനു ഉപ്പ് എനിക്ക് സിസ്റ്ററോട് ചോദിച്ച് വാങ്ങേണ്ടി വന്നെങ്കിലും) ആർ.എം.ഒ. ഈന്തപ്പഴം, ബിസ്കറ്റ് എന്നിവയിലൂടെ വച്ച് നീട്ടിയ സ്നേഹം.. ഒരു മിനി ഫ്രൂട്ട്സ്റ്റാൾ ആയി മാറുകയായിരുന്നു എന്റെ ഐസൊലേഷൻ മുറി.

റൂം അകത്തുനിന്ന് ലോക്ക് ചെയ്യരുതെന്ന് എന്നോട് പ്രത്യേകം പറഞ്ഞിട്ടുണ്ടായിരുന്നു. ഒരു ദിവസം വൈകുന്നേരത്തെ ചായകുടി കഴിഞ്ഞു ഞാനൊന്നു മയങ്ങിപ്പോയി. അതും റൂം ലോക്ക് ചെയ്ത്. ഡോറിൽ തുടരെയുള്ള മുട്ടുകേട്ട് ഞെട്ടിയെഴുന്നേറ്റ് കതകു തുറന്നപ്പോൾ, ഭയന്ന മിഴികളുമായി അവർ. സ്റ്റാഫുകൾ.

ഇത് എനിക്ക് മാത്രം തന്ന സ്നേഹമല്ല, ഓരോ കോവിഡ് രോഗികളോടും ഇവർ ഇങ്ങനെയായിരുന്നുവെന്ന തിരിച്ചറിവ് എനിക്ക് അവരോടുള്ള ബഹുമാനവും ആദരവും ഒന്നുകൂടി ഊട്ടിയുറപ്പിച്ചു. ഞാൻ ഐസൊലേഷൻ റൂമിൽ ഒറ്റയ്ക്കിരുന്നു കരയുകയായിരുന്നു എന്ന റൂമറുകൾ ഇതിനോടകം ഉണ്ടായി. പക്ഷേ മാറ്റൊലിയില്ലാത്ത ശബ്ദങ്ങൾ ച്ചെകളായി മാത്രം അവശേഷിച്ചു. അതിനിടയിൽ ഒരു ദിവസം എന്നെ അത്ഭുതപ്പെടുത്തികൊണ്ട് നമ്മുടെ ആരോഗ്യമന്ത്രി, പ്രിയങ്കരിയായ ടീച്ചറമ്മ എന്റെ ഫോണിലേക്ക് വിളിച്ചു. ഞാൻ അത്രയ്ക്കും അത്ഭുതപ്പെട്ടുപോയി. ഒരു മഹാമാരിക്കുമുൻപിൽ കേരളം വിറച്ചു നിൽക്കുമ്പോൾ കോവിഡ് ബാധിതരായ ഓരോ ആരോഗ്യപ്രവർത്തകരെയും നേരിട്ട് വിളിച്ച് സാന്ത്വനമറിയിക്കുന്ന ഒരമ്മ മനസ്സ്. നമ്മുടെ റേഡിയോഗ്രാഫേഴ്സ് ഈ സമയത്തനുഭവിക്കുന്ന അരക്ഷിതാവസ്ഥ കുറച്ചെങ്കിലും എനിക്കവരോട് സംസാരിക്കാൻ കഴിഞ്ഞു.

എന്റെ രണ്ടാമത്തെ സ്വാബ് നെഗറ്റീവായ വിവരം സുപ്രണ്ട് വിളിച്ചു പറഞ്ഞപ്പോൾ എനിക്കും വീട്ടുകാർക്കും സമാധാനമായി. ഉച്ചക്കുശേഷം എന്നെ വിട്ടയയ്ക്കുമ്പോൾ കരഘോഷത്തോടെയാണ് ആശുപത്രിയിലെ കുടുംബാംഗങ്ങൾ യാത്രയാക്കിയത്. സഹപ്രവർത്തകൻ ഹിമേഷേട്ടൻ, ലാബ് ഇൻ ചാർജ് റെജിലേട്ടൻ, എന്റെ സ്വാബ് എടുത്ത ഗോകുൽ സാർ എല്ലാവരും.

അന്ന് നീലേശ്വരം മുനിസിപ്പാലിറ്റിയിലെ ഏക കോവിഡ് രോഗിയായിരുന്നു ഞാൻ. നീലേശ്വരം മുനിസിപ്പൽ ചെയർമാൻ നൽകിയ മാനസിക പിന്തുണ ഞാനോർക്കുന്നു.

എന്നെയും കൊണ്ട് ആംബുലൻസ് തിരികെ വീട്ടിലെത്തിയപ്പോൾ എന്റെ അമ്മയുടെയും അമ്മൂമ്മയുടെയും കണ്ണുകളിലെ നനവും സ്നേഹവും ഞാൻ അവർക്ക് എത്ര മാത്രം പ്രിയമുള്ളതാണെന്ന് എന്നെ ഓർമ്മപ്പെടുത്തുന്നതായിരുന്നു.

പോസിറ്റീവിൽ നിന്ന് നെഗറ്റീവിലേക്കുള്ള യാത്ര അവസാനിച്ചു എന്ന് തന്നെ പറയാം. എങ്ങിനെയാണ് ആരോടൊക്കെയാണ് നന്ദി അറിയിക്കേണ്ടത്..? ○○○

# ഓർമ്മപെയ്ത്ത്...

ഓമന സുകുമാരൻ നായർ
റിട്ടയേർഡ് ചീഫ് റേഡിയോഗ്രാഫർ
മെഡിക്കൽ കോളേജ്, കോഴിക്കോട്

1965 - 67 ബാച്ചിലാണ് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നിന്നും ഞാൻ സി.ആർ.എ. പാസാക്കുന്നത്. റേഡിയോഗ്രാഫർ ആയിരുന്ന ആർ. പീതാംബരൻ എന്റെ ക്ലാസ്സ്മേറ്റ് ആണ്. സി.ആർ.എ. കോഴ്സും ഫസ്റ്റ് ക്ലാസ്സോടെയാണ് ഞാൻ പാസ്സായത്. എന്റെ ഭർത്താവ് കോഴിക്കോട് ഡിസ്ട്രിക്ട് ഹെൽത്ത് എഡ്യുക്കേഷൻ ഓഫീസർ ആയിരുന്നു.

1969 ൽ ഞാൻ കോഴിക്കോട്ടേക്ക് ചേക്കേറി. 1971 മുതൽ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ റേഡിയോഗ്രാഫർ ആയി ജോലി ആരംഭിച്ചു. ആ സമയത്ത് അവിടെ ഫിസിസിസ്റ്റ് ആയി ജോലിചെയ്യുന്ന ശ്രീ. ശങ്കരൻ നായർ സാറിന്റെ അഭിപ്രായം അനുസരിച്ച് ഞാൻ പ്രീഡിഗ്രി ചെയ്യാൻ തീരുമാനിച്ചു. അന്നെനിക്ക് റേഡിയോ തെറാപ്പിയിൽ ആയിരുന്നു ജോലി. അതുകൊണ്ട് ഡ്യൂട്ടി അഡ്ജസ്റ്റ് ചെയ്ത് പഠിക്കാൻ സാധിച്ചു. ഇക്കാലത്തുതന്നെ കോഴിക്കോട് മെഡിക്കൽ കോളേജിന് അടുത്ത് ചേവായൂരിൽ കുറച്ചു സ്ഥലം വാങ്ങി വീടുവയ്ക്കാനും എനിക്ക് കഴിഞ്ഞു. ഞാൻ ഹരിപ്പാട് കാരി ആണ്. ഹസ്ബൻഡ് തിരുവല്ല. പക്ഷെ ഞങ്ങൾ ഇവിടെ തന്നെ സെറ്റിൽ ചെയ്യുകയാണ് ഉണ്ടായത്.

ജോലി ചെയ്തുകൊണ്ടിരിക്കെ ഒ.ഡി.പി.സി. വഴി 1985 ൽ, ആഫ്രിക്കൻ രാജ്യമായ ലിബിയയിൽ ജോലി ലഭിച്ചു. ഇവിടെ നിന്നും ഒരു വലിയ മെഡിക്കൽ ടീം തന്നെ അന്ന് ലിബിയയിലേക്ക് ഉണ്ടായിരുന്നു. അഞ്ചുവർഷത്തെ ലീവ് എടുത്താണ് ഞാൻ ഇവിടെ നിന്നും പോയത്. ബോംബെയിൽ നിന്നും ട്രിപ്പോളി വരെ ആയിരുന്നു ഫ്ലൈറ്റ്. ട്രിപ്പോളിയിൽ വച്ചു ഈ മെഡിക്കൽ ടീമിനെ പല സ്ഥലങ്ങളിലേക്കും റിക്രൂട്ട് ചെയ്തു. അവിടെ നിന്നും 'ഷെബ' എന്ന സ്ഥലത്ത് എത്തി. ഷെബയിൽ നിന്നും വീണ്ടും മരുഭൂമിയിലൂടെ യാത്ര ചെയ്താണ് എന്റെ ജോലിസ്ഥലമായ 'അൽഷാത്തിയിൽ' എത്തുന്നത്.



അവിടെ ആരും തന്നെ ഇംഗ്ലീഷ് സംസാരിച്ചിരുന്നില്ല. അറബി ആയിരുന്നു എല്ലാവരുടെയും സംസാരഭാഷ. അതുകൊണ്ട് തന്നെ ഒരുപാട് ബുദ്ധിമുട്ടുകൾ ആദ്യഘട്ടത്തിൽ ഉണ്ടായിട്ടുണ്ട്. എന്നാൽ പിന്നീട് ഞങ്ങൾ ഒക്കെ നന്നായി അറബി സംസാരിക്കാൻ പഠിച്ചു. അതുകൊണ്ട് തന്നെ ആശുപത്രിയിൽ വരുന്ന ആൾക്കാരോട് സംസാരിക്കാൻ വലിയ ബുദ്ധിമുട്ട് ഞങ്ങൾക്ക് ഉണ്ടായിട്ടില്ല. എന്നിരുന്നാലും ആംഗ്യ ഭാഷയിലൂടെയാണ് ഞങ്ങൾ അധികവും കമ്മ്യൂണിക്കേറ്റ് ചെയ്തുകൊണ്ടിരുന്നത്. ഞങ്ങളുടെ ആശുപത്രി വളരെ വലിയൊരു ആശുപത്രിയായിരുന്നു. ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നുള്ള ഡോക്ടർമാരും മറ്റ് ജീവനക്കാരും അവിടെ ജോലി ചെയ്തിരുന്നു. അതുകൊണ്ടു തന്നെ ലോകത്തിലെ പല ഭാഗത്തു നിന്നുള്ള ആളുകളുമായി ഇടപെടാനും അവരുടെ ജീവിതരീതികൾ മനസ്സിലാക്കാനും എനിക്ക് കഴിഞ്ഞു.

ആഫ്രിക്കൻ ഭൂഖണ്ഡത്തിലെ നാലാമത്തെ വലിയ രാജ്യമാണ് ലിബിയ. ഇതിനേക്കാളൊക്കെ പ്രാധാന്യത്തോടെ പറയാവുന്ന ഒരു കാര്യം ലോകത്തിലെ എണ്ണ ഖനി എന്ന രീതിയിൽ ലിബിയക്കും പത്താം സ്ഥാനമുള്ളതാണ്. ഞങ്ങളുടെ ആശുപത്രി ഒരു ഗ്രാമ പ്രദേശത്തായിരുന്നു. അവിടത്തെ ഗ്രാമീണർ മിക്കവർക്കും വലിയ ഫാമുകൾ ഉണ്ടായിരുന്നു. ഒട്ടകം, ആട്, കോഴി എന്നിവയൊക്കെ ആയിരുന്നു. സഹാറ മരുഭൂമിയുടെ ഭാഗമായതിനാൽ മഴ അവിടെ വളരെ കുറവാണ്. ഈ ഫാമുകൾ ഒക്കെ 365 ദിവസവും നനക്കാറുണ്ട്. ഗോതമ്പിന്റെയും ബാർലിയുടേയും വലിയ വയലുകൾ അവിടെ കാണാമായിരുന്നു. ഇതൊക്കെയായിരുന്നു ഞാൻ അവിടെ ജോലി ചെയ്തിരുന്നപ്പോളുള്ള ലിബിയയുടെ അവസ്ഥ. എന്റെ ഔദ്യോഗിക ജീവിതത്തിലെ ഏറ്റവും മനോഹരമായ കാലഘട്ടമായിരുന്നു ലിബിയയിലെ ജോലി. അവിടെ ഞങ്ങൾ വലിയൊരു ടീം ആയിട്ടാണ് ജോലി ചെയ്തത്. കോഴിക്കോട് നിന്നുള്ള ഒരുപാട് പേർ ഞങ്ങളുടെ ടീമിൽ ഉണ്ടായിരുന്നു. വെള്ളിയാഴ്ച ദിവസങ്ങളിൽ ഞങ്ങൾ പരസ്പരം മറ്റ് അംഗങ്ങളുടെ വീടുകൾ സന്ദർശിക്കാൻ പോകുമായിരുന്നു.

1990 ൽ ഞാൻ തിരിച്ച് കോഴിക്കോട് മെഡിക്കൽ കോളേജിൽ തന്നെ ജോയിൻ ചെയ്തു. 2002 ലാണ് ഞാൻ വിരമിക്കുന്നത്. 2000 മുതൽ തന്നെ ഞാൻ റേഡിയോതെറാപ്പിയിൽ ജോലി ചെയ്തിട്ടുണ്ട്. അങ്ങനെ 2013 വരെ കോൺട്രാക്ട് ബേസിസിൽ റേഡിയോതെറാപ്പിയിൽ സേവനം നടത്തി. ഞാൻ അവിടെ ജോലി ചെയ്തുകൊണ്ടിരിക്കെ ഒരുപാട് കുട്ടികൾ റേഡിയോഗ്രാഫി കോഴ്സ് പാസ്സായി കടന്നുപോയിട്ടുണ്ട്. കേരളത്തിലെ പല ഭാഗങ്ങളിലും ഇന്ത്യയിലും വിദേശത്തും ആയുള്ള ഒത്തിരി ഒത്തിരി മക്കൾ ഇപ്പോഴും വിളിക്കാറുണ്ട്. കെ.ജി.ആർ.എ.യുടെ കോഴിക്കോട് ജില്ലാ സെക്രട്ടറി ആയിരുന്നു ഞാൻ. അതുകൊണ്ടുതന്നെ കെ.ജി.ആർ.എ. നടത്തുന്ന ഇത്തരം ഒരു പരിപാടിക്ക് ഭാഗമാവാൻ കഴിഞ്ഞതിൽ എനിക്ക് ഒരുപാട് സന്തോഷമുണ്ട്.

ooo





ആർ. പീതാംബരൻ
റിട്ടയേർഡ് ചീഫ് റേഡിയോഗ്രാഫർ
മെഡിക്കൽ കോളജ്, കോഴിക്കോട്

ഞാൻ കോഴിക്കോട്ടെത്തുന്നത് 1970 ൽ ആണ്. ഇരുപത്തഞ്ചാം വയസ്സിൽ ജോലിയിൽ പ്രവേശിച്ചു. ഹംസക്ക എന്നു ഞാൻ സ്നേഹത്തോടെ വിളിച്ചിരുന്ന എ.എ. മുഹമ്മദ് ഹംസ ആയിരുന്നു അന്ന് ചീഫ് റേഡിയോ ഗ്രാഫർ. ശ്രീമതി പി.എ. സരസമ്മ, എൻ. ഓമനക്കുട്ടി, സി.സരസമ്മ, കെ.കെ. ബഷീർ, ഉമ്മർ, ശ്രീപ്രസാദ്, എൻ. സുശീലനാചാരി തുടങ്ങിയവർ എന്റെ സഹപ്രവർത്തകരായിരുന്നു. ഡോ. മൊയ്തീൻകുട്ടി ആയിരുന്നു പ്രൊഫെസർ.

പ്രൊഫെസർ വന്നാലേ അറ്റന്റൻസ് രജിസ്ട്രറിൽ ഒപ്പിടാൻ കഴിയുമായിരുന്നുള്ളൂ. പിന്നീട്ട് വരുന്നവർക്ക് 'Late.' പോളിങ് സമയം കഴിഞ്ഞാലും ക്യൂവിൽ നിൽക്കുന്നവരെ വോട്ട് ചെയ്യാൻ അനുവദിക്കുന്നപോലെ. ഇവിടെയും ക്യൂവിൽ നിൽക്കുന്നവർക്ക് ഒപ്പിടാൻ അനുവാദമുണ്ട്.

താമസിച്ചുവരുന്ന അദ്ദേഹത്തിന് 'Late' ഇല്ല. സാർ ലേറ്റ് ആയി വന്ന ഒരു ദിവസം ഞാൻ അദ്ദേഹത്തിന്റെ കള്ളിയിലും കൊടുത്തു ഒരു 'Late.' പോരെ പൂരം. സ്റ്റാഫ് മീറ്റിംഗ്... വിചാരണ... പ്രതികളെ എല്ലാവരെയും വരിവരിയായി നിർത്തി... ചോദ്യങ്ങൾ... എല്ലാവരും എന്നപോലെ ഞാനും 'കുറ്റം' നിഷേധിച്ചു.



# മധുര മിഠായി...

ഡോ: വി.പി. വിജയൻ, ഡോ: കേശവൻ, ഡോ: സി.കെ. വാസു, ഡോ: പി. രാജൻ തുടങ്ങിയ സമർത്ഥരായ ഡോക്ടർമാരാണ് അന്ന് ഡിപ്പാർട്ട്മെന്റിൽ ഉണ്ടായിരുന്നത്. ഇന്ത്യയിൽത്തന്നെ പ്രശസ്തനായ ഡോ: റോയിചാലി അടക്കം മറ്റു ഡിപ്പാർട്ട്മെന്റുകളിലെ പ്രഗത്ഭരായ ഡോക്ടർമാരുമായും നല്ല സൗഹൃദങ്ങളും സഹകരണങ്ങളും അന്നുണ്ടായിരുന്നു. ഇവരോടൊക്കെയുള്ള സ്നേഹവും കടപ്പാടും ഞാൻ മനസ്സിൽ സൂക്ഷിക്കുന്നു.

കോഴിക്കോട് ഞങ്ങൾ നടത്തിയിരുന്ന കലാകൈരളി നാടക സംഘത്തിലെ നടനായിരുന്നു ഗംഗാധരൻ. ലക്ഷ്മണൻ പിള്ള, സാലി, സഞ്ജയൻ, റീജ, സുബൈർ, ബഷീർ അങ്ങനെ ഒരുപാടുപേരുകൾ ഇന്നും മനസ്സിലുണ്ട്, അവരോടുള്ള സ്നേഹവും.

ഒരുദിവസം...

ഡിപ്പാർട്ട്മെന്റിൽ സ്റ്റാഫ് കുറവുള്ള കാലമാണ്. ഇടുക്കിയിലെ മൂന്നാറിനടുത്ത ആനവിരട്ടിക്കാരനായ എനിക്ക് വീട്ടിലെത്തേണ്ട ആവശ്യമുണ്ട്. എച്ച്.ഒ.ഡി. ഹജ്ജിനുപോയതു കാരണം ചാർജ് മറ്റൊരു ഡോക്ടർക്കാണ്. ഇൻചാർജിനു ലീവ് ലെറ്റർ നീട്ടികൊണ്ട് ഞാൻ പറഞ്ഞു.

'സർ ലീവ് വേണം'.

'പറ്റില്ല'

ലീവ് ലെറ്റർ നോക്കുക പോലും ചെയ്യാതെ അദ്ദേഹം പറഞ്ഞു. ദേഷ്യവും സങ്കടവും സഹിക്കാനാവാതെ ഞാൻ ലീവ് ലെറ്റർ പല കഷണങ്ങളാക്കി കീറി അദ്ദേഹത്തിന്റെ ദേഹത്തേക്കെറിഞ്ഞു പുറത്തിറങ്ങി.

അൽപ്പം കഴിഞ്ഞു റൂമിലേക്ക് തിരിച്ചെത്തിയപ്പോൾ കണ്ട രംഗം എന്നെ ഏറെ വേദനിപ്പിച്ചു. ചുമരും ചാരി സങ്കടപ്പെട്ട് ഇരിക്കുകയാണ് ഇൻചാർജ്. ഞാൻ മുഖം കഴുകാൻ വെള്ളം എടുത്തുകൊടുത്തു. അപക്വമായിപ്പോയി എന്റെ പെരുമാറ്റം എന്നു എനിക്ക് ബോധ്യപ്പെട്ടു. അന്നെനിക്ക് ഉറങ്ങാൻ കഴിഞ്ഞില്ല.

ഉച്ചയായിക്കാണും...

ആരോ അന്വേഷിക്കുന്നു എന്നറിഞ്ഞു സ്ക്രീനിങ് റൂമിൽ നിന്നും പുറത്തിറങ്ങി. ഇരുട്ടുമുറിയിൽ നിന്നും ഇറങ്ങിയ എനിക്ക് ആളുകളെ വ്യക്തമായി കാണുവാൻ കഴിഞ്ഞില്ല.

'ഞാനാണ് പീതാംബരൻ ആരാണ് അന്വേഷിച്ചത്.'

പ്രൗഢയായ ഒരു സ്ത്രീയും ഒരു പെൺകുട്ടിയും അടുത്തേക്ക് വന്നു.

'അപ്പോൾ താനാണ് പീതാംബരനല്ലേ'

'അതെ ഞാൻ തന്നെയാണ് പീതാംബരൻ.' അവരുടെ ചോദ്യം എനിക്ക് ഒട്ടും ഇഷ്ടമായില്ല ഞാൻ തിരിച്ച് റൂമിലേക്ക് കയറി.

പിറ്റേ ദിവസം സൂപ്രണ്ടിന്റെ ചേമ്പറിൽ അടിയന്തിരയോഗം. ഒരു മേലധികാരിയുടെ ഭാര്യയോട് അപമര്യാദയായി പെരുമാറി എന്നതായിരുന്നു എന്നിൽ ചാർത്തപ്പെട്ട 'കുറ്റം.'


അങ്ങനെ സർക്കാർ സർവ്വീസിൽ നിന്നും ആദ്യമായി സസ്പെൻഷനു വിധേയനായി.

സത്യത്തിൽ ഞങ്ങളുടെ ആ സംഭാഷണത്തിൽ ഉണ്ടായ ഒരു communication gap ഉം തെറ്റിദ്ധാരണയുമാണ് എന്റെ സസ്പെൻഷനിലേക്ക് നയിച്ചത്.

അങ്ങനെയങ്ങനെ ഔദ്യോഗിക ജീവിതത്തിലെ ഓർക്കാൻ ഇഷ്ടമുള്ളതും ഒരിക്കലും ഓർക്കാൻ ആഗ്രഹിക്കാത്തതുമായ ഓർമകളനവധി...

2001 ൽ വിരമിച്ചതിനുശേഷം കുടുംബസമേതം അങ്കമാലിയിലേക്കു വന്നുവെങ്കിലും മധുരമുള്ള മിഠായിത്തെരുവും സത്കാരപ്രിയരുടെ നാടായ കോഴിക്കോടും ഇന്നും നല്ല ഓർമകളായി മനസിലുണ്ട്...

ooo



# എന്റെ കോഴിക്കോട്...

ടി. സരോജ
റിട്ടയേർഡ് ചീഫ് റേഡിയോഗ്രാഫർ
മെഡിക്കൽ കോളേജ്, കോഴിക്കോട്

ഔദ്യോഗിക ജീവിതത്തെപ്പറ്റി സമ്മിശ്രമായ ഓർമ്മകളാണ് എനിക്കുള്ളത്. ഒരുപാട് നല്ല അനുഭവങ്ങൾ ഉണ്ടായിട്ടുണ്ട്. അതോടൊപ്പം തന്നെ വിഷമങ്ങളും പ്രതിസന്ധികളും തരണം ചെയ്യേണ്ടി വന്നിട്ടുണ്ട്. 1966-68 കാലഘട്ടത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നിന്നാണ് ഞാൻ സി.ആർ.എ കോഴ്സ് പൂർത്തിയാക്കുന്നത്. അന്ന് റേഡിയോഗ്രാഫി കോഴ്സ് കഴിഞ്ഞ ആളുകൾ വളരെ കുറവായിരുന്നു. 1970 ആണെന്ന് തോന്നുന്നു പി.എസ്.സി. പരീക്ഷ നടന്നത്. തൊട്ടടുത്ത വർഷം തന്നെ കോഴിക്കോട് മെഡിക്കൽ കോളേജിൽ റേഡിയോഗ്രാഫറായി എനിക്ക് നിയമനം ലഭിച്ചു. രണ്ടു വർഷത്തിന് ശേഷം തൃശൂർ ജില്ലയിലെ വടക്കാഞ്ചേരിയിലേക്ക് ട്രാൻസ്ഫർ ലഭിച്ചു. പിന്നീട് ഏതാണ്ട് പതിനൊന്നു വർഷം ഒറ്റപ്പാലം താലൂക്കാശുപത്രിയിൽ ജോലി ചെയ്തു. ആ സമയത്തു റേഡിയോഗ്രാഫർമാർ തീരെ കുറവായിരുന്നു.

ആഴ്ചയിൽ രണ്ടു ദിവസം വീതം ഷൊർണൂർ ഗവർമെന്റ് ആശുപത്രിയിലും, മണ്ണാർക്കാട് ആശുപത്രിയിലും പോകേണ്ടിവന്നു. ഷൊർണ്ണൂരിൽ സെൻട്രൽ റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ആയുർവേദ എന്ന സെൻട്രൽ ഗവൺമെന്റ് സ്ഥാപനത്തിൽ ആയിരുന്നു എന്റെ ഭർത്താവിന് ജോലി. അതുകൊണ്ട് കുടുംബമൊത്തു അവിടെ താമസിച്ചു. ജീവിതത്തിലെ ഏറ്റവും സന്തോഷകരമായിരുന്ന ദിനങ്ങൾ ആയിരുന്നു അവ.

ഒറ്റപ്പാലം താലൂക്കാശുപത്രിയിൽ ഒരു പഴയ 50 MA മെഷീൻ ആണ് ഉണ്ടായിരുന്നത്. അത് മാറ്റി പുതിയൊരു മെഷീൻ കൊണ്ടുവരാൻ ഞാൻ ഒരുപാട് ശ്രമിച്ചു. അന്നത് നടന്നില്ല. ഞാൻ തിരിച്ചു പോന്ന ഉടനെ 300 MA മെഷീൻ വന്നപ്പോൾ അവരെന്നെ അറിയിച്ചു. എനിക്ക് ഭയങ്കര സന്തോഷം തോന്നി.

അങ്ങനെ പോകുമ്പോഴാണ് ഭർത്താവിന് ലിബിയയിൽ ജോലി കിട്ടുന്നത്. ഞാൻ തിരിച്ച് കോഴിക്കോട് വന്നു. മെഡിക്കൽ കോളേജിനടുത്ത് വീട് വാടകയ്ക്ക് എടുത്ത് താമസം തുടങ്ങി. പിന്നീട് കോവൂരിൽ വീട് വച്ചു. റേഡിയോതെറാപ്പിയിൽ ഒരുപാട് കാലം ജോലി ചെയ്യാൻ എനിക്ക് കഴിഞ്ഞിട്ടുണ്ട്. അന്ന് അവിടെ വരുന്ന രോഗികളെ ഏറ്റവും നന്നായി സഹായിക്കാൻ സാധിച്ചു. ആ നാളുകൾ ഒക്കെ ഞാൻ ഇപ്പോഴും ഓർക്കാറുണ്ട്.

എന്റെ മനസ്സിൽ ഇപ്പോഴും ഉള്ള ഒരു നല്ല ഓർമ്മ ന്യൂറോളജിസ്റ്റുകളുടെ സാന്നിധ്യത്തിൽ കരോട്ടിഡ് ആൻജിയോഗ്രാം ചെയ്തിരുന്നതാണ്. അന്ന് സി.ടി. സ്കാൻ ഒന്നും വന്നിട്ടില്ലല്ലോ. ഡോ: ബി. ഇക്ബാൽ അടക്കം കോഴിക്കോട് മെഡിക്കൽ കോളേജിലെ അക്കാലത്തെ പ്രശസ്തരായ ന്യൂറോളജിസ്റ്റുകളുടെ കൂടെ ഇത്തരം സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ചെയ്യാനുള്ള ഭാഗ്യം എനിക്ക് ഉണ്ടായിട്ടുണ്ട്. 2002 ൽ കോഴിക്കോട് മെഡിക്കൽ കോളേജിൽ നിന്നും റിട്ടയർ ചെയ്തു.

ooo



കോഴിക്കോട് ജില്ലയിലെ കല്ലുരുട്ടി എന്ന സ്ഥലത്താണ് ജനിച്ചത്. പ്രീഡിഗ്രിക്ക് ശേഷം ബി.എസ്.സി ഫിസിക്സിന് ചേർന്നു. മൂന്നാം വർഷം തുടക്കത്തിലാണ് കോഴിക്കോട് മെഡിക്കൽ കോളേജിൽ സി.ആർ.എ. കോഴ്സിന് അഡ്മിഷൻ കിട്ടിയത്.

1990 ജൂൺ മാസത്തിലെ ഒരു മഴ ദിവസം ആണ് ഞങ്ങളുടെ കോഴ്സ് ആരംഭിച്ചത്. എന്റെ ആന്റി അവിടെ സ്റ്റാഫ് നേഴ്സ് ആയി ജോലി ചെയ്യുന്നുണ്ടായിരുന്നു. അതുകൊണ്ട് ഡിപ്പാർട്ട്മെന്റ് കണ്ടുപിടിക്കാൻ എനിക്ക് അധികം ബുദ്ധിമുട്ടേണ്ടി വന്നില്ല. ഞങ്ങളുടെ നാലാമത്തെ ബാച്ചിൽ മൊത്തം 23 കുട്ടികൾ ഉണ്ടായിരുന്നു. ഞങ്ങളുടെ ബാച്ച് മുതലാണ് കൃത്യമായ ഒരു സിലബസ് വന്നത്. 1992 ഒക്ടോബറിൽ ഞങ്ങൾ കോഴ്സ് പൂർത്തിയാക്കി, ഞാൻ ജോലി അന്വേഷണമാരംഭിച്ചു.

ബോംബായിലോ ഡെൽഹിയിലോ ചെന്നാൽ അവിടെനിന്നും ഗൾഫിലേക്കും മറ്റും പോകാൻ എളുപ്പമാകും എന്ന് പലരും ഉപദേശിച്ചത് അനുസരിച്ച് ഞാൻ ബോംബെയ്ക്ക് വണ്ടി കയറി.



# കടൽ കടന്ന ഉപജീവനം

മാത്യു [illegible]
റേഡിയോഗ്രാഫർ
യു.കെ.

ബോംബെയിൽ എത്തി. താമസിക്കാൻ സൗകര്യം ഉണ്ടായിരുന്നില്ല. ആവശ്യത്തിനു പണവും ഇല്ലായിരുന്നു. ആറു മാസം ഞാൻ ശരിക്കും കഷ്ടപ്പെട്ടു. ഇതിനിടയിൽ തിരിച്ചങ്ങു പൊന്നാലോ എന്ന് ചിന്തിക്കാതിരുന്നില്ല. അത്രയ്ക്കും ഉണ്ടായിരുന്നു വിഷമങ്ങൾ. എന്റെ സുഹൃത്തുക്കളുടെ സ്നേഹവും നന്മയും കൊണ്ടു മാത്രമാണ് എനിക്ക് അവിടെ പിടിച്ചു നിൽക്കാൻ കഴിഞ്ഞത്. ആറുമാസം കഴിഞ്ഞപ്പോൾ അവിടത്തെ ഒരു ചെറിയ ആശുപത്രിയിൽ റേഡിയോഗ്രാഫർ ആയി ജോലി ലഭിച്ചു. മൂന്നുമാസം കഴിഞ്ഞപ്പോൾ ബോംബെയിലെ തന്നെ ഏറ്റവും പ്രശസ്തമായ ഹിന്ദുജ ആശുപത്രിയിൽ എം.ആർ.ഐ. യിൽ റേഡിയോ ഗ്രാഫർ ആയി. അന്ന് എം.ആർ.ഐ. ഒക്കെ തുടങ്ങിയിട്ടേയുള്ളു. ഏറെ അഭിമാനത്തോടെയാണ് ഞാൻ അവിടെ ജോലി ചെയ്തത്. മോശമല്ലാത്ത ശമ്പളവും എനിക്ക് കിട്ടിയിരുന്നു. ഏതാണ്ട് ഈ സമയത്താണ് എന്റെ വിവാഹം നടക്കുന്നത്. ഭാര്യ സ്റ്റാഫ് നഴ്സായി ജോലി ചെയ്യുകയായിരുന്നു. അങ്ങനെയിരിക്കെ അവൾക്ക് യുകെയിൽ നഴ്സായി ജോലി കിട്ടി. അവള് പോയതിനെ തൊട്ടു പിന്നാലെ ഞാനും യു.കെ. യിലേക്ക് പറന്നു.

രജിസ്ട്രേഷൻ ഇല്ലാത്തത് കാരണം എനിക്ക് പല നല്ല ആശുപത്രികളും ജോലി നിഷേധിച്ചു. ഭാര്യയ്ക്ക് അവിടെയുള്ള ഒരു ഗ്രാമ പ്രദേശത്ത് ആയിരുന്നു ആദ്യത്തെ പോസ്റ്റിങ്. താമസിക്കാൻ ഒരു വീടും ഒരു സ്ഥിരം ജോലിയും കിട്ടാതെ ഞാൻ ഒരുപാട് മനപ്രയാസം അനുഭവിച്ച കാലഘട്ടമായിരുന്നു അത്. പിന്നീട് എന്റെ ഒരു മലയാളി സുഹൃത്ത് അവിടെയുള്ള രജിസ്ട്രേഷൻ ആവശ്യമില്ലാത്ത ഒരു ആശുപത്രിയിൽ ജോലി ശരിയാക്കി തന്നു. ഒരു വർഷം കഴിയുമ്പോഴേക്കും അവരും രജിസ്ട്രേഷൻ നിർബന്ധമാക്കി. രജിസ്ട്രേഷൻ കടലാസുകൾ ശരിയാക്കാനായി ഞാൻ നാട്ടിലേക്ക് വരേണ്ടിവന്നു. കോഴ്സിന്റെ ട്രാൻസ്ക്രിപ്ഷനും മറ്റും മെഡിക്കൽ കോളേജിലെ എന്റെ സഹപാഠികളും അധ്യാപകരും ചേർന്ന് പെട്ടെന്ന് തന്നെ ശരിയാക്കി തന്നു. ഏറെ നന്ദിയോടെയും സ്നേഹത്തോടെയും അവരെയെല്ലാം ഇപ്പോഴും ഞാൻ ഓർക്കുന്നു.

18 വർഷമായി ഇവിടെ യു.കെ. യിൽ ഞാൻ ജോലി ചെയ്യുന്നു. എന്റെ ഭാര്യയും ഇവിടുത്തെ സർക്കാർ ആശുപത്രിയിൽ നേഴ്സ് ആണ്. എനിക്ക് രണ്ടു പെൺകുട്ടികൾ ആണുള്ളത് രണ്ടുപേരും ഇവിടെ തന്നെ പഠിക്കുന്നു. യു.കെ.യിൽ റേഡിയോഗ്രാഫർ ആയി ജോലി കിട്ടണമെങ്കിൽ എച്ച്.സി.പി.സി. രജിസ്ട്രേഷൻ (ഹെൽത്ത് കെയർ പ്രൊഫഷണൽ കൗൺസിൽ) നിർബന്ധമാണ്. കൂടാതെ ഐ.ഇ.എൽ.ടി.എസ്. പാസ് ആവണം. (വിത്ത് സ്കോർ 7), കൂടാതെ എക്സ്പീരിയൻസും നിർബന്ധമാണ്. ഇവിടെ വന്നപ്പോൾ ഞാൻ അനുഭവിച്ച ഏറ്റവും വലിയ പ്രശ്നം കമ്മ്യൂണിക്കേഷനായിരുന്നു. ഇംഗ്ലീഷ് നമ്മൾ പഠിക്കുന്നുണ്ട് പുസ്തകങ്ങൾ വായിക്കുന്നുണ്ട് പക്ഷെ സംസാരിച്ചു ശീലം ഇല്ലാത്തതിനാൽ ശരിക്കും ബുദ്ധിമുട്ടി. ഇപ്പോൾ വളരെ നല്ല രീതിയിൽ പോകുന്നു...

ooo



# AUSSIES

I am a 1990-92 Batch CRA Student from Medical College Kozhikode, Who was Fortunate to get admissions for the first batch of DAMIT at SCTIMST, TVM in 1995. I was lucky to get interviewed by Wipro GE during my second year and secured a job before completing the course, joined as Application Specialist in Bangalore in 1996. The job was really exciting and made me to move to Mumbai, Malaysia and migrated to Australia. I have been living with family here in Melbourne for the past 20 years.



Joshi George Cherayath
MRI Product Specialist
Melbourne, Australia



As with my migrant in this country to settle down comfortably, I went through bit of struggle initially though it wasn't looking for a reasonably paid job, instead trying to manage the job that demands extensive travelling in Australia and new Zealand, a young family of two daughters and studies to upgrade my qualification, so did my wife to get into the work force here. My part-time studies involved a two years distinct education program to obtain Bachelor's degree in Medical Imaging from the Charles Sturt University and four years on campus part-time MBA from university of New South Wales. Since then I switched from GE's MRI application specialist job to a sales role as MRI product specialist covering relatively smaller geographical region in south eastern states of Australia, which significantly reduced my travel and spend quality time with family.

As you may know, Australia is the 6th largest country in the world, but the population is relatively small with approximately 24 million, hence it is the least densely populated country on the earth. Aboriginals the Torres strait islander populations were the indigenous people of Australia for around 60,000 years but was colonized by British during 18th century, the British settlers initially established Australia as a penal colony, very similar to what they did in Andaman Island during British rule in India. That being the history, now Australia is a secular country with a high degree of religious freedom and diversity. Being a British Colony, more than half of the people are Christians, though there are around 100 religions present, but not miss atheists who represent one third of the population. Hinduism was brought in to the country in early 19th century and is currently the fastest growing religion followed by Sikh due to i ncreased skilled migration from India. There are over half a million Indians live in Australia mostly in the capital cities.

Melbourne is the second largest city and as per global liveability index city has been ranked as the world's most liveable city for 7 consecutive years and has been in the top of three cities in the past 20 years. Melbourne has approx.5 million in population and is well known for its cultural diversities in the world. Around 50% of people were either born overseas or have a parent migrated from overseas and more than a quarter of people speak a language other than English at home. Indian community is the 6th largest migrant population following Irish, Chinese, Scottish and Italians where as British tops the list.

There are few things that personally I like about the country are, lack of social divisions or classless society, strong interpersonal values leading to a level playing field regardless of individual's background, very friendly and supporting nature of the people, general acceptance of rule of the law and sporting culture.


Sport is an integral part of culture even before white migration in to the country and Melbourne is the sporting capital of the country. Typically, people are engaged in some or other type of sports, and there are range of sports available from Aussie rules football to formula 1 grand prix, nevertheless, to mention football, cricket and tennis are the most popular sports.

The food culture here, Eating out with family and friends is a popular pastime among Australians and we have variety of restaurants with cuisines from all around the world. Australia is always a wonderful place to live. The Quality of life, Wonder Climate and Great Job Opportunities always attract people.

ooo



# കവിതകൾ


എന്റെ കവിത എന്നോടു
ചോദിച്ചു...
എന്തിനാണ്
നിന്റെ കവിതയിൽ കാഞ്ഞിരം
വളർത്തുന്നത്?....
ചൂരലടയാളം തുടിപ്പിക്കുന്നത്?
എ. അയ്യപ്പൻ

# ചിലന്തിപ്പുസ്തകം

പി.കെ. ഗോപി

വേഗത്തിന്റെ ശരമിന്നലുകൾ
കണ്ണും കാതും തുളച്ച് പാഞ്ഞു പോയി!
പ്രാണന്റെ സിരകളെല്ലാം
പിഴുതെറിഞ്ഞ്
പച്ചിലകളുടെ പാദസരങ്ങൾ
ചുട്ടുകരിച്ച്
കണ്ണീരിന്റെ നിലാവൊഴുക്കിൽ
പാപക്കറ പെയ്യിച്ച്
ആരുടെ കൊടുങ്കാറ്റാണ്
കടന്നു പോയത്?!

അമൃതവള്ളിയും സൂര്യകാന്തിയും
ആത്മഹത്യ ചെയ്ത കരയിലൂടെ
ചെമ്പരത്തിയും ചെണ്ടുമല്ലിയും
വഴുതി വീണ വരമ്പിലൂടെ
പ്രളയവും പ്രതികാരവും
അങ്കം വെട്ടുന്ന
ഉരുൾപൊട്ടലിലൂടെ
ആകാശത്തെയും അലകടലിനെയും
വെല്ലുവിളിച്ച്
ആരുടെയൊക്കെ ശവദാഹത്തിനാണ്
അവർ എരിഞ്ഞു പായുന്നത്?

ഒരു പിടി വിത്തിന്റെ
സത്തയിൽ നിന്നു നാമ്പ് വിടർത്തി
ചരാചരങ്ങളുടെ
വിശുദ്ധമൗനത്തിൽ വേരാഴ്ത്തി,
ആയുസ്സിന്റെ ദൂരം സഞ്ചരിക്കാൻ
അന്നനാളം സാക്ഷി
വഴി കണ്ടെത്താത്തവന്,
യക്ഷിപ്പക്ഷിയുടെ പിഴച്ച വാക്കുകൾ
ആരാണ് ഓതിക്കൊടുത്തത്?


ആരാന്റെ ചിലന്തിപ്പുസ്തകത്തിലെ
ആർത്തി പെരുത്ത
ഇരയുടെ സ്വയംവരത്തിന്
ഉടുത്തുകെട്ടി, ഊതിപ്പെരുക്കി,
എന്തായാലും ഞാനില്ല!!





# വീട്

അതെന്റെ സ്വപ്നങ്ങൾക്ക് ചാരുതയേകിയ
എന്റെ കുസൃതികൾക്കു ജീവൻ പകർന്ന
എന്റെ കുതിപ്പും കിതപ്പും തൊട്ടറിഞ്ഞ
എന്റെ ജീവനായിരുന്നു.
പൊട്ടിച്ചിരികൾ നിറഞ്ഞു നിന്ന
കുട്ടിത്തരങ്ങൾക്കു കൂട്ടു നിന്ന
വസന്തമെങ്ങും പൂത്തു നിന്ന
എന്റെ വീട്.
പതിയെ ചിരിയൊച്ചയകന്നതും
മൗനമെങ്ങും വളർന്നതും
സ്നേഹസ്വരങ്ങൾക്കു കനം വെച്ചതും
ഓർക്കാതിരിക്കാൻ കഴിയുന്നില്ല.
വഴിയേ പിതാക്കന്മാർ യാത്രയായതും
പ്രതാപമെങ്ങോ കൈമോശം വന്നതും
ബന്ധങ്ങൾ മഞ്ഞുപോലെയുരുകിയൊലിച്ചതും
മറക്കുവാൻ കഴിയുന്നില്ല
മുറ്റത്തു ചിതറിക്കിടക്കുന്ന
വെട്ടുകല്ലുകളും ഇഷ്ടികയുമോടും
അടർത്തി മാറ്റിയ വാതിൽ പാളികളും
മുറിച്ചു നീക്കപ്പെട്ട കഴുക്കോലുകളും...
വീട് എനിക്കെന്റെ ജീവനായിരുന്നു.



[illegible]
[illegible]



[illegible]

# നോവായി... മഴ...



ചെളിയിൽ കുതിർന്നമർന്ന
പുസ്തകങ്ങളെ നോക്കി നിൽക്കെ
ഹൃദയമിടിപ്പ് നേർത്തു നേർത്തു
ഇല്ലാതാവുന്നതായി
തോന്നി അവൾക്കു..
ഒരു തേങ്ങൽ തൊണ്ടയിൽ
കുടുങ്ങി നിന്നു
ശ്വാസം മുട്ടിക്കുന്നു..
വല്ലാത്തൊരു നിസ്സംഗത
അവളെ  പൊതിഞ്ഞു..
അന്ന്..
തന്റെ കുഞ്ഞിന്റെ
ചലനമറ്റ ശരീരത്തിന്
മുന്നിലും
ഇതേ
നിസ്സംഗത ആയിരുന്നു
നിർവികാരത ആയിരുന്നു.
'അമ്മേ' എന്ന്
ആദ്യം വിളിച്ച
കുഞ്ഞു ചുണ്ടുകൾ
വിളറിയിരുന്നോ..
ഓർത്തെടുക്കാനാവുന്നില്ല..



മഴ കൊരിച്ചൊരിഞ്ഞ
ഒരു രാത്രിയിൽ..
യാത്ര പോലും പറയാതെ
ഒട്ടും പേടിയില്ലാതെ
ഒറ്റയ്ക്ക്..
ആ ഇരുട്ടിലേക്ക്
അവളിറങ്ങിപ്പോയി..
നെഞ്ചിൽ എന്തോ
തടഞ്ഞു നിൽക്കുന്നോ..
അങ്ങനെയാവാം
മഴ തീരാത്ത
നോവായി മാറി..

കാലം  പോകെ...
എപ്പോഴോ
മഴയെ വീണ്ടുമവൾ
പ്രണയിച്ചു തുടങ്ങിയിരുന്നു...
ഒരു  മധ്യാഹ്ന പ്രണയം പോലെ
അതി തീവ്രമായി..
ഇപ്പോഴിതാ... വീണ്ടും...
തന്റെ വീട്...
 പുസ്തകങ്ങൾ...

നനഞ്ഞു കുതിർന്ന
പുസ്തകങ്ങളിലെ
തണുപ്പ്.....
തന്റെ കുഞ്ഞിന്റെ
തണുത്ത  നെറ്റിയിൽ
അവസാനമായി നൽകിയ
ഉമ്മയെ .. ഓർമ്മിപ്പിച്ചു..
ആ ഓർമ്മയിൽ
അവൾ വിങ്ങിപ്പൊട്ടി.

മഴ...
വീണ്ടും  നോവാവുന്നത്..
ഹൃദയത്തെ  വീണ്ടും..
കീറി മുറിക്കുന്നത്..
അവളറിഞ്ഞു.



സജിത്
റെയിൽവേ ആശുപത്രി, പാലക്കാട്

# ഹൃദയത്തുടിപ്പുകൾ

ഇനിയൊന്നുമില്ല പറയുവാൻ
മിഴി നീര് മാത്രമായ്
പറയുവാനാകാതെ തൊണ്ടയിൽ
പിടയുന്നൊരേകാന്ത രോദനം..
എത്ര ദൂരെയാണെങ്കിലും എന്നിൽ
നിന്നത്രയൊന്നും വിദൂരത്തിലല്ല നീ
ഞാനുറങ്ങാതിരുന്നൊരാ നാളിലെൻ
നോവും ചുംബിച്ചെടുത്തിരിക്കുന്നു നീ
സ്നേഹമായ് നീ ഒഴുകുന്ന വേളയിൽ
ബോധമുപേക്ഷിച്ചു പോയിയെൻ മാനസം
എന്റെ വീണ വിമൂകമാണിവിടെ,
എന്തുകൊണ്ടോ ചിരിക്കാൻ മറപ്പൂ ഞാൻ..
ആയതില്ലെനിക്കിന്നേവരെയും നിൻ,
ഭാവനയ്ക്കാർദ്ര രൂപം പകരുവാൻ..
എന്തെഴുതാൻ, അരികിൽ നീയില്ലെങ്കിൽ
എന്തിനാണീ മനോഹര സന്ധ്യകൾ?
യുക്തിയേക്കാൾ കരുത്തുറ്റ ജീവിത
സത്യമാണനുഭൂതിയെങ്കിലും
ഇന്നുമെന്റെ ഹൃദയസ്പന്ദനസ്വനം
ചേർന്നലിയുന്നു നിൻ നിഗൂഢഭാവങ്ങളിൽ..



ബാലൻ കല്ലാട്ട്
മുൻ സീനിയർ ഫോട്ടോഗ്രാഫർ
മെഡിക്കൽ കോളജ്, കോഴിക്കോട്

# പാമ്പ്

അവൾ
അച്ഛന്റെ ഓമന
അമ്മയുടെ പൊന്നോമന
സുമംഗലിയായി
പാർക്കുകൾ പട്ടണങ്ങൾ
വളകൾ മുത്തുകൾ മുത്തങ്ങൾ
വെള്ളത്തിൽ വള്ളത്തിൽ കായൽപ്പരപ്പിൽ
ഒഴുകുന്ന സ്നേഹം
പിന്നെ ഇഴയാൻ തുടങ്ങി
അവൻ അതിനു പിന്നാലെ
കളിച്ചും കളിപ്പിച്ചും
അവൾക്കത് രസമായി തോന്നി
നാളുകൾ കഴിഞ്ഞപ്പോൾ
വാലിൽ പിടിച്ചു.
ചുറ്റിക്കറങ്ങി നൃത്തമാടി
കുഴലൂതി അതിനെ കുപ്പിയിലാക്കി
പൂജാമുറിയിൽ ദിവ്യ കർമ്മങ്ങൾ..
അതിനെ ശരീരത്തിൽ ആവാഹിച്ചു
പത്തി വിടർത്തി ചാഞ്ഞും ചരിഞ്ഞും
കോലാഹലം അവൾ അറിഞ്ഞില്ല..
കെട്ടിപ്പുണർന്നു
വരിഞ്ഞു മുറുക്കി
ഫണമുയർത്തി നറുകയിൽ കൊത്തി.
പിടയുമ്പോൾ മന്ദഹസിച്ചു.
ബോധമറ്റപ്പോൾ അട്ടഹസിച്ചു
നിശ്ചലമായപ്പോൾ കുഴിമാടമൊരുക്കി
പാക്ഷേ, പിടുത്തക്കാർ അവനെ
ചാക്കിലാക്കി കൊണ്ട് പോയി കൂട്ടിലടക്കാൻ



വര : രൂപേഷ്

# ഭാണ്ഡം

ജീവിതമെന്നൊരു ഭാണ്ഡവും പേറി...
ഉഴലുകയായ് പല നാളായിവിടെ...
വീഥികളൊന്നുമെളുതല്ലൊരിക്കലും...
കാതങ്ങളിനിയെത്ര താണ്ടിടേണം...
പലവുരു വീണുപോയ് വയ്യാതെ വല്ലാതെ...
വിണ്ണവർ പോലും കയ്യൊഴിഞ്ഞു...
നിഡജങ്ങൾ പാടുന്ന പാട്ടുകൾ പോലും...
കേൾക്കാൻ മടിക്കുന്ന കർണ്ണങ്ങളും...
നീരജ മേതെന്നുമെന്തെന്നും
ഒന്നുമേ...
കാണാൻ മടിക്കുന്ന കണ്ണുകളും...
പതറുന്നു കാലുകൾ ചിതറുന്നു ചിന്തകൾ...
പരാക ജന്മമായ് തീർന്നുവല്ലോ...
നിപാതം കൂട്ടായ് കൂടെയുണ്ടെങ്കിലും...
വാനകം പൂകിടാൻ മോഹമില്ല...



എം.സി. സുരേഷ് ബാബു
ഇ.എസ്.ഐ ആശുപത്രി, ഫറോക്ക്



സജീവ് കെ.എസ്
റേഡിയോഗ്രാഫർ
ജനറൽ ഹോസ്പിറ്റൽ, എറണാകുളം



# ദിവാസ്വപ്നം

നിറമുള്ള നിശകളിൽ
എന്റെ സ്വപ്നങ്ങളിലെ നെയ്ത്തിരിയാണ് നീ..
ജീവനിൽ പ്രകാശമായി
വന്നു മാഞ്ഞു പോയൊരുൾപ്പുളകം...
സുഖ ശീതളിമയിൽ നിന്നും
ഏതോ വഴിക്കായി വേർപിരിഞ്ഞു പോയി നീ..
കൂരിരുട്ടിന്റെ ആഴങ്ങളിലേക്ക് വലിച്ചെറിയപ്പെട്ടവർ നമ്മൾ...
അവസാനരംഗം വരെ പൊരുതാൻ മടിച്ചവർ
പതിറ്റാണ്ടുകളുടെ ദൂരം നമ്മിലുണ്ടായി
ദൂരം കൂടുന്തോറും സ്നേഹം കൂടുന്നുവോ?
മറയും അകലവും നാം തന്നെ സൃഷ്ടിച്ചു
അകലത്തിരുന്നു കൊണ്ടും നാം സ്നേഹിച്ചു
ആ സ്നേഹത്തിനു സത്യത്തിന്റെ മണമുണ്ട്
വേർപാടിന്റെ രുചിയുണ്ട്...
വേർപിരിയുമ്പോൾ പറിച്ചെടുക്കാൻ
പറ്റാത്തതെൻ ഹൃദയമാണ്
എന്റെ ജീവനാണ്
ജീവനിൽ ഉറഞ്ഞുകൂടിയോരെൻ സ്നേഹമാണ്..



# പരാജിത

എന്നിട്ടും എന്തെ നിൻ
പൂകവിൾ വാടി പോയി..
കിനാക്കൾക്കുമപ്പുറം നിന്റെ
മോഹങ്ങൾക്ക് ചിറകുവെച്ചു...
ആകാശവീഥിയിൽ പാറി
പ്പറക്കുവാൻ മോഹിച്ചു നീ..
എന്നിട്ടും എന്തെ ഈ
പൂകവിൾ വാടി പോയി...
ഇന്നീ കാണുന്ന കിനാക്കൾക്ക്
ഒക്കെയും നാളത്തെ പുലരി തൻ
ശോഭയുണ്ടാകുമോ..?
പൂമൊട്ട് വിടരുവാൻ കൊതിച്ചു പോയി..
ഒരു പൂവായി തീരാൻ കൊതിച്ചു പോയി..
കാർവണ്ടു വന്നു കാർന്നു തിന്നു
മോഹങ്ങളെല്ലാം പൊലിഞ്ഞുപോയി..
മധു തേടി അലയുന്ന
ശലഭങ്ങൾക്കൊക്കെയും
തേൻകുടം ഏറാൻ കഴിയില്ലല്ലോ..?
ഒരു നൂറു സ്വപ്നങ്ങൾ
നെയ്തുകൂട്ടും വൃഥാ...
നീർ കുമിളപോലതങ്ങു
അലിഞ്ഞു പോകും....!!!



[illegible]
റേഡിയോ ഗ്രാഫർ
മെഡിക്കൽ കോളേജ്, കോഴിക്കോട്



Anila. S.R
Radiographer
T.H.H.Q., Thiruvalla

# The Journey

I was a lonely traveller
In that lonely desert
Seeking my destination
Even without a camel.
The hope of finding an oasis
With a fountain was the only
Inspiration for the journey
Seeing the greenness of an oasis
At a distance, I vainly hoped
To stop for a while,
To give rest for my straining feet.
But with so much hope
When I reached there
Couldn't find anything
Leaving my mind in agony.
Yet I resumed the journey,
Dreaming to find a real oasis
Where I can rest peacefully.




JJ AGENCIES

Panakkal Building, Near St. Peter's Church
Kumbalanghi, Kochi - 682 007
jjagencies2007@yahoo.com

Distributor For :
Total Digital X-ray Solutions, X-ray Films, Chemicals, CT, MRI Films, CR,
Dry Images, X-ray Machines, Refurbished CT, MRI Machines and all Medical Equipments

# KGRA

# കേരള ഗവൺമെന്റ് റേഡിയോഗ്രാഫേഴ്സ് അസ്സോസിയേഷൻ

## ചരിത്രം...
## വർത്തമാനം...



# 2022-1981=41

# KGRA നാൾവഴികൾ

ഇങ്ങിനെയാണ് ചരിത്രം...

1979 ൽ ആലപ്പുഴയിൽ മൂന്നു നാലു റേഡിയോഗ്രാഫർമാർ ഒരുമിച്ചിരിക്കുക പതിവായി. തനതു സംഘടനയെന്ന ആശയം ബോധ മനസ്സിലേക്ക്...
പിന്നീട് വരാന്ത ചർച്ചകളും ഡ്യൂട്ടി റൂം ചർച്ചകളും...
1981 ൽ ഇരുപതു പേർ ഒരുമിച്ച് സംഘടനാ രൂപമുണ്ടാക്കുന്നു. കേരളാ ഗവർമെൻറ് റേഡിയോഗ്രാഫേർസ് അസോസിയേഷൻ അംഗീകൃത സംഘടനയാകുന്നു...
മെമ്മോറാണ്ടങ്ങളും എഴുത്തുകുത്തുകളുമായി പിന്നീട് നിരവധി വഴികളിലൂടെ ഓടിയും കിതച്ചും യാത്ര തുടർന്നു...
പ്രതിഫലനങ്ങൾ കണ്ടുതുടങ്ങി...
1983 ലെ ശമ്പള പരിഷ്കരണ കമ്മീഷൻ റിപ്പോർട്ടിൽ "Other Technician" വിഭാഗത്തിൽ നിന്നും മാറി മറ്റ് പാരാമെഡിക്കൽ വിഭാഗങ്ങൾക്കൊപ്പം റേഡിയോളജിയിൽ തലക്കുറി എഴുതി ചേർക്കപ്പെട്ടു.
ആദ്യകാല നേതാക്കളുടെ ഊർജ്ജസ്വലതയും പരിശ്രമവും ഹോട്ടൽ മുറികളിലെ മീറ്റിംഗിൽ നിന്നും സമ്മേളന ഹാളുകളിലേക്ക് എത്താമെന്നാക്കി...
റേഡിയോളജിയുടെ ശാസ്ത്ര വളർച്ചക്കൊപ്പം റേഡിയോഗ്രാഫർമാരും തൊഴിൽപരമായ ഉയരങ്ങൾ കണ്ടെത്തി...
എണ്ണം കുറവാണെങ്കിലും, പ്രവർത്തന മേഖലയിലും ഇതര മേഖലകളിലും ഗുണനിലവാരത്തിലേക്കുള്ള വളർച്ചയായിരുന്നു പിന്നീട്...
സംഘടനാ രംഗം സജീവമായി.
മികവുറ്റ മേഖലാ കമ്മറ്റികൾ ഉണ്ടായി.
പുതിയ സാങ്കേതിക വിദ്യകളിൽ റേഡിയോ ഗ്രാഫർമാർക്കായുള്ള പരിശീലന പരിപാടികൾ നടപ്പിലാക്കി...
സർക്കാർ ആശുപത്രികളിലെ റേഡിയോളജി വിഭാഗം സമ്പൂർണ്ണ ഡിജിറ്റലൈസേഷനിലേക്ക് നീങ്ങുന്നു...

കാഴ്ചപ്പാടും നിലപാടുകളുമുള്ള, ആരോഗ്യമേഖലയിൽ സജീവമായി ഇടപെടുന്ന നേതൃത്വമുണ്ട് ഇന്ന് KGRA ക്ക്.



റിട്ടയേർഡ് റേഡിയോഗ്രാഫർ
മെഡിക്കൽ കോളേജ്, കോഴിക്കോട്

# The Leaders

പ്രസിഡന്റ്
**രാജാകൃഷ്ണൻ. എ**




ജനറൽ സെക്രട്ടറി
**സലിം വി.എസ്**





ഫിനാൻസ് സെക്രട്ടറി
**ഗംഗാധരൻ. എ**




വൈസ് പ്രസിഡന്റ്
**അനില. എസ്. ആർ**



ജോയിന്റ് സെക്രട്ടറി
**രാജേഷ് കെ. മുരളി**



ജോയിന്റ് സെക്രട്ടറി
**അനൂപ്. പി.സി**



ജോയിന്റ് സെക്രട്ടറി
**നൗഫൽ. എം.വി**




## എക്സിക്യൂട്ടീവ് മെംബേർസ്



ഫ്രാൻസിസ്. കെ.ജെ



ജോയ് കെ. ലോറൻസ്



പദ്മകുമാർ. സി.ഇ



രജനി. പി.എൻ



ബഷീർ. എ.എം



ബലഭദ്രൻ. ഒ.പി



സിന്ധു. ആർ

## എക്സിക്യൂട്ടീവ് മെംബേർസ്



അനിൽകുമാർ. എസ്



നിസാമുദീൻ. പി.എൻ



ശ്രീകുമാർ. ആർ. ചന്ദ്രൻ



നവാസ്. കെ



അമ്പിളി. ആർ



സ്വപ്ന. പി.കെ



അനിത. കെ

*With Best Compliments*

# UNITED AGENCIES

Door No:13/743-44, United Tower, Ambady Lane, Kokkalai, Thrissur, Kerala, India-680 021

0487 244 0774, 2440664 | info@unitedagencies.org | www.unitedagencies.org

Carestream | Smith+Nephew | Teleflex | ResMed

EPSILON | adisc | Romsons Disposable Medical Devices | KIRAN

## UNITED GROUP OF COMPANIES

UMD UNITED MEDICAL DEVICES Inc

UNITED IMAGINGS

UNITED MEDICAL AGENCIES

EXCLUSIVE DEALER OF CARESTREAM PRODUCTS



WWW.UNITEDAGENCIES.ORG

## മേഖല കമ്മിറ്റികൾ

### കോഴിക്കോട് മേഖല



പ്രസിഡന്റ്
റംല. പി.ടി



സെക്രട്ടറി
വർഗീസ് ജോൺ

### തൃശ്ശൂർ മേഖല



പ്രസിഡന്റ്
ഭരതൻ. എ.കെ



സെക്രട്ടറി
ബീന

### എറണാകുളം മേഖല



പ്രസിഡന്റ്
സുരേഷ



സെക്രട്ടറി
ഷാനിജ

### കോട്ടയം മേഖല



പ്രസിഡന്റ്
സുനിൽ മജീദ്



സെക്രട്ടറി
ശ്രീലത

### തിരുവനന്തപുരം മേഖല



പ്രസിഡന്റ്
വെർജിൻ. ജി.എസ്



സെക്രട്ടറി
രമേശ് കുമാർ. എസ്.ആർ

# नेताओं 1981 से 2020 तक..

| നമ്പർ | വർഷം | പ്രസിഡന്റ് | സെക്രട്ടറി |
|---|---|---|---|
| 1 | 1981-82 | എ. നസീബുള്ള | കെ. വിജയ രാജൻ |
| 2 | 1982-83 | എ. നസീബുള്ള | കെ. വിജയ രാജൻ |
| 3 | 1983-85 | യതീന്ദ്ര ദാസ് | വി. മധു സൂധനൻ |
| 4 | 1985-93 | ജെ. നാരായണൻ നായർ | വി. മധു സൂധനൻ |
| 5 | 1993-96 | ബി. രഘു | വി. മധു സൂധനൻ |
| 6 | 1996-2000 | ബി. രഘു | വി. മധു സൂധനൻ |
| 7 | 2000-02 | വി.ആർ. പ്രകാശ് | ടി.കെ. ശ്രീകുമാർ |
| 8 | 2002-04 | ടി. ഉണ്ണികൃഷ്ണൻ നായർ | വി. മധു സൂധനൻ |
| 9 | 2004-07 | ടി. ഉണ്ണികൃഷ്ണൻ നായർ | വി. മധു സൂധനൻ |
| 10 | 2007-08 | ടി. ഉണ്ണികൃഷ്ണൻ നായർ | രാധാകൃഷ്ണൻ കെ.പി |
| 11 | 2008-09 | ടി. ഉണ്ണികൃഷ്ണൻ നായർ | രാധാകൃഷ്ണൻ കെ.പി |
| 12 | 2009-11 | ടി. ഉണ്ണികൃഷ്ണൻ നായർ | രാധാകൃഷ്ണൻ കെ.പി |
| 13 | 2011-14 | ടി. ഉണ്ണികൃഷ്ണൻ നായർ | രാധാകൃഷ്ണൻ കെ.പി |
| 14 | 2014-18 | ഫ്രാൻസിസ്. കെ.ജെ | രാധാകൃഷ്ണൻ കെ.പി |
| 15 | 2018-19 | സ്റ്റീഫൻ. ടി.എസ് | സലീം. വി.എസ് |
| 16 | 2019-20 | സ്റ്റീഫൻ. ടി.എസ് | സലീം. വി.എസ് |
| 17 | 2020-___ | വി. രാജകൃഷ്ണൻ | സലീം. വി.എസ് |

# ചിലർ ചില സർവ്വകലാശാലകളാണ്



ഷീബ
റേഡിയോ ഗ്രാഫർ
ഗവ: മെഡിക്കൽ കോളേജ്
കണ്ണൂർ



ഉള്ളതുകൊണ്ട് തൃപ്തിപ്പെടുന്നവരാണ്
നമ്മൾ...ലക്ഷ്യത്തിന്റെ ഉന്നതിയിലേക്ക് കയറാൻ
ശ്രമിക്കാതെ ആദ്യപടിയിലെ
വിശ്രമങ്ങൾ കണ്ട് തൃപ്തരാകുന്നവർ..
നമ്മൾ എവിടെ എത്തി നിൽക്കുന്നു
എന്ന ചോദ്യം സ്വയം ചോദിക്കാത്തവർ..
വഴികളേറെ മുന്നിലുണ്ടെങ്കിലും
വളവുകളിൽ മറഞ്ഞു നിൽക്കുന്നവർ...

എന്റെ റേഡിയോഗ്രാഫി ജീവിതത്തിൽ ഞാൻ ആദ്യം കാണുന്നത് ഒരു വളയൻ കാലു കുടയുമായി റേഡിയോളജി ഡിപ്പാർട്ടുമെന്റിന്റെ ഇടനാഴിയിലൂടെ നടന്നു പോകുന്ന ഒരാളെയാണ്. ലക്ഷ്മണൻ പിള്ള എന്ന റേഡിയോഗ്രാഫർ.

നിറയെ അറിവും സ്നേഹവും അലിവും എഴുതി വച്ച നോട്ടുപുസ്തകം പോലെ ഒരാൾ...

അറിവിന്റെ സർവ്വജ്ഞപീഠം കയറിയിട്ടില്ലെങ്കിലും ഏതാനും ചവിട്ടുപടികൾ ഇദ്ദേഹം സ്പർശിച്ചിട്ടെങ്കിലും ഉണ്ടാവും...

കോഴിക്കോട് മെഡിക്കൽ കോളേജിൽ റേഡിയോഗ്രാഫറായി ഔദ്യോഗികജീവിതാരംഭം... പിന്നീട് ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽ റേഡിയോഗ്രാഫർ... 2002 ൽ തസ്തികമാറ്റം, UDCയിലേക്ക്'

2008ൽ അസിസ്റ്റന്റ് അഡ്മിനിസ്ട്രേറ്റർ,
2017ൽ ഓഫീസ് സൂപ്രണ്ട്,
2019 മുതൽ അഡ്മിനിസ്ട്രേറ്റീവ്
ഓഫീസർ.

പടിപടിയായുള്ള ഈ നടന്നുകയറ്റം ആകസ്മികമൊന്നുമല്ല. നിലവിൽ അദ്ദേഹത്തിന്റെ പേരിനൊപ്പമുള്ള യോഗ്യതകൾ മനസ്സിലാക്കിയാൽ മതി.

BSc ബിരുദം
MA Sociology
MA Politics
LLB (Labour Law)
LLM (Labour Law)
MBA (HR)

തീർന്നില്ല...

DCRA
PGDPRJ - Post Graduate Diploma in Public Relation and Journalism.
PGDPM & IR – Post Graduate Diploma in Personal Management and Industrial Relation
PGDMM - Post Graduate in Material Management
PGDFM - Post Graduate Diploma in Finance Management
DBMS - Database Management System Certificate Course

പന്ത്രണ്ടോളം വിദ്യാഭ്യാസ യോഗ്യതകൾ!

റേഡിയോഗ്രാഫർ എന്ന നിലയിൽ നിന്നും രാജ്യത്തെ ഏറ്റവും മുൻപന്തിയിലുള്ള ആരോഗ്യ സ്ഥാപനത്തിന്റെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ കസേരയിലേക്കുള്ള പ്രയാണം മേൽ പറഞ്ഞ യോഗ്യതകളിൽ കൂടിത്തന്നെയാണ്...

റേഡിയോ ഗ്രാഫർമാരുടെ സ്വകാര്യ സന്തോഷം തന്നെ...

അതിലുപരി ഏതൊരു വ്യക്തിയും കണ്ടു പഠിക്കേണ്ട ഔദ്യോഗിക ജീവിതം തന്നെയാണ്..

പണ്ട് റേഡിയോഗ്രാഫറായി കോഴിക്കോട് മെഡിക്കൽ കോളേജിൽ ജോലി നോക്കുമ്പോൾ ഇദ്ദേഹത്തിന്റെ സ്വഭാവ ആകാരങ്ങൾ കൊണ്ട് ഒഴിവുവേളകളിൽ റേഡിയോഗ്രാഫർമാർ കാർട്ടൂൺ പരമ്പര എഴുതി, കയ്യെഴുത്തു മാസികയിൽ...

'റേഡിയോഗ്രാഫർ പിള്ളച്ചേട്ടൻ' എന്ന പേരിൽ...

ഇപ്രാവശ്യം മാഗസിനിലേക്ക് എന്തെങ്കിലും എഴുതാൻ പറഞ്ഞപ്പോൾ, എന്റെ ആ പഴയ കാർട്ടൂൺ പുനപ്രസിദ്ധീകരിക്കണമെന്നു പറഞ്ഞ സഹൃദയനും കൂടിയാണ്...

ഉപാധികളില്ലാതെ സ്നേഹം തന്നവൻ. അറിവിനു വേണ്ടി ജീവിതം ഉഴിഞ്ഞുവച്ച ഒരാൾ...

അതെ,
'ചിലർ ചില സർവ്വകലാശാലകൾ'
തന്നെയാണ്.

ooo



# ഒരു വര = ഒരു കഥാപാത്രം





"ലളിതവും അതിശയോക്തിപരവു
മായ വിഷയ സവിശേഷതകൾ
കാണിക്കുന്ന റെൻഡർ ചിത്രങ്ങളാ
ണ് കാരിക്കേച്ചറുകൾ"
നമ്മുടെ ഇടയിലുമുണ്ട്, ഭാവനാപര
മായി, വരകൾ കൊണ്ട് കഥാപാത്ര
ങ്ങൾക്ക് ജീവൻ നല്കുന്ന ഒരു
വൻ..
രാജേഷ്. പി...
ആനുകാലികങ്ങളിൽ വരകൾ
കൊണ്ട് കഥാപാത്രങ്ങളെ വരച്ചു
വയ്ക്കുന്നവൻ..
ഒരു വര കൊണ്ട്, വരകൾ കൊണ്ട്
കഥാപാത്രങ്ങളുടെ സ്വഭാവ
സവിശേഷതകൾ വായനക്കാ
രിലേക്ക് സന്നിവേശിപ്പിക്കുന്നവൻ...
കഥയിലെയും കവിതയിലെയും
ജീവിതങ്ങൾ വരച്ചു വച്ച രാജേ
ഷിന്റെ വരകളാണ് ഇവയൊക്കെ...

- എഡിറ്റർ


U.P. SCHOOL
JOSEPH



കാർല
റിട്ടയർമെന്റ്

# റേഡിയോ ഗ്രാഫർ പിള്ളച്ചേട്ടൻ



ചിത്രീകരണം : രാജേഷ്. പി




# വിരൽ

വസ്തുക്കളെ കയ്യിൽ ഒതുക്കിപ്പിടിക്കാനോ,
കേവലം സ്പർശിനികളായി മാത്രം
ഒതുങ്ങുന്നതോ അല്ല ഈ വിരലുകൾ...
വരദാനമായി കിട്ടിയ സിദ്ധികളുണ്ടതിന്...
അശോക് കുമാർ തൃശ്ശൂർ മെഡിക്കൽ
കോളേജിലെ സീനിയർ റേഡിയോഗ്രാഫറാണ്.
പുറം തള്ളുന്ന പാഴ്‌വസ്തുക്കൾക്ക് ഭാവനാസമ്പന്നമായ
രൂപഭംഗി നല്കുന്നുണ്ട് അശോകിന്റെ
മാന്ത്രിക വിരലുകൾ.
ഉപയോഗം കഴിഞ്ഞ പ്ലാസ്റ്റിക് കവറുകൾ,
ക്ഷണപത്രികകൾ, ഉപയോഗശൂന്യമായ എക്സറെ
ഫിലിമുകളും കവറുകളും, ചിരട്ട, മച്ചിങ്ങ,
പഴയ തുണികൾ, ന്യൂസ് പേപ്പർ, പാള, വെള്ളാരം
കല്ലുകൾ ഇവയൊക്കെ ഇത്തരം നിർമ്മിതിയുടെ
അസംസ്കൃത വസ്തുക്കളാണ് ഇദ്ദേഹത്തിന്
'പാഴ് വസ്തുക്കൾ കളയാനുള്ളതല്ല അതെങ്ങനെ
ആകർഷകമായ കാഴ്ചയാക്കി മാറ്റാം' എന്നാണ്
തന്റെ ചിന്തയെന്ന് അദ്ദേഹം തന്നെ പറയുന്നു.
കേവലം ഒരു കൗതുകത്തിൽ തുടങ്ങിയ
കരവിരുത് ഇന്ന് 500 ൽ അധികം
അലങ്കാരവസ്തുക്കളുടെ നിർമ്മിതിയിലെത്തി നിൽക്കുന്നു.
ഭാര്യ ജയശ്രീയും മകൻ അമലും പിന്തുണയുമായി ഒപ്പമുണ്ട്.
ഇനി കാഴ്ചകളാണ്...
മാസ്മരിക വിരലുകളിൽ വിരിഞ്ഞ കാഴ്ചകൾ.
വീടിന്റെ സ്വീകരണ മുറിക്കും ചുറ്റിലും
നിറയെ വർണ്ണ കാഴ്ചകളാണ്...
ദൈവം കയ്യൊപ്പുചാർത്തിയ ഒരു കലാകാരന്റെ
വിരൽത്തുമ്പിൽ വിരിഞ്ഞ മനം നിറയ്ക്കുന്ന
കാഴ്ചകളിലേക്ക്...











# കളയല്ലേ, കലയാണ്!






















Moments
“സമയത്തിന് നില്ക്കാൻ
സമയമില്ലാത്തതു കൊണ്ടാണത്രേ
ഓർമ്മകൾ ഉണ്ടായത്...





കഴിഞ്ഞകാലത്തിന്റെ
നിഷ്കളങ്കമായ മുഖചിത്രം
അയവിറക്കാൻ ആർക്കാണ്
ഇഷ്ടമില്ലാത്തതല്ലേ?




❝ എല്ലായിടങ്ങളിലും പച്ചയാർന്ന് നനഞ്ഞിരിപ്പുണ്ട്,
ഓർമ്മകളുടെ പായൽപ്പരപ്പുകൾ...




Batch 4
1990 - 92
Calicut





ഓർമ്മകൾ പെറ്റുപെരു
കുന്നത് മയിൽപീലി
പോലെയാണ് വർഷങ്ങ
ൾക്കുമുൻപ് ഞങ്ങളും
വിരിയിക്കാൻ വച്ചിരുന്നു
ഒരു മയിൽപീലി തുണ്ട്...
ഓർമ്മ പെരുക്കങ്ങളായി
അവയിന്നു വിരിഞ്ഞിട്ടു
ണ്ടത്രെ...



മുപ്പത് വർഷങ്ങളായി...
കാലം മാറ്റിവരച്ച വരകളിൽ
രൂപമാറ്റമുണ്ടെന്നേയുള്ളൂ...
ഇവിടെത്തന്നെ
ഇങ്ങനെയുണ്ട്...





വാതിലെല്ലാം തുറക്കുന്നു സ്നേഹാർദ്രം നാം വിളിക്കുകിൽ
വാത്സല്യം മൂക മോതുന്നു ഇതു തിന്റെ തുമ്പ്യേയോ.

– മധുസൂദനൻ നായർ

## Batch 7
## 1994 - 96
## Calicut











“
ഒടുവിലെല്ലാം വെടിഞ്ഞു പോകുമ്പോഴും ചിലതു കൂട്ടു
പോരും നമുക്കോർമ്മകൾ, ഹൃദയരക്തമണികളാണവ
പിഴുതെടുക്കാവതോ പടർ വള്ളിപോൽ...

പ്രഭാവർമ്മ




"നമ്മളന്ന് ഒറ്റക്കുടക്കീഴിൽ നനഞ്ഞ
മഴ ഒന്നുകൂടി നനയാൻ തോന്നുന്നു.




Batch 9
1996-98
Calicut

ഓർമ്മ തൻ ദൂര സാഗരം തേടി യെൻ
ഹൃദയ രേഖകൾ നീളുന്നു പിന്നെയും

- ചുള്ളിക്കാട്

## Batch 10
## 1997 – 99
## Calicut



“ജീവിതകാലം മുഴുവൻ പെയ്യുന്ന മഴ പോലെയാണ് ഓർമ്മകൾ...

"നടക്കുമ്പോൾ ഓർത്തില്ല
നടന്നു കഴിഞ്ഞ ദൂരം...



Batch II
98-2000
Calicut






"
മറവിക്ക് കുറുകെ ഓർമ്മകൾ
കൊണ്ടൊരു പാലം കെട്ടണം...




തികട്ടി വരുന്ന ചിന്തകളിൽ
ഒളിച്ചിരിക്കുന്ന ഗൃഹാതുരതകൾ,
നമ്മുടെ ഹൃത്തടത്തിലൂറുന്ന
സ്നേഹത്തിന്റെ സാക്ഷ്യപത്രമാവാം.



Batch 14
2001-03
Calicut

“ചിലർ അങ്ങിനെയാണ് വന്നു
പോകുന്ന സമയം ചെറുതാണെങ്കിലും
തന്നു പോകുന്ന ഓർമ്മകൾ
വലുതായിരിക്കും...

# Batch 15
# 2002 - 04
# Calicut



എപ്പോഴും
സൗഹൃദോർജ്ജത്തിന്റെ
ബലത്തിൽ നമുക്ക്
കരുത്തരായ് തുടരണം...




❝
**ഓർമ്മകൾ എപ്പോഴും അങ്ങിനെയാണ്
പിന്നിൽ നിന്നും വന്ന് തൊട്ടു വിളിച്ചു
കൊണ്ടേയിരിക്കും...**




“

കറുപ്പ് വെളുപ്പാകാം,
മിനുസമുള്ളിടങ്ങളിൽ ചുളിവു വരാം...
എന്നാലും ഓർമ്മകൾ പച്ചയായി
നിറഞ്ഞിരിപ്പുണ്ടാകും...




അങ്ങനെ പറഞ്ഞു തീരാത്ത ഒരായിരം
കഥകൾ നിറഞ്ഞ നീണ്ട ഒരു ഇടനാഴിയുണ്ട്...





ഓർമ്മകൾക്കില്ല
ചാവുംചിതകളും
ഊന്നു കോലും
ജരാനരാ ദുഖവും...

- വിജയലക്ഷ്മി

## Batch 20
## 2007-09
## Calicut



“

ചില കാലമിങ്ങനെ ചിതൽ
തിന്നു പോയിട്ടും ചിലതുണ്ട്
ചിതയിങ്കൽ വയ്ക്കാൻ

- അയ്യപ്പപണിക്കർ



1990-92
Batch
Thrissur





"ഓർമ്മകൾ ഒരു ബസ് യാത്രപോലെയാണ്...
റിട്ടേൺ ടിക്കറ്റ് ഇല്ലാത്ത ഒരു യാത്ര...
അന്നിൽ നിന്നും ഇന്നിലേക്ക്...




❝
എല്ലാ തല നരച്ചവർക്കും
മുടി എണ്ണക്കറുപ്പായ ഒരു
കാലുണ്ടായിരുന്നു...

- ബെന്ന്യാമൻ


RENJ
2001-03
Batch
Alappuzha
നിറം പകർന്ന ഓർമ്മകൾ
മനസ്സോടുചേർത്തു
വയ്ക്കാത്തവരായി
ആരുംതന്നെ ഉണ്ടാവില്ല...



2004-06 Batch Alappuzha



"Collect Moments, Not things.
– Paulo coelho

1995 - 97
Batch
Kottayam



"

Something you will never
know the value of a moment
until it becomes memory...




ഓർമ്മകൾ കിതപ്പാറ്റുന്നത്
ഇങ്ങനെ ചില സന്ദർഭങ്ങളിലാണ്...

# സഞ്ചാരങ്ങൾ


"ഓരോ യാത്രകളും
ബാക്കിവയ്ക്കുന്നത് പുതിയ
അനുഭവങ്ങളാണ്...
ചുറ്റുമുള്ളതൊന്നുമല്ല ജീവിതം
എന്ന് തിരിച്ചറിയുന്ന അനുഭവങ്ങൾ...

# ഹിമവാന്റെ മടിത്തട്ടിൽ...

ഹിമാലയം...

അക്ഷരങ്ങൾ കൂട്ടിവായിക്കാൻ തുടങ്ങിയ കാലം മുതൽ മനസ്സിനെ ഉദ്ദീപിപ്പിച്ചു കൊണ്ടിരുന്ന വാക്ക്. വായിച്ചും കേട്ടുമറിഞ്ഞ, സത്യവും മിഥ്യയും ഇടകലർന്ന വാചകങ്ങൾ. ആർഷഭാരത സംസ്കാരത്തിന്റെ കളിത്തൊട്ടിൽ, ഹിന്ദു ബുദ്ധമതങ്ങളുടെ ഈറ്റില്ലം, ഭൗമശാസ്ത്രപരവും പരിസ്ഥിതി ശാസ്ത്ര പരവുമായ നിരവധി പ്രഹേളികകളുടെ വാസസ്ഥാനം, ജൈവ വൈവിധ്യത്തിന്റെ വൻകലവറ. ഓരോന്ന് വായിക്കുമ്പോഴും എന്നെങ്കിലും ഹിമവാനെയൊന്നു കാണണമെന്ന ചോദനകൂടിക്കൂടി വന്നു. അങ്ങനെയാണ് കൊറോണക്കാലത്തിനു മുൻപുള്ള ഒരു ഏപ്രിലിൽ ഹിമവാന്റെ മടിത്തട്ടിൽ ചെന്ന് കയറിയത്.





സുരേഷ് കെ.പി
റേഡിയോഗ്രാഫർ
ദേവസ്വം ആശുപത്രി, ഗുരുവായൂർ

ഹിമാചൽ പ്രദേശ്, ആ പേരിന്റെ അർഥം തന്നെ 'ഹിമാലയത്തിന്റെ മടിത്തട്ടിൽ' എന്നാണ്. 1971 ൽ രൂപീകൃതമായ ഈ സംസ്ഥാനത്തിന് ഈ പേര് നൽകിയത് അവിടുത്തെ പ്രമുഖ പണ്ഡിതനായിരുന്ന ആചാര്യ ദിവാകർ ദത്ത ശർമ്മയാണ്. തൊണ്ണൂറു ശതമാനം ജനങ്ങളും ഗ്രാമങ്ങളിൽ താമസിക്കുന്ന ഇവിടെ, തലസ്ഥാനമായ സിംലയാണ് ഏറ്റവും വലിയ നഗരം. ചണ്ഡീഗഢിൽ നിന്നാണ് ഞങ്ങൾ കുളുവിലേക്ക് യാത്ര പുറപ്പെട്ടത്.

വിശാലമായ ഗോതമ്പു പാടങ്ങൾക്ക് നടുവിലൂടെ വീതിയേറിയ എൻ.എച്ച്. ഇരുപത്തിയൊന്നിലൂടെയാണ് യാത്ര. ഏകദേശം മൂന്നു മണിക്കൂറിന് ശേഷം ഒരു വലിയ മലയടിവാരത്തിൽ ബസ് നിർത്തി ചായ കുടിക്കാനുള്ള സമയം.

പതിനഞ്ചു മിനിറ്റിനു ശേഷം യാത്ര തുടർന്നു. വീതി കുറഞ്ഞ പലയിടത്തും കുഴികളുള്ള റോഡ്. വളരെ പതുക്കെയാണിപ്പോൾ യാത്ര. ഹിമാചൽ പ്രദേശിലെ ബിലാസ്പൂർ ജില്ലയിലേക്ക് ഞങ്ങൾ പ്രവേശിച്ചതായി ബോർഡുകൾ വ്യക്തമാക്കി. സമുദ്ര നിരപ്പിൽ നിന്നും ഏകദേശം രണ്ടായിരത്തി ഇരുന്നൂറടി ഉയരത്തിലുള്ള പ്രദേശമാണ് ബിലാസ്പൂർ. സത്ലജ് നദിയിലെ ഗോവിന്ദ് സാഗർ തടാകം ഇതിനടുത്താണ് സ്ഥിതി ചെയ്യുന്നത്. ഒരു വലിയ മലയുടെ ഉച്ചിയിലെത്തിയപ്പോൾ അങ്ങ് ദൂരെ താഴ്വരയിൽ ഒരു വലിയ ഫാക്ടറി കണ്ടു. ഇന്ത്യയിലെ ഏറ്റവും വലിയ സിമന്റ് കമ്പനിയായ എ.സി.സിയുടെ 'എ.സി.സി. ഗഗാൽ സിമന്റ് വർക്സ്' എന്ന ഫാക്ടറി. പ്രതിവർഷം ഇരുപത്തിയേഴു ലക്ഷം ടൺ സിമന്റ് ഉല്പാദനശേഷിയുള്ള ഫാക്ടറിയാണത്. ലോറികളുടെ നിരനിരയായുള്ള വരവിന്റെ ഉദ്ദേശം അപ്പോഴാണ് മനസിലായത്. ഈ പ്രദേശത്തുള്ള സമൃദ്ധമായ ചുണ്ണാമ്പുകൽഖനികളും ഗോവിന്ദ് സാഗർ തടാകത്തിലെ സമൃദ്ധമായ ജലവും ഇതിനുള്ള അടിസ്ഥാന സൗകര്യമൊരുക്കുന്നു.

ഗോവിന്ദ് സാഗർ തടാകം രൂപപ്പെട്ടത് ഭക്രാഡാം പണിതതിനുശേഷമാണ്. ഇന്ത്യയിലെതന്നെ ഏറ്റവും വലിയ ജലവൈദ്യുത പദ്ധതിയും ഏഷ്യയിലെ വലുപ്പത്തിൽ രണ്ടാം സ്ഥാനവുമുള്ളതാണ് ഭക്രാഡാം. ഇതിനോടനുബന്ധിച്ച മറ്റൊരു ഡാമാണ് നംഗൽ, രണ്ടും കൂടി ഭക്രാനംഗൽ എന്നറിയപ്പെടുന്നു. സമൃദ്ധമായ ജല ശേഖരം ഹിമാചൽ പ്രദേശിന്റെ പ്രധാന വരുമാനമാർഗ്ഗങ്ങളിൽ ഒന്നാണ്. ഇന്ത്യയിലെ മൊത്തം ജലവൈദ്യുതോല്പാദനത്തിന്റെ ഇരുപത്തിയഞ്ചു ശതമാനം ഹിമാചൽ പ്രദേശിലാണ്. തൊട്ടടുത്ത സംസ്ഥാനങ്ങളായ പഞ്ചാബ്, ഹരിയാന, ഡൽഹി എന്നിവയ്ക്ക് വൈദ്യുതി വിൽക്കുന്നുമുണ്ട്. അതിനായി പടുത്തുയർത്തിയ കൂറ്റൻ ടവറുകൾ തമ്മിൽ ബന്ധിപ്പിക്കുന്ന വൈദ്യുതി ലൈനുകൾക്കിടയിലൂടെയാണ് ഞങ്ങളുടെ സഞ്ചാരം.

കീഴ്ക്കാം തൂക്കായ മലയിലേക്കാണ് ഞങ്ങളുടെ ബസ് കയറിക്കൊണ്ടിരിക്കുന്നത്. ഉച്ചയായിത്തുടങ്ങിയിരുന്നു. ഒരു നഗരം അടുത്തെത്തിയതിന്റെ ലക്ഷണങ്ങൾ കണ്ടുതുടങ്ങി. ഹിമാചൽ പ്രദേശിലെ പ്രധാന ജില്ലയും നഗരവുമായി മണ്ഡിയാണത്.

മുമ്പ്, മാൻഡവ് എന്നറിയപ്പെട്ടിരുന്ന ഈ സ്ഥലം മാൻഡവ മുനി തപസ്സു ചെയ്തിരുന്നതായാണ് ഐതീഹ്യം. ഇന്ത്യയിലെ ഐ.ഐ.ടി. കളിൽ ഒന്നിവിടെയാണ്. താമസിയാതെ ഒരു 'ധാബ'യ്ക്ക് മുന്നിൽ ബസ് നിർത്തി. എല്ലാവരും ഉച്ചഭക്ഷണത്തിനിറങ്ങി. ഒരു നല്ല ഉച്ചയൂണ് ചെറിയ വിലയ്ക്ക് ലഭിച്ചു. ബസ്സ് കുളുവിലേക്ക് പുറപ്പെട്ടു.

ഇപ്പോൾ ഞങ്ങളുടെ യാത്ര ബിയാസ് നദിയുടെ കരയിലൂടെയാണ്. വളരെ താഴെയായി ബിയാസ് കുതിച്ചൊഴുകുന്നു. അതിനു സമാന്തരമായി കയറ്റം കയറിക്കൊണ്ടാണ് ഞങ്ങളുടെ യാത്ര. ചുറ്റും ഗിരിശൃംഗങ്ങൾ. പെട്ടെന്ന് ബസ് ഒരു ടണലിലേക്ക് പ്രവേശിച്ചു. ബസ്സിനകത്തെ ലൈറ്റുകൾ തെളിഞ്ഞു. ബസ്സ് ഓട്ട് ടണലിൽ പ്രവേശിച്ചതായി എന്റെ സഹയാത്രികൻ പറഞ്ഞു. ഏകദേശം മൂന്നു കിലോമീറ്റർ ദൈർഘ്യമുണ്ട് ഈ ടണലിന്.

കുളുവിനോടടുത്ത ഒരു ചെറിയ നഗരമാണ് ബുൻടാർ. കുളിവിലേക്കുള്ള വിമാന



ത്താവളം ഇവിടെയാണ്. വിമാനത്താവളം റോഡിനോട് വളരെ ചേർന്നാണ്. മഴക്കാലത്തു നദി കവിഞ്ഞ് റൺവേയിൽ പരന്നൊഴുകുമത്രേ. വളരെ ചെറിയൊരു വിമാനത്താവളമാണിത്.

വിമാനത്താവളവും കടന്നു ഞങ്ങൾ യാത്ര തുടർന്നു. താമസം ഏർപ്പാടാക്കിയ 'മഹാദേവി തീർത്ഥ' എന്ന യാത്രി നിവാസിന്റെ മുൻപിൽ ബസ്സിറങ്ങി. നല്ല വൃത്തിയും വെടിപ്പുമുള്ള വിശാലമായ മുറികൾ. യാത്രി നിവാസിന്റെ ബാൽക്കണിൽ നിന്ന് അതിമനോഹരമായ കാഴ്ചയാണ് കണ്ടത്. തൊട്ടു താഴെ മനാലിയിലേക്കുള്ള റോഡ്, അതിനുമപ്പുറം ബിയാസ് നദി കുത്തിയൊഴുകുന്നു. ഒരു ദിവസം മുഴുവനുമിരുന്നാലും മടുക്കില്ലെന്ന് തോന്നി. അസ്ഥി തുളയ്ക്കുന്ന തണുപ്പാണ് പ്രശ്നം. തണുപ്പിനെ അകറ്റാനുള്ളവ എടുത്ത് ധരിച്ചു. അപ്പോഴേക്കും റൂം ബോയ് വന്നു ഭക്ഷണം തയ്യാറായിട്ടുണ്ടെന്ന് അറിയിച്ചു. ഭക്ഷണം ആശ്രമം വക സൗജന്യമാണ്. കടുകെണ്ണയുടെ മണവും രുചിയും ശരിക്കും മനസ്സിന് പിടിച്ചില്ല. പിറ്റേന്ന് രാവിലെ യാത്രി നിവാസിലെ മാനേജർ ഒരു ടാക്സി ഏർപ്പാടാക്കി തന്നു. കുളുവിൽ നിന്നും നാല്പത്തഞ്ചു കിലോ മീറ്റർ അകലെയുള്ള മണികരൺ എന്ന സ്ഥലമാണ് ലക്ഷ്യം.

ഞങ്ങളുടെ കാർഡ്രൈവർ ഗോപാൽ കുളു സ്വദേശിയാണ്. കേരളത്തിൽ നിന്നാണെന്ന് പറഞ്ഞപ്പോൾ കക്ഷിക്ക് വളരെ സന്തോഷമായി. കാരണം മുമ്പ് ജോലി ചെയ്തിരുന്ന കമ്പനിയിൽ രണ്ടു മലയാളി മാനേജർമാരുണ്ടായിരുന്നു. അവരുടേത് നല്ല പെരുമാറ്റമായിരുന്നത്രെ. യാത്രയിലുട നീളം ഗോപാൽ വാചാലനായി. പാർവതി നദിക്കരയിലൂടെയാണിപ്പോൾ സഞ്ചാരം. നഗരത്തിരക്കിൽ നിന്നൊഴിഞ്ഞു ശാന്തമായ ഗ്രാമവീഥികളിലൂടെ. കുത്തനെയുള്ള പർവത ശിഖരങ്ങളെ ബന്ധിപ്പിച്ച് തൂക്കു പാലങ്ങളും സ്പാനുകളും. ചരക്കുകൾ പരസ്പരം കൈമാറുന്ന സംവിധാനമാണ് സ്പാനുകൾ.

ഒരു തൂക്കു പാലത്തിലൂടെ കുറച്ച് ചെറിയ കുട്ടികൾ നടന്നു വരുന്നു. സ്കൂളിലേക്കുള്ള യാത്രയാണ്. കുന്നുകൾ കയറിയിറങ്ങി, ഇത്തരം തൂക്കു പാലങ്ങളും കടന്നു വേണം സ്കൂളിലെത്താനെന്നു ഗോപാൽ പറഞ്ഞപ്പോൾ നമ്മുടെ കുട്ടികളുടെ ഭാഗ്യത്തെകുറിച്ചോർത്ത് ദൈവത്തിനു നന്ദി പറഞ്ഞു. എങ്കിലും സാക്ഷരതയുടെ കാര്യത്തിൽ ഇന്ത്യയിൽ കേരളം കഴിഞ്ഞാൽ രണ്ടാം സ്ഥാനമാണ് ഹിമാചൽ പ്രാദേശിന്.

സുന്ദരമായ കുന്നിൻ പ്രദേശങ്ങൾ താണ്ടി ഞങ്ങൾ കസോൾ എന്ന ചെറുപട്ടണത്തിൽ എത്തി. ഹിമാലയൻ ട്രക്കിങ്ങിനു എത്തുന്നവരുടെ ബേസ് ക്യാമ്പാണിത്. ഇസ്രയേലിൽ നിന്നും മറ്റു വിദേശ രാജ്യങ്ങളിൽ നിന്നും എത്തിയ ഒരുപാട് പേരെ അവിടെ കണ്ടു. പല കടകളുടെയും ബോർഡുകൾ വിദേശ ഭാഷകളിലാണ് എഴുതി വെച്ചിരിക്കുന്നത്. ചരസ്സും മറ്റു ലഹരി വസ്തുക്കളും ഇവിടെ സുലഭമാണെന്നു

ഗോപാൽ പറഞ്ഞു.

താമസിയാതെ ഞങ്ങൾ മണികരണി ലെത്തി. മണികരൺ ചൂട് നീരുറവകൾക്കു പേര് കേട്ട സ്ഥലമാണ്. രണ്ടു ക്ഷേത്ര ങ്ങളും ഒരു ഗുരുദ്വാരയും അവിടെയുണ്ട്. അവയ്ക്കു മുൻപിൽ എപ്പോഴും ചൂട് വെള്ളം ഭൂമിക്കടിയിൽ നിന്നും വന്നു കൊണ്ടിരിക്കുകയാണ്. ആളുകൾ ധാന്യ ങ്ങളും പച്ചക്കറികളും അതിൽ നിന്നും വേവിച്ച്, പ്രസാദം പോലെ കഴിക്കുകയും വീട്ടിലേക്ക് കൊണ്ടുപോവുകയും ചെയ്യുന്നു.

അഞ്ച് മണിയോടെ ഞങ്ങൾ മുറി യിൽ തിരിച്ചെത്തി. അപ്പോഴേക്കും ഞങ്ങൾ ഗോപാലുമായി വളരെ അടുത്തു കഴിഞ്ഞി രുന്നു. പിറ്റേന്ന് രാവിലെ മനാലിയിലേക്ക് കൊണ്ട് പോകാമെന്നേറ്റാണ് ഗോപാൽ പിരിഞ്ഞത്.

പിറ്റേന്ന് രാവിലെ കൃത്യം 8 മണിക്ക് ഗോപാൽ കാറുമായെത്തി. ഞങ്ങൾ തയ്യാ റായിക്കഴിഞ്ഞിരുന്നു. മഞ്ഞു പുതച്ചു കിട ക്കുന്ന മനാലിയിലെ ഉയരം കൂടിയ സ്ഥല മായ സൊലാംഗ് വാലിയിലേക്കാണ് ആദ്യ യാത്ര. അങ്ങ് ദൂരെ തൂവെള്ള പുതച്ച മല നിരകൾ കാണാം. ഏകദേശം നാൽപതു കിലോ മീറ്റർ കയറ്റം കയറി ഞങ്ങൾ സൊലാംഗ് വാലിയിലെത്തി. അവിടെ കണ്ട കാഴ്ച എവിടെ നോക്കിയാലും പുതഞ്ഞു കിട ക്കുന്ന മഞ്ഞ്. അവയിൽ ചാടികളിക്കയും പരസ്പരം വാരി എറിയുകയും ചെയ്യുന്ന കുട്ടികളും മുതിർന്നവരും. മഞ്ഞിൽ ഉപ യോഗിക്കുന്ന തരം ബൂട്ടുകൾ വാടകയ് ക്കെടുത്ത് ഞങ്ങളും മഞ്ഞിലിറങ്ങി.

ഏകദേശം മുട്ടറ്റം മഞ്ഞ് വീണുകിട ക്കുകയാണ് മഞ്ഞിൽ ഓടിക്കാവുന്ന സ്നോ സ്കൂട്ടറുകളും സ്കീയിംഗ്, പാര ഗ്ലൈഡിംഗ് എന്നിവയ്ക്കും സൗകര്യമുണ്ട്. അന്നുവരെ സിനിമയിൽ മാത്രം കണ്ടി ട്ടുള്ള ദൃശ്യവിരുന്നു ഞങ്ങൾ നേരിട്ടനുഭ വിച്ചു.

സൊലാംഗ് വാലിയിൽ നിന്നുള്ള മട ക്കയാത്രയിൽ രണ്ടുമൂന്നു ക്ഷേത്രങ്ങളിൽ കയറി. എല്ലാ ക്ഷേത്രങ്ങളും പഴയ വീടു കളും മരം കൊണ്ട് പണിത്, മുകളിൽ കരി ങ്കല്ല് പാളികൾ പാകിയിട്ടുള്ളവയായിരുന്നു. തനതായ ഹിമാലയൻ ശൈലിയാണത്. ശക്തിയായ മഞ്ഞു വീഴ്ചയെയും കാറ്റി നെയും അതിജീവിക്കാനായിരിക്കുമത്.

സന്ദർശിച്ച ക്ഷേത്രങ്ങളിൽ ഏറ്റവും സുന്ദരം ഹിഡുംബി ക്ഷേത്രം ആയിരുന്നു. മഹാഭാരത കഥയിലെ ഭീമന്റെ രാക്ഷസി യായ ഭാര്യ ഹിഡുംബിയുടെ പേരിലുള്ള ക്ഷേത്രം. ആ ക്ഷേത്രത്തിനും ഒരു രാക്ഷ സീയ ഭാവമുണ്ട്. വശങ്ങളിലെല്ലാം കാട്ടു പോത്തിന്റെ കൊമ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. പുരാതനമായ കൂറ്റൻ ദേവതാരു മരങ്ങൾ ക്കിടയിലാണ് ക്ഷേത്രം സ്ഥിതിചെയ്യു ന്നത്. അടുത്ത് തന്നെ ഭീമന്റെയും ഹിഡുംബിയുടെയും മകനായ ഘടോത്കചന്റെ പേരിലും ഒരു ക്ഷേത്രമുണ്ട്. ഹിമാചൽ



പ്രദേശിലെവിടെയും സുലഭമായി കാണുന്നതാണ് ദേവതാരു മരം. ഹിമാചലിന്റെ ഔദ്യോഗിക മരം തന്നെ ദേവതാരു ആണ്.

ഒരു വൈകുന്നേരം ഞാനും ബീനയും കൂടി നദിക്കരയിലൂടെ അലസമായി നടന്നു കൊണ്ടിരുന്നപ്പോൾ പത്തു പന്ത്രണ്ട് വയസ്സുള്ള രണ്ടു കുട്ടികൾ ഏകദേശം ഇരുപത്തഞ്ചു ലിറ്റർ വെള്ളം കൊള്ളുന്ന കാനുകൾ പുറത്തു കെട്ടിവെച്ച് കുന്നിൻ മുകളിലേക്കുള്ള ഒറ്റയടി പാത കയറുകയാണ്. ഇതെവിടേക്കാണ് കൊണ്ട് പോകുന്നതെന്ന് ചോദിച്ചപ്പോൾ വീട്ടിലേക്കെന്നു പറഞ്ഞു കുന്നിന്റെ മുകളിലേക്ക് കൈചൂണ്ടി. കാണാവുന്ന ദൂരത്തെങ്ങും അവിടെ വീടില്ലായിരുന്നു. ദിവസം ഇരുപത് പ്രാവശ്യം ഇങ്ങനെ വെള്ളം മുകളിലേക്ക് ചുമന്നു കയറ്റുമത്രെ.

പൈപ്പ് തുറന്നാൽ വെള്ളം ധാരയായി ഒഴുകി വരുന്ന നമ്മുടെ ഭാഗ്യമോർത്ത് ദൈവത്തെ വിളിച്ചു പോയി. ഒരു ഫോട്ടോയെടുക്കട്ടെയെന്നു ചോദിച്ചപ്പോൾ അഞ്ചോ പത്തോ രൂപ തരുമോയെന്നായി കുട്ടികൾ. ഫോട്ടോ എടുത്ത് കഴിഞ്ഞു പോക്കറ്റിലുണ്ടായിരുന്ന ഇരുപതിന്റെയും പത്തിന്റെയും ഓരോ നോട്ടുകൾ കുട്ടികൾക്ക് കൊടുത്ത് ഞങ്ങൾ നടന്നു തുടങ്ങിയപ്പോൾ അവർ പിന്നിൽ നിന്ന് വിളിച്ചു. ഇരുപത് ആർക്കാണെന്ന് അവർ തമ്മിൽ തർക്കം. രണ്ടു പേരും പങ്കിട്ടെടുക്കാൻ പറഞ്ഞു ഞങ്ങൾ യാത്രയായി.

നാലു ദിവസത്തെ താമസത്തിനു ശേഷം ഞങ്ങൾ കുളു താഴ്വരയോട് യാത്ര പറഞ്ഞു. പഞ്ചാബിലെ പത്താൻകോഡ് ആയിരുന്നു അടുത്ത ലക്ഷ്യം. തിരിച്ചു വീണ്ടും മാൻഡിയിൽ വന്നു ജോഗീന്ദർ നഗർ, പലമ്പൂർ, കാൻഗ വഴി എൻ.എച്ച്. ഇരുപതിലൂടെയാണ് യാത്ര.

ഏകദേശം മൂന്നു മണിക്കൂർ യാത്രയ്ക്ക് ശേഷം, കാംഗ്രയിലെത്തി, ഹിമാചലിൽ ഏറ്റവും ജനസംഖ്യയുള്ള ജില്ലയാണിത്. ധരംശാലയാണ് ആസ്ഥാനം. അവിടേക്ക് തിരിയുന്ന റോഡിലൂടെ ബുദ്ധ സന്യാസിമാർ നടന്നു വരുന്നത് കണ്ടു. ടിബറ്റ് ഗവൺമെന്റിന്റെ ആസ്ഥാനം ഇവിടെയാണ്. അതായത് ദലൈലാമയുടെ ഭരണകേന്ദ്രം. ഏകദേശം ഒരു ലക്ഷത്തോളം ടിബറ്റൻ അഭയാർത്ഥികൾ ഇന്ത്യയിലുണ്ട്.

കാൻഗ്ര ജില്ലയിലെ 'നർപർ' നഗരം കഴിഞ്ഞാൽ പിന്നെ പഞ്ചാബ് സംസ്ഥാനത്തേക്ക് കടക്കുകയാണ്. അപ്പോഴേക്കും ഹിമാചലിൽ സിംലയൊഴിച്ചുള്ള മിക്ക ഭാഗങ്ങളും ഞങ്ങൾ സന്ദർശിച്ചിരുന്നു. പഞ്ചാബിലേക്ക് കടന്നപ്പോൾ ഭൂപ്രകൃതിയിലും കാലാവസ്ഥയിലും വ്യക്തമായ വ്യതിയാനം അനുഭവപ്പെട്ടു. പഞ്ചാബിലെ പത്താൻകോഡ് നിന്നും അമൃതസറിലേക്കും പിന്നെ പാകിസ്ഥാൻ അതിർത്തിയായ വാഗയിലേക്കുമെല്ലാം പോയെങ്കിലും ഹിമവാന്റെ മടിത്തട്ടിൽ കഴിഞ്ഞ

ആ ദിവസങ്ങൾ സോലാംഗ് വാലിയിലെ മഞ്ഞു പോലെ ഇപ്പോഴും മനസ്സിൽ പുതഞ്ഞു കിടക്കുകയാണ്.

ooo





# അനശ്വരതയുടെ അമൃത്

തണുപ്പ് വീണു തുടങ്ങിയ ഒരു സന്ധ്യക്കാണ് ഞങ്ങൾ അമൃത്സറിൽ എത്തുന്നത്. പകൽ അതിന്റെ ചൂടൻ പുതപ്പുമായി പിൻവാങ്ങിക്കഴിഞ്ഞിരുന്നു. തണുത്ത വെള്ളത്തിൽ ഒന്ന് സുഖമായി കുളിച്ചപ്പോൾ യാത്രാക്ഷീണം പാതി മാറി. സുവർണക്ഷേത്രത്തിലേക്ക് നടക്കാനുള്ള ദൂരമേ ഉള്ളൂ. ഇരുട്ടി തുടങ്ങിയ അമൃതസർ തെരുവിലൂടെയുള്ള നടത്തം സ്വാതന്ത്ര സമര ചരിത്രത്തിലെ പല ഏടുകളിലൂടെയും ഞങ്ങളെ കൊണ്ട് പോയി.

അധികം എവിടെയും കാണാത്ത വിധം തറനിരപ്പിന് താഴെയായാണ് ക്ഷേത്രം. സിഖ് ആചാരമനുസരിച്ച് ചെരുപ്പഴിച്ചു വച്ച് കൈകാലുകൾ കഴുകി. തലയിൽ സ്കാർഫ് ധരിച്ചു. വീതി കൂടിയ കവാടം. പടികളിറങ്ങി, തീർത്ഥക്കുളത്തിനു അടുത്താണെത്തിയത്. കുളത്തിനു നടുവിലായി സുവർണശോഭയോടെ, ദീപ പ്രഭയിൽ മുങ്ങി തിളങ്ങി നിൽക്കുന്നു സുവർണ്ണ ക്ഷേത്രം. ചുറ്റുമുള്ള പുണ്യതീർത്ഥത്തിൽ ക്ഷേത്രത്തിന്റെ പ്രതിഫലനം ചെറിയ തിരകളിൽ ഇളകിയാടുന്നു. വാക്കുകൾ കൊണ്ട് കോറിയിടാൻ കഴിയാത്തത്ര മനോഹരമായ കാഴ്ച.

കുളത്തിന്റെ തണുത്ത മാർബിൾ പടവിൽ ഞങ്ങളിരുന്നു. പലവർണ്ണങ്ങളിലുള്ള മീനുകൾ കുളത്തിലെ തെളി നീരിലൂടെ നീന്തിയെത്തി ഞങ്ങളോട് കുശലം പറഞ്ഞു. വല്ലാത്തൊരു ശാന്തത അനുഭവപ്പെട്ടു. പരസ്പരം ഒന്നും ഉരിയാടാതെ ഏറെ നേരം ഞങ്ങളിരുന്നു.

കുളത്തിനു ചുറ്റും ക്ഷേത്രത്തിന്റെ ഭംഗിയാസ്വദിച്ചു കൊണ്ട് നടന്നു. ഇത്രയേറെ സന്ദർശകർ ഉണ്ടായിട്ടും നിലത്തു പാകിയ വെളുത്ത മാർബിൾ തിളങ്ങുന്നു. സന്നദ്ധ സേവകർ നിലം വൃത്തിയാക്കി കൊണ്ടേയിരിക്കുന്നു. അവർക്ക് ഇതൊരു പ്രാർത്ഥന ആണെന്ന് തോന്നും.

കുളത്തിന് നടുവിലായി പണിത, ഏതാണ്ട് എഴുപതു ചതുരശ്ര അടിയോളം വിസ്തീർണമുള്ള വലിയ പ്ലാറ്റ്ഫോമിലാണ് സുവർണക്ഷേത്രം നിർമ്മിച്ചിരിക്കുന്നത്. ക്ഷേത്രത്തിനു ഏതാണ്ട് നാപ്പതു ചതുരശ്ര അടി വിസ്തീർണ്ണമുണ്ട്. ബാക്കി ഭാഗം പ്രതിക്ഷണ വഴിയായി ക്രമീകരിച്ചിരിക്കുന്നു. ക്ഷേത്രത്തിനു അടുത്തേക്ക് എത്താൻ വീതി കൂടിയ ഒരു പാലമുണ്ട്. പാലത്തിനു അടുത്തെത്തിയപ്പോഴാണ് ക്ഷേത്രത്തിലെ യഥാർത്ഥ തിരക്ക് കണ്ടത്. അകത്തേക്ക് കയറാൻ ഊഴവും കാത്തു നിൽക്കുന്നവർ... ഒരു ജനക്കൂട്ടം തന്നെയുണ്ട്. അവർക്ക് പിന്നിലായി ക്ഷമയോടെ നിന്നു. ക്ഷേത്ര നിർമാണത്തിലെ പ്രത്യേകതകളും.. ചരിത്രവും എല്ലാം ഈ സമയത്തു ചർച്ചയായി.

'ടെംപിൾ ഓഫ് ഗോഡ്' അഥവാ 'ദൈവത്തിന്റെ ക്ഷേത്രം' എന്നർത്ഥം വരുന്ന 'ശ്രീ ഹർമന്ദിർ സാഹിബ്' എന്നാണ് ഈ ഗുരുദ്വാരയുടെ ഔദ്യോഗിക നാമം. സിഖ് ആരാധനാലയങ്ങൾ 'ഗുരുദ്വാരകൾ' എന്നാണ് അറിയപ്പെടുന്നത്.

1574ൽ പ്രമുഖ മുഗൾ ചക്രവർത്തി ആയിരുന്ന അക്ബർ ചക്രവർത്തി, രണ്ടാം സിഖ് ഗുരുവായ, ഗുരു അമർദാസിന്റെ മകൾക്ക് വിവാഹ സമ്മാനമായി നല്കിയതാണത്രേ ഈ സ്ഥലം. മകളുടെ ഭർത്താവ് പിന്നീട് മൂന്നാം സിഖ് ഗുരുവായി അവരോധിക്കപ്പെട്ടു. അദ്ദേഹമാണ് ഗുരുദ്വാരക്കു ആവശ്യമായ പുണ്യതീർത്ഥം നിർമ്മിക്കുന്നത്. ഈ കുളത്തിലേക്ക് വെള്ളം എത്തുന്നത് ഹിമാലയത്തിൽ നിന്നും രവി നദിയിലൂടെയാണ്. ഈ തീർത്ഥം പിന്നീട് 'ടാങ്ക് ഓഫ് നെക്ടർ ഓഫ് ഇമ്മോർട്ടാലിറ്റി' അഥവാ 'അമൃത് സരോവർ' എന്ന് നാമകരണം ചെയ്യപ്പെട്ടു. ഈ തീർത്ഥത്തിനു ചുറ്റുമുള്ളപ്രദേശം ക്രമേണ 'അമൃത്സർ' എന്ന് അറിയപ്പെടാൻ തുടങ്ങി. എന്ന് ചരിത്രം.

ഗുരു അർജൻദേവാണ് സുവർണ്ണക്ഷേത്ര നിർമ്മാണത്തിന് ചുക്കാൻ പിടിച്ചത്. ഇതിന്റെ രൂപ കൽപ്പന തയ്യാറാക്കുന്നത് മുതൽ ഓരോ ചെറിയ കാര്യവും അതീവ ശ്രദ്ധയോടെയാണ് അദ്ദേഹം ചെയ്തത്. സർവ ജാതി മതസ്ഥർക്കും അവരുടെ ലിംഗ വർണ്ണ സ്ഥാന ഭേദമന്യേ വന്നിരുന്നു മനസ്സമാധാനമായി പ്രാർത്ഥിക്കാൻ ഒരിടം.. അതായിരുന്നു ഗുരുവിന്റെ സ്വപ്നം. ഈ തുറന്ന മനസ്സിനെ, ഹൃദയ വിശാലതയെ അന്വർത്ഥമാക്കും വിധമാണ് നാലു ദിശയിൽ നിന്നും വന്നു കയറാവുന്ന തരത്തിൽ വീതിയേറിയ നാലു കവാടങ്ങൾ. മറ്റു മതങ്ങളോടുള്ള ബഹുമാനവും മമതയും പ്രകടമാക്കാനെന്നവണ്ണം മുസ്ലിം സൂഫിവര്യനായ ഹസ്രത്ത് മിയാൻ മിർജിയെ ക്ഷണിച്ചു വരുത്തി... അദ്ദേഹത്തെ കൊണ്ട് തറക്കല്ലിടീച്ചു. മതങ്ങൾ പരസ്പരം കടിച്ചു കീറുന്ന ഇക്കാലത്തു ഏറെ പ്രാധാന്യത്തോടെ തന്നെ കാണേണ്ട കാര്യമാണിതെന്നു തോന്നുന്നു. പതിനാറു



വർഷം കൊണ്ടാണ് ഇതിന്റെ നിർമിതി പൂർത്തിയാക്കിയത്. 1604 ൽ ഗുരു അർജൻദേവിന്റെ നേതൃത്വത്തിൽ സിഖ് പുണ്യഗ്രന്ഥമായ 'ആദി ഗ്രന്ഥ' ഈ ക്ഷേത്രത്തിനകത്തു പ്രതിഷ്ഠിച്ചു.


1757ൽ അഫ്ഗാൻ ഈ ആരാധനാലയം ആക്രമിച്ചു കേടുപാടുകൾ ഉണ്ടാക്കിയെങ്കിലും പിന്നീട് പുനർനിർമ്മിച്ചു. ഗുരുദ്വാരയുടെ ആശയങ്ങളോട് ഇഷ്ടം തോന്നിയ മഹാരാജ രഞ്ജിത്ത് സിംഗ് ആണ് നിലത്തു പാവാനായി വിലകൂടിയ മാർബിളും, ക്ഷേത്ര മേൽക്കൂര സ്വർണം പൂശാൻ ആവശ്യമായ സ്വർണവും... ഏതാണ്ട് എഴുന്നൂറ്റിയമ്പത്തു കിലോഗ്രാം... നൽകിയത് എന്ന് ചരിത്രം പറയുന്നു. അങ്ങനെയാണത്രെ.. ഇത് 'സുവർണക്ഷേത്രം' അഥവാ 'ഗോൾഡൻ ടെംപിൾ' ആയത്.

സുവർണ്ണ ക്ഷേത്ര ചരിത്രത്തിലെ 'കറുത്ത ഏട്' എന്ന് വിശേഷിപ്പിക്കാവുന്നതാണ് 1984 ലെ 'ഓപ്പറേഷൻ ബ്ലൂ സ്റ്റാർ' ജർണെയിൽ സിംഗ് ബിന്ദ്രൻവാല നയിച്ച 'ധർമ്മയുദ്ധത്തെ' അടിച്ചമർത്താനായി, ഇന്ത്യൻ മിലട്ടറിയെ ഉപയോഗിച്ച് നടത്തിയ ഓപ്പറേഷൻ ആണ് ഓപ്പറേഷൻ ബ്ലൂ സ്റ്റാർ. അന്നത്തെ പ്രധാനമന്ത്രി ആയിരുന്ന ശ്രീമതി ഇന്ദിരാഗാന്ധി ആണ് അതിനു ശക്തമായ നേതൃത്വം നൽകിയത്. ഈ ഓപ്പറേഷൻ സുവർണ്ണക്ഷേത്രത്തിൽ മാത്രമല്ല ഓരോ സിഖുകാരന്റെ ഉള്ളിലും വലിയ മുറിവുണ്ടാക്കിയിരിക്കണം... ഇത് കഴിഞ്ഞു ആറ് മാസത്തിനകം സ്വന്തം സുരക്ഷാഭടനാൽ ശ്രീമതി ഗാന്ധി വധിക്കപ്പെട്ടു. ഈ ഒരു ഓപ്പറേഷന് വേണ്ടി അവർക്ക് നൽകേണ്ടി വന്നത് സ്വന്തം ജീവൻ തന്നെ ആയിരുന്നു. 1999ൽ കർസേവ വഴി സുവർണ്ണക്ഷേത്രം വീണ്ടും പുതുക്കിയെടുത്തു.

ലോകത്തിലെ തന്നെ ഏറ്റവും വലിയ 'ഫ്രീ കിച്ചൻ' (അടുക്കള) ഇവിടെയാണ് എന്നുള്ളതാണ് സുവർണ്ണക്ഷേത്രത്തിന്റെ മറ്റൊരു വലിയ സവിശേഷത. സിഖ് മതാചാരപ്രകാരം ഇതിനെ ലങ്കാർ (Langar) എന്ന് വിളിക്കും. ആദ്യ സിഖ് ഗുരുവായ 'ഗുരു നാനാക്ക്' ആണ് ലങ്കാർ എന്ന ആശയം കൊണ്ട് വന്നത്. 'സമത്വം' ആണ് ഈ ആശയത്തിന് പിന്നിൽ പ്രധാനമായി ഉള്ളത്. സമൂഹത്തിലെ പദവികൾ നോക്കാതെ സാമ്പത്തിക വ്യത്യാസങ്ങൾ നോക്കാതെ ഓരോ സിഖുകാരനും ഇവിടെ നിർബന്ധ സേവനം ചെയ്യണമെന്നാണ്. കൂടാതെ പരസ്പരമുള്ള കൊടുക്കൽ വാങ്ങലുകൾ, എല്ലാ മനുഷ്യരും തുല്യമാണ് എന്നതു, തുല്യതയുള്ള സമൂഹം... എന്നീ ആശയങ്ങൾ ലങ്കാർ ഉയർത്തിപ്പിടിക്കുന്നു. ഇവിടെ ഒരു ദിവസം ഒരു ലക്ഷം മുതൽ മൂന്നു ലക്ഷം വരെ പേർ ഭക്ഷണം കഴിക്കുന്നുണ്ട് എന്നാണ് കണക്ക്. ജാതിമത വർണ്ണ വർഗ ഭേദമന്യേ ആർക്കും ഭക്ഷണം ലഭിക്കും. എല്ലാ ഗുരുദ്വാരകളോടും ചേർന്ന് ലങ്കാർ ഉണ്ടാവും. ഒരേ സമയം 5000 പേർക്ക് ഒന്നിച്ചിരുന്നു കഴിക്കാൻ പറ്റും വിധമുള്ള രണ്ടു വലിയ ഹാളുകൾ ഉണ്ടിവിടെ. കഴിക്കുന്ന സ്ഥലം ശുചിയാക്കുന്നതിൽ, പാത്രങ്ങൾ കഴുകുന്നതിൽ, ഭക്ഷണം വിളമ്പുന്നതിൽ.. എല്ലാം ഒരു താളമുണ്ടിവിടെ.. സ്നേഹത്തിന്റെ... പ്രാർത്ഥനയുടെ താളം... ആ താളം മനസ്സിനെ ആർദ്രമാക്കും..

സുവർണ്ണ ക്ഷേത്രത്തിലെ പ്രധാന ഉത്സവമാണ് ബൈശാഖി (വൈശാഖി എന്നും പറയും). എല്ലാവർഷവും ഏപ്രിൽ പതിമൂന്നിനാണ് ഇത് ആഘോഷിക്കുന്നത്. സിഖുകാരുടെ പുതു വർഷത്തിന്റെ ആരംഭമായാണ് ബൈശാഖി ആഘോഷം. ഒരു കൊയ്ത്തു കാലത്തിനു വിരാമമിടാനും, നല്ല വിളവിനായി കഠിനാധ്വാനം ചെയ്ത കർഷകരെ ആദരിക്കാനുമായാണ് ഈ ഉത്സവം. എല്ലാ പഞ്ചാബികളും എന്ത് വില കൊടുത്തും എത്തിച്ചേരുന്ന വലിയ ആഘോഷം. സുവർണ്ണ ക്ഷേത്രം പല വർണ്ണങ്ങളുള്ള ദീപങ്ങളാൽ അലങ്കരിക്കപ്പെടും, നിറപ്പകിട്ടാർന്ന ഘോഷയാത്രകൾ ഉണ്ടാകും, കാർഷിക ഉൽപ്പന്നങ്ങളുടെ വിപണന മേളകൾ ഉണ്ടാവും.

1919ൽ ഇങ്ങനെയൊരു ബൈശാഖി ദിനത്തിലാണ്.. ഒരു പക്ഷെ ഒരു ഭാരതീയനും ഓർക്കാൻ ഇഷ്ടപെടാത്ത.. സ്വാതന്ത്ര സമരചരിത്രത്തിലെ തന്നെ രക്തപങ്കിലമായ ഏട് എന്ന് വിശേഷിപ്പിക്കാവുന്ന ജാലിയൻ വാലാബാഗ് കൂട്ടക്കൊല നടന്നത്. ബൈശാഖി ഉത്സവത്തിൽ പങ്കെടുക്കാൻ എത്തിയവരായിരുന്നു മരിച്ചവരിൽ അധികവും. സുവർണക്ഷേത്രത്തോട് ചേർന്നാണ് ഈ സ്ഥലം.




ജാലിയൻ വാലാബാഗ് സ്മാരകം

ലങ്കാറിൽ നിന്ന് തന്നെയായിരുന്നു രാത്രി ഭക്ഷണം. തിരികെ ക്ഷേത്രത്തിനകത്തെ കൽപ്പടവുകളിൽ വന്നിരുന്നു. ഏത് മനുഷ്യനെയും ഒരേ സ്നേഹത്തോടെ, വാത്സല്യത്തോടെ സ്വീകരിക്കുന്നതിനാലും, ഇവിടുത്തെ മനുഷ്യരുടെ ജീവിതവുമായി അങ്ങേയറ്റം ഇഴുകിച്ചേരുന്നതിനാലുമാവാം വല്ലാത്തൊരു ശാന്തി ഉണ്ടിവിടെ. ആ ശാന്തിയും, തണുപ്പും അറിഞ്ഞു കൊണ്ട് ഏറെ നേരമിരുന്നു. രാത്രി ഏതാണ്ട് അവസാനിക്കാറായപ്പോഴാണ് അവിടുന്നിറങ്ങിയത്. നിലവിൽ, പൊതിഞ്ഞു വട്ടം ചുറ്റുന്ന ഗോതമ്പിന്റെ മണമുള്ള കാറ്റേറ്റ് തിരികെ നടക്കുമ്പോൾ ഞാൻ തിരിഞ്ഞു നോക്കികൊണ്ടേയിരുന്നു. പ്രൗഢിയും സംസ്കാരവും ചൈതന്യവുമേന്തിയ സുവർണ്ണക്ഷേത്രമെന്ന അതിശയം എന്നോട് പോയിട്ട് വരു എന്ന് പറയും പോലെ തോന്നി. വരാം എന്ന് ഞാനും മനസ്സിൽ പതിയെ പറഞ്ഞു.

രജനി പി.എൻ
റേഡിയോഗ്രാഫർ
ജില്ലാ ആശുപത്രി തിരൂർ

○○○



ജാലിയൻ വാലാബാഗിലേക്കുള്ള ഏക കവാടം





മനസ്സിൽനിന്നും മായ്ക്കാൻ കഴിയില്ല.
ആ യാത്രയും ഒരു രാത്രിയിൽ പൊത്തിലെ
പൊറുതിയും...
വയനാട് ഊട്ടി റോഡിലാണ് വടുവഞ്ചാൽ
എന്ന ചെറിയ അങ്ങാടി. അതിനടുത്ത്
വിജനമായ റോഡരികിൽ ചെറിയൊരു
പെട്ടിക്കട. അത്യാവശ്യം കൊറിക്കാൻ
വേണ്ടതെല്ലാം വാങ്ങിച്ച് കടയുടെ
പുറകിലുള്ള ചെരുവിലൂടെ ഞങ്ങൾ
താഴേക്കിറങ്ങി.
മീൻമുട്ടി -
ഏഴ് ചെറുഘട്ടങ്ങളായി ചാടി ദൂരെ
താഴ്‌വാരത്തിലേക്ക് പതിക്കുന്ന വെള്ളച്ചാട്ടം.
'എന്തെങ്കിലും ഉണ്ടാക്കാൻ
ചെറിയൊരു പാത്രം. കുറച്ച് ബീഫ്
വാങ്ങിച്ച് കരുതാം. ഒരു കത്തിയും.
അത്രേം മതി...'
യാത്ര പ്ലാൻ ചെയ്യുമ്പോൾ തോമസ്
അത്രയേ പറഞ്ഞുള്ളൂ.

# മഞ്ഞായിപ്പൊത്ത്



മരത്തിന്റെ ചില്ലകളിൽ പിടിച്ച് ഊർന്നും പാറക്കെട്ടുകളിൽ ചവിട്ടിയും വെള്ളച്ചാട്ടങ്ങൾക്കരികിലൂടെ പതുക്കെപ്പതുക്കെ താഴെയിറങ്ങി. പാറയിൽ തട്ടിത്തെറിക്കുന്ന ചെറുകണികകൾ ഓരത്തെ കല്ലുകളെയും ചിലപ്പോഴൊക്കെ ഞങ്ങളെയും നനച്ചു. നനഞ്ഞ കല്ലുകളിൽ പായലും നല്ല വഴുക്കും. ഒന്നു തെന്നിയാൽ നേരെ കയത്തിലേക്ക് കൂപ്പുകുത്തും. ഓരോഘട്ടം കഴിഞ്ഞ് താഴേക്കിറങ്ങുംതോറും വിശപ്പും ക്ഷീണവും മേലോട്ട് കേറിത്തുടങ്ങിയിരുന്നു. ഇടയ്ക്ക് വലിയൊരു പാറയിൽ അല്പനേരമിരുന്നു.

താഴേക്കിറങ്ങിത്തുടങ്ങിയപ്പോൾ,

‘ഇത് ഏൻ ഊരെടാ...’

എന്ന് സന്തോഷത്തോടെ തലയാട്ടിക്കൊണ്ട് കരിയിലക്കിടയിലൂടെ കടന്നുപോയി, ഒരു കുട്ടിപ്പെരുമ്പാമ്പ്...

‘ഇതൊക്കെ എന്ത്..!’

എന്ന ഭാവമായിരുന്നു അപ്പോൾ തോമസിന്റെ മുഖത്ത്.

ചുറ്റുപാടുകളും കാട്ടിലെ ചില ശബ്ദങ്ങളും യാത്രയുടെ സാഹസികതയെ ഞങ്ങളെ ഓർമ്മപ്പെടുത്താൻ തുടങ്ങി...

ഒടുക്കം...

വളരെ ഉയരത്തിൽ നിന്നും പതിക്കുന്ന വലിയൊരു വെള്ളച്ചാട്ടം തീർത്ത ചെറിയൊരു തടാകവും അതിന്റെ തുടർച്ചയെന്നോണം ഒരു നീർച്ചാലുമുള്ള താഴ്വാരത്തിൽ ഞങ്ങളെത്തുമ്പോൾ എല്ലാവരും അവശരായിരുന്നു.

വർഷങ്ങൾക്ക് മുമ്പ്, നൂറ്റാണ്ടിനപ്പുറമായിരിക്കണം. ഉരുൾ പൊട്ടിയൊലിച്ചു വന്ന ഭീമാകാരനായ ഒരു പാറ. ഒരുഭാഗം മണ്ണിലുറച്ചും മറുഭാഗം ഒരാൾപൊക്കത്തിൽ വാ പൊളിച്ചും നിൽപ്പുണ്ട്. ദൂരെ നിന്നും നോക്കുമ്പോൾ അതിനെ താങ്ങി നിർത്തുകയാണെന്ന് തോന്നിപ്പിക്കുന്ന രണ്ട് വൻമരങ്ങൾ ചേർന്ന് നിൽക്കുന്നു. അകം വിശാലവും സുരക്ഷിതവും...

കണങ്കാലിലും തുടകളിലും ചോരയൊലിപ്പിച്ച അട്ടകളെ പറിച്ചെറിഞ്ഞ് അവിടെ വിശ്രമിച്ചു.

വെളിച്ചം നേർത്തുതുടങ്ങി.

നാലുമണിയായി, കാടാണ്...

തോമസ് പറഞ്ഞപോലെ മൂന്ന് ഓപ്ഷനുകളാണ് മുന്നിലുള്ളത്.

ഒന്ന്.

തിരിച്ച് കയറുക.

അൽപംകൂടി കയറുമ്പോൾ കൂരിരുട്ടാവും..

വഴി...

ക്ഷീണം...

ഇടയ്ക്ക് ഇതുപോലെ ഒരിടവുമില്ല.

ആർക്കെങ്കിലും ഒന്ന് കാലിടറിയാൽ..?

വേണ്ട... നടക്കില്ല.

രണ്ട്.

ഏഴെട്ടു കിലോമീറ്റർ നടന്നാൽ നിലമ്പൂരെത്താം. മൂന്നുനാല് മണിക്കൂറെങ്കിലും കാട്ടിലൂടെ നടക്കണം.

ആനയുണ്ട്, റിസ്ക്കാണ്...

അതും ഉപേക്ഷിച്ചു.

ഇവിടെ തങ്ങാം...

മുന്നാമത്തേതിൽ തീരുമാനമായി.
നേരം ഇരുട്ടിത്തുടങ്ങി...
കോടപെയ്യുന്നുണ്ട്. നല്ല തണുപ്പ്.

തീ കൂട്ടാനായി ഒരു കൊള്ളിയുരച്ചു. ഉയരത്തിൽനിന്നും തെറിക്കുന്ന നേർത്ത വെള്ളത്തുള്ളികളും കാറ്റും... ആ ശ്രമം പരാജയപ്പെട്ടു. പലതവണ. ആകെ കരുതിയ ഒരു തീപ്പെട്ടിക്കുള്ളിലെ ഒഴിഞ്ഞു കൊണ്ടിരിക്കുന്ന കൊള്ളികളെന്നകണക്കെ ഞങ്ങളുടെ ഉള്ളിലെ ആത്മവിശ്വാസവും ഒഴിഞ്ഞുതുടങ്ങുകയാണ്...
ഒരു തോർത്ത് കീറി, ചുള്ളിക്കമ്പിൽ ചുറ്റി പന്തമാക്കി... അതിൽ 'വിദേശി'യെ പൊട്ടിച്ചൊഴിച്ച് തീ കൂട്ടി... കനലിൽ ബീഫ് ചുട്ടുതിന്ന് വിശപ്പടക്കി...
ഇരുട്ടിനും,
തോമസ്സിനുമൊഴികെ, ഞങ്ങളുടെ ഉള്ളിലെ ഭയത്തിനും കനം കൂടി...
അപരിചിതവും പേടിപ്പെടുത്തുന്നതുമായ കാട്ടിനുള്ളിലെ ശബ്ദങ്ങൾ ചെറുതായും നീർച്ചാലിന്റെ ശബ്ദം വലുതായും കേട്ടുകൊണ്ടിരുന്നു...

അതിനിടയിൽ ആരോ മൂളിത്തുടങ്ങിയ പാട്ട് ഓരോരുത്തരായി ഏറ്റുപിടിച്ചു... കാടൊച്ചകൾക്കിടയിൽ കോടയ്ക്കും നീർക്കണങ്ങൾക്കുമൊപ്പം പാട്ടുകളും ഇടമുറിയാതെ പെയ്തു...
രാജീവൻ തുടങ്ങിവെച്ച,
'സോജാ രാജകുമാരി...'
വർഗീസ് നൂറ്റൊന്നാവർത്തിച്ചു.
പാതിരാ കഴിഞ്ഞു കാണും.

നീർച്ചാലിനക്കരെ മുളങ്കാടോടിയുന്ന ശബ്ദം. കരിവീരൻമാർ കമ്പൊടിച്ച് കളിക്കുകയാണ്!

അപ്പുറത്ത് നിലമ്പൂർ വനത്തിൽ വീരപ്പനെ തിരയുന്ന ടാസ്ക് ഫോഴ്സും ഇപ്പുറത്ത് നീർച്ചാലുമാണ് ആനക്കൂട്ടത്തെ ഇങ്ങോട്ടടുപ്പിച്ചത്.
'പേടിക്കേണ്ട. തീയുള്ളപ്പോ ആന വരില്ല. കരടിയെ നോക്കിയാ മതി...'
തോമസാണ്.
ചേരട്ട പോലെ ചുരുണ്ട്, തലമുഴുവൻ മൂടിക്കെട്ടിയ തോർത്ത് ചുണ്ടിന് മുകളിലേക്ക് അല്പം മാറ്റി, ഭയന്ന് വിറച്ചിരിക്കുന്ന, കാട്ടറിവും കേട്ടറിവുമില്ലാത്ത ഞങ്ങളുടെ അറിവിലേക്ക് ഇത്രയും പറഞ്ഞ് തോർത്ത് പഴയപടിയാക്കി, അയാൾ പൂർവസ്ഥിതി പൂകി..!
'എങ്ങനെ കഴിയുന്നു ഈ നേരത്ത് ഇവന് ഇങ്ങനെ കിടക്കാൻ..?'

പക്ഷികളുടെ ശബ്ദകോലാഹലം നേരത്തെ തുടങ്ങിയെങ്കിലും കാട്ടിനുള്ളിൽ വെളിച്ചമെത്തുമ്പോഴേക്കും മണി ഒമ്പത് കഴിഞ്ഞിരുന്നു.
ഇനി,
തിരികെ യാത്ര...
ക്ഷീണിച്ചവശരായിരുന്നു എല്ലാവരും.
കയറ്റം കഠിനം. ദിക്കറിയുന്നുമില്ല.
വാക്കത്തി മരത്തിൽ കൊത്തി അതിലും വേരുകളിലും പിടിച്ച് ഓരോരുത്തരായി മുകളിലേക്ക് കയറിത്തുടങ്ങി.



ചില വെള്ളക്കെട്ടുകൾ കടക്കാൻ മോഹ നേട്ടന് നാലുപേരുടെ സഹായം വേണ്ടി വന്നു.

ഇടയ്ക്ക് അല്പവിശ്രമത്തിനായി ഒരു പാറയിലിരുന്നു. ഞങ്ങൾ ക്യാമറ താഴ്‌വാരത്തെ ഉന്നംവച്ച് തിരിച്ചു.

'ബാക്കിയുള്ളവരിവിടെ ജീവനും കൊണ്ട് ഒറ്റേം എരട്ടേം പിടിക്കുമ്പം നീ കളിക്യാ... അല്ലേടാ... (ശേഷം ഒന്നാന്തരം തെറി...)

അത്രമേലവശനായ രാജീവിന്റെ ഉള്ളിൽ നിന്നും വന്ന ആത്മാർത്ഥമായ വാക്കുകൾ..!

യാത്ര തുടർന്നു.

മുകളിൽ ആകാശം തെളിഞ്ഞും വിസ്തൃതമായും കണ്ടു.

വാഹനങ്ങളുടെ ശബ്ദം കേട്ടുതുടങ്ങി. ഉയരത്തിൽ പെട്ടിക്കട കണ്ടപ്പോൾ ഓരോ മുഖത്തും ലോകം കീഴടക്കിയവന്റെ ചിരിയും സന്തോഷവും...

റോഡിലേക്ക് കേറിയതും രാജീവ് കെട്ടിപ്പിടിച്ച് സോറി പറഞ്ഞു.

മുന്നിൽ ചെറിയൊരാൾക്കൂട്ടം.

'ഇന്നലെ കൊറച്ച് ചെറുപ്പക്കാര് കയത്തിലോട്ടിറങ്ങീന്നും കേറിവന്നില്ലെന്നും കടേലെ ചേട്ടായി പറഞ്ഞാര്ന്നേ...'

അപകടം പതിവായ അവിടം അന്നാട്ടുകാർ ജാഗരൂകരായിരുന്നു.

'ചുണ്ണാമ്പ്, ഉപ്പ്, തോർത്ത്, ടോർച്ച്, കമ്പിളി, തോക്ക്, മറ്റായുധങ്ങൾ...

ഇതൊന്നുല്ലാതെ ഇവിടാരും താഴെ കെറെങ്ങാറില്ല.'

കല്യാണത്തിനെന്നവണ്ണം കുളിച്ച് കുറീം തൊട്ട് കുട്ടിക്യൂറയുമിട്ടിറങ്ങിയ ഞങ്ങളുടെ കൈയ്യിലെ ഒഴിഞ്ഞ ഓട്ടപ്പാത്രത്തിലേക്ക് നോക്കി ചിരിച്ചുകൊണ്ട് അറിയാതെ ഉള്ളിൽ പറഞ്ഞു പോയി.

'ശരിക്കും സാഹസികം...!'

'ആട്ടെ... ഇന്നലെ എവിടെയാ പൊറുത്തത്..?'

അടയാളം പറഞ്ഞു.

'അതേറ്റം താഴെയല്ലേ..?'

അതെ.

'ഓ, മനസ്സിലായി...

മത്തായിപ്പൊത്ത്...'

ഞങ്ങൾ പരസ്പരം നോക്കി.

'അതെ... അവിടെയാ കഴിഞ്ഞ മഴക്കാലത്ത് നമ്മുടെ മത്തായിയെ ആന ചവിട്ടിക്കൊന്നത്... അറിഞ്ഞില്ല. രണ്ടുദിവസം കെടന്നു. അതിനുശേഷം നാട്ടുകാരങ്ങനെയാ വിളിക്കുന്നെ... മത്തായിപ്പൊത്ത്...'

ooo

ജയകൃഷ്ണൻ. ടി
റേഡിയോഗ്രാഫർ
മെഡിക്കൽ കോളേജ്, തിരുവനന്തപുരം

ഗോകുൽ ദാസ്. ഒ.ഉ
റേഡിയോഗ്രാഫർ
മെഡിക്കൽ കോളേജ്, മഞ്ചേരി



# ചിൽക്ക തടാകത്തിലെ ഐരാവതി ഡോൾഫിനുകൾ

ഓരോ യാത്രയും ഒരു നീണ്ട കാത്തിരിപ്പിന്റെ സന്തോഷകരമായ ഒരു ഒത്തുചേരൽ ആണ് ഞങ്ങൾക്ക്. ഞങ്ങൾ എന്നാൽ ഞാനും സുരേഷും ഞങ്ങളുടെ മക്കൾ കൃഷ്ണേന്ദുവും കൃഷ്ണഗാഥയും. പിന്നെ ഞങ്ങളുടെ കൂടെ എല്ലായാത്രയിലും ഉണ്ടാകാറുള്ള സുജിത്തും ഫാമിലിയുമാണ്. സുജിത്ത് റെയിൽവേ ഹോസ്പിറ്റലിലെ റേഡിയോഗ്രാഫർ ആണ്. സുജിത്ത്, ലിസ്സിത(ലിസ്സി) അവരുടെ മക്കൾ മാളവികയും മൈത്രേയിയും ആണ് ഞങ്ങളുടെ ടൂർ സംഘം. രണ്ടായിരത്തി പന്ത്രണ്ടിൽ തുടങ്ങി എല്ലാ വർഷവും ഞങ്ങൾ ഒന്നിച്ചാണ് ടൂർ പോകാറുള്ളത്, ടൂർ പ്ലാനിങ്ങും ട്രെയിൻ ബുക്കിങ്ങുമെല്ലാം സുജിത്ത് ആണ് നേരത്തെ ചെയ്തു വെക്കാറുള്ളത്. ഞങ്ങളുടെ യാത്രകളെല്ലാം തന്നെ ട്രെയിനിലാണ്. പോകുന്നതിനു മുൻപ് തന്നെ ഓരോ ദിവസത്തെ യാത്രയുടെയും ഒരു രൂപരേഖ തയ്യാറാക്കി വെക്കാറുണ്ട്. രണ്ടായിരത്തി പതിനാറു മെയ്യിലാണ് ഞങ്ങൾ ഒറീസ്സയിലേക്ക് ടൂർ പോകുന്നത്. ഒരു പതിനഞ്ചു ദിവസത്തെ ടൂർ ആണ് ഞങ്ങൾ പ്ലാൻ ചെയ്തത്. മൂന്നു മാസം മുൻപ് തന്നെ ടിക്കറ്റ് ബുക്കിംഗ് ഓപ്പൺ ആകുന്ന ദിവസം തന്നെ സുജിത്ത് ട്രെയിൻ ടിക്കറ്റ് ബുക്ക് ചെയ്ത് വെച്ചിരുന്നു. അടുത്തടുത്ത് വരുന്ന എട്ടു സീറ്റ് ആണ് സെക്കന്റ് എസിയിൽ ബുക്ക് ചെയ്യാറ്. അതുകൊണ്ടു തന്നെ മറ്റു യാത്രക്കാരുടെ യാതൊരു ശല്യവും ഉണ്ടാകാറില്ല. ഭുവനേശ്വറിലേക്ക് നേരിട്ടുള്ള ട്രെയിനിലാണ് ഞങ്ങളുടെ രണ്ടു ദിവസത്തെ നീണ്ട യാത്ര തുടങ്ങിയത്.



ട്രെയിനിലെ യാത്ര ഇപ്പോഴും ഞങ്ങൾക്ക് വളരെ രസകരമാണ്. കാരണം രണ്ടു ദിവസത്തേക്കുള്ള എല്ലാ ആഹാരവും ഞങ്ങൾ ഇവിടെ നിന്നും പാക്ക് ചെയ്തു കൊണ്ടു പോവുകയാണ് പതിവ്. അതുകൊണ്ട് രണ്ടു ദിവസത്തെ യാത്ര പാട്ടു കേൾക്കാനും, സിനിമകാണാനും, അന്താക്ഷരി കളിക്കാനും, വായനയും, ഉറക്കവും, ഭക്ഷണം കഴിക്കലുമായി വളരെ ആസ്വദിച്ചാണ്. പതിനഞ്ചു ദിവസത്തെ ഞങ്ങളുടെ യാത്രയിൽ ഒരുപാട് സ്ഥലങ്ങൾ ഞങ്ങൾ കാണുകയുണ്ടായി കൊണാർക്ക് സൺ ടെംപിൾ, പിപ്പലീ ഹാൻഡിക്രാഫ്റ്റ് വില്ലേജ്, കലിംഗ യുദ്ധഭൂമി, ഉദയഗിരി, കണ്ഠ ഗിരി മലകൾ (ഈ മലനിരകളിൽ ഒരുപാട് അധികം ധ്യാന ഗുഹകൾ ഉണ്ട്), പുരി ജഗന്നാഥ ക്ഷേത്രം, പിന്നെ ചിൽക്ക തടാകം.

കരകൗശല വസ്തുക്കളോടുള്ള താല്പര്യം കൊണ്ട് പിപ്പലിലേക്ക് പോകാൻ എനിക്ക് വളരെ ഉത്സാഹം തോന്നി. പിപ്പലി ഒരു കരകൗശല ഗ്രാമമാണ്, മിക്ക വീടുകളുടെയും മുൻ വശം കടയാണ്. വണ്ടിയിൽ നിന്ന് ഇറങ്ങിയപ്പോൾ തന്നെ എന്റെ കണ്ണുകൾ വിടർന്നു . വിവിധവർണ്ണങ്ങൾ വാരി വിതറിയ വൃത്തിയുള്ള ഗ്രാമം. പാതയുടെ ഇരുവശവും കരകൗശല വസ്തുക്കൾ. കൂടുതലും കണ്ണഞ്ചിപ്പിക്കുന്ന ഓറഞ്ച്, പച്ച, മഞ്ഞ,ചുവപ്പ്, നീല നിറങ്ങൾ. പ്രകൃതി ദത്തമായ നിറങ്ങളാണ് അധികവും ഉപയോഗിക്കുന്നത്. ഈ ഗ്രാമത്തിലെ കുട്ടികൾ മുതൽ പ്രായമായവർ വരെ എന്തെങ്കിലുമൊക്കെ കലകളിൽ പ്രാവീണ്യമുള്ളവരാണ്. ചിത്രരചന, പായകെട്ടൽ, മരത്തിൽ തീർക്കുന്ന രൂപങ്ങൾ, ചണം കൊണ്ടുള്ള ബാഗുകൾ, സഞ്ചികൾ, പേഴ്സുകൾ, ചുമർചിത്രങ്ങൾ ഇങ്ങനെ ഒരുപാട് കരകൗശല വസ്തുക്കൾ. വിദേശികൾ ധാരാളമായി ഇവിടെ വരാറുണ്ട്. അവർ തന്നെയാണ് പ്രധാന ഉപഭോക്താക്കൾ. ഇവരുടെ വസ്തുക്കൾക്ക് തക്ക മൂല്യം നല്കാൻ ഒരു മടിയും അവർ കാണിക്കില്ല. ഇവിടുത്തെ കുട്ടികൾ പോലും ഒഴിവു സമയങ്ങളിൽ ചിത്രങ്ങൾ വരച്ച് പൈസ സമ്പാദിക്കും.

അങ്ങനെയൊരു വീട്ടിൽ കുറെ നേരം ചിലവഴിച്ചു അപ്പോൾ അവിടെ കുട്ടികൾ മാസങ്ങളെടുത്ത് ഒഴിവു സമയങ്ങളിൽ വരച്ച ചിത്രങ്ങൾ കണ്ടു. പക്ഷെ അതിനൊക്കെ നല്ല വിലയും ഉണ്ടായിരുന്നു. കുറച്ചു ചിത്രങ്ങൾ ഞങ്ങളും വാങ്ങി. പിന്നെ കുറെ ബാഗുകൾ, പേഴ്സുകൾ, കീ ചെയിനുകൾ എന്നിവയും. അങ്ങനെ അതെല്ലാം കണ്ടു ഉച്ചതിരിഞ്ഞു ഞങ്ങൾ അവിടെ നിന്നും ഇറങ്ങി. കണ്ടു കൊതിതീരാത്ത അത്ര കരവിരുതുകൾ.. വീണ്ടും എപ്പോഴെങ്കിലും വരാമെന്നു ഒരു അതിമോഹം മനസ്സിലൊളിപ്പിച്ചു കൊണ്ട്, ആ നിറങ്ങൾ മുഴുവൻ എന്റെ മനസ്സിൽ നിറച്ച് അവിടുന്ന് യാത്രതിരിച്ചു.

കൊണാർക്ക് സൂര്യക്ഷേത്രം കാണാൻ ഞങ്ങൾ ഒരു ഉച്ചതിരിഞ്ഞാണ് എത്തിയത് ഹോട്ടലിൽ കയറി ഫ്രഷ് ആയി സാധനങ്ങളെല്ലാം അവിടെ വച്ചു, നടന്നെത്താവുന്ന ദൂരത്തിലാണ് ഞങ്ങൾക്കു താമസം കിട്ടിയത്. ഞങ്ങൾ ഹോട്ടലിൽ നിന്നിറങ്ങി പോകുന്ന വഴിയിൽ ഒരു ചെറിയ തട്ടുകടയിൽ ചായകുടിക്കാൻ കയറി. വളരെ സ്വാദുള്ള ഉന്മേഷം തരുന്ന നല്ല ഇഞ്ചി ചായ. നമ്മുടെ ഒരു ചായക്ക് പകരം ഇവിടുത്തെ മൂന്നു ചായവാങ്ങണം, അത്രയും ചെറിയ ഗ്ലാസ്സിലാണ് ഇവിടെ ചായകിട്ടുക. എന്തായാലും വളരെ സൗമ്യവും ഹൃദ്യവുമായിരുന്നു കടക്കാരന്റെ പെരുമാറ്റം. ചെറിയ മരത്തിന്റെ ബെഞ്ചിലിരുന്നുള്ള ചായകുടി രസകരമായിരുന്നു. പൂഴിമണൽ നിറഞ്ഞ വഴിയിലൂടെ നടന്നു മുന്നോട്ടു പോകുമ്പോൾ ദൂരെ നിന്നുതന്നെ അംബര ചുംബിയായി തലയുയർത്തി നിൽക്കുന്ന സൂര്യക്ഷേത്രത്തിന്റെ മുകൾവശം കാണാറായി. ഞങ്ങൾ നടത്തത്തിനു വേഗത കൂട്ടി. അങ്ങനെ ഞങ്ങളുടെ കൺമുന്നിൽ വിസ്മയമായി നിന്നു



സൂര്യക്ഷേത്രം. രേഖകൾ പറയുന്നത് ഈ ക്ഷേത്രം ആയിരക്കണക്കിനാളുകൾ പന്ത്രണ്ടു വർഷം എടുത്താണ് പണിതതെന്നാണ്. കൊത്തു പണികളാൽ സമ്പന്നമാണ് ഈ ക്ഷേത്ര സമുച്ചയം. സൂക്ഷ്മമായി നോക്കിയാൽ ഒരുപാട് മൃഗങ്ങൾ പക്ഷികൾ നൃത്തരൂപങ്ങൾ എന്നിവ കൊത്തു പണികളിൽ കാണാം. സൂര്യ ഭഗവാന്റെ ഏഴു കുതിരകളെ പൂട്ടിയ പന്ത്രണ്ടു ജോഡി ചക്രങ്ങളുള്ള രഥം ആണ് ഈ കെട്ടിടത്തിന് താഴെ ഭാഗം. ഇതിനു ചുറ്റും നടന്നാൽ പല സ്ഥലത്തായി ചക്രം, കുതിരകൾ, ആനകൾ എന്നിങ്ങനെ രൂപങ്ങൾ എല്ലായിടത്തും കാണാം, ഇത് കൂടാതെ ഒരു നൃത്ത മണ്ഡപമുണ്ട്.. ഈ നൃത്ത മണ്ഡപത്തിന്റെ പ്രത്യേകത എന്തെന്നാൽ സൂര്യനുദിക്കുമ്പോൾ അതിന്റെ പ്രകാശം നൃത്ത മണ്ഡപത്തിന്റെ കൽത്തൂണുകളിലൂടെ സൂര്യ ക്ഷേത്രത്തിന്റെ മുൻ വശത്തു ചെന്ന് പതിക്കും. ഒരു ഭാഗത്ത് ഉദ്യാനം, ചെറിയൊരു ക്ഷേത്രം, തുറന്ന രീതിയിലുള്ള ഒരു അടുക്കള അങ്ങനെ പരന്നു കിടക്കുന്നു... ചില സ്ഥലങ്ങളിൽ ജീർണിച്ച് അട ർന്നു വീഴുന്നു ണ്ടെങ്കിലും അതെല്ലാം പുതു ക്കി പണിയു ന്നുമു ണ്ട്. നല്ല വൃത്തിയായി തന്നെ സൂക്ഷിക്കുന്നുണ്ട് ഈ പരിസരം. ആർക്കിയോളജിക്കൽ ഡിപ്പാർട്ട്മെന്റിനാണ് ഇതിന്റെ സംരക്ഷണ ചുമതല.

ധാരാളം ആളുകൾ ഇവിടെ വന്നു പോകുന്നുണ്ട്. ഇവർക്ക് വിശ്രമിക്കാൻ ബെഞ്ചും പുൽത്തകിടിയും ഉണ്ട്. ഏറെ സമയമെടുത്തു മുഴുവനും ചുറ്റിക്കാണാൻ. നൃത്ത വിദ്യാർത്ഥികളായ മാളുവും മൈത്രേയിയും നൃത്ത മണ്ഡപത്തിൽ നിന്ന് പല നൃത്തച്ചുവടുകളുമായി ഫോട്ടോയെടുത്തു കൂട്ടത്തിൽ ഞാനും എടുത്തുരണ്ടെണ്ണം. പടികൾ കയറി മുകളിലാണ് വിശാലമായ നൃത്ത മണ്ഡപം. ഇപ്പോൾ സൂര്യ ക്ഷേത്രത്തിന്റെ ഉള്ളിലേക്ക് പ്രവേശനമില്ല. അതുകൊണ്ട് തന്നെ നൃത്തമണ്ഡപത്തിൽ ഒരുപാട് ആളുകൾ വിശ്രമിക്കുകയും കുട്ടികൾ ഓടിക്കളിക്കുന്നതുമൊക്കെ കാണാം. നടന്ന് ക്ഷീണിച്ചിരുന്നുവെങ്കിലും ക്ഷേത്രത്തിനു ഒരു ഭാഗത്തുള്ള വഴിയോര കച്ചവടവും ഞങ്ങൾ ഒഴിവാക്കിയില്ല. പിറ്റേന്ന് കോർണാർക്ക് മ്യൂസിയവും കണ്ട് ഞങ്ങൾ അടുത്ത പോയിന്റിലേക്ക് യാത്ര തിരിച്ചു, പോകുന്ന വഴിയിൽ ഒരുപാട് ചെറിയ ക്ഷേത്രങ്ങളും കണ്ടു, അതിൽ പ്രധാനം വലിയൊരു ഉദ്യാനത്തിന് നടുവിൽ സ്ഥിതി ചെയ്യുന്ന രാജാറാണി ക്ഷേത്രമാണ്, മിക്ക ക്ഷേത്രങ്ങളിലും പൂജകൾ നടക്കാറില്ല.



ചിൽക്ക ലോകത്തിലെ രണ്ടാമത്തേതും ഏഷ്യയിലെ ഏറ്റവും വലുതുമായ തടാകമാണ് (Salt Water Lagoon). ഈ തടാകത്തിൽ കുറെയധികം ദ്വീപുകളുണ്ട്. ദേശാടന പക്ഷികളുടെ താവളം കൂടിയാണ് ചിൽക്ക. വലിയ തിരക്കും ബഹളവും ഒന്നുമില്ലാത്ത ഗ്രാമപ്രദേശമാണ്. അങ്ങോട്ടുള്ള വഴിയിലുടനീളം ചെറിയ ഓല പ്പുരകളും ഓലമേഞ്ഞ കടകളുമാണ് കാണുവാൻ കഴിഞ്ഞത്. ഇവിടുത്തെ ആളുകളുടെ മുഖ്യ വരുമാന സ്രോതസ്സ് ചിൽക്ക തന്നെ. ബോട്ടിംഗ് ആണ് ഇവിടുത്തെ മുഖ്യ ആകർഷണം. ചിൽക്കയിൽ മാത്രം കാണാൻ പറ്റുന്ന ഐരാവതി ഡോൾഫിനുകളെ കാണാനാണ് മണിക്കൂറുകൾ ചെലവഴിച്ച് ആളുകൾ ഇവിടെ എത്തുന്നത്.

യാത്രകൾ അധികവും രസകരം ആണെങ്കിലും ചില പ്രശ്നങ്ങളും ഉണ്ടാവാറുണ്ട്. കണ്ണെത്താ ദൂരം പരന്നു കിടക്കുന്ന ചിൽക്ക തടാകം അതിൽ അങ്ങി

ങ്ങായി ഒന്ന് രണ്ടു ബോട്ടുകൾ. കൗണ്ടറിൽ നിന്നും ടിക്കറ്റ് എടുത്ത് ഞങ്ങൾ ബോട്ടിനു അടുത്തേക്ക് നടന്നു. ബോട്ടും വെള്ളവും പേടിയാണെങ്കിലും അതൊന്നും പുറമെ കാണിക്കാതെ ധൈര്യത്തിൽ ഞാൻ മുൻപേ നടന്നു. ഡോൾഫിനുകളെ കാണാനുള്ള ആകാംക്ഷയിൽ വേഗം തന്നെ എല്ലാവരും ബോട്ടിൽ കയറിയിരുന്നു.

നീളമുള്ള മുള കുത്തി ബോട്ട്, ഡ്രൈവർ മുന്നോട്ട് നീക്കി. കരയിൽ നിന്ന് അൽപ്പം പോയപ്പോൾ മോട്ടോർ സ്റ്റാർട്ട് ചെയ്തു അവിടെ ഇരിപ്പായി. നല്ല വെയിലുണ്ടായിരുന്നു അപ്പോൾ. കുറച്ചു ചെന്നപ്പോൾ അയാൾ സുരേഷിന്റെ തൊപ്പി ചോദിച്ചു. കൊടുക്കാൻ ഒന്ന് മടിച്ചെങ്കിലും വിരോധം തോന്നേണ്ട എന്ന് കരുതി സുരേഷ് തൊപ്പി കൊടുത്തു. അയാൾ അവരുടെ തന്നെ ഭാഷയിൽ എന്തൊക്കെയോ പറയുന്നുണ്ടായിരുന്നു ഞങ്ങൾക്ക് ആദ്യം ഒന്നും മനസിലായില്ല അപ്പോഴാണ് എല്ലാവരെയും നടുക്കിക്കൊണ്ട് ഒരു സംഭവമുണ്ടായത്. ഒരു ഭാഗത്തു നിന്നും ബോട്ടിലേക്ക് വെള്ളം കയറി തുടങ്ങിയിരുന്നു. ബോട്ട് മുങ്ങുമോ എന്ന് പേടിച്ച് എല്ലാരും പരിഭ്രാന്തരായി. ഞങ്ങൾ ആകെ വിഷമിച്ചിരിക്കുന്നുണ്ടെങ്കിലും അയാൾക്ക് യാതൊരു ഭാവഭേദവും ഇല്ലായിരുന്നു. സുരേഷ് അല്പം ദേഷ്യത്തിൽ ബോട്ടിലേക്ക് വെള്ളം കയറുന്നത് കാണിച്ചു കൊണ്ട് എന്താണെന്നു ചോദിച്ചു. അപ്പോൾ അയാൾ ഒരു ചെറിയ ബക്കറ്റ് കാണിച്ചിട്ട് വെള്ളം കോരിക്കളയാൻ ഞങ്ങ ളോട് പറഞ്ഞു. വേറെ നിവർത്തിയില്ലാത്തത് കൊണ്ട് അയാൾ തന്ന ബക്കറ്റ് വാങ്ങി സുരേഷ് വെള്ളം കോരിക്കളയാൻ തുടങ്ങി. വളരെ സന്തോഷപൂർവം പോകണ്ടയാത്ര ഞങ്ങൾക്ക് ശരിക്കും ഭയപ്പെടുത്തുന്ന യാത്ര തന്നെയായി.

ആഴവും കടും പച്ച നിറവുമായി പരന്നു കിടക്കുന്ന ചിൽക്ക ഞങ്ങളിൽ പേടിയുണ്ടാക്കി.. കുറെയധികം ദേശാടന പക്ഷികളെ ഞങ്ങൾ ദൂരത്തു നിന്നും തന്നെ കണ്ടു. അടുത്തെത്തിയപ്പോഴാണ്, ലക്ഷക്കണക്കിനുണ്ടെന്ന് മനസ്സിലായത്. ബോട്ടിന്റെ ഒച്ച കേട്ടമാത്രയിൽ ഒരു കൂട്ടം പക്ഷികൾ പെട്ടന്ന് പറന്നു പൊങ്ങി. ക്യാമറ എടുക്കാനുള്ള സമയം പോലും കിട്ടിയില്ല, ഞങ്ങളുടെ കണ്ണുകളെ തന്നെ ക്യാമറകളാക്കി ആ മനോഹര ദൃശ്യങ്ങൾ ഞങ്ങൾ ഒപ്പിയെടുത്തു.

അടുത്ത ലക്ഷ്യം ഐരാവതി ഡോഫിൻ ഉള്ള സ്ഥലമാണ്. കുറെ ദൂരം ചെന്നപ്പോൾ കുറെയധികം ബോട്ടുകൾ കാണാറായി. എല്ലാവരും സ്പോട്ടിൽ വന്ന് അവിടെ കുറെ സമയം മീനുകളെ കാണാൻ ചെലവിടും. ഏറ്റവും കൂടുതൽ ഡോൾഫിനുകളെ കാണാൻ കഴിയുക ഇവിടെയാണ്. കയ്യിലുള്ള പോപ്കോൺ ഒക്കെ വെള്ളത്തിൽ ഇട്ടു ഇരിക്കുമ്പോൾ, ഞങ്ങളുടെ മുന്നിലൂടെ നമ്മൾ സിനിമയിൽ മാത്രം കണ്ടിരുന്ന ഡോൾഫിനുകൾ തലകുത്തി മറിഞ്ഞു കൊണ്ട് ചാടിച്ചാടി പോകുന്നു, അവർ കൂട്ടമായിട്ടാണ് പോകുന്നത്. ആളുകൾ ഡോൾഫിനെ കാണുമ്പോൾ അവരുടെ ആഹ്ലാദം കൂക്കി വിളിച്ചും കയ്യടിച്ചും പങ്കു വെച്ചു. ഞങ്ങൾ കുറെ ഡോൾഫിൻസ് ചാടുന്നതും മറിയുന്നതും നീന്തി തുടിക്കുന്നതും കണ്ടു കൊണ്ടിരുന്നു. ഫോട്ടോസും വീഡിയോസും എടുത്തു. അങ്ങനെ ചിൽക്കയിലെ ഐരാവതി ഡോൾഫിനുകളെ കൺകുളിർക്കെ കണ്ടു കൊണ്ട് ഞങ്ങൾ കരയിലേക്ക് മടങ്ങി. ഞങ്ങൾക്ക് നല്ലോണം വിശന്നു തുടങ്ങിയിരുന്നു അടുത്തു കണ്ട ഒരു ചെറിയ ഹോട്ടലിലേക്ക് ഒഴിഞ്ഞ വയറുമായി ഞങ്ങൾ ഓടിക്കയറി. നല്ല ഒരു ഊണ് തന്നെയായിരുന്നു അവിടെ ലഭിച്ചത്. പച്ചക്കറിയും മീനും പപ്പടവും എല്ലാമുള്ള നല്ലൊരു ഉച്ചയൂണ്. കണ്ണെത്താദൂരത്തോളം പരന്നു കിടക്കുന്ന ചിൽക്കയിലേക്ക് വീണ്ടും കണ്ണുകൾ പായിച്ച് ഐരാവതി ഡോൾഫിനുകൾക്ക് ഒരിക്കൽ കൂടി യാത്ര പറഞ്ഞു ഞങ്ങൾ ഇറങ്ങി. അടുത്ത യാത്രക്കുള്ള കാത്തിരിപ്പോടെ...

ooo

ഷീന കെ.എസ്
റേഡിയോ ഗ്രാഫർ
മെഡിക്കൽ കോളേജ്, തൃശ്ശൂർ

# നാട്ടു പെരുമ

ഓരോ നാട്ടിന്നും പെരുമകളുണ്ട്,
പേരുകൾക്കപ്പുറം അവ പേറുന്ന
ചരിത്രവുമുണ്ട്...



# ഞാനറിഞ്ഞ ബോംബെ

ഗോഡ്സ് ഓൺ കൺട്രി... ഗോഡ്സ് ഓൺ കൺട്രി... എന്ന് എപ്പോഴും പറഞ്ഞും കേട്ടും നടന്നതുകൊണ്ടാവണം, നമ്മുടെ നാടിന്റെയത്ര സൗന്ദര്യം ഇന്ത്യയിൽ വേറൊരിടത്തും കാണാനിടയില്ല എന്ന് സ്വല്പം അഹങ്കാരത്തോടെതന്നെ കുറച്ചു വർഷങ്ങൾ മുൻപുവരെ വിചാരിച്ചിരുന്നു...!

മനോഹരമെങ്കിലും കൊങ്കണിലൂടെയുള്ള നിരന്തരമായ ട്രെയിൻയാത്ര പോലും എന്റെ ആ വിചാരത്തിന് വലിയ മാറ്റം വരുത്തുന്നതായിരുന്നില്ല...

ഓരോ പ്രദേശത്തിനും തനതായ ഒരു ഭംഗിയുണ്ടെന്നും, താരതമ്യത്തിൽ കാര്യമില്ലെന്നും അന്ന് ചിന്തിച്ചിരുന്നില്ലെന്നതാണ് സത്യം..

ഇവിടെ താമസമാക്കിയ ആദ്യ നാളുകളിൽ, ബോംബെയുടെ ചുറ്റുമുള്ള സ്ഥലങ്ങളെ അറിയുവാനും അനുഭവിക്കാനുമുള്ള താല്പര്യം തോന്നാതിരിക്കാനുള്ള കാരണവും ഇതൊക്കെയാവണം.

അന്ന്, മഴക്കാലം തുടങ്ങിയാൽ ആൾക്കാർ കൂട്ടത്തോടെ വെള്ളച്ചാട്ടങ്ങളിലേക്കും, പിക്നിക്കിനും, റിസോർട്ടുകളിലേക്കും പോവുന്നത് സിറ്റി ലൈഫിന്റെ ഫ്രസ്ട്രേഷൻ തീർക്കാനുള്ള ഒരു യാത്ര മാത്രമായാണ് ഞാൻ കണ്ടിരുന്നത്...



സുജിത് കുമാർ
റേഡിയോഗ്രാഫർ
റെയിൽവേ ഹോസ്പിറ്റൽ, ബോംബെ



വർഷങ്ങൾക്കുശേഷം ഇത്തരം ചെറിയ യാത്രകൾ പോകാൻ തുടങ്ങിയപ്പോഴാണ് എന്റെ അതുവരെയുള്ള ധാരണകളെല്ലാം മാറ്റിമറിക്കുന്നതാണ് ബോംബെക്ക് ചുറ്റുമുള്ളതെന്ന് മനസ്സിലായത്.

അതിനു കരണമായതോ അക്കാലത്ത് ജസ്‌ലോകിൽ പ്രവീണയുടെ ഡിപ്പാർമെന്റിൽ പുതുതായി ജോലിക്ക് വന്ന പയ്യന്മാരും.! ഓഫ്‌കോഴ്‌സ് നമ്മുടെ അജയ് ഷാഹിയും.

ബോംബെ...

മൂന്ന് ഭാഗവും കടലിനാൽ ചുറ്റപ്പെട്ട് അറബിക്കടലിലേക്ക് തള്ളി നിൽക്കുന്ന അറുനൂറ് ചതുരശ്രകിലോമീറ്റർ മാത്രം വിസ്തൃതിയുള്ള തീരപ്രദേശം. കിഴക്ക്, തെക്കോട്ട് നീണ്ടു കിടക്കുന്ന സഹ്യാദ്രി മലനിരകൾ.!

അതിനുള്ളിലാണ് ഞാനടക്കമുള്ള ഒന്നേമുക്കാൽ കോടി മനുഷ്യജീവികൾ തിങ്ങിപ്പാർക്കുന്നതെന്നോർക്കണം.!

ജനസാന്ദ്രതയുടെ ഭീകരത അറിയണമെങ്കിൽ മുപ്പത്തെണ്ണായിരം ചതുരശ്രകിലോമീറ്ററിൽ മൂന്നേകാൽ കോടി ജനങ്ങൾ എന്ന കേരളത്തിന്റെ കണക്കുമായി തട്ടിച്ച് നോക്കണം.

ആയിരത്തി അറുനൂറുകളുടെ അവസാനത്തിൽ പോർച്ചുഗീസുകാരുടെ കയ്യിൽ നിന്നും ബോംബെ ബ്രിട്ടീഷുകാരുടെ കൈവശം വന്നു എന്നും പിന്നീട്, തുറമുഖത്തിന്റെ പ്രാധാന്യം മനസിലാക്കിയ ഈസ്റ്റിന്ത്യാ കമ്പനിക്ക് ഈ പട്ടണം പാട്ടത്തിനു കിട്ടുകയായിയുന്നു എന്നുമാണ് ബോംബെയെപ്പറ്റി നമ്മൾ മനസിലാക്കിയ ചരിത്രം.

ആയിരത്തെണ്ണൂറിന്റെ മധ്യകാലം വരെ കണ്ടൽകാടുകളും, 'ഖാടി' എന്ന് വിളിക്കുന്ന കടൽവെള്ളവും കയറി ചതുപ്പായ ഏഴു ചെറിയ ദ്വീപുകൾ നികത്തിയാണ് ഇന്ന് കാണുന്ന മുംബൈ ഉണ്ടായതെന്നും മനസിലാക്കുന്നു.

അങ്ങിനെയെങ്കിൽ കേവലം മുന്നൂറ്റമ്പതോളം വർഷത്തെ ചരിത്രമേ ബോംബെയ്ക്കുള്ളു എന്ന് വേണം കരുതാൻ.

ചാൾസ് രണ്ടാമൻ, പോർച്ചുഗീസ് രാജകുമാരി കാതറീനെ വിവാഹം ചെയ്ത ശേഷം ബ്രിട്ടന് സ്ത്രീധനമായി ലഭിച്ച തുറമുഖപട്ടണം ഈസ്റ്റ് ഇന്ത്യാ കമ്പനി പാട്ടത്തിനെടുക്കുകയും അവരുടെ വ്യാപാര കേന്ദ്രം സൂറത്തിൽ നിന്നും ബോംബെയിലേക്ക് മാറ്റുകയും ചെയ്തു.

അവർ ബിസിനസ്സ് പങ്കാളികളായി കൂടെ കൊണ്ടുവന്നത് പാഴ്‌സികളെയും പിന്നെ ഗുജറാത്തി കച്ചവടക്കാരെയുമായിരുന്നു. ഉയർന്ന വിദ്യാഭ്യാസവും, കച്ചവടത്തിലെ സത്യസന്ധതയുമായിരുന്നു പാഴ്‌സികളെ തിരഞ്ഞെടുക്കാൻ കാരണം.

അങ്ങിനെ ഇന്ത്യയിലെ തന്നെ ആദ്യത്തെ കോട്ടൺ മിൽ സ്ഥാപിച്ചു കൊണ്ടും തുണി, ഷിപ്പിംഗ് തുടങ്ങിയ ബിസിനസ്സ് സംരംഭങ്ങളിൽ ഏർപ്പെട്ടും എണ്ണത്തിൽ കുറവാണെങ്കിലും, പണം കൊണ്ടും വിദ്യാഭ്യാസം കൊണ്ടും പാഴ്‌സികൾ ബോംബെയിലെ പ്രബല സമൂഹമായി നിലനിൽക്കുന്നു.

സത്യസന്ധരും, ഉയർന്ന ജീവിത നിലവാരം പുലർത്തുന്നവരുമാണ് പാഴ്‌സികൾ. ബോംബെയുടെ ചരിത്രത്തിൽ പാഴ്‌സികൾക്ക് വലിയ സ്ഥാനമുണ്ട്.

ഗോദ്‌റെജ്, ടാറ്റ, റുസ്തോംജി, പൂനവാല, ഫിറോഷ് ഷാ മേത്ത.. ഇങ്ങനെ നാം കേൾക്കുന്ന വമ്പന്മാരെല്ലാം പാഴ്‌സി കുടുംബങ്ങളിൽ നിന്നു തന്നെ.

10 പൗണ്ട് വാർഷിക പാട്ടത്തുകയിൽ ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ കൈവശമെത്തിയ ശേഷമാണ് വാണിജ്യ തലസ്ഥാനം എന്ന നിലയിലേക്കുള്ള ബോംബെയുടെ വളർച്ച തുടങ്ങുന്നത്. കോട്ടൺ ആയിരുന്നു പ്രധാന ഉൽപ്പന്നം.

ഇവിടെ നിന്നും അസംസ്കൃത പരുത്തി കയറ്റുമതി ചെയ്ത് മൂല്യവർധിത ഉൽപന്നങ്ങളായി ഇവിടേക്ക് തന്നെ ഇറക്കുമതി ചെയ്ത് വ്യാപാരം ചെയ്യുന്ന രീതിയായിരുന്നു ആദ്യം.

പിന്നീട് 1800 കളിലെ അമേരിക്കയിലെ ആഭ്യന്തര യുദ്ധം പരുത്തിയുടെ ആവശ്യകത കൂട്ടുകയും അത് ബോംബെയുടെ പ്രസക്തി വർധിപ്പിക്കുകയും ചെയ്തു. അങ്ങിനെ നിരവധി കോട്ടൺ മില്ലുകൾ ബോംബെയിൽ ഉണ്ടായി.



1900 ന്റെ ആദ്യ വർഷങ്ങളിൽ തന്നെ ഏകദേശം നൂറ്റിമുപ്പതോളം മില്ലുകൾ ഞാൻ താമസിക്കുന്നതിന്റെ 10 കിലോമീറ്റർ ചുറ്റളവിൽ ഉണ്ടായിരുന്നു എന്നറിയുമ്പോഴാണ് കോട്ടൺ വ്യവസായം ബോംബെയുടെ ചരിത്രത്തിൽ എത്രത്തോളം പങ്കുവഹിച്ചു എന്ന് നമുക്ക് മനസിലാവുക.

തുണി മില്ലുകൾ വന്നതോടുകൂടി അവിടെ ജോലി ചെയ്യാൻ ആളുകൾ ആവശ്യമായി വന്നു.

അങ്ങിനെയാണ് ബോംബെയിലേക്കുള്ള കുടിയേറ്റം ആരംഭിച്ചത്. പ്രധാനമായും ഇന്നത്തെ രത്നഗിരി ജില്ലയിൽ പെട്ട ആളുകളായിരുന്നു ആദ്യകാലത്തെ കുടിയേറ്റക്കാർ.


അവർക്ക് താമസിക്കാനായി 'ചാളുകൾ (Chawl)' ബോംബെയിൽ ഉയർന്നുവരാൻ തുടങ്ങി. Chawl എന്നാൽ ഒരേ നിരയിലുള്ള വീടുകൾ. ചെറിയ മുറിയും ഒരടുക്കളയും. പൊതു കക്കൂസും. അങ്ങിനെയുള്ള 'ചാളു'കൾ ഇപ്പോഴും ധാരാളമുണ്ട്.

(കാക്കകുയിൽ എന്ന മോഹൻലാൽ മുകേഷ് മൂവിയിലെ 'ആലരെ ഗോവിന്ദ' എന്ന പാട്ട് രംഗത്തിൽ കാണുന്നതാണ് Chawl കൾ).

അക്കാലത്തു ബോംബെയിലെ തുണി മില്ലിലെ ജോലി, ഒരു സർക്കാർ ഉദ്യോഗത്തെക്കാളും വലുതായിരുന്നു.

1982 ലെ പ്രമാദമായ മിൽ സമരം വരെ.!

ooo



# തിരൂർ ചരിത്രം



ദിവ്യ ശരൺ
റേഡിയോഗ്രാഫർ
ജില്ലാ ആശുപത്രി, തിരൂർ



സാഹിൽ. എം.ടി
റേഡിയോഗ്രാഫർ
ജില്ലാ ആശുപത്രി, തിരൂർ

ഞങ്ങളുടെ സംഘടനയുമായി ബന്ധപ്പെട്ട മീറ്റിങ്ങിൽ പങ്കെടുക്കാൻ ആണ് ആദ്യമായി ഞങ്ങൾ തിരൂരിലെ വാഗൺ ട്രാജഡി സ്മാരക ടൗൺ ഹാളിൽ എത്തുന്നത്. വാഗൺ ട്രാജഡിയിൽ മരിച്ച 61 ആളുകളുടെയും പേര് വിവരങ്ങൾ അവിടെ രേഖപ്പെടുത്തിവെച്ചിട്ടുണ്ട്. തിരൂർ ആശുപത്രിയിൽ ഞങ്ങൾക്കൊരു കുഞ്ഞു കൂട്ടായ്മയുണ്ട്. മീറ്റിംഗ് കഴിഞ്ഞ് ഇറങ്ങി ഞങ്ങൾ കാന്റീനിൽ കുഞ്ഞാക്കയുടെ സ്പെഷ്യൽ ചായയും കുടിച്ച് ഇരിക്കുമ്പോഴാണ് തിരൂരിനെ ഒന്ന് അടുത്തറിഞ്ഞാലോ എന്നൊരു ചോദ്യം അനീഷ് ചോദിക്കുന്നത്. തിരൂരിനെ പറ്റി പറയാൻ തിരൂർ കാരനായ അനീഷിനു എന്നും നൂറു നാവാണ്. അടുത്ത ദിവസം ഞായറാഴ്ചയാണ്. ആർക്കും ഡ്യൂട്ടി ഇല്ല. അങ്ങനെയെങ്കിൽ നാളെ നമുക്ക് ഒന്ന് കറങ്ങാം എന്ന് തീരുമാനിച്ചു ഞങ്ങൾ പിരിഞ്ഞു.




രാവിലെ പോയത് തുഞ്ചൻ പറമ്പിലേക്കാണ്. മലയാളഭാഷയുടെ പിതാവ് എന്നറിയപ്പെടുന്ന ശ്രീ. തുഞ്ചത്തെഴുത്തച്ഛന്റെ ജന്മഗൃഹമാണ് തുഞ്ചൻപറമ്പ്. തിരൂരിൽ നിന്നും ഒന്നര കിലോമീറ്റർ ദൂരമേയുള്ളു. വർഷാവർഷം ഫെബ്രുവരി ആദ്യ ആഴ്ച നടക്കുന്ന 'തുഞ്ചൻ ഉത്സവം' ഇവിടെയാണ് അരങ്ങേറുന്നത്. പ്രശസ്തരായ എഴുത്തുകാർ, ഗായകർ, നർത്തകർ ഒക്കെ ഇതിൽ പങ്കുകൊള്ളുന്നു. തുഞ്ചൻപറമ്പ് എന്ന് കേൾക്കുമ്പോൾ നമ്മുടെയൊക്കെ മനസ്സിൽ ഓടിയെത്തുക വിജയദശമി ദിനമാണ്. വിജയദശമി ദിനത്തിൽ ഇവിടെ വൻതിരക്കാണ്. മലയാളത്തിലെ ഏതാണ്ടെല്ലാ സാഹിത്യകാരന്മാരും അന്ന് ഇവിടെ ഒത്തു കൂടും. തുഞ്ചൻപറമ്പിലെ മണലിൽ കേരളത്തിന്റെ നാനാഭാഗത്തു നിന്നും എത്തുന്ന കുരുന്നുകൾക്ക് ആദ്യാക്ഷരം പകർന്നു നൽകാൻ. അതൊരു വലിയ ആഘോഷമാണ് ഇവിടെ. ഇവിടുത്തെ പൂഴി കൊണ്ടുപോയാണ് കുഞ്ഞുങ്ങളെ പണ്ട് എഴുത്തിനിരുത്തിയിരുന്നത് എന്ന് പറയപ്പെടുന്നു. സർവ്വകലാശാല ക്യാമ്പസ്സ് തുഞ്ചൻ പറമ്പിൽ നിന്നും കുറച്ച് ദൂരത്തായാണ്. അതിമനോഹരമായ ക്യാമ്പസ്സ്. 2012 നവംബർ ഒന്നിനാണ് തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല രൂപം കൊള്ളുന്നത്. തുഞ്ചൻ പറമ്പിൽ ഒരു പ്രത്യേകതരം കാഞ്ഞിരമരം ഉണ്ട്. ഇലകൾ കയ്ക്കാത്ത ഒരു കാഞ്ഞിരമരം. ഈ ക്യാമ്പസ്സിനു അടുത്തായി കാറ്റാടി മരങ്ങൾ കലപില കൂട്ടുന്ന അതിമനോഹരമായ ഒരു കടൽത്തീരമുണ്ട്. തിരൂരിലെ ബീച്ചുകൾ എല്ലാം ഒന്നിനൊന്നു സുന്ദരമാണ്.

ഇതാണ് 'ഗരുഡൻകാവ്'. ഏതാണ്ട് 1800 വർഷം പഴക്കമുള്ള ഇന്ത്യയിലെ തന്നെ ഏക ഗരുഡ ക്ഷേത്രം. അത്യാവശ്യം തിരക്കുണ്ട്. ഞായറാഴ്ചകളിൽ ആണ് ഇവിടെ പ്രധാന പൂജകൾ ഒക്കെ നടക്കുന്നത്. മണ്ഡലകാലത്തും, അതായത് നവംബർ 16 മുതൽ ഡിസംബർ വരെയുള്ള കാലയളവും ഇവിടെ പ്രധാനമാണ്. ഇവിടത്തെ പ്രധാന വഴിപാട് എന്താണെന്ന് അറിയ്യോ..? പാമ്പിനെ ജീവനോടെ പിടിച്ചു കൊണ്ടുവന്നു ഈ ക്ഷേത്ര പരിസരത്ത് നിക്ഷേപിക്കും. ആളുകൾ മൺ കുടങ്ങളിൽ തുണികൊണ്ട് വായ്പൊത്തി കെട്ടിയിട്ടാണ് പാമ്പിനെ കൊണ്ടുവരുന്നത്. എന്നിട്ട് ഈ ഗരുഡ വിഗ്രഹത്തിനു മുന്നിൽ തുറന്നു വിടും. ഗരുഡന്റെ ഭക്ഷണമാണ് പാമ്പ് എന്നാണല്ലോ വിശ്വാസം. അനീഷിന് എത്ര പറഞ്ഞിട്ടും മതിയാവുന്നില്ല. ഇതിലേറ്റവും കൗതുകകരമായി തോന്നിയത് ഈ ക്ഷേത്ര പരിസരത്ത് ആരെയും പാമ്പ് കടിക്കാറില്ല എന്ന വാർത്തയാണ്.! കൂടാതെ ഇവിടെ നിന്നും പ്രസാദമായി കിട്ടുന്ന എണ്ണ ഏതാണ്ട് എല്ലാത്തരം ചർമ്മ രോഗങ്ങൾക്കും ഔഷധമാണത്രെ.! ഗരുഡൻ കാവ് പോലെ തന്നെയുള്ള ഒരു കാവാണ് 'ചന്ദനക്കാവ്'. തിരൂരിൽ കാവുകൾ ഒരു സാധാരണ കാഴ്ചയാണ്. പരിസ്ഥിതി സന്തുലനത്തിൽ വളരെ വലിയ പങ്ക് വഹിക്കുന്നുണ്ട് ഇത്തരം കാവുകൾ.

ആലത്തിയൂർ ഹനുമാൻ ക്ഷേത്രം 3000 വർഷം പഴക്കമുള്ളതാണ്. രാമായണ കഥയുമായി ഏറെ ബന്ധമുള്ള ഒരു ക്ഷേത്രമാണ് ആലത്തിയൂർ ഹനുമാൻ ക്ഷേത്രം. ലങ്കയിൽ, അശോകവനത്തിൽ രാവണൻ തടങ്കലിൽ വെച്ച സീതാദേവിയെ കാണാൻ വേണ്ടി ഹനുമാനെ പറഞ്ഞു വിടുന്ന ഒരു സന്ദർഭമുണ്ട്.





സീതാദേവിയോട് പറയേണ്ടുന്ന കാര്യങ്ങളും അടയാള വാക്യങ്ങളും രാമൻ ഹനുമാന് പറഞ്ഞുകൊടുക്കുന്നു. കൂടാതെ ഒരു മോതിരം അടയാളമായി കാണിക്കാനായി നൽകുന്നുമുണ്ട്. രാമായണ കഥയിലെ ഈ ഭാഗം നടന്നത് ഈ സ്ഥലത്താണത്രെ. പിന്നീട് വെട്ടത്തുനാട് രാജാവിന്റെ ആവശ്യപ്രകാരം ഇവിടെ ഹനുമാന് വേണ്ടി ഒരു ക്ഷേത്രം നിർമ്മിക്കുകയാണുണ്ടായത്. തിരൂർ റെയിൽവേ സ്റ്റേഷനിൽ നിന്നും വെറും എട്ടു കിലോമീറ്റർ ദൂരെയാണ് ഈ ക്ഷേത്രം.

റെയിൽവേ സ്റ്റേഷനടുത്താണ് പ്രശസ്തമായ തിരൂർ ഫോറിൻ മാർക്കറ്റ്'. ഇവിടെ നിന്നുള്ള ഇലക്ട്രോണിക്സ് ഉപകരണങ്ങൾ ആണ് കേരളത്തിൽ അങ്ങോളമിങ്ങോളം വിൽപ്പനയ്ക്ക് എത്തുന്നത്.

നിറഞ്ഞൊഴുകുന്ന ഭാരതപ്പുഴ തീർച്ചയായും വ്യത്യസ്തമായ ഒരു കാഴ്ചതന്നെയാണ്. 'പടിഞ്ഞാറേക്കര' അഴിമുഖം വല്ലാത്ത ഒരു അനുഭവമാണ്. അണിഞ്ഞൊരുങ്ങി യൗവനം നിറഞ്ഞു തുളുമ്പുന്ന നവവധുവിനെ പോലെയാണു ഇവിടെ ഭാരതപ്പുഴ അറബിക്കടലിനോട് ചേരാൻ ഓടിയെത്തുന്നത്. പ്രകൃതിരമണീയമായ ഈ കാഴ്ച കാണാൻ ഇവിടെ ധാരാളം പേർ എത്താറുണ്ട് എന്ന് നാട്ടുകാർ പറഞ്ഞു. ക്യാമറയുമായി ഓടിനടന്ന് പടം എടുക്കുന്ന അനീഷിനെ ഒരു വിധത്തിൽ ആണ് ഞങ്ങൾ പിടിച്ചു വണ്ടിയിൽ കയറ്റിയത്.

മാമാങ്കത്തെ പറ്റി നമ്മൾ ഒരുപാട് കേട്ടിട്ടുണ്ട്. ഈ മാമാങ്കം നടക്കുന്നത് ഭാരതപ്പുഴയുടെ തീരത്തുള്ള നാവാമുകുന്ദ ക്ഷേത്രത്തിലാണ്. ഈ തീരത്തു മൂന്നു ക്ഷേത്രങ്ങൾ ഉണ്ട് ത്രിമൂർത്തികൾക്കായി (സൃഷ്ടി, സ്ഥിതി, സംഹാരം). ഓരോരുത്തർക്കും ഓരോ ക്ഷേത്രം. വർഷത്തിലൊരിക്കൽ നടക്കുന്ന മാമാങ്ക മഹോത്സവത്തിന് സ്വർഗ്ഗത്തിൽനിന്നും ഗംഗാദേവി എത്തി, ഭാരതപ്പുഴയെ ഗംഗാതീർത്ഥം പോലെ പരിശുദ്ധമാക്കുന്നു എന്നാണ് ഐതിഹ്യം. മാമാങ്കം, കുംഭമേളക്കു സമാനമായ ആഘോഷം ആയിട്ടാണ് കണക്കാക്കപ്പെടുന്നത്. ഒരു നാടിന്റെ സാംസ്കാരികമായ, മതപരമായ, വാണിജ്യപരമായ കാര്യങ്ങൾ ഒരുപോലെ എടുത്തുകാണിക്കുന്ന ഉത്സവമാണിത്. കർക്കിടകവാവ് ദിവസം ഇവിടെയാണ് ആളുകൾ പിതൃതർപ്പണ പൂജയ്ക്കായി എത്തുന്നത്.

മേൽപ്പത്തൂർ നാരായണ ഭട്ടതിരിപ്പാടിന്റെ ജന്മസ്ഥലമായ ചന്ദനക്കാട് തിരൂരിനടുത്താണ്. ഇവിടെയും വിജയദശമിനാളിൽ തുഞ്ചൻപറമ്പിലെ പോലെ തന്നെ കുട്ടികളെ എഴുത്തിനിരുത്താറുണ്ട്.

തിരൂർ എന്ന സ്ഥലത്തിന് സ്വാതന്ത്ര്യസമരവുമായി ഒരുപാട് ബന്ധമുണ്ട്. ഞങ്ങളുടെ സ്വന്തം തിരൂർ ആശുപത്രി 102 വർഷങ്ങൾക്കു മുൻപ്, പരിക്കേൽക്കുന്ന ബ്രിട്ടീഷ് പട്ടാളക്കാർക്ക് വേണ്ടി തുടങ്ങിയതാണ്. അന്ന് തുടങ്ങിയ ചെറിയ ഡിസ്പെൻസറി ആണ് പലഘട്ടങ്ങളിലായി വളർന്നുവലുതായി ഇന്നത്തെ തിരൂർ ജില്ലാ ആശുപത്രിയായി മാറിയത്.

ബ്രിട്ടീഷ് ഭരണത്തിനെതിരായി മറ്റെല്ലാ സ്ഥലങ്ങളിലെയും പോലെ തിരൂരിലും ചില അസ്വാരസ്യങ്ങൾ തുടങ്ങി. അതിന്റെ ഭാഗമായി നടന്ന ലഹള പിന്നീട് 'മാപ്പിള ലഹള' എന്നറിയപ്പെട്ടു. ഈ മാപ്പിള ലഹളയിൽ പങ്കെടുത്ത 70 ആളുകളെ ഒരു ഗുഡ്സ് വാഗണിൽ കയറ്റി തിരൂർ റെയിൽവേ സ്റ്റേഷനിൽ നിന്നും കോയമ്പത്തൂരിലേക്ക് അയക്കുകയാണുണ്ടായത്. 70 പേരിൽ 61 പേരും ആ യാത്രക്കിടെ ശ്വാസംമുട്ടി മരിച്ചു. ഇത് ഇന്ത്യൻ സ്വാതന്ത്ര്യസമര ചരിത്രത്തിലെ അങ്ങേയറ്റം രക്തപങ്കിലമായ ഒരു ഏട് തന്നെയാണ്. ഈ ഒരൊറ്റ സംഭവം കാരണം പലരും മാനസികമായി ബ്രിട്ടീഷുകാരിൽ നിന്ന് അകന്നു. അങ്ങനെ തിരൂരുകാരും സ്വാതന്ത്ര്യസമരത്തിലെ ധീരയോദ്ധാക്കളായി.

നേരം ഏറെ വൈകിയിരുന്നെങ്കിലും അനീഷ് പകർത്തിയ മനോഹര ചിത്രങ്ങൾ കൂടി ആസ്വദിച്ച ശേഷമാണ് ഞങ്ങൾ പിരിഞ്ഞത്. ആ ഒരു നിമിഷത്തിൽ ഞങ്ങളുടെ തിരൂരിനെ പറ്റി ഞങ്ങൾക്കുതന്നെ ഒരു മതിപ്പു തോന്നി.

ooo

കൃത്യതയുടെ ഉറപ്പുള്ള ഒരു പരിശോധനാഫലം...
അതു നൽകുന്നു നമ്മുടെ ജീവന്റെ ഉറപ്പ്...

saroj
DIAGNOSTIC LABORATORY
Quality in Excellence Since 1986

CHALAPPURAM | MALAPARAMBA | PERAMBRA

Advanced Laboratory

Biochemistry | Microbiology | Pathology | Pharmacy
Ultrasound Scan-4D | TMT | Digital X-Ray | ECG
MRI 1.5 Tesla 16 Channels | Cardiac CT 128 Slice

+91 8592 87 00 00 | info@sarojlab.com | www.sarojlab.com

24x7 365 DAYS





"തമാശക്ക് ആരോ പറഞ്ഞു കേട്ടിട്ടുണ്ട്
എല്ലാ ജാഥകളും തുടങ്ങുന്നത്
ഇവിടെ നിന്നാണെന്ന്.
ശരിയാണ് എല്ലാം ആരംഭിക്കുന്നത്
ഇവിടെനിന്നാണ്.
അതെ... വൈവിധ്യങ്ങളാൽ സമ്പന്നമായ
ഈ നാടിനെ ഇപ്പോഴും
ഞാൻ ആസ്വദിച്ചുകൊണ്ടിരിക്കുകയാണ്...

# ദൈവങ്ങളുടെ നാട്ടിലെ വിശേഷങ്ങൾ

ശ്രീത. പി.കുമാർ
റേഡിയോഗ്രാഫർ
ജനറൽ ആശുപത്രി, കാസർഗോഡ്


2013 ൽ ആണ് ഞാൻ കാസർഗോഡ് ജോലി ആരംഭിക്കുന്നത്. അന്നുമുതൽ ഈ നാട് അത്ഭുതങ്ങൾ കാട്ടിത്തന്നിട്ടുമുണ്ട്. ഈ കൊറോണ കാലം വരെ ഒരുപാട് കാര്യങ്ങൾ. കാസർഗോഡിന്റെ വശ്യമനോഹാരിത കണ്ട് ഈ ആലപ്പുഴക്കാരിക്ക് മനം നിറഞ്ഞിട്ടുമുണ്ട്. മഞ്ഞു പെയ്തിറങ്ങുന്ന മനോഹരമായ റാണിപുരം, ജീവിതത്തിൽ ഒരിക്കലെങ്കിലും കണ്ടിരിക്കേണ്ട ഒരു സ്ഥലമാണ്. നാം പാട്ടുകളിലും വീഡിയോകളിലും കണ്ട ബേക്കൽ കോട്ട വാസ്തുശാസ്ത്രത്തിൽ ഒരു വിസ്മയം തന്നെയാണ്. ആരാധനാലയങ്ങൾ പലവിധം. എല്ലാം പേരുകേട്ടവ. വിശ്വാസവും. തിരുവനന്തപുരം ശ്രീ പദ്മനാഭസ്വാമി ക്ഷേത്രവുമായി ബന്ധമുണ്ടെന്നു ഐതീഹ്യങ്ങളിൽ പറയുന്ന അനന്തപുരം ജലക്ഷേത്രം കാസർഗോഡിന്റെ പ്രത്യേകതയാണ്. തെയ്യം പിന്നെ പറയേണ്ടതില്ലല്ലോ. തെക്കുദേശത്തുനിന്നു വന്ന എനിക്ക് ഈ നാട്ടിലെ തെയ്യങ്ങൾ വിശ്വാസങ്ങൾക്കുമപ്പുറം ദൃശ്യമനോഹാരിത കൂടി സമ്മാനിച്ചിട്ടുണ്ട്. കണ്ടനാർ കേളനും വയനാട്ടു കുലവനുമൊക്കെ പ്രാർത്ഥനയോടും ആകാംഷയോടും കൂടെ ഞാനും ഈ നാട്ടിൽ കണ്ടു നിന്നു. ദൈവങ്ങളുടെ നാട് എന്ന പേരിൽ അറിയപ്പെടുന്ന സ്ഥലം എന്ന കാസർഗോഡിന്റെ ആ പേര് തീർത്തും അനുയോജ്യം തന്നെയാണെന്ന് ഈ കാഴ്ചകൾ കൊണ്ട് തന്നെ തോന്നിപ്പോകും.

ഒരു നാടിനെ വത്യസ്തമാക്കുന്നത് അവിടുത്തെ പ്രകൃതി വൈവിധ്യവും സംസ്കാരവും മാത്രമല്ല. അത് അവിടുത്തെ ജനങ്ങളുടെ ജീവിതത്തെ ചുറ്റിപ്പറ്റി കൂടിയാണ്. പല പല ഭാഷകൾ സംസാരിക്കുന്ന ആൾക്കാർ, അവരിൽ തന്നെ ഒരുപാട് സംസ്കാരം അനുഷ്ഠിച്ചു പോരുന്നവർ. അതുകൊണ്ട് തന്നെയാണ് സപ്ത ഭാഷ സംഗമഭൂമി എന്ന് ഈ നാടിനെ വിളിക്കുന്നതും. തുളു, കൊങ്കിണി, ഹിന്ദി, കന്നഡ എന്നിങ്ങനെ പോകുന്നു അവ. ചിലപ്പോൾ ചിലഭാഷകൾ കേട്ട് അന്തം വിട്ടു നിന്നിട്ടുമുണ്ട്.

അവിടെ ആണ് ജനറൽ ആശുപത്രി എന്ന സ്ഥാപനവും നിന്നുപോരുന്നത്. അനവധി ഭാഷകൾ സംസ്കാരങ്ങൾ. അതെല്ലാം ഈ ആശുപത്രിയിലും പ്രതിഫലിക്കുന്നുമുണ്ട്. ജനറൽ ആശുപത്രിയിൽ ജീവനക്കാരുടെ വലിയ കൂട്ടായ്മതന്നെ എപ്പോഴും കാണാൻ സാധിക്കും. അത് തന്നെയാണ് സ്ഥാപനത്തിന്റെ വിജയവും. ഒരുപാട് അവഗണനകൾ നേരിട്ട് പോരുന്ന ഒരു ജില്ലയാണ് കാസർഗോഡ്. അതിൽ ഈ ആശുപത്രി എങ്ങനെ ഇതുപോലെ നിന്നുപോകുന്നു എന്നതിൽ നിസംശയം പറയാം, അവിടുത്തെ ജീവനക്കാരുടെ ഒരു വലിയ പങ്ക് അതിൽ ഉണ്ടെന്ന്. ആരോഗ്യ മേഖലയിൽ മംഗലാപുരം ലോബിയുടെ ശക്തമായ ഇടപെടലിലും കാസർഗോഡ് ജനറൽ ആശുപത്രിയുടെ നേട്ടങ്ങൾക്ക് എന്നും ഒരു പൊൻതൂവൽ ആണ്.

ആശുപത്രിയിലെ ഓരോ ഡിപ്പാർട്ടുമെന്റും അവിടുത്തെ ജീവനക്കാരും ശരിക്കും ഒരുപാട് അഭിനന്ദനങ്ങൾ അർഹിക്കുന്നുണ്ട്. അന്ന് ഒരുപക്ഷെ ഈ കൊറോണ കാലത്താകും കുറച്ചുപേർ എങ്കിലും കാസർഗോഡിനെ അറിഞ്ഞു തുടങ്ങിയത്. കേരളത്തിൽ ഏറ്റവും കൂടുതൽ കോവിഡ് രോഗികളുമായി പകച്ചു നിന്ന ഈ നാട് അതിനെയെല്ലാം അതിജീവിച്ചിട്ടുണ്ടെങ്കിൽ അതു ഇവിടുത്തെ ആരോഗ്യ മേഖലയുടെ വിജയം കൂടിയാണ്.

കേരളത്തിലെ എല്ലാ ആശുപത്രികളും എല്ലാ നാടുകളും ഇങ്ങനെയൊക്കെ തന്നെയാണ് എന്ന് ചിലർക്കെങ്കിലും ഈ കുറിപ്പ് വായിക്കുമ്പോൾ തോന്നിയിട്ടുണ്ടാകാം. സത്യമാണ്. നമ്മുടെ നാട് ഇങ്ങനെയാണ്. പക്ഷെ എവിടെയും കാസർഗോഡിനെപ്പറ്റി ആരും പറഞ്ഞുകേട്ടിട്ടില്ല. ഒരുപക്ഷെ നമ്മുടെ മറ്റേതു നാടിനേക്കാളും ഭാഷകൾ കൊണ്ടും സാംസ്കാരിക പുതുമകൊണ്ടും പ്രകൃതി വൈഭവം കൊണ്ടുമാണ് ഈ നാട് വ്യത്യസ്തമാകുന്നത്. തമാശക്ക് ആരോ പറഞ്ഞു കേട്ടിട്ടുണ്ട്, എല്ലാ ജാഥകളും തുടങ്ങുന്നത് ഇവിടെ നിന്നാണെന്ന്. ശരിയാണ് എല്ലാം ആരംഭിക്കുന്നത് ഇവിടെനിന്നാണ്. അതെ.. വൈവിധ്യങ്ങളാൽ സമ്പന്നമായ ഈ നാടിനെ ഇപ്പോളും ഞാൻ ആസ്വദിച്ചു കൊണ്ടിരിക്കുകയാണ്... ooo



കൂപ്പുകൈകളിൽ,
ചേർത്തു വയ്ക്കുന്ന സമാനതകളുടെ രേഖകളുണ്ട്...
കൂപ്പുകൈകളിൽ കാത്തുസൂക്ഷിക്കുന്ന നനവും
വിടരാൻ കൊതിക്കുന്ന വിത്തുകളുടെ ശ്വാസനവും
പ്രത്യഭിവാദ്യവുമുണ്ട്...
നന്ദി... കൂടെ നിന്നവർക്ക്...
കൂട്ടുനിന്നവർക്ക്...
പിന്നെ... കൂട്ടം കൂടിയ സമാനതകളില്ലാത്ത
എഴുത്തുകാർക്കും... വരകാർക്കും...

സുരേഷ് കൊടിയൻ
എഡിറ്റർ

www.staddmedcorp.com
staddmedcorp@gmail.com

STADD™
Med Corp



## Product Portfolio

- Carestream CR systems,
  DR systems and Laser Printers
- Carestream RVG,
  DC dental X-ray machines,
  OPG and CBCT
- Epsilon X-ray machines and C-arms
- Kiran X-ray protection apparel and
  X-ray accessories
- Indiray X-ray film viewers

Carestream Business Partner
Carestream DENTAL
KIRAN
passion to lead EPSILON

+91-495-404-0071 , +91-812-911-7171

62/1480, Perumanoor, YMCA Road, Calicut 673001, Kerala